தி. 92

[illegible]

# ഗദ്യമഞ്ജരി.

മൂക്കോത്തു് കുമാരൻ.

പ്രകാശകൻ,

മണക്കാട്ട് കെ. കൃഷ്ണപിള്ള.

തിരുവനന്തപുരം.

കൊല്ലം "വിദ്യാഭിവദ്ധിനി" അച്ചുക്കൂടത്തിൽ

അച്ചടിപ്പിച്ചതു്.

—:*:—

രണ്ടാം പതിപ്പ് കാപ്പി—൫൦൦.

൧൦൮൯.

വില അണ ൧൨.

പ്രകാശകന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

# മുഖവുര.

ഈ പുസ്തകത്തിലുള്ള പ്രബന്ധങ്ങൾ ഞാൻ പലപ്രാവശ്യങ്ങളായി ഓരോ മാസികാപുസ്തകങ്ങളിൽ എഴുതിയിരുന്നവയാണ്. അവയൊക്കെ ശേഖരിച്ച് ഇങ്ങിനെ പുസ്തകമാക്കേണമെന്ന് ശ്രീമാൻ മണക്കാട്ട്, പി. നാരായണപിള്ള അവർകൾക്കു തോന്നി; അദ്ദേഹം അങ്ങിനെ ചെയ്തു. ഈ ഉപന്യാസങ്ങൾ പത്രഗ്രന്ഥങ്ങളിൽ കിടന്നു വെറുതേ നശിച്ചുപോകുന്നതിൽനിന്ന് അവയെ രക്ഷിച്ച് ഈവിധം പുസ്തകരൂപത്തിൽ പരസ്യംചെയ്തതിന്ന് നാരായണപിള്ള അവർകളോടു എനിക്കുള്ള കൃതജ്ഞതയെ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. അദ്ദേഹത്തോടു മാത്രമല്ല, ഈ പുസ്തകത്തിന്നു ഒരു അവതാരിക എഴുതിയതിന്ന് ബ്രഹ്മശ്രീ പി. ജീ. രാമയ്യർ അവർകളോടും ഞാൻ ഏററവും കൃതജ്ഞതയുള്ളവനാണ്. വലിയൊരു ഭാഷാഭിമാനിയും നല്ലൊരു കവിയും സഹൃദയനും ആയ ആ സ്നേഹിതൻ എൻെറ ഭാഷാരീതിയെപ്പററി പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ എന്നിലുള്ള സ്നേഹംകൊണ്ട് കുറെ മിന്ദസപ്പെട്ടുപോയില്ലയോ എന്നു ഞാൻ ശങ്കിക്കുന്നു.

“മലയാളഭാഷയ്ക്ക് അന്യഭാഷകൾകൊണ്ടുണ്ടായിട്ടുള്ള സഹായങ്ങൾ” എന്ന ഉപന്യാസത്തിൽ ഒരുദിക്കിൽ എൻെറ ഫലിതം അശ്ലീലത്തിൽ കലാശിച്ചുപോയിട്ടുണ്ടെന്നു അറിയുന്നതിൽ വ്യസനിക്കുന്നു. എന്നാൽ ഒരു കാൎയ്യം പറയാം. ഞാൻ ഫലിതത്തിനുവേണ്ടി ഫലിതം ഉപയോഗിക്കാൻ യത്നിക്കുക പതിവില്ല. പക്ഷെ എൻെറ ഉപമകൾ അശ്ലീലമായിപ്പോകാതിരിക്കാൻ ഞാൻ വളരെ സൂക്ഷിക്കാറുണ്ട്. ഗുണ്ടട്ട് പണ്ഡിതരുടെ പഴയ വ്യാകരണം, മിസ്റ്റർ ഗാൎത്ത്വെയിററിൻെറ വ്യാകരണം, യൂറോപ്യന്മാൎക്കുവേണ്ടി റവറണ്ട് ഫ്രോൺമേയർ എഴുതിയ വ്യാകരണം, ഗുണ്ടർട്ട് പണ്ഡിതരുടെയും ബെയിലിയുടേയും നിഘണ്ടുക്കളിലെ അവതാരികകൾ, ശബ്ദശോധിനി, സാഹിത്യസാഹ്യം, എന്നിവയെ അടിസ്ഥാനമാക്കിയാണ് ആ ലേഖനം എഴുതിയതു്. അതിൽ രാമയ്യർ അവർകൾ എടുത്തെഴുതിയ വാക്യത്തിലെ ഉപമ “സാഹിത്യസാഹ്യം” വായിച്ചപ്പോൾ തോന്നിയതാണെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

“പ്രബന്ധരീതി”യെപ്പററിയുള്ള ഉപന്യാസത്തിൻെറ ആദ്യഭാഗം “സാഹിത്യസാഹ്യം” വെളിക്കിറങ്ങുന്നതിന്നു മുമ്പിൽ എഴുതിയതാണ്. അതുകൊണ്ടാണ് അതിൽ “മലയാളഭാഷയിലുള്ള ഗദ്യത്തിന് പ്രത്യേ

കം അനുസരിക്കേണ്ടതായ യാതൊരു ചട്ടവും വൈയാകരണന്മാർ ഇതുവരെ ഉണ്ടാക്കിയതായി കാണുന്നില്ല" എന്നു പ്രസ്താവിച്ചതു്. ആ ലേഖനം തുടർച്ചയായി എഴുതേണമെന്നു വിചാരിച്ചിരുന്നുവെങ്കിലും "സാഹിത്യസാഹ്യം" പുറപ്പെട്ടുകണ്ടപ്പോൾ അതു് ആവശ്യമല്ലെന്നു വിചാരിച്ചു. ഉപന്യാസം പുസ്തകത്തിൽ ചേർക്കേണ്ട ആവശ്യം നേരിട്ടപ്പോൾ ലേഖനം പൂർത്തിയാക്കേണ്ടതായിവന്നു. അതില്ടയ്ക്കു "സാഹിത്യസാഹ്യ"വും വെളിക്കിറങ്ങി. അതുകൊണ്ടാണു് രൂപവിഭാഗം എന്ന ഉത്തരാർദ്ധത്തിലെ സാങ്കേതികശബ്ദങ്ങൾ ആ വിശിഷ്ടഗ്രന്ഥത്തിലുള്ളവയെത്തന്നെ ഉപയോഗിക്കാൻ സാധിച്ചതു്. പൂർവ്വാർദ്ധത്തിലുള്ള സാങ്കേതികശബ്ദങ്ങൾ പരേതനായ മഹാമഹിമശ്രീ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് സദയം കല്പിച്ചുപദേശിച്ചതാണെന്നു കൃതജ്ഞതാപൂർവ്വം ഓർമ്മിക്കുന്നു.

"ശാരദ"യെപ്പററിയുള്ള വിമർശം അന്തപ്പായി അവർകളുടെ ശാരദ രണ്ടാംഭാഗം പുറപ്പെടുന്നതിന്നു് എട്ടുപത്തുകൊല്ലം മുമ്പു് എഴുതി പരസ്യംചെയ്തതാണെന്നു ഈ അവസരത്തിൽ പറയേണ്ടിവന്നിരിക്കുന്നു.

രാമയ്യർ അവർകൾ അവതാരികയിൽ ഒരു ദിക്കിൽ പറഞ്ഞതുപോലെ, ഞാൻ വിദ്യാർത്ഥിയായിരുന്ന കാലത്തു് സാഹിത്യക്കളരിയിലേക്കു് ക്ഷണിക്കാനും ശരിയായ കൈകൾ അഭ്യസിപ്പിക്കാനും അതിൽ ഇറങ്ങി "പയററാൻ" ഉത്സാഹിപ്പിക്കാനും പരേതനായ കെ. ഐ. വർഗ്ഗീസ്സുമാപ്പിള അവർകൾക്കു് ദയയുണ്ടായിരുന്നില്ലെങ്കിൽ ഈവിധം ഉപന്യാസങ്ങൾ എഴുതാൻ പരിശ്രമംചെയ്വാൻപോലും എനിക്കു സാധിക്കുന്നതല്ലായിരുന്നുവെന്നു് കൃതജ്ഞതയോടുകൂടി സമ്മതിക്കുന്നു.

മൂർക്കോത്തു് കുമാരൻ.

# അവതാരിക.

---

ശ്രീമാൻ മൂക്കോത്തു കുമാരൻ അവർകൾ "മംഗളോദയത്തി"ലും, "ഭാഷാപോഷിണി"യിലും എഴുതിയിരുന്നവയും സാഹിത്യവിഷയങ്ങളെ പ്രതിപാദിക്കുന്നവയും ആയ പ്രബന്ധങ്ങളെ ശേഖരിച്ചു് പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തുന്ന ഈ "ഗദ്യമഞ്ജരി" മലയാളഭാഷയുടെ വിലയേറിയ നേട്ടങ്ങളിൽ ഒന്നാണെന്നു് എനിക്കു തോന്നുന്നു. ഭംഗിയും രസകരവും ആയ വിധത്തിൽ ഗദ്യമെഴുതി ഫലിപ്പിക്കുവാൻ സാധിക്കുന്നവരുടെ കൂട്ടത്തിൽ ശ്രീമാൻ കുമാരൻ പ്രഥമസ്ഥാനത്തോളം എത്തീട്ടുണ്ടെന്നു നിഷ്പക്ഷപാതികളായ സാഹിത്യരസികന്മാർ സംശയംകൂടാതെ സമ്മതിക്കുന്നതാകുന്നു. അദ്ദേഹത്തിന്റെ ഈ ഗദ്യമഞ്ജരിക്കു് എന്റെ വകയായി ഒരു മുഖവുര വേണമെന്നു് അദ്ദേഹം എന്നോടാവശ്യപ്പെടുവാനും ഞാൻ അതിന്നു സമ്മതിക്കാനും ചില പ്രത്യേകകാരണങ്ങൾ ഉണ്ടു്. മിസ്റ്റർ കുമാരനും ഞാനും പഴയ സ്നേഹിതന്മാരാണെന്നു മാത്രമല്ല ഞങ്ങളിരുവരും ഏകദേശം ഒരേ കാലത്തിലും പ്രായത്തിലും ആണു് മലയാളസാഹിത്യക്കളരിയിൽ പയററിത്തുടങ്ങിയതു്. ആ കളരിക്കു ഞങ്ങളെ ക്ഷണിച്ചതും ഉത്സാഹപ്പെടുത്തിയതും ശരിയായ കൈകൾ അഭ്യസിപ്പിച്ചതും പരേതനായ കെ. ഐ. വറുഗീസ്സ മാപ്പിള അവർകളായിരുന്നു. ആ ഭാഷാഭിമാനിയുടെ ഉപദേശവും ഒത്താശയും ഇല്ലായിരുന്നു എങ്കിൽ മിസ്റ്റർ കുമാരനാവട്ടെ ഞാനാവട്ടെ സാഹിത്യരംഗത്തിൽ പ്രവേശിക്കുകയില്ലായിരുന്നു. ആ ആശാന്റെ ശിക്ഷകൊണ്ടുണ്ടായ സാമൎത്ഥ്യം മിസ്റ്റർ കുമാരനെസംബന്ധിച്ചേടത്തോളം അന്നു തുടങ്ങി ഇന്നേവരെ നിലനിന്നുവരുന്നുണ്ടെന്നു പറയേണ്ടതില്ല. ശ്രീമാൻ കുമാരൻ എഴുതീട്ടുള്ള ചെറിയ കഥകളും വലിയ കഥകളും പ്രകൃതിശാസ്ത്രസംബന്ധമായ ലേഖനങ്ങളും സാഹിത്യസംബന്ധമായ പ്രബന്ധങ്ങളും വായിക്കാനിടയായിട്ടുള്ള ഭാഷാഭിമാനികളെല്ലാവരും ശ്രീമാൻ കുമാരന്റെ ഗദ്യരീതിയെപ്പററി പ്രശംസിക്കുന്നതാണു്. അദ്ദേഹത്തിന്റെ പ്രബന്ധങ്ങളെ ശേഖരിച്ചു് പ്രസിദ്ധംചെയ്യുന്നതു് കേരളീയൎക്കും പ്രത്യേകിച്ചു് വിദ്യാൎത്ഥികൾക്കും ഉപകാരപ്രദമായിരിക്കുമെന്നുള്ളതിന്നു സംശയമില്ല.

"മലയാളഭാഷയിലുള്ള ഗദ്യത്തിന്നു് പ്രത്യേകം അനുസരിക്കേണ്ടതായ യാതൊരു ചട്ടവും വൈയാകരണന്മാർ ഇതുവരെ ഉണ്ടാക്കിയതായി കാണുന്നില്ല. തുവലെടുക്കുന്നവരൊക്കെ എഴുത്തുകാരും അവരെഴു

ത്തുന്നതൊക്കെ പ്രബന്ധങ്ങളും ആണെന്നാണു് വെച്ചിരിക്കുന്നതു്" മിസ്റ്റർ കുമാരൻെറമേൽപ്പറഞ്ഞ അഭിപ്രായം കേവലം അസ്ഥിഭാരം ഇല്ലാത്തതല്ല. വർത്തമാനപ്പത്രങ്ങളും മാസികകളും കഥകളും കാവ്യങ്ങളും നാടകങ്ങളും നോവലുകളും മലയാളഭാഷയിൽ വർദ്ധിച്ചുവരുന്നുണ്ടെങ്കിലും ഭംഗിയായും രസകരമായും ഗദ്യമെഴുതുവാൻ സാധിക്കുന്നവരുടെ സംഖ്യ വളരെ ചുരുക്കമാണെന്നു് പറയാതെ നിവൃത്തിയില്ല. ആ ചുരുക്കം സംഖ്യയിൽ പെട്ടവരിൽ ശ്രീമാൻ കുമാരൻ ഒരുന്നതസ്ഥാനത്തെ അർഹിക്കുന്നുണ്ടെന്നു ഞാൻ നിസ്സംശയം അഭിപ്രായപ്പെടുന്നു. മിസ്റ്റർ കുമാരൻെറ ഗദ്യത്തിന്നു ചില പ്രത്യേകഗുണങ്ങൾ ഉണ്ടെന്നു സാഹിത്യരസികന്മാർ മനസ്സിലാക്കിയിരിക്കാൻ അവകാശമുണ്ടു്. ആവക ഗുണങ്ങളെപ്പററി അല്പം ഒന്നു വിവരിക്കുന്നതു ഈ ഗ്രന്ഥം വായിക്കുന്നവക്കും പ്രത്യേകിച്ചു വിദ്യാർത്ഥികൾക്കും ഉപകാരപ്രദമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

ശ്രീമാൻ കുമാരൻെറ കഥകളും ലേഖനങ്ങളും മാത്രം വായിച്ചിട്ടുള്ളവരോടു അദ്ദേഹത്തിൻെറ ഗദ്യരീതിയെക്കുറിച്ചു് എന്താണഭിപ്രായം എന്നു് ചോദിക്കുന്നതായാൽ അവർ പറയുന്ന മറുപടി "മിസ്റ്റർ കുമാരന്നു അസ്സലായിട്ടു ശകാരിക്കാൻ വയ്യും. വിശേഷമായ ഫലിതം തട്ടിമൂളിക്കാൻ കഴിയും. പരിഹസിക്കാൻ ഇങ്ങിനെ ഒരാളില്ല" എന്നായിരിക്കും. അദ്ദേഹത്തിൻെറ കഥകളിലും ലേഖനങ്ങളിലും ശകാരഫലിതപരിഹാസങ്ങൾ മുന്തിനില്ക്കുന്നുണ്ടെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. എന്നാൽ ശകാരാദികളിൽ അദ്ദേഹത്തിന്നു ഈ സ്വതസ്സിദ്ധമായ വാസനകൊണ്ടു മാത്രമാണു് അദ്ദേഹം ആവക പൊടിക്കൈകൾ പ്രയോഗിച്ചുവരുന്നതെന്നു ആരും തെററിദ്ധരിച്ചുപോകരുതു്. കേരളീയജനസമുദായത്തിൻെറയും അതിലെ പ്രധാനപ്പെട്ട അംഗങ്ങളുടെയും കുററങ്ങളെ ചൂണ്ടിക്കാണിച്ചു ശരിയായ വഴി വെട്ടിത്തെളിയിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് മിസ്റ്റർ കുമാരൻ കഥകളും കത്തുകളും എഴുതിവരുന്നതു്. പരിഹാസവും ഫലിതവും ശകാരവും ഉള്ള കഥകളെയും കത്തുകളെയും ഉത്സാഹപുരസ്സരം വായിക്കുവാൻ വളരെ അധികം ആളുകൾ ഉണ്ടാകുന്നതാണു്. അതു മനുഷ്യസ്വഭാവമാണെന്നു പറയേണ്ടതില്ല. അങ്ങിനെ അധികം ആളുകൾ വായിച്ചു കാര്യം മനസ്സിലാക്കിയാൽ മുമ്പറഞ്ഞ ഉദ്ദേശം അധികം പ്രയാസംകൂടാതെ സഫലമാകുന്നതാണു്. ഇംഗ്ലീഷിൽ Humorous Satirical Ironical എന്നു് പറഞ്ഞുവരാറുള്ള രീതിയെ മലയാളത്തിൽ മിസ്റ്റർ കുമാരൻ ശക്തിയോടുകൂടി പ്രയോഗിക്കുന്നുണ്ടു്. ആ രീതി പലപ്പോഴും പലർക്കും കഠിനമായ മനോവേദനയ്ക്കു കാരണമാവാനിടയുണ്ടെങ്കിലും ഉദ്ദിഷ്ടകാര്യം ശുഭമാണെന്നു പറയേണ്ടിയിരിക്കുന്നു.

കഥകളിലും കത്തുകളിലും സ്വീകരിച്ചു കാണുന്ന രീതിയിൽനിന്നു അല്പം വ്യത്യസ്തമായ രീതിയാണു് ഈ ഗദ്യമഞ്ജരിയിലെ പ്രബന്ധങ്ങളിൽകാണുന്നതു്. പ്രബന്ധവിഷയങ്ങൾ ഗൌരവമേറിയവയാകകൊണ്ടും അവയെപ്പററി എഴുതുന്നതു് യുക്തിയുക്തമായും കാൎയ്യകാരണസഹിതമായും ഇരിക്കേണ്ടതാകകൊണ്ടും അവകളിൽ പരിഹാസം, ഫലിതം, ശകാരം എന്നുള്ളവയ്ക്കു വളരെ അധികം സ്ഥലം അനുവദിപ്പാൻ സാധിക്കുന്നതല്ല. എങ്കിലും ഫലിതം എഴുതി വന്നിട്ടുള്ള പരിചയംകൊണ്ടു് ഈ പ്രബന്ധങ്ങളിലും ഫലിതവാസന ചില സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ടു്. "ഇംഗ്ലീഷുഭാഷയുമായി അധികം ഇടപെട്ടതിൽ പിന്നീടു മാതൃഭാഷയെ വിസ്മരിച്ചുതുടങ്ങിയ ചിലർ ഇക്കാലത്തു ഭക്ഷണം കഴിക്കാറില്ല. ഭക്ഷണം എടുക്കുകയാണു് ചെയ്യാറു്. അവരിൽ ചിലർ വൈകുന്നേരത്തു കടപ്പുറത്തു ഒരു നടത്തം എടുക്കാറും ഇല്ലെന്നില്ല.—" "ഇങ്ങിനെ അനേകം ശക്തികളുടെ സമ്മേളനംകൊണ്ടു തനിയെ ഉണ്ടായിത്തീരുന്ന ഒരു ജീവിയാണു് കവിയെന്നും അശിച്ചാൽ ലഭിക്കാവുന്ന ഒരു സ്ഥാനപ്പേരല്ലെന്നും നമ്മുടെ ചില വിദ്വാന്മാർ ധരിക്കുന്നതു് മററുള്ളവൎക്കു വളരെ ഉപകാരപ്രദമായിരിക്കുന്നതാണു്." "ഇംഗ്ലീഷുഭാഷ മലയാളത്തിനു് ശയ്യയും അലങ്കാരവും കൊടുത്തു പുലൎത്തിപ്പോരുന്നുണ്ടു്." "കാർബൺ എന്നതിന്നു ഒരാൾ അംഗാരമെന്നും മറെറാരാൾ വിംഗാരമെന്നും മൂന്നാമതൊരാൾ ശൃംഗാരമെന്നും പറഞ്ഞാൽ ശാസ്ത്രീയഗ്രന്ഥങ്ങൾക്കു ഐകരൂപ്യം സിദ്ധിക്കുകയില്ല." ഇങ്ങിനെ പല പൊടിക്കൈകളും ഈ ഗ്രന്ഥത്തിലെ പ്രബന്ധങ്ങളിൽ ചിന്നിക്കിടക്കുന്നുണ്ടു്. എന്നാൽ ഈ പ്രബന്ധങ്ങളുടെ പ്രധാനഗുണം ഫലിതമല്ല. ശാസ്ത്രീയമായും യുക്തിയുക്തമായും ഉള്ള വിമൎശനങ്ങളാണു് ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നതു്.

"ഗദ്യപ്രബന്ധരചനയിൽ അനുസരിക്കേണ്ടതും സൂക്ഷിക്കേണ്ടതും ആയ അനേകം സംഗതികൾ ഉണ്ടു്. വല്ല വിഷയത്തെ പററിയും മനസ്സിൽ ഉദിക്കുന്നപോലെയും സംഗതികളെ ശരിയായി വിഭജിച്ചു് കാൎയ്യകാരണങ്ങൾക്കനുസരിച്ചു് ക്രമപ്പെടുത്താതെയും എഴുതി വിടുന്നവയൊന്നും പ്രബന്ധങ്ങളല്ലെന്നു ധരിക്കേണ്ടതാണു്. പ്രബന്ധരചന ചിത്രമെഴുത്തുപോലെ തന്നെ കലാവിദ്യകളിൽ പെട്ടതാകുന്നു. വൎണ്ണങ്ങളുടെ യോജ്യത, ഓരോ അംഗങ്ങൾക്കുള്ള ചേൎച്ച, അകപ്പാടെയുള്ള ഒരു സമ്പൂൎണ്ണത, എന്നിവകൾ ചിത്രങ്ങൾക്കെന്നപോലെ തന്നെ പ്രബന്ധങ്ങൾക്കും അവശ്യമാകുന്നു." "മററുള്ളവൎക്കു് മനസ്സിലാകാനാണു് നാം എഴുതുന്നതു്. നമ്മുടെ സാമൎത്ഥ്യവും പാണ്ഡിത്യവും കാണിക്കാനല്ല. വായനക്കാൎക്കു് ക്ലേശിക്കാതെ അൎത്ഥം മനസ്സിലാകുന്ന രീതിയാകുന്നു ഉത്തമ

രീതി. ഈ രീതിക്കാണ് വൈയാകരണന്മാർ ലളിതമെന്ന പേർ പറയുന്നത്." മിസ്റ്റർ കുമാരൻെറ മേലെഴുതിയ അഭിപ്രായം അനുഭവസിദ്ധമായിട്ടുള്ള രീതിയിലാണ് അദ്ദേഹം ഈ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുള്ള പ്രബന്ധങ്ങൾ എഴുതിട്ടുള്ളത്. എടുത്താൽ പൊന്താത്തതും കടിച്ചാൽ പൊട്ടാത്തതും ഉന്തിയാൽ നീങ്ങാത്തതും ആയ വാചകങ്ങൾ ഈ പ്രബന്ധത്തിൽ ഇല്ലെന്ന് സധൈര്യം പറയാം. ഒരിക്കൽ വായിച്ചാൽ ഉടനെ അർത്ഥം മനസ്സിലാകുന്ന വാചകങ്ങളാണ് ഈ പുസ്തകത്തിൽ ഒന്നാമത്തെ കടലാസ്സുമുതൽ അവസാനത്തെ കടലാസ്സുവരെ ഉള്ളത്. ലളിതമായ രീതിയിൽ ഗൌരവമേറിയ വിഷയങ്ങളെ പ്രതിപാദിക്കുന്നത് വളരെ പ്രയാസമാണെന്ന് അതിന്നായി ശ്രമിച്ചിട്ടുള്ളവർക്ക് അനുഭവമാണ്. തൻെറ മനസ്സിലുള്ള അഭിപ്രായങ്ങളെ അന്യന്മാരുടെ മനസ്സിൽ പ്രയാസം കൂടാതെയും താമസം കൂടാതെയും പകർന്നുകൊടുക്കേണമെന്ന് വല്ല ഗദ്യമെഴുത്തുകാരും വിചാരിക്കുന്നുണ്ടെങ്കിൽ അവർ മിസ്റ്റർ കുമാരൻെറ ഗദ്യരീതിയെ അനുകരിക്കുന്നത് ഗുണകരമായിരിക്കും. മുഖശ്രീ എന്നതിനെപ്പററി ഈ പുസ്തകത്തിലെ ഒന്നാമത്തെ കടലാസ്സിൽ മിസ്റ്റർ കുമാരൻ എഴുതീട്ടുള്ളതു വായിക്കുമ്പോൾ "അതെ അതുതന്നെയാണ് മുഖശ്രീ" എന്ന് നമുക്കു തോന്നിപ്പോകുന്നു. ലളിതമായ ഭാഷയിൽ സ്വന്തം അഭിപ്രായങ്ങളെ പറഞ്ഞു് അന്യന്മാരെ മനസ്സിലാക്കുവാൻ സാധിക്കുന്ന ഒരു ഗുണമാണ് മിസ്റ്റർ കുമാരൻെറ ഗദ്യരീതിയിൽ മുഖ്യമായിനില്ക്കുന്നത്.

മറെറാരു ഗുണം വിഷയത്തിൽ നേരെപ്രവേശിച്ച് കാര്യകാരണങ്ങളുടെ അന്യോന്യസംബന്ധങ്ങളെ വിശദമായി മനസ്സിൽ പതിയത്തക്കവിധം ഭംഗിയായും ശക്തിയോടുകൂടിയും പറയുന്നതാണ്. വളഞ്ഞുപിരിഞ്ഞു് ചുററിച്ചുഴിഞ്ഞു് വാരിവലിച്ച് പ്രബന്ധങ്ങൾ എഴുതിക്കൂട്ടുന്ന ഗദ്യകാരന്മാർ നമ്മുടെ ഇടയിൽ ധാരാളം ഉണ്ട്. അവരുടെ പ്രബന്ധങ്ങൾ വായിക്കുമ്പോൾ "അപ്പൂ ഇതെന്തുപദ്രവമാണ്. ഇതിന്നൊരവസാനം ഇല്ലേ" എന്നു നമുക്കു വെറുപ്പു തോന്നുന്നു. മിസ്റ്റർ കുമാരൻെറ രീതി ഇങ്ങിനെയല്ല. ഇന്നതാണ തനിക്കു പറയുവാനുള്ളതെന്നു ആദ്യം ആലോചിച്ചുറയ്ക്കുക. ആരോടാണ് പറയുവാനുള്ളതെന്ന് മനസ്സിലാക്കുക ഏതുവിധത്തിലാണ് പറഞ്ഞുഫലിപ്പിക്കേണ്ടതെന്ന് തീർച്ചപ്പെടുത്തുക. ആ വിധത്തിൽ ഭംഗിയായിട്ടു പറയുക. ഇതാണ് മിസ്റ്റർ കുമാരൻെറ രീതി. ഈ രീതികൊണ്ടു തന്നെയാണ് മിസ്റ്റർ കുമാരൻ പ്രസിദ്ധ ഗദ്യമെഴുത്തുകാരനായിട്ടുള്ളത്.

ഇത്രത്തോളം മിസ്റ്റർ കുമാരൻെറ ഗദ്യരീതിയിലെ ഗുണങ്ങളെപ്പററി പറഞ്ഞു. ദോഷമുണ്ടെന്ന് എനിക്കു തോന്നുന്നതു കൂടി എടുത്തു പ

റയാതിരുന്നാൽ ഈ മുഖവുര കേവലം ഒരു സ്തുതിപാഠകൻെറ അതിശയോക്തിയായി വരുവാനിടയുണ്ടു്. മിസ്റ്റർ കുമാരൻെറ പ്രബന്ധങ്ങളിൽ പ്രായേണ കാണുന്ന ഒരു ദോഷത്തിനെ പററി രണ്ടു വാക്കു പറയാതിരിപ്പാൻ മനസ്സു സമ്മതിക്കുന്നില്ല. ഗൌരവമേറിയ വിഷയങ്ങളെ പ്രതിപാദിക്കുന്ന സന്ദൎഭങ്ങളിലും നേരമ്പോക്കു് അതേ-വെറും നേരമ്പോക്കു അദ്ദേഹം അറിയാതെ തന്നെ വന്നുപോകാറുണ്ടെന്നു തോന്നുന്നു. ചിലർ ഇതൊരു ഗുണമാണെന്നു് തൎക്കിപ്പാനിടയുണ്ടു്. ഞാൻ ആ അഭിപ്രായക്കാരനല്ല. പ്രസ്തുത ദോഷത്തിന്നു് ഒരുദാഹരണം താഴെ ചേൎക്കുന്നു. "മലയാളഭാഷയ്ക്കു അന്യഭാഷകൾ കൊണ്ടുണ്ടായിട്ടുള്ള സഹായങ്ങൾ" എന്ന പ്രബന്ധത്തിൽ "കുറെ കഴിഞ്ഞപ്പോഴാണു് മറെറാരു സംബന്ധക്കാർ നമ്മുടെ ഭാഷക്കുണ്ടായതു്. അതൊരു വിദേശക്കാരനാണു്. ഇംഗ്ലീഷ്ഭാഷയും മലയാളത്തിന്നു് ശയ്യയും അലങ്കാരവും കൊടുത്തു പുലൎത്തിപ്പോരുന്നുണ്ടു്." എന്നു എഴുതിക്കാണുന്നു. ഒരേസമയത്തിൽ ഭാഷാവനിതയ്ക്കു് ശയ്യയും അലങ്കാരവും കൊടുത്തു് പുലൎത്തിപ്പോരുന്ന രണ്ടു സംബന്ധക്കാരെ ഉണ്ടാക്കേണ്ടിയിരുന്നില്ലെന്നു ഞാൻ വിചാരിക്കുന്നു. അങ്ങിനെ ഉണ്ടാക്കി സ്ത്രീയെ പുംശ്ചലി ആക്കിയതു് അശ്ലീലമായിപ്പോയില്ലേ എന്നു ഞാൻ സംശയിക്കുന്നു. രണ്ടു സംബന്ധക്കാൎക്കു പകരം രണ്ടു സഹോദരികളൊ തോഴികളൊ മററൊ ആയാൽ മതിയായിരുന്നു. ഈ ഒരു ദോഷം ഉണ്ടെങ്കിലും മിസ്റ്റർ കുമാരൻെറ ഗദ്യരീതി ഗുണഭൂയിഷ്ഠമാണെന്നു നിൎമ്മത്സരന്മാരായ എല്ലാ ഭാഷാഭിമാനികളും സമ്മതിക്കുന്നതാണു്.

ഗദ്യഗ്രന്ഥങ്ങളുടെ ദൌൎല്ലഭ്യം നിമിത്തം കുഴങ്ങുന്ന നമ്മുടെ ഭാഷയ്ക്കു് പ്രസിദ്ധ ഗദ്യമെഴുത്തുകാരനായ മിസ്റ്റർ കുമാരൻെറ പ്രബന്ധങ്ങളെ ചേൎത്തു് ഇങ്ങിനെ പ്രസിദ്ധപ്പെടുത്തിയതിനെപ്പററി ശ്രീമാൻ മണക്കാട്ടു പി. നാരായണപിള്ള അവൎകളെ അഭിനന്ദിക്കേണ്ടതാണു്. ഈ ഗദ്യമഞ്ജരിയെ ഭാഷാഭിമാനികൾ യഥായോഗ്യം ആദരിക്കുമെന്നും കലാശാലക്കാർ ഇതിനെ ഒരു പാഠപുസ്തകമായി സ്വീകരിക്കുമെന്നും ഇതിനെ പിന്തുടൎന്നു മിസ്റ്റർ കുമാരൻെറ ഇതരലേഖനങ്ങളേയും രണ്ടും മൂന്നും ഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തുമെന്നും ഞാൻ വിശ്വസിക്കുന്നു.

കണ്ണൂര്<br>13-8-17 } പി. ജി. രാമയ്യർ ബി. എ, ബി. എൽ.

1365

# ഗദ്യമഞ്ജരി.

## (ഒന്നാം ഭാഗം)

---

## കവിത.

ചില മനുഷ്യരുടെ സഹജമായ മുഖശ്രീകണ്ടിട്ടു നാമൊക്കെ പലപ്പോഴും സന്തോഷിക്കാറുണ്ട്. എന്നാൽ ഈ മുഖശ്രീ എന്താണെന്നു വിവരിച്ചു മറെറാരാളെ മനസ്സിലാക്കാൻ ഒന്നു ശ്രമിച്ചുനോക്കുക. അതുകേവലം അസാദ്ധ്യമാണെന്ന് അതിനായി ശ്രമിക്കുന്നവരൊക്കെ സമ്മതിക്കേണ്ടിവരും. ഓരോ അംഗത്തിൻെറയും പ്രത്യേകമായ ആകൃതിവിശേഷം ഇന്നവിധമായിരുന്നാലേ; ആ അംഗത്തിനു സൌന്ദര്യമുള്ളു പ്രകാരം വിധിക്കാവൂ എന്നു തൊണ്ടിപ്പഴവും, എള്ളിൻപൂവും, മററും പണ്ടേ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഈ നിയമങ്ങൾ അനുസരിച്ചുള്ള അംഗങ്ങൾ ഉണ്ടായിരുന്നാലും മുഖശ്രീയില്ലാത്ത ജനങ്ങളെ വളരെകാണാം. നേരെ മറിച്ച് ഓരോ അംഗവും പ്രത്യേകം എടുത്തു പരിശോധിക്കുമ്പോൾ പല ന്യൂനതകളും ഉണ്ടായിരുന്നാൽപ്പോലും ആകപ്പാടെ ഒരു മുഖശ്രീയുള്ളവരായിട്ട് വളരെപ്പേരുണ്ട്. കാണുന്നവരുടെ മനസ്സിനെ ആകർഷിച്ച് അവൎക്ക് സന്തോഷംജനിപ്പിക്കുന്നതായി, വിവരിക്കാൻ അസാദ്ധ്യമായ ഒരു ചൈതന്യവിശേഷമാണ്; മുഖശ്രീഎന്ന് പറയുന്നതു്.

കവിതയും ഇങ്ങിനെതന്നെയാണ്. കവിത ഇന്നതാണെന്നു മനസ്സിലാക്കാൻ സഹൃദയന്മാൎക്കൊക്കെ എളുപ്പമാണെങ്കിലും, അതെന്താണെന്നു ശരിയായി വിവരിക്കാൻ പണ്ഡിതന്മാൎക്കുപോലും സുസാദ്ധ്യമല്ല. ഏതായാലും കവിത, കലാവിദ്യകളിൽ ഒന്നാണെന്നു നമുക്കൊക്കെ അറിയാം. എന്താണ് കലാവിദ്യ? അനുകരണമാണ്" കലാവിദ്യയെന്ന് 'അരിസ്റ്റോട്ടൽ' പറഞ്ഞിരിക്കുന്നു. പ്രകൃതിയെ അനുകരിക്കുകയാണ് കലാവിദ്യ ചെയ്യുന്നതു്. ഇങ്ങനെ പറഞ്ഞതുകൊണ്ടായില്ല; കുറെ വിവരിക്കണം. വിവരിക്കാനും മനസ്സിലാകാനും ഏററവും സൌകൎയ്യമുള്ള ഒരു കലാവിദ്യയെ നാം ഉദാഹരണമായി എടുക്കുക. ചിത്രമെഴുത്താകട്ടെ.

ചിത്രകാരകൻ ഒരു സുന്ദരിയുടെ രൂപംവരച്ചുണ്ടാക്കുന്നുവെന്നു വിചാരിക്കുക. പ്രകൃതിയിൽ നാം കാണുന്ന സുന്ദരിമാരുടെ അവയവങ്ങളു

ടെ ആകൃതിയും ഭംഗിയുമാണ് ആ രൂപത്തിന് മാതൃകയായി അവൻ ഭാവിക്കുന്നത്. അതുമാത്രമോ, അല്ല. പ്രകൃതിയിൽ ഒരുദിക്കിലും സൌന്ദര്യം സംപൂർണ്ണമായിരിക്കയില്ല. അപ്പോൾ പ്രകൃതിയിൽ കാണുന്ന ദോഷങ്ങളൊക്കെ ഒഴിച്ച് സർവ്വാവയവങ്ങൾക്കും സംപൂർണ്ണ സൌന്ദര്യം നൽകിക്കൊണ്ടാണ് ചിത്രകാരകൻ സ്ത്രീയുടെ രൂപം വരക്കുന്നത്. ആ സ്ഥിതിയിൽ കലാവിദ്യ, പ്രകൃതിയെ വെറുതെ അനുകരിക്ക മാത്രമല്ല ചെയ്യുന്നതെന്നും, ഒരു സാധനം പ്രകൃതിയിൽ ഏതൊരു സംപൂർണ്ണാവസ്ഥയിൽ എത്താനായിരിക്കും ശ്രമിച്ചതെന്നുള്ളതിനെ ഭാവനകൊണ്ട് കണ്ടറിഞ്ഞ് അതിൻെറ കുററവും കുറവും നികത്തി പ്രകൃതിയിൽ അതിന്, ഒരിക്കലും പ്രസ്താപിക്കാൻ സംഗതിവശാൽ സാധിക്കാത്തതായി, ഏററവും പരിശുദ്ധമായ ഒരു ആകൃതി നൽകി പ്രത്യക്ഷപ്പെടുത്തുകയാണ് ചെയ്യുന്നതെന്നും വരുന്നു. ഇങ്ങനെയുള്ള പരിശുദ്ധമായ ഒരു സംപൂർണ്ണാവസ്ഥയെ അതിനു നൽകുന്നതിൽ പ്രകൃതിയിലുള്ള നിയമങ്ങളെത്തന്നെ അനുസരിക്കുകയും ചെയ്യുന്നു. അങ്ങനെ ചെയ്യാതിരിക്കുമ്പോഴാണ് ഒരു ചെറിയ കുററിക്കാട്ടിൻെറ ചിത്രത്തിൽ 'വ്യാഘ്രഭല്ലൂകസിംഹവാരണാദി ദുഷ്ടമൃഗങ്ങളെ കാണാൻ സംഗതിയാകുന്നത്. ശരിയായ ഭാവനാശക്തിയുള്ള ചിത്രകാരകൻ പ്രകൃതിയെ അനുകരിക്കുമ്പോൾ അതിനു മററുള്ള ഓരോ സംഗതികളുടെ ചേർച്ചകൊണ്ടോ, ഉപദ്രവംകൊണ്ടോ, അഭാവംകൊണ്ടോ, വന്നുകൂടിയിരിക്കുന്ന ദോഷങ്ങളേയും കുറവുകളേയും അകററുക മാത്രമാണ് ചെയ്യുന്നത്. അതുകൊണ്ടാണ് പുഴു തുളച്ചു ചീത്തയാക്കിയതോ സംപൂർണ്ണമായ വികാസത്തിനു ഹാനിതട്ടിയതോ ആയ പുഷ്പങ്ങളെ ചിത്രങ്ങളിലൊന്നിലും കാണാത്തത്.

ഇപ്പോൾ, 'കലാവിദ്യ പ്രകൃതിയെ അനുകരിക്കയാണ് ചെയ്യുന്നത്" എന്നതിനു, നല്ല ഭാവനാശക്തികൊണ്ടു വരുത്താൻ സാധിക്കുന്ന സർവ്വവിധ ഗുണങ്ങളോടുംകൂടിയ സംപൂർണ്ണസ്ഥിതിയിൽ അതിനെ പ്രത്യക്ഷപ്പെടുത്തുകയാണു ചെയ്യുന്നതെന്നാണ് അർത്ഥമെന്നു വ്യക്തമായല്ലോ. പ്രകൃതിയിൽ കാണുന്നവയെ ഇങ്ങനെയുള്ള സംപൂർണ്ണസ്ഥിതിയിൽ വരുത്തുകയാകുന്നു, സംഗീതം, ചിത്രമെഴുത്ത്, എന്നിവയെപ്പോലെ കവിതയും ചെയ്യുന്നത്.

എന്നാൽ, എന്താണ് ഈ സമ്പൂർണ്ണതയുടെ ലക്ഷണം? അതു നാം എങ്ങിനെ കണ്ടറിയും? കലാവിദ്യകൊണ്ടു സൃഷ്ടിക്കപ്പെട്ട ഒരു സാധനത്തെ കാണുമ്പോൾ, നമുക്കുണ്ടാകുന്ന മനോവികാരമാണ് അതിൻെറ മാനദണ്ഡം. എങ്ങനെയുള്ള മനോവികാരമാണു നമുക്കുണ്ടാകേണ്ടത്? നമ്മുടെ മനസ്സിൽ സന്തോഷം ജനിക്കണം. സന്തോഷം പലവിധത്തി

ലുണ്ടു്. വളരെ പണം കിട്ടിയാൽ ഒരുവൻ സന്തോഷിക്കും പരീക്ഷയിൽ ജയിച്ചാലും സന്തോഷമുണ്ടാകും. നല്ല ഭക്ഷണം കിട്ടിയാൽ ഒരുവനു വളരെ സന്തോഷമായി. ഇങ്ങനെ പല സംഗതികളെക്കൊണ്ടും സന്തോഷമുണ്ടാകുന്നതും ആ സന്തോഷങ്ങളുടെ സ്വഭാവത്തിനു വ്യത്യാസമുള്ളതുമാകുന്നു. കലാവിദ്യകൊണ്ടു നമുക്കു് അനുഭവമാകുന്ന സന്തോഷമാകട്ടെ, അത്യന്തം സൌന്ദര്യമുള്ള ഒരു വസ്തുവിനാൽ പ്രദാനംചെയ്യപ്പെടാവുന്ന മഹത്തായ സന്തോഷമാകുന്നു.

നാം വല്ലതും വായിക്കുമ്പോൾ, അതിൽനിന്നു്, ഏററവും സൌന്ദര്യമുള്ള ഒരു വസ്തുവിനാൽ നമുക്കുണ്ടാകുന്ന സന്തോഷമെന്ന മനോവികാരം സിദ്ധിച്ചുവെങ്കിൽ അതിൽ കവിതയുണ്ടെന്നും മററുവല്ല വികാരവും ആണു് ഉണ്ടാകുന്നതെങ്കിൽ അതിൽ കവിത ഇല്ലെന്നും തീച്ചപ്പെടുത്താം. എന്നാൽ വായിക്കുന്ന ആൾക്കു് ആ വിധം സൌന്ദര്യത്തെ കണ്ടറിയേണ്ടതിനുള്ള സഹൃദയത്വവും വാസനയും ഉണ്ടായിരിക്കണമെന്നുള്ളതു് അത്യാവശ്യമാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഇങ്ങനെയുള്ള സന്തോഷത്തെ ജനിപ്പിക്കുന്ന ഏതൊരു കൃതിയും കവിതയാകുന്നു. ആ കവിത ഛന്ദശ്ശാസ്ത്രത്തെ അനുസരിച്ചുണ്ടാക്കിയതോ, അല്ല വെറും ഗദ്യത്തിൽ എഴുതിയതോ എന്നു വ്യത്യാസമുള്ളതല്ല. കവിതയെന്നതു് ഗദ്യമെന്നതിൻെറ വിപരീതാൎത്ഥത്തിലുള്ള വാക്കല്ലെന്നും, ശാസ്ത്രം എന്നതാണു കവിതയിൽനിന്നു വ്യത്യാസപ്പെട്ടുന്നതെന്നും ഗദ്യം പദ്യത്തിൽനിന്നാണു വേർതിരിച്ചറിയപ്പെടുന്നതെന്നും 'കോൾറിജ്' * എന്ന ആംഗ്ലേയവിദ്വാൻ പറയുന്നു. ശാസ്ത്രത്തിൻെറ ശരിയായ ഉദ്ദേശ്യം ചില തത്വങ്ങളെ ഗ്രഹിച്ചു ജനങ്ങളെ അറിയിക്കുകയാകുന്നു; കവിതയുടെ ഉദ്ദേശ്യം ജനങ്ങൾക്കു സന്തോഷത്തെ പ്രദാനം ചെയ്യുകയാകുന്നു; എന്നു് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. 'മനസ്സിനു് ഏററവും ആശ്വാസജനകങ്ങളായ സംഗതികൾ പറയുന്നവനാണു കവിശ്രേഷ്ഠൻ' എന്നു കീററ്സ് പറഞ്ഞിരിക്കുന്നു. സരസ്വതിയുടെ ജനനംതന്നെ ലോകത്തിൽ ചിന്താകുലതയെ നശിപ്പിച്ചു സന്തോഷം ജനിപ്പിക്കേണ്ടതിനായിട്ടാണത്രെ.

എന്നാൽ കവിതയിലെ അനുകരണംകൊണ്ടു നമുക്കുണ്ടാകുന്നതും ഉണ്ടാകേണ്ടതും ഈവിധം വെറും സന്തോഷമല്ല. അതു വായനക്കാൎക്കു അറിവു വർദ്ധിപ്പിച്ചു ആത്മാവിനുതന്നെ ഉണർച്ചനൽകി ഒരു പരമാനന്ദം ജനിപ്പിക്കണം. "അമരുകശതകം" മണിപ്രവാളത്തിലെ മധുനി

---

* Coleridge

ഷ്യന്ദികളായ ശ്ലോകങ്ങൾ ആസ്വാദിച്ചു രസിച്ചുകൊണ്ടിരുന്ന ചന്തുമേനോൻ "മയൂരസന്ദേശം" വായിച്ചപ്പോൾ ആനന്ദത്തിൽ മുങ്ങിക്കുഴങ്ങി വലഞ്ഞു യാതൊരു ചൈതന്യവും ഇല്ലാത്ത ആളായിപ്പോയിപോൽ. സഹൃദയന്മാരിൽനിന്നു ഒരു കവിക്കു ലഭിക്കാവുന്ന പ്രശംസാപത്രങ്ങളിൽ ഏററവും ഉത്തമമായതാണു അതു്.

മനുഷ്യരുടെ അറിവു വർദ്ധിപ്പിക്ക മാത്രമല്ല, വായിക്കുന്നതുകൊണ്ടുതന്നെ അവരുടെ ആത്മാവിനു് ഉണർവും ആനന്ദവും കൊടുക്കുകകൂടിയാണു കവി ചെയ്യേണ്ടതു് എന്നു കണ്ടുവല്ലോ. അതുകൊണ്ടു് ഏതൊരു സാധനത്തിൻെറയും ശരിയായ ഒരു അനുകരണം മാത്രമല്ല കവിതയിൽ നാം പ്രതീക്ഷിക്കുന്നതെന്നും, ആനന്ദജനകമായ ഒരു അനുകരണമാണു് നാം അതിൽ കാണ്മാൻ ആഗ്രഹിക്കുന്നതെന്നും പ്രത്യക്ഷമാണു്.

ഭാരതയുദ്ധത്തിൽ പാർത്ഥൻെറ സാരഥിയുടെ നിലയിലുള്ള ശ്രീകൃഷ്ണൻെറ,

'നിറന്നപീലികൾനിരക്കവെകുത്തി
നെറുകയിൽക്കൂട്ടിത്തിറമോടുകെട്ടി
കരിമുകിലൊത്തചികുരഭാരവും
മണികൾമിന്നീടുമണിക്കിരീടവും
കുനുകുനച്ചിന്നുംകുറുവിരതന്മേൽ
നനുനനപ്പൊടിഞ്ഞൊരുപൊടിപററി
തിലകവുമൊട്ടുവിയർപ്പിനാൽനന-
ഞ്ഞുലകുസൃഷ്ടിച്ചുഭരിച്ചുസംഹരി-
ച്ചിളകുന്നചില്ലീയുഗളഭംഗിയും'

എത്രമേൽ ഭംഗിയായിരിക്കുന്നു! ഇതു് ഏററവും ആനന്ദജനകമായ അനുകരണസാമർത്ഥ്യത്തിൻെറ ഒരു ഉത്തമദൃഷ്ടാന്തമാകുന്നു. ഈവക ചിത്രങ്ങൾ നിർമ്മിക്കാൻ കവികൾ പല ഉപായങ്ങളും പ്രവർത്തിക്കുന്നു. അങ്ങനെയുള്ള ഉപായങ്ങൾക്കാണു് അലങ്കാരങ്ങൾ എന്നു പേർ. സ്വഭാവോക്തി തുടങ്ങി അതിശയോക്തിവരെയുള്ള അനേകവിധ അലങ്കാരങ്ങളും കവികൾതങ്ങളുടെ സാമർത്ഥ്യമനുസരിച്ചുപയോഗിച്ചു് ഈവക ചിത്രങ്ങളെ നിർമ്മിക്കുന്നു. കുഞ്ചൻനമ്പ്യാർ കദളീവനത്തെ കണ്ണുകൊണ്ടു കണ്ടതുപോലെ ഏററവും ഹൃദയംഗമമായി ഇങ്ങനെ വർണ്ണിക്കുന്നു.

"പച്ചക്കദളിക്കുലകൾക്കിടയ്ക്കിടെ
മെച്ചത്തിൽനന്നായ്പഴുത്തപഴങ്ങളും

ഉച്ചത്തിലങ്ങനെകണ്ടാൽപവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചുകോർത്തുള്ള
മാലകൾകൊണ്ടുവിതാനിച്ചപടിക്കെന്നു
മാലാകരൊക്കയുംശങ്കിക്കുമാറുള്ള
ലീലാവിലാസേനനില്ക്കുന്നവാഴകൾ
നാലുഭാഗങ്ങളിൽത്തിങ്ങിവിങ്ങിത്തദാ,
ബാലാനിലൻവന്നുതട്ടുന്നനേരത്തു
കോലാഹലംനൃത്തമാട്ടുംദലങ്ങളും.
താഴത്തുഭാഗത്തുവീണുകിടക്കുന്ന
വാഴപ്പഴംകൊണ്ടുമൂടിമഹീതലം
പാഴററപട്ടുവിരിച്ചകണക്കിന്നെ
വാഴയ്ക്കുചുററുംപ്രകാശമുണ്ടപ്പൊഴും”

എ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ അവർകൾ മലയപർവ്വതത്തെ പലവിധ അലങ്കാരങ്ങൾ ഉപയോഗിച്ചു വർണ്ണിക്കുന്നു.

“ഉരുണ്ടുനീണ്ടെന്തിതുഹന്തനോക്കുവിൻ
കരണ്ടിടുന്നൂകരപത്രമെന്നപോൽ
ഇടയ്ക്കിടെപ്പൊന്തിനദന്തപങ്ക്തിയാൽ
ഉടക്കിവാനാമൊരുചമ്പുപാളിയെ.
ജലേശ്വരൻതന്നുടെരാജധാനിയിൽ
ജലത്തിനായ്ത്തീർത്തൊരുകോട്ടതാനിതോ?
അതിങ്കലിസ്സന്ധ്യയുമർക്കമൂർത്തിയാൽ
പതിച്ചിടുന്നോപുതുതാഴികക്കുടം?”

അലങ്കാരങ്ങൾ ഉപയോഗിച്ച് പല രീതിയിൽ ഒരേ സാധനത്തിന്റെ ചിത്രത്തെ നിർമ്മിക്കാമെന്നുള്ളത്, കവിക്കു ചിത്രകാരനെ അപേക്ഷിച്ചുള്ള ഒരു സൌകര്യാതിശയമാണ്. ഒരു വീണ പൂവിന്റെ ചുററും ഒരു വണ്ടുവന്നു ശബ്ദിച്ചുകൊണ്ട് പറക്കുന്നതിന്റെ ചിത്രം എട്ടുവരിയിൽ കുമാരനാശാൻ അവർകൾ എഴുതീട്ടുള്ളത് നോക്കുക.

“അന്നപ്പൊമാനഴകകണ്ടുഭ്രമിച്ചിടും നീ
എന്നോർത്തുചിത്രശലഭങ്ങളണിഞ്ഞിരിക്കാം
എന്നല്ല,ഭൂരമതിൽനിന്നനുരാഗമോതി
വന്നെന്നുമാംവിരുതനാമൊരുഭൃംഗരാജൻ.

കില്ലല്ലദയഭ്രമരപങ്ക്തിയനീവരിച്ചു
തെല്ലെങ്കിലുംശലഭമറിയമാറിയാതെ;
അല്ലെങ്കിൽനിന്നരികിൽവന്നിഹവട്ടമിട്ടു
വല്ലാതിവർന്നലവിളിക്കുകയില്ലിദാനീം."

അലങ്കാരങ്ങൾ ആവശ്യത്തിലധികം ഉപയോഗിച്ചു് ചിത്രത്തെ അലങ്കോലപ്പെടുത്തുന്ന ചില കവികളും ഇല്ലാതെയില്ല. ഇവരിൽ ചിലർ അതിശയോക്തിക്കു് അതിശയോക്തി കല്പിച്ചു് ചന്ദ്രനെ പിടിച്ചു് വലിയ സൌധങ്ങളുടെ വാതായനത്തിനുള്ളിൽകൂടി കടത്തി അവിടെയുള്ള വിളക്കിന്റെ പുകകൊണ്ടു് അതിനു കരിപിടിപ്പിക്കുന്നു. ഫലിതരസസമ്മിശ്രമായ ചില അതിശയോക്തി ചിലപ്പോൾ കവിതയ്ക്കു് അത്യന്തമനോഹരമായ ഭൂഷണമായിത്തീരാറുണ്ടു്. ചെറുശ്ശേരിനമ്പൂരി, "ശീതത്തെത്തൂകുന്ന ഹേമന്ത" കാലത്തെ വർണ്ണിക്കുമ്പോൾ.

'തീക്കുതന്നുള്ളിലെഃതാന്നിത്തുടങ്ങിലേ
തീക്കായവേണമെനിക്കുമെന്നു്'

എന്നു പറഞ്ഞതു നോക്കുക.

നമുക്കു് കാണ്മാനും തൊടാനും കഴിയുന്ന സാധനങ്ങൾമാത്രമേ ചിത്രകാരകന്റെ തൂലികയ്ക്കു വിഷയമാകുന്നുള്ളുവെങ്കിലും മനുഷ്യരുടെ ചേഷ്ടകളേയും മനോവികാരങ്ങളേയും, എന്നല്ല, എല്ലാ അമൂർത്തവസ്തുക്കളേയും കവി അനുകരിച്ചു് ചിത്രീകരിക്കുന്നു. അതുകൊണ്ടാണു് "ചിത്രത്തിന്റെ വിഷയം പരിമിതമായിരിക്കെ കവിതയുടെ വിഷയം വ്യാപകമാകുന്നു"വെന്നുപറയുന്നതു്.

ഷേക്സ്പിയർ "കാരുണ്യ"ത്തെവർണ്ണിച്ചു ഇംഗ്ലീഷിൽ എഴുതീട്ടുള്ളതു കേശവപിള്ള അവർകളുടെ കാരുണ്യംകൊണ്ടു മലയാളത്തിൽ വായിക്കാൻ നമ്മൾക്കു സംഗതി വന്നിട്ടുണ്ടല്ലോ

"കാരുണ്യമാകുന്നഗുണംബലത്താ-
ലാക്രഷ്ടമായീടുവതല്ലഹൃന്നം
മേൽനിന്നുകീഴോട്ടുശാന്തമായ
വർഷംകണക്കേപൊഴിയുന്നതത്രേ."

ഇത്യാദിശ്ലോകങ്ങൾ കാരുണ്യത്തിന്റെ ശരിയായ ചിത്രമാണെന്നു നമുക്കു തോന്നുന്നതുകൊണ്ടു അതു വായിക്കുമ്പോൾ "ശരിശരി" എന്നു തലകുലുക്കി സമ്മതിച്ചുകൊണ്ടു നാം സന്തോഷിക്കുന്നു.

സഭകളിൽ ചെന്നുചേരാൻ ഇടയായിട്ടുള്ളവൎക്കൊക്കെ, വസ്ത്രാഡംബരം എത്രമേൽ ബഹുമാനിക്കപ്പെട്ടുമെന്നറിയാം. ആ ഒരു പരമാൎത്ഥത്തെ വശ്യവാക്കായ ഒരു കവി.

'ഉസ്രൂവാനായുള്ളവൎനാൽജിതയല്ലോസഭാ'

എന്നു പറഞ്ഞുകേൾക്കുമ്പോൾ അതിന്റെ യഥാൎത്ഥത നമുക്ക് പൂൎവ്വാധികം ബോദ്ധ്യമായും അതിൽനിന്നു ഒരു ജ്ഞാനവും ആനന്ദവും സിദ്ധിക്കുകയും ചെയ്യുന്നു. എന്നാൽ,

'ഏവിടേക്കാണെടോ പോകുന്ന-
തിവിടെക്കാത്തിരുന്നിടാം'

എന്നുള്ളതു സൎവ്വജനങ്ങളും പലപ്പോഴും വല്ലവരോടും പറഞ്ഞിരിക്കാനിടയുള്ള ഒരു പരമാൎത്ഥമാണെങ്കിലും അതു വായിച്ചാൽ യാതൊരു വികാരവും നമ്മുടെ മനസ്സിലുണ്ടാകുന്നില്ല. അതുകൊണ്ടു അതിൽ കവിതയില്ലെന്നു നാം പറയുന്നു.

'താതനല്ലേ ഭാരം മമ നൃതൽസുത! ഞാനോ
മാതാവാം സുഖചിന്തിക്കുന്നെ സ്നേഹമില്ലിവ
നെന്നുമേ ത്വമന്യയായെന്നെ, ത്വന്മൂലമവ-
നാദരിക്കുന്നില്ല നിന്നെ.
ത്രൈലോക്യനാഥശാംബരീ
തന്നുടെ ... ചാതുരീ
സൎവ്വലോകമനോഹരീ
ഇതെല്ലാമതിൻമാതിരി
കരയാതിരി

ഇങ്ങനെ ഒരമ്മ മകനെ ആശ്വസിപ്പിക്കാൻ പറയുന്നതിൽ ഉപയോഗിച്ച "കരയാതിരി" എന്ന പദം അതിലെ കവിതയ്ക്കു എത്രമേൽ പുഷ്ടി വരുത്തിയിരിക്കുന്നുവെന്നു സഹൃദയന്മാരെല്ലാം മനസിലാക്കുന്നതാണ്.

"ഇന്ദുലേഖ"യിലെ ബോമ്പായി തുറമുഖത്തിന്റെ വൎണ്ണനം, "ശാരദ"യിൽ ദുഷ്ടന്മാരെക്കുറിച്ചുള്ള പ്രസ്താവന, മുതലായവ ഗദ്യത്തിൽ എത്ര നല്ല കവിതകൾ എഴുതാമെന്നുള്ളതിനു ദൃഷ്ടാന്തങ്ങളാകുന്നു.

കവിതയുടെ ഉദ്ദേശ്യം മനുഷ്യഹൃദയത്തിൽ ഒരു പരമാനന്ദം ജനിപ്പിക്കുകയാണെന്നു പറഞ്ഞതിൽ നിന്നു് ഭയങ്കരമായ വല്ല സംഭവത്തേയൊ നിന്ദ്യമായ വല്ല കാൎയ്യത്തേയോ വിവരിച്ചുകൊണ്ടു എഴുതിയവയിൽ കവിതയുണ്ടെന്നു പറയാമോ, എന്നൊരു ചോദ്യംഉത്ഭവിക്കുന്നു. അതികഠിനങ്ങളും ഭയങ്കരങ്ങളുമായ സംഭവങ്ങളെ പ്രത്യക്ഷപ്പെടുത്തിഎഴുതുകയോ വരയ്ക്കുകയോ ചെയ്തിട്ടുള്ളവ വായിക്കുകയും കാണുകയും ചെയ്യുന്നതിൽ നിന്നും നമുക്കു സന്തോഷമാണു് അനുഭവമാകുന്നതെന്നു മത്യൂ അൎനോൾഡ് പറഞ്ഞിരിക്കുന്നു. യുദ്ധങ്ങൾ എപ്പോഴും ഭയങ്കരങ്ങളാണു്. എന്നാലും രാമായണയുദ്ധവും ഭാരതയുദ്ധവും വായിച്ചു മടുക്കാത്തവർ എത്രയുണ്ടു്? ദുഷ്ടന്മാരെ നിഗ്രഹംചെയ്തതുകൊണ്ടു മാത്രമല്ല, ആ യുദ്ധങ്ങളുടെ വിവരണം വായിക്കുമ്പോൾ നമുക്കു സന്തോഷമുണ്ടാകുന്നതു. അങ്ങനെയാണെങ്കിൽ അഭിമന്യുവിന്റെ യുദ്ധത്തെപ്പററി ആരും വായിക്കയില്ല.

'പാരംപരപ്പിൽപറയുന്നതെന്തിനു
പോരിൽമരിച്ചാൎജ്ജുനകുമാരനും'

എന്നു വായിക്കുമ്പോൾ "അയ്യോ കഷ്ടം" എന്നു പറഞ്ഞു നാം വ്യസനിക്കുന്നുണ്ടെങ്കിലും ആ സങ്കടം ആ സംഭവത്തെപ്പററി മാത്രമാണെന്നും, അതിന്റെ വിവരണത്തിലടങ്ങിയ കവിതയെപ്പററി നമുക്കു പ്രീതിയാണുണ്ടാകുന്നതെന്നും ഓൎമ്മിക്കണം. "അതു വായിച്ചാൽ ആരും കരഞ്ഞുപോകും." എന്നൊരു കവിതയെക്കുറിച്ചു പറഞ്ഞാൽ, അതു് അത്രമേൽ ഹൃദയംഗമമായ രീതിയിൽ വിവരിച്ചിരിക്കുന്നുവെന്നൎത്ഥമാണു്. അതു സാധിക്കുന്നതു അധികവും, കഠിനങ്ങളും ഭയങ്കരങ്ങളുമായ ആ സംഭവങ്ങളിൽ ആശ, ഗുണകാംക്ഷ, പ്രതികാരേച്ഛ മുതലായ ചില മനോവികാരങ്ങൾ ഉണ്ടാകത്തക്ക ചില സംഗതികളെ അടക്കുന്നതു കൊണ്ടാണു്. അങ്ങനെയല്ലെങ്കിൽ ആ വിവരണം ആരും വായിക്കയില്ല. അതിൽ കവിത ഇല്ലെന്നുതന്നെ വരും. വായനക്കാരുടെ പ്രീതിഭാജനമായ അഭിമന്യു ജയിക്കേണമെന്നു അവർ ആഗ്രഹിച്ചിരിക്കേ അവൻ മരിച്ചപ്പോൾ "പലരുംകൂടി ഒളിയമ്പെയ്തു ചതിച്ചിട്ടല്ലേ അവനെ കൊന്നതെന്നും അവൻ എത്ര പ്രസിദ്ധയോദ്ധാക്കളോടു എതിൎത്തു നിന്നുവെന്നും തന്റെ എതിരാളിയേക്കൂടി കൊന്നിട്ടല്ലേ അവൻ മരിച്ചുള്ളുവെന്നും അവന്റെ ഭാഗം പേൎത്തു വീരവാദം ചെയ്വാനും, ആലോചിച്ചാശ്വസിക്കാനും വായനക്കാൎക്കു ചില സംഗതികൾ കവി ഉണ്ടാക്കിക്കൊടുത്തിരിക്കുന്നു. അതാണു അതിലെ കവിതയുടെ രഹസ്യം.

കവിതകൊണ്ടുള്ള ആവശ്യം വായനക്കാരിൽ ആനന്ദവും സൌഭാഗ്യവും വൎദ്ധിപ്പിക്കേണ്ടതാണെന്നറിഞ്ഞു കഴിഞ്ഞാൽ, കവിതയിലെ ഭാ

ഷാരീതി എളുപ്പത്തിൽ മനസ്സിലാകത്തക്ക വിധം ലളിതമായിരിക്കേണമെന്നു പിന്നെ വിശേഷിച്ചു പറയേണ്ടതില്ല. മററുള്ളവക്കു മനസ്സിലാകാനാണു് നാം എഴുതുന്നതു. നമ്മുടെ സാമത്ഥ്യവും പാണ്ഡിത്യവും കാണിക്കാനല്ല. സ്വഭാവം, ബുദ്ധിശക്തി, മനോഗുണം എന്നിവകൊണ്ടു മനുഷ്യർ തമ്മിൽ വ്യത്യാസപ്പെടുന്നകാലത്തോ അവരുടെ ഭാഷാരീതിയും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. ചിലർ കഠിനങ്ങളും അപൂവ്വങ്ങളും ആ സംസ്കൃതപദങ്ങളെ ഉപയോഗിക്കാൻ ഇഷ്ടപ്പെടുന്നതുപോലെ ചിലർ സാധാരണ നടപ്പുള്ള വാക്കുകളേയും വേറെ ചിലർ വല്ല മൂലയിലും കിടക്കുന്ന പഴയ വാക്കുകളേയും കവിതയിൽ ഉപയോഗിക്കാൻ ആഗ്രഹിക്കയും ശ്രമിക്കയും ചെയ്യുന്നു. പെരുമ്പാമ്പുപോലെ നീണ്ട വാചകങ്ങളായിരിക്കാം ചിലർ എഴുതുന്നതു്. മററു ചിലർ ചെറിയ ചെറിയ വാചകങ്ങളെ ഉപയോഗിക്കുന്നു. വേറേ ചിലർ ഉപാദ്ധ്യായന്മാരേപ്പോലെ പ്രസംഗിക്കുന്നു ചിലർ സ്നേഹിതന്മാരെപ്പോലെ സംസാരിക്കുന്നു. സന്ദർഭവശാൽ ഇവയിൽ പല രീതികളും കവിതയിൽ ആവശ്യപ്പെട്ടാമെന്നിരുന്നാലും സാമാന്യമായി പറയുമ്പോൾ വായനക്കാക്കു ക്ലേശിക്കാതെ അത്ഥം മനസ്സിലാകുന്ന രീതിയാകുന്നു ഉത്തമരീതി. ഈ രീതിക്കാണു വൈയാകരണന്മാർ "ലളിത"മെന്നു പേർ പറയുന്നതു്. ചെറിയ ചെറിയ വാചകങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടോ കഠിന സംസ്കൃതപദങ്ങളെ കേവലം ഉപേക്ഷിക്കുന്നതുകൊണ്ടോ, രീതി ലളിതമായി വരാവുന്നതല്ല. സാമാന്യം വ്യുൽപ്പന്നനായ ഒരാൾ സംഭാഷണത്തിൽ ഉപയോഗിക്കുന്ന വാക്കുകളെ ശബ്ദശുദ്ധിയോടുകൂടി, ആ രീതിയിൽ ഉപയോഗിക്കുകയാണുവേണ്ടതു്. എന്നാൽ സംഭാഷണത്തിൽ ശ്രോതാക്കൾക്കു അത്ഥം മനസ്സിലാക്കാൻ വേണ്ടി ഉപയോഗിക്കുന്ന ആംഗ്യം മുതലായ ഉപായങ്ങളുടെ അനുഭവം കൂടി ഉണ്ടാകത്തെക്ക 'പൊടിക്കൈ'കൾ വാക്യങ്ങളിൽ ഉപയോഗിക്കേണ്ടതാണു്. ഈ പൊടിക്കൈകൾ ഓരോരുത്തന്റെ ബുദ്ധിവികാസത്തിനും വാസനയ്ക്കും അനുസരിച്ചു അവനവനു തോന്നുന്നതും മറെറാരാൾക്കു വിവരിക്കാൻസാധിക്കാത്തതുമാകുന്നു. നല്ല കവിതകൾ അനേകം വായിച്ചു ഈ പൊടിക്കൈകൾ കണ്ടുപിടിച്ചു മനസ്സിലാക്കിക്കൊള്ളേണ്ടതാകുന്നു. ഭാഷാശുദ്ധിയെ പ്രത്യേകം പരിപാലിച്ചുകൊള്ളുകയും വേണം. അനക്ഷരകുക്ഷികൾ അവരുടെ സംഭാഷണത്തിൽ ഉപയോഗിക്കുന്ന വഴിക്കു അക്ഷരങ്ങൾ ലോപിച്ചും ഭേദിച്ചും അത്ഥം മാറിയും ദുഷിച്ചുപോയ ആകൃതിയിലുള്ള പദങ്ങൾ ഉപയോഗിക്കുന്നതു കൊണ്ടു മാത്രമല്ല ഭാഷാശുദ്ധിക്കു ദോഷം വരുന്നതു്. ഇതരഭാഷകളിലെ ശൈലികളെ നേരെ പരിഭാഷചെയ്തു ഉപയോഗിക്കുന്നതുകൊണ്ടും ഭാഷയ്ക്കു ശുദ്ധികേടുണ്ടാകുന്നു. ഇംഗ്ലീഷുഭാഷയുമായി അധികം ഇടപെട്ടതിൽപ്പിന്നീടു മാതൃഭാഷയെ വിസ്മരിച്ചു തുട

ങ്ങിയ ചിലർ ഇക്കാലത്തു ഭക്ഷണം കഴിക്കാറില്ല.—ഭക്ഷണം "എടുക്കുക"യാണു ചെയ്യാറു പതിവു്. അവരിൽ ചിലർ വൈകുന്നേരം കടപ്പുറത്തു ഒരു "നടത്തമെടുക്കാ"റും ഇല്ലെന്നില്ല.

ഉപയോഗമില്ലാതായിത്തീൎന്ന പഴകിയ വാക്കുകളേയും വൎജ്ജിക്കേണ്ടതാണെങ്കിലും പദ്യത്തിൽ അവയെ ദുൎല്ലഭമായിട്ടെങ്കിലും ഉപയോഗിക്കേണ്ടിവരും. "വാക്കുകൾ നാണ്യംപോലെയാണു" എന്നു ഹാസ്‌ലിററ് എന്ന വിദ്വാൻ പറഞ്ഞിരിക്കുന്നു. ഉപയോഗത്തിലില്ലാതായിത്തീൎന്നവ വല്ല കാഴ്ചബംഗ്ലാവിലും സൂക്ഷിക്കാനേ കൊള്ളുകയുള്ളു. ഇടപാടിനു കൊള്ളുകയില്ല. ജനങ്ങൾ സ്വീകരിക്കേണമെങ്കിൽ ഇക്കാലത്തു നടപ്പുള്ളതാണെന്നു കാണിക്കുന്ന മുദ്ര അതിന്മേൽ ഉണ്ടായിരിക്കണം.

കവിതകൊണ്ടുണ്ടാകേണ്ടുന്ന അനുഭവം സൌന്ദൎയ്യം നിമിത്തമുള്ള ആനന്ദമാണെന്നു വെളിപ്പെട്ടുവല്ലോ. ഈ ആനന്ദമുണ്ടാക്കുന്ന പല സംഗതികളിൽ ഒന്നു് അതിലെ വാക്കുകളും അവയെ ക്രമപ്പെടുത്തുന്ന രീതിയുംകൊണ്ടുള്ള ശ്രവണസുഖമാണു്. അൎത്ഥംകൊണ്ടു ധരിക്കേണ്ടതായ പ്രവൃത്തികൾക്കും വികാരങ്ങൾക്കും അനുകൂലമായ ശബ്ദസൌഷ്ഠവമുള്ള വാക്കുകൾ അവയ്ക്കനുസരിച്ച രീതിയിൽ ക്രമപ്പെടുത്തി വാക്യങ്ങൾ ഘടിപ്പിക്കുന്നതുകൊണ്ടാണു് ഈ സംഗീതസുഖം ഉണ്ടാകുന്നതു്.

വളരെ കോപിച്ചു് ഒരാൾ തന്റെ ശത്രുവിനെ അടിക്കാൻ വടിയെടുത്തു പുറപ്പെട്ടുപോയതിനെ വിവരിക്കുമ്പോൾ "അവൻ ചാടി എഴുന്നേററു, വടിയെടുത്തു്, ഇറങ്ങിപ്പോയി," എന്നോ മററോ പറകയല്ലാതെ, "അവൻ തന്റെ ആസനത്തിൽനിന്നു ഝടിതി ഉത്ഥാനം ചെയ്കയും ദീൎഘതയുള്ള ഒരു വടി എടുക്കുകയും തന്റെ ശത്രുവിനെ കാണേണ്ടതിനു ബദ്ധപ്പെട്ടു നടന്നുപോകയും ചെയ്തു" എന്നു പറഞ്ഞാൽ വായനക്കാൎക്കു് ആ പ്രവൃത്തിയുടെ അനുഭവം സിദ്ധിക്കുകയില്ല. ഭീമസേനൻ, കല്യാണസൌഗന്ധികത്തിൽ, പുറപ്പെട്ടുപോകുന്ന വിവരണത്തിൽ,

"ഇത്ഥം പറഞ്ഞു ഗദയുമെടുത്തുകൊ-
ണ്ടുത്ഥാനവും ചെയ്തു ഗന്ധവാഹാത്മജൻ."

പുറപ്പെട്ടുപോയി, എന്നു കുഞ്ചൻനമ്പ്യാർ പറഞ്ഞിരിക്കുന്നതിൽ ശബ്ദാൎത്ഥങ്ങൾക്കന്യോന്യമുള്ള യോജിപ്പു നോക്കുവിൻ!!!

യഥാൎത്ഥഗുണമുള്ള വസ്തുക്കൾ എളുപ്പത്തിൽ കിട്ടാത്തപ്പോൾ കൃത്രിമവസ്തുക്കൾ ഉണ്ടാക്കാനും സമ്പാദിക്കാനും ശ്രമിക്കുന്നതു ജനങ്ങളു-

ടെ സ്വഭാവമാണ്. അതുകൊണ്ടാണു സ്വർണ്ണാഭരണങ്ങളിൽ വൈരക്കല്ലിന്റെ സ്ഥാനത്തു വളരെ കുപ്പിക്കഷണങ്ങൾ കാണാൻ സംഗതിവരുന്നതു്. കവിതയ്ക്കുണ്ടാകേണ്ടതായി മേൽ പറഞ്ഞ ശ്രാവണസുഖം സന്ദർഭാനുകൂലങ്ങളായ വാക്കുകളെക്കൊണ്ടും അവയെ ക്രമപ്പെടുത്തുന്നതുകൊണ്ടും സാധിക്കാൻ ശേഷിയില്ലാത്തവരാണു നിരർത്ഥപദങ്ങളെക്കൊണ്ടു പലവിധപ്രാസങ്ങൾ കുത്തിച്ചെലുത്തി കൃത്രിമമായ സംഗീതസുഖം സൃഷ്ടിക്കുന്നതു്. 'ഹാസ്‌ലിററ്' ഇങ്ങിനെ പറയുന്നു:— 'കിലുകിലുങ്ങി ശബ്ദിക്കുന്ന അർത്ഥമില്ലാത്ത വാക്കുകളും കഴിയുന്നത്ര ഉപയോഗിച്ചുകൊള്ളുവിൻ. എന്നാൽ വെറും ശബ്ദമയമായ നിങ്ങളുടെ കപ്പൽ അർത്ഥവൈശിഷ്ട്യമെന്ന പാറയിൽ തട്ടുമ്പോൾ പൊട്ടിത്തകൎന്നുപോകും.' ശബ്ദാലങ്കാരത്തിൽ അധികം ഭ്രമിക്കുന്നവരുടെ കവിത, ചിത്രശലഭങ്ങളെപ്പോലെ മനോഹരങ്ങളായ പലവിധ വൎണ്ണങ്ങളോടുകൂടിയതാണെങ്കിലും ശക്തിയും ചൈതന്യവുമില്ലാത്ത ചിറകുകളോടുകൂടിയതാണ്. ശരിയായ വിവരണംകൊണ്ടു പ്രകൃതിയെ യഥാർത്ഥത്തിൽ അനുകരിക്കാൻ സാധിക്കാത്തവർ അതിശയോക്തി ഉപയോഗിക്കുംപോലെയാണ്, കവിതയിൽ സംഗീതസുഖം വരുത്താൻ സാധിക്കാത്തവർ ഈവിധം വിദ്യകൾ ഉപയോഗിക്കുന്നതു്.

"ലയയൊരുലവലേശംപൊലുമില്ലാത്തദേശം
ശിവശിവപരദേശംപൊക്കിലത്യന്തമോശം
പറകിൽനരഹാകലാശംപൊക്കിലിന്നേകദേശം
സുമുഖി!നരകദേശംതന്നെയാണാപ്രദേശം."

ഇതിൽ ശബ്ദസുഖമുണ്ടായേയ്ക്കാമെങ്കിലും കവിതയില്ലാത്തതിനാൽ ഇതു് ശവത്തെ പൊന്നണിയിച്ചതുപോലെ 'അത്യന്തമോശം'തന്നെയാണെന്നു് ആരും സമ്മതിക്കും.

കവിതകൊണ്ടു് ഉദ്ദേശിക്കുന്ന പരമാനന്ദം വരുത്താൻ സഹായിക്കുന്ന സംഗീതസുഖത്തെ പ്രദാനം ചെയ്യത്തക്ക വാക്കുകളെ ഉപയോഗിക്കുകയും, അവയെ അതിനനുസരിച്ചു ക്രമപ്പെടുത്തുകയും ചെയ്യുകൊണ്ടു ആൎക്കും എളുപ്പത്തിൽ മനസ്സിലാകത്തക്ക ലളിതരീതിയിൽ എഴുതുകയെന്നതാണ് കവിതയിൽ ഭാഷയെ സംബന്ധിച്ചു സ്വീകരിക്കേണ്ടുന്ന പ്രധാനമായ മുറ.

പദ്യത്തിലെ ഭാഷയ്ക്കു ചില സ്വാതന്ത്ര്യങ്ങൾ കൊടുത്തിട്ടുണ്ടു്. പദ്യത്തിൽ ഛന്ദശ്ശാസ്ത്രത്തെ അനുസരിക്കേണമെന്നുള്ള നിർബന്ധമുള്ളതു

കൊണ്ടാണു ചില സ്വാതന്ത്ര്യങ്ങൾ അതിനു അധികമായി നൽകിയിരിക്കുന്നതു. ഈ സ്വാതന്ത്ര്യത്തെ ഇംഗ്ലീഷിൽ 'ലൈസൻസ്' എന്നു പറയുന്നു. സംസ്കൃതത്തിലായാൽ അവ ദോഷങ്ങളായി. ദൂരാന്വയം എന്നുപറയുന്നതു പ്രധാനമായ ഒരു ദോഷമാണല്ലോ.

"അരിവൻബലരെനിഗ്രഹിക്കുമ-
പ്പൊരുളൻനൃപതിനാട്ടുവാഴവെ,
ഭീരുവാമൊരുതപസ്വികന്യയിൽ
സ്വൈരവൃത്തിതുടരുന്നധൃഷ്ടനായ്?"

ഇവിടെ 'അരിവൻ' എന്ന പദത്തെ ദൂരാന്വയം സഹിച്ചും അദ്ര്യം ഉപയോഗിച്ചതു് ഔചിത്യത്തിനു വേണ്ടിയാണ്; യഥാർത്ഥകവിതയ്ക്കു് ആവശ്യമുള്ള ഈ വക പ്രയോഗങ്ങൾ കവികൾ ഉപയോഗിക്കുന്നതാകയാലും, അതേ സമയത്തു്, വ്യാകരണദൃഷ്ട്യാ അവ ദോഷങ്ങളാകയാലും ആകുന്നു.അവയെ 'കാവ്യദോഷങ്ങൾ' എന്നു പറയുന്നതു്. കവിതയിൽ ഈ വക ദോഷങ്ങൾ ഒരിക്കലും ഉണ്ടാകരുതെന്നും, അവയില്ലാത്ത കൃതികൾ മാത്രമാണു കവിതയെന്നും ശഠിക്കുന്നതു് കവിതയെന്താണെന്നു ശരിയായി അറിയാത്തതുകൊണ്ടുതന്നെയാണു്. വലുതായ ചില ഗുണങ്ങൾ കവിതയ്ക്കു വരുത്തേണ്ടതിനു് ഈ വകദോഷങ്ങൾ കൂടാതെ കഴികയില്ലെന്നു കാണുമ്പോൾ കവികൾ അറിഞ്ഞുകൊണ്ടു് അവയെ വരിക്കുന്നു. ഈവകദോഷങ്ങളെപ്പററി അവർ,

"ഏകോഹി ദോഷോ ഗുണസന്നിപാതേ
നിമജ്ജതീന്ദോഃ കിരണേഷ്വിവാങ്കഃ"

എന്നു സമാധാനിക്കുന്നു. എന്നാൽ അനാവശ്യമായ ആഡംബരത്തിനു വേണ്ടി ഈ ദോഷങ്ങളെ വരിക്കുന്നതു് വെറും വിഡ്ഢിത്തമാണു്. ദ്വിതീയാക്ഷരപ്രാസത്തിനുവേണ്ടി നിരർത്ഥപദങ്ങളെ ഉപയോഗിക്കുന്നതു് ഇതിലൊന്നാണു്.

# ഭാവനാശക്തി.

---

കഴിഞ്ഞ കാൎയ്യങ്ങളെ ഓൎമ്മിപ്പിക്കാനുള്ള വൈഭവത്തിനാണ് സാധാരണമായി ഭാവനാശക്തിയെന്നു് പേർപറയുന്നതെങ്കിലും, സാഹിത്യസംബന്ധമായി പറയുമ്പോൾ ഈ പദത്തിന് അധികമായ ശക്തിയും സാന്നിദ്ധ്യവും ഉണ്ട്. ഈ അൎത്ഥത്തിൽ ഓൎമ്മശക്തികൂടി അടങ്ങിയിരിക്കുമെങ്കിലും, അതിനല്ല അധികം പ്രാധാന്യമുള്ളതു്. ഭാവനാശക്തി, ബുദ്ധിശക്തിയെ ആശ്രയിച്ചിരിക്കും. അത്യന്തം ബുദ്ധ്യതിശയയുക്തനായിരിക്കും അധികംഭാവനാശക്തിയുള്ളവൻ ഭാവനാശക്തിയുള്ളവരൊക്കെ അവശ്യം ബുദ്ധിമാന്മാരായിരിക്കണമെങ്കിലും, എല്ലാബുദ്ധിമാന്മാൎക്കും ഭാവനാശക്തി ഉണ്ടായിരിക്കുമെന്നോ, ഇരിക്കേണമെന്നോ, നിൎബ്ബന്ധം ഇല്ല.

മനുഷ്യരുടെ അറിവിന്നും, വാസനയ്ക്കും, പരിചയത്തിന്നും, ഉള്ള ഏറ്റക്കുറച്ചിലനുസരിച്ചു്, അവർ പഞ്ചേന്ദ്രിയങ്ങൾ വഴിയായി അറിയുന്ന സാധനങ്ങളുടെയും, കാൎയ്യങ്ങളുടെയും, ഗുണാഗുണങ്ങളെ മനസ്സിലാക്കുന്നതിന് വ്യത്യാസമുണ്ടായിരിക്കുമെല്ലോ. ഒരുചെടിയേയൊ, പുഷ്പത്തേയോ ഒരു സാധാരണ മനുഷ്യൻ കാണുന്നതിലും, സസ്യശാസ്ത്രജ്ഞൻ കാണുന്നതിലും ഫലത്തിൽ വ്യത്യാസമുണ്ട്. ഒരു പാട്ടുകേൾക്കുമ്പോൾ "സംഗീതത്തിനു് ചെവിയില്ലാത്ത" ഒരാൾക്കു് ഉണ്ടാകുന്ന അനുഭവവും ഒരു സംഗീതജ്ഞനുണ്ടാകുന്ന അനുഭവവും രണ്ടും രണ്ടുവിധത്തിലായിരിക്കും. മനുഷ്യരുടെ വാക്കിലും മുഖസ്വഭാവത്തിലും നിന്നു്, അവരുടെ മനോഗുണം അറിവാൻ ലോകവ്യവഹാരത്തിൽ അധികം ഇടപെട്ട വൃദ്ധന്മാൎക്കു് സാധിക്കുന്നതുപോലെ ചെറുപ്പക്കാൎക്കു് സാധിച്ചു എന്നു വരുന്നതല്ല. അതുകൊണ്ടാണല്ലോ "ഇളമാൻകടവറിയാ" എന്നു് പറയുന്നതു്.

ഇതുപോലെ, വല്ല സാധനങ്ങളേയും കാണുന്ന മാത്രയിൽ അവയുടെ മുഖ്യഗുണങ്ങൾ മനസ്സിലാക്കി, അവയോടു സാദൃശ്യമുള്ള മറ്റു സാധനങ്ങളേ ക്ഷണത്തിൽ ഓൎമ്മിച്ചു് അന്യോന്യമുള്ള തുല്യാതുല്യതയെ ഗണിച്ചറിവാനുള്ള, ജന്മസിദ്ധമായ വൈഭവത്തെയാണ് ഭാവനയെന്ന പറയുന്നതു്. ചിത്രമെഴുത്തുകാൎക്കും കവികൾക്കും ഭാവനാശക്തി അത്യാവശ്യമാണ്. മറ്റുള്ളവർ, നിസ്സാരമെന്നു് വിചാരിക്കുന്ന ഒരു ഇലയുടെ നില്പോ, ഒരു അംഗത്തിന്റെ സ്ഥിതിയൊ, ചിത്രത്തിന് സ്വാഭാവികത നൽകുവാൻ ഏറ്റവും മുഖ്യമുള്ള

തായി ഒരു ചിത്രകാരൻ വിചാരിച്ചെന്നുവരാം. ഏററവും വിപരീതഗുണങ്ങളുള്ള വികാരങ്ങളെ ചിത്രത്തിൽ സൂചിപ്പിക്കുവാൻ മുഖത്തിൻെറ ഒരു ചുളിവോ, കണ്ണിലെ പ്രകാശദ്വാരത്തിൻെറ സ്ഥാനമോ അല്പം ഭേദിപ്പിച്ചാൽ മതി.

ഗുണദോഷവിവേചനത്തിൽ അത്യന്തം പാടവമുള്ള ഒരാളെ, സമർത്ഥനായ ഒരു ചിത്രമെഴുത്തുകാരൻ വരച്ച ഒരു ചിത്രം കാണിച്ചപ്പോൾ, ചിത്രം ശാസ്ത്രാനുസാരമായ എല്ലാകാര്യങ്ങളും അടങ്ങിയതാണെങ്കിലും അവശ്യമായ ഒരു "അതു്" ഇല്ലാത്തതുപോലെ ഇരിക്കുന്നു എന്നു് പറഞ്ഞുപോൽ. ആ "അതു്" എന്താണെന്നു ഗുണദോഷവിവേചകനുതന്നെ പറവാൻ സാദ്ധ്യമായിരുന്നില്ല. ഭാവനാശക്തിയുള്ള ഒരു ചിത്രകാരൻെറ തൂലികകൊണ്ടു് ഒരു ചെറിയ ചൊട്ടയോ നേരിയ ഒരു വരയോ, ചിത്രത്തിനു് ആ "അതും" ഉണ്ടാക്കിയെന്നു് വരാം. കവിതയുടെ കാര്യവും ഇങ്ങനെതന്നെയാണു്. ചിത്രകാരൻെറയും കവിയുടെയും ഭാവനാശക്തിയുടെ ഭാവാഭാവങ്ങൾ തിരിച്ചറിവാനുള്ള വാസന ഈ ചൊട്ടയോ വരയോപോലെ അത്ര സൂക്ഷ്മമായതാണുതാനും.

നമുക്കു് ഇവിടെ കവികളുടെ ഭാവനാശക്തിയെപ്പററി വിചാരിക്കേണ്ടതേ ഉള്ളു; അതിനെ നിവൃത്തിയുള്ളു.

വല്ലസാധനവും വിവരിക്കുന്നതു് അതിനു് ഏററവും മുഖ്യമായി മററുള്ളവയിൽ നിന്നു ക്ഷണം തിരിച്ചറിയത്തക്കതായ ഗുണങ്ങളെക്കൊണ്ടായിരിക്കണം. അങ്ങനെയുള്ള ഗുണങ്ങളെ കണ്ടുപിടിക്കാനാണു് ഭാവനാശക്തിയുടെ സാഹായ്യം വേണ്ടതു്.

... ... ... ... ... ... ... ... ... ഒരു മൂത്ത
കുരങ്ങിൻെറ വടിവായിച്ചമഞ്ഞു കൈകളും കാലും
കുഴഞ്ഞു പാച്ചുമക്കാലം മെലിഞ്ഞ കൈകളെക്കൊണ്ടു
ചൊറിഞ്ഞു, രോമമെല്ലേരും കൊഴിഞ്ഞു മേനിയും ചുക്കി-
ച്ചുളിഞ്ഞു കണ്ണിനുകാഴ്ച കുറഞ്ഞു, പീളയുംവന്നു
നിറഞ്ഞു താൻ വഴിയിൽച്ചെന്നുറച്ചു, നേത്രവും ചിമ്മി-
ശ്ശയിച്ചു ... ... ... ... ... ... " (കല്യാണസൌഗന്ധികം)

ഈ മൂത്ത കുരങ്ങു് "മെലിഞ്ഞ കൈകളെക്കൊണ്ടുചൊറിഞ്ഞി"രുന്നില്ലെങ്കിൽ കുഞ്ചൻനമ്പ്യാരുടെ ചിത്രം ഒരിക്കലും അത്ര പ്രശംസാർഹമാകുന്നതല്ലായിരുന്നു.

വാനീരത്തിൽ മതിച്ചു പക്ഷികളിരിക്കുമ്പോൾ കൊഴിഞ്ഞുള്ള നൽ-
സൂനങ്ങൊണ്ടു സുഗന്ധമാർന്നതിതണുപ്പുള്ളച്ഛമാവെള്ളത്തൊടും,
താനേ കായ്കൾ പഴുത്തു നീലനിറമാം ജംബൂവനേ മുട്ടി വൻ-
ഛായാനമ്രത്താലൊഴുകുന്ന ചോലകളിതാ നാനാവഴിക്ക് വരുന്നു.

(ഉത്തരരാമചരിതം.)

ഭവഭൂതിയുടെ ഈ വിവരണം വായിക്കുമ്പോൾ ആ ചോലകളുടെ കരയിലിരുന്നു സുഗന്ധവും തണുപ്പും ഉള്ള വെള്ളത്തിന്റെ സാന്നിദ്ധ്യ സൌഖ്യം അനുഭവിക്കാൻ നമുക്കും ഒരാഗ്രഹം തനിയേ ജനിക്കത്തക്ക വണ്ണം ആ വിവരണം അത്ര കൃത്യവും സ്വാഭാവികവുമായിരിക്കുന്നു.

ലങ്കയിലേയ്ക്കു ചാടാൻഭാവിക്കുന്ന ഹനുമാന്റെ ഛായാപടം എടുത്തിരുന്നെങ്കിൽ താഴെ പറയുന്ന വിവരണത്തിന്നനുസരിച്ചിരിക്കും.

………"വാലും നിജമേററമുയർത്തി പരത്തി
കരങ്ങളും, അതിവിപുലഗളതലവുമൃജുവമാക്കിനിന്നാകുഞ്ചിതാംഘ്രി
യായൂർദ്ധ്വനയനനായ്……………" (രാമായണം)

ഇങ്ങിനെ തന്നെയാണ്.

"സ്വച്ഛന്ദം കടിതൊണ്ണരച്ചിട്ടയുടനേ നീട്ടിക്കഴുത്തേററവും
ഉച്ഛ്രാഗ്രങ്ങൾ ചലിച്ചിടാതെ, ചെവികൾ കൂർപ്പിച്ചുനങ്ങാതെയും."

(ശാകുന്തളം.)

ഓടിയ ദുഷ്ഷന്തന്റെ കുതിരയും,

കണ്ഠനാളമഴകിൽ തിരിച്ചനുപദം രഥം പിറകിൽ നോക്കിയും
കണ്ഠനായ് ശരഭയേന പൃഷ്ഠമതു പൂർവ്വകായഗതമാക്കിയും,

കൊണ്ടു ജീവരക്ഷയ്ക്കായി ഓടിയമാനും.

അധികം ഉദാഹരണങ്ങളെക്കൊണ്ട് ഉപന്യാസം ദീർഘിപ്പിക്കുന്നില്ല. യഥാർത്ഥകവികളുടെ കൃതികളൊക്കെ ഇതിന്നു ദൃഷ്ടാന്തങ്ങളായിട്ടുതന്നെയിരിക്കും.

ഇങ്ങനെ സാധനങ്ങളുടെ സ്വന്തഗുണങ്ങൾ കണ്ടറികമാത്രമല്ല, തുല്യഗുണമുള്ള മററു സാധനങ്ങളെ പെട്ടെന്നു മനസ്സിൽ ഓർമ്മിക്കുകൂടിയാകുന്നു ഭാവനാശക്തി ചെയ്യുന്നത്. ഇങ്ങനെ ഓർമ്മിക്കുന്നതു് പണ്ടെങ്ങാനും കണ്ടു മനസ്സിലാക്കിയതോ, കേൾക്കുകയോ വായിച്ചറിയുകയോ ചെയ്തിട്ടുള്ളതോ ആയ സാധനങ്ങളായിരിക്കാം. തുല്യഗുണങ്ങൾ അക്കു

തിയിലോ പ്രകൃതിയിലോ ആയിരിക്കാം. ഭാവനാശക്തിയുടെ ഈ പ്രകടനത്തിൽ നിന്നാകുന്നു ഉപമാദി അലങ്കാരങ്ങളുടെ ഉത്ഭവം.

എന്നതു കേട്ടോരു കംസൻ തൻ കോപവും മന്ദമായ്‌വന്നതായ് മെല്ലെമെല്ലെ,
മന്ത്രംകൊണ്ടീഷൽ തളർന്നു നിന്നീടുമപ്പന്നഗവീരൻ തൻ കോപംപോലെ
രോദിതയായൊരു സോദരിതന്നെയും, ആദരവോടങ്ങയച്ചുനിന്നാൻ
വമ്പുലിവായിൽനിന്നമ്പോടുവീണ്ടുപോയ് കമ്പത്തെപ്പൂണ്ടുനിന്നോരേണംപോലെ
മേവിനിന്നീടുന്ന ദേവകിദേവിതാൻ കേവലം കംസനെ നോക്കിനിന്നാൾ.
(കൃഷ്ണഗാഥ.)

ഇങ്ങനെയുള്ള അലങ്കാരങ്ങൾ അനവധി അടങ്ങിയിരിക്കുന്ന കൃഷ്ണഗാഥ രചിച്ച വിദ്വാന്റെ അനിതരസാധാരണമായ ഭാവനാശക്തി ഈവിധത്തിലാണ് അധികവും പ്രകടിച്ചതു്. കുഞ്ചൻനമ്പ്യാർ ഉപമാലങ്കാരം അത്ര വളരെ പ്രയോഗിച്ചുകാണുന്നില്ല.

"ഹേഹയനരവരപുരമിതു സുരവര
ഗേഹസമാനം ഭുവിവിചസതിമാൻ." (കിരാതം-)

ഇങ്ങനെ ചില കവികൾ സ്വർഗ്ഗലോകത്തേയും, താമരയേയും, അരയന്നത്തേയും, ചന്ദ്രനേയും പിടിച്ചു വലിച്ചുണ്ടാക്കുന്നവയെ ഭാവനാശക്തിയുടെ ഫലമായി ഞാൻ വിചാരിച്ചിട്ടില്ല. ആരും വിചാരിക്കയുമില്ല.

"യാതീഹ മുമ്പിട്ടു വപുസ്സുമാത്രം ചേതസ്സുപശ്ചാദവശം പ്രയാതി
വാതസ്യ ഃ വിഗംപ്രതിനീയമാനം കോദതാഃചതാകാംശുകമെന്നവണ്ണം"
(ശാകുന്തളം.)

സ്വന്തം ഭാവനാശക്തിയുടെ ഉത്തമദൃഷ്ടാന്തങ്ങളായ ഈവക ശ്ലോകങ്ങളുടെ ഗാംഭീര്യവും, രസവും ഒന്നു വേറെതന്നെയാണ്. രാജാക്കന്മാർ പ്രജകളെ പരിപാലിക്കേണ്ടതിന്നനുഭവിക്കുന്ന സങ്കടങ്ങളും രാജപദവിക്കുള്ള സൌകര്യവും അറിയാത്തവർ വെയിലിൽ കുടപിടിച്ചു നടക്കുന്നവരിൽ ആരും ഉണ്ടായിരിക്കയില്ല. പക്ഷെ;

"ക്ഷിതിക്ഷിതിൻകൃത്യം ശ്രമഹരവുമാം ശാന്തിദവുമം-
മതിന്നൊപ്പം ചെപ്പാൻ സുകരമുതദണ്ഡം കൊടയതെ."
(ശാകുന്തളം.)

എന്നു പ്രയോഗിക്കുവാൻ കാളിദാസന്റെ ഭാവനാശക്തിക്കു മാത്രമേ കഴിഞ്ഞുള്ളു.

"പാറക്കൂട്ടം പരമവിടെയൊണ്ടുന്നതം ചേൻകൂടി-
ക്കാറംഭസ്സുക്കവരുവതിനായ് വന്നിറങ്ങുന്നവണ്ണം."
(മയൂരസന്ദേശം.)

ഇതും വെറും ഭാവനാശക്തിയുടെ സൃഷ്ടിയാകുന്നു. അറിവും ഓൎമ്മശക്തിയും മനസ്സിൻെറ ക്ഷോഭവും ആണ് തുല്യവസ്തുക്കളും സംബന്ധപ്പെട്ട സംഗതികളും മനസ്സിൽ ജനിപ്പിക്കാൻ കാരണമാകുന്നത്.

പെരിയൊരു തരസാബീജമായ്
തെരിയുന്നേഷകുമാരകൻ മമ
എരിയുന്നതിനിന്ധനേഛയാ
പൊരിയായ്ത്താൻമരുവുന്നൊരഗ്നിപോൽ.

ഇത് അറിവില്ലാത്തവൎക്കു തോന്നുന്ന സാമാന്യഗുണങ്ങളല്ല.

സുന്ദരനായൊരു നന്ദകുമാരനെ
വൃന്ദാവനംതന്നിൽനിന്നുകണ്ടാൻ
മേഘങ്ങൾപോയാലങ്ങാകാശംതന്നിലെ
മേവുന്നതിങ്കൾതാനെന്നപോലെ.

ഇതു സാധാരണ കാണുന്ന സാധനത്തെ ഓൎമ്മിച്ചതിൽ ഉണ്ടായ ഉപമയാണ്. മനസ്സിൽ ക്ഷോഭം ഉണ്ടാകുമ്പോൾ ഒരു സാധനത്തോട് സംബന്ധപ്പെട്ട അനേകകാൎയ്യങ്ങൾ തോന്നിക്കൊണ്ടിരിക്കും. മകൻ മരിച്ച വിവരം അറിഞ്ഞയുടനെ അമ്മയുടെ മനസ്സിൽ മകൻ ചെയ്തതും അവനെ സംബന്ധിച്ചതുമായ എന്തൊക്കെ സംഗതികൾ ഉദിച്ചുയരുന്നു.

എന്നാൽ, അനുഭവിച്ചറിവാൻ സംഗതിവന്നില്ലെങ്കിലും ഒരു സാധനം ശരിയായി ഊഹിച്ചറിഞ്ഞു കൃത്യമായി വൎണ്ണിക്കാൻ സാധിക്കുന്നവരുടെ ഭാവനാശക്തി ഏററവും വിസ്മയജനകമായതാകുന്നു. പറക്കുന്ന കുതിരകളെ പൂട്ടിയ രഥത്തിൽ ഏറി ആകാശഗമനം ചെയ്വാൻ കാളിദാസനു സംഗതിവന്നിരുന്നുവെന്നോ, ബലൂൺ എന്ന ആകാശവിമാനം കാളിദാസൻെറ കാലത്ത് നടപ്പിൽ വന്നിരുന്നുവെന്നോ, വിശ്വസിക്കാത്തവരെ താഴെ എഴുതുന്ന ശ്ലോകത്തിൽ പ്രകടിപ്പിച്ചിരിക്കുന്ന ഭാവനാശക്തി നിശ്ചയമായും വളരെ രസിപ്പിച്ചിരിക്കണം.

പൊങ്ങിപ്പോരുന്നപോലുള്ളഗശിഖരമതിൽ
നിന്നധോഗേവധാത്രീ
തിങ്ങിപ്പത്രെകരൂപസ്ഥിതതരുതതി
രാവിഷ്കരോതിപ്രകാണ്ഡം

മങ്ങിപ്പാഫസ്കാന്നാഞ്ഞൊരുനാടിക
ഉടിച്ച്യക്ഷതാംയാന്തികാൾച്ച
ക്കിങ്ങിപ്പാരുന്നമിപ്പിപ്പോരുവാനരികിലേ
ക്കാനായിക്കുന്നുകിംമേ.?

വേഗത്തിൽ താഴോട്ടിറങ്ങുന്ന രഥത്തിൽനിന്നു കാണുന്ന ഭൂലോകത്തിന്റെ കാഴ്ച ഇങ്ങിനെ കാളിദാസൻ വിവരിച്ചതു് വായിച്ചതിനുശേഷം അങ്ങിനെതന്നെ ആയിരിക്കുമെന്നു നമുക്കു തോന്നുന്നു. അതു് വായിക്കുന്നതിനു മുൻപു് ഈ നിരൂപണം നമ്മുടെ മനസ്സിൽ തോന്നിയിരുന്നില്ലല്ലോ. ഭാവനാശക്തിയുള്ള കാളിദാസനും അതില്ലാത്ത നമ്മളും അന്യോന്യമുള്ള വ്യത്യാസമാണിതു്. ഇതുകൊണ്ടുതന്നെയാണു് കേരളത്തിലെ ചില കവികൾ ചന്ദ്രനേയും താമരയേയും വിടാത്തതു്. തൊണ്ടിപ്പഴങ്ങളെ ഇന്നും കാട്ടിൽനിന്നു് നാട്ടിലിറങ്ങാനും ശംഖുകളെ കടലിൽനിന്നു കരയിൽക്കയറാനും നമ്മുടെ ചില കവികൾ സമ്മതിക്കാത്തതും ഇതുതന്നെയാണു്.

ഭാവനാശക്തിയെ ആലോചനാശക്തികൊണ്ടു് നിയന്ത്രണംചെയ്യാതിരുന്നാൽ കടിഞ്ഞാൺപൊട്ടിയ കുതിരയെപ്പോലെ ഏതിലേയെങ്കിലും ഓടും. ഭ്രാന്തന്മാരുടെ സ്ഥിതി ഇങ്ങനെയാണു്. വല്ല സാധനവും അവർ കാണുമ്പോൾ അനേകം ദുർവ്യവസ്ഥകൾ അവരുടെഓർമ്മയിൽ വരികയും അവയെ തിരിച്ചറിഞ്ഞു് വ്യവസ്ഥപ്പെടുത്താൻ ആലോചനാശക്തിയില്ലായ്കയാൽ പല വികൃതസ്വരൂപങ്ങളും പ്രേതവും പിശാചും മനസ്സിൽ തിക്കിക്കൂടിക്കിടക്കുകയും ചെയ്യുന്നു. രാത്രിയിൽ പെട്ടെന്നു ഭയപ്പെട്ടുപോകുന്ന ഒരാൾ മനസ്സിന്റെ സ്തോഭംനിമിത്തം ഉണ്ടാകുന്ന ഭാവനകൊണ്ടു് ചെറിയൊരു ചെടിയേയൊ; ഇലയേയൊ; നിഴലിനേയൊ, പിശാചായി സങ്കല്പിക്കുന്നു. ഭയംനിമിത്തം മനസ്സിൽ ആലോചനയ്ക്കിടയുണ്ടാകായ്കയാൽ വന്നുകൂടുന്നതാണിതു്. കാമുകന്മാരുടെ സ്ഥിതിയും ഏകദേശം ഇതുതന്നെയാകുന്നു. കാമത്തിനു കണ്ണില്ല; കാമുകന്നാലോചനയുമില്ല; മനസ്സിന്നു സ്തോഭം ധാരാളമുണ്ടുതാനും.

കാമുകയായിരുന്ന രുഗ്മിണി 'വണ്ടുകൾ പാടുന്ന പാട്ടിനെ കേൾക്കുമ്പോൾ.'

അന്തകൻ പോത്തിന്റെവന്മണിക്കുറനിതാ
ചന്തത്തിൽകേൾക്കായിതെന്നു ചൊല്ലും.

കാമുകനായിരുന്ന ദുഷ്ഷന്തന്റെ സ്ഥിതിയും ഇങ്ങനെതന്നെ. ചിത്രത്തിലെ വണ്ടിനെ കണ്ടിട്ടു്,

സംഭോഗാവസരങ്ങളിൽ കരുണയോടപ്രേമയാസ്വാദിതം
രംഭോരു പ്രിയതമൻെറ ചെന്തളിർപ്പണിഞ്ഞീടുന്ന ബിംബാധരം
ഭംഗമാക്കിയതെ, മദോൽക്കടകൃതേ ഒട്ടുന്നാകിൽ വിടാതിതെന്നൊ
നംഭോജത്തിനകം ചുംബിച്ചതവിൽ പാർപ്പിച്ചിട്ടും ശങ്കര

എന്നു പറയുന്നു.

ഇതൊക്കെ മനസ്സിൽ സ്തോഭംകൊണ്ടുണ്ടാകുന്ന ഭാവനയെ ആലോചനാശക്തികൊണ്ട് അടക്കാൻ നിവൃത്തിയില്ലാത്തതിൻെറ ഉദാഹരണങ്ങളാണ്.

ഭ്രാന്തനും കാമുകൻ പിന്നെ
കവിയും മൂന്നുപേരഹോ!
ഭാവനാശക്തികൊണ്ടേക-
ഭാവമാണെന്നിനയ്ക്കുകിൽ

എന്ന് ഒരു ഇംഗ്ലീഷുകവി പറഞ്ഞതു ഇതുകൊണ്ടാണ്.

ഭാവനാശക്തിയുടെ ഈവിധമുള്ള അതിർ കവിഞ്ഞ ഫലം ഒഴിച്ചു പറയുന്നതായാൽ കവികൾക്ക ഇത്ര അത്യാവശ്യമായ ശക്തി വേറെ ഇല്ലെന്നു തീർച്ചയാക്കാം. വസ്തുക്കളുടെ യഥാർത്ഥതത്വം മനസ്സിലാക്കാൻ ഉപമകളെപ്പോലെ സഹായമായി മറ്റൊന്നുമില്ല. ഗോചരങ്ങളല്ലാത്ത വസ്തുക്കളെ ഗോചരങ്ങളായവയോടും നേരെമറിച്ചും; ഉപമിക്കുന്നതായാൽ അവയുടെ ശരിയായ ജ്ഞാനം ഉണ്ടാകാൻ എളുപ്പത്തിൽ സാധിക്കും.

മനമേ ഭവസാഭിലാഷമില്ലോർ
ഘനകേശീം പ്രതിസംശയങ്ങൾ തീർന്നു.

എന്നുമാത്രം പറഞ്ഞു വെച്ചിരുന്നുവെങ്കിൽ ഉണ്ടാകുന്നതിനേക്കാൾ അത്ര ദൃഢമായും വ്യക്തമായും ഉള്ള ഒരു ജ്ഞാനമാണ്.

കനലെന്നു നിനച്ചു പോയി നീതാ-
നനലം വക്ഷസി ധാർത്തമായ രത്നം.

എന്നു പറഞ്ഞതുകൊണ്ടുണ്ടാകുന്നതു്. മനുഷ്യൻെറ ജീവൻ രാവിലെ വികസിച്ചു് വൈകുന്നേരം വാടിവീഴുന്ന പുഷ്പങ്ങളോടും,

നളിനീദളഗതജലലവതരളം
തദ്വജ്ജീവിതമതിശയചപലം

എന്നിങ്ങനെയും ഉപമിച്ചു പറയുന്നതിൽ നിന്നു്, അതിൻെറ അസ്ഥിരതയേയും ക്ഷണഭംഗുരതയേയും നമുക്കു് അത്ര ക്ഷണത്തിൽ എത്രവ്യക്തമായി ധരിക്കാറാവുന്നു.

ഇങ്ങനെയുള്ള അനേകം ശക്തികളുടെ സമ്മേളനംകൊണ്ടു് തനിയെ ഉണ്ടായിത്തീരുന്ന ഒരു ജീവിയാണു് കവിയെന്നും, ആശിച്ചാൽ ലഭിക്കാവുന്ന ഒരു സ്ഥാനപ്പേരല്ലെന്നും നമ്മുടെ ചില വിദ്വാന്മാർ ധരിക്കുന്നതു് മററുള്ളവക്കു് ഉപകാരപ്രദമായിരിക്കുന്നതാണു്.

---

## കാളിദാസൻെറ ചില ഉപമകൾ.

"കാളിദാസനുപമതാൻ ഭാരവിക്കർത്ഥഗൌരവം
ദണ്ഡിക്കു പദലാളിത്യമുണ്ടു മാഘന്നിതൊക്കയും,"

എന്നു പ്രസിദ്ധമായ ശ്ലോകംകൊണ്ടുതന്നെ കാളിദാസൻെറ കവിതയുടെ വൈശിഷ്ട്യംഅതിലുള്ള ഉപമാലങ്കാരമാണെന്നു തീച്ചയാണല്ലോ. ആ മഹാകവിയുടെ കവിതകൾ വായിക്കുന്ന സഹൃദന്മാക്കൊക്കെഅതിൻെറ ചമൽക്കാരം അധികവും ഉപമകൊണ്ടാണു് സാധിച്ചതെന്നു ക്ഷണത്തിൽ മനസ്സിലാകാം.

ഉപമയെന്ന അലങ്കാരം ഒരുതരത്തിൽപ്പെട്ട അനേകം അലങ്കാരങ്ങളിൽ ഒന്നു മാത്രമാകുന്നു. അലങ്കാരശാസ്ത്രം വായിച്ചിട്ടില്ലാത്ത വായനക്കാരുടെ ഉപയോഗത്തിനായി അതിനെ അല്പം ചുരുക്കത്തിൽ വിവരിക്കേണ്ടിയിരിക്കുന്നു. അലങ്കാരം എന്നാൽ എന്താണു്? അതിനെ "ഭാഷാഭൂഷണകത്താവു്" ഇങ്ങിനെ വിവരിക്കുന്നു:—"മഹാകവികളുടെ കൃതികൾ വായിക്കുമ്പോൾ എന്തോ ഒരു ആഹ്ലാദം നമുക്കു് അനുഭവസിദ്ധമായിട്ടുണ്ടല്ലോ. ഈ ആഹ്ലാദത്തെ അനുഭവിക്കുന്നതിനു് അനുകൂലമായ ബുദ്ധിയുള്ളവരെ സഹൃദയന്മാർ എന്നു പറയുന്നു. സഹൃദയന്മാരുടെ ഹൃദയത്തിനു് ആഹ്ലാദത്തെ ജനിപ്പിക്കുന്നതായ കവിതാധമ്മത്തിനു "ചമൽക്കാര"മെന്നു് പേർ. ചമൽക്കാരത്തിനു് ആശ്രയമായ കവിതാധമ്മം തന്നെ അലങ്കാരം. അലങ്കാരത്തെ ഇതിനേക്കാൾ വിശദമായും വിശേഷമായും വിവരിക്കാൻ പ്രയാസം. സ്വൎണ്ണാദിലോഹങ്ങളെക്കൊണ്ടു് ഉണ്ടാക്കുന്ന കങ്കണാദി ആഭരണങ്ങൾ മനുഷ്യക്കു് എങ്ങിനെ അലങ്കാര

മായിത്തീരുമ്പോ, അതുപോലെ കവിയുടെ ഭാവനാശക്തികൊണ്ടു നിൎമ്മിക്കുന്ന ഉപമാദിവിശേഷതകൾ കവിതയ്ക്കു് അലങ്കാരമായിത്തീരുന്നു. എന്നാൽ എല്ലാത്തരം ആഭരണങ്ങളുടേയും ബീജങ്ങളായി പൊന്നു വെള്ളി മുതലായ ലോഹങ്ങളെ വിചാരിക്കാവുന്നപോലെ, എല്ലാ അലങ്കാരങ്ങളുടേയും ബീജങ്ങളായി അതിശയം, സാമ്യം, വാസ്തവം ശ്ലേഷം ഈ നാലെണ്ണത്തെ കരുതാവുന്നതാകുന്നു. അതുകൊണ്ടു് അലങ്കാരം അതുകളുടെ അതിശയോക്തി, സാമ്യോക്തി, വാസ്തവോക്തി, ശ്ലേഷോക്തി എന്നു നാലുവിധമാണെന്നു പറയാം. "ഉള്ളതിൽ അധികമോ കുറവോ പറയുന്നതു് അതിശയോക്തി." ഈ അലങ്കാരത്തിന്റെ ഛായയില്ലാതെ യാതൊരു അലങ്കാരവുമില്ല. യഥാൎത്ഥത്തിൽ ഉള്ള കാൎയ്യങ്ങളെ മററുള്ളവരെ ധരിപ്പിക്കുന്നതിൽ പോലും അല്പം അതിശയോക്തി ഇല്ലാതിരുന്നാൽ കേൾക്കുന്നവൎക്കോ വായിക്കുന്നവൎക്കോ അവയുടെ വാസ്തവസ്ഥിതി ശരിയായി മനസ്സിലാക്കാൻ പ്രയാസമായിത്തീരും. ഇതു കവിതയിൽ മാത്രമല്ല, ചിത്രമെഴുത്തു, ഭരതനാട്യം മുതലായ മററു കലാവിദ്യകളിലും ആവശ്യമാകുന്നു.

"ഒരു പ്രകൃതവസ്തുവിന്റെ ധൎമ്മങ്ങളെ വൎണ്ണിക്കുമ്പോൾ ആ ധൎമ്മങ്ങൾക്കു പൂൎത്തിയുള്ളതെന്നു പരക്കെ സമ്മതമായ ഒരു അപ്രകൃതവസ്തുവിനെ ദൃഷ്ടാന്തമായിട്ടു് എടുത്തു കാണിക്കുകയാകുന്നു സാമ്യോക്തി. പ്രകടമായ അതിശയോക്തി കൂടാതെ വസ്തുക്കളുടെ വാസ്തവസ്ഥിതികളെ ചൊല്ലുന്നതു വാസ്തവോക്തിയും ഒരേ ഞെട്ടിൽ ഇരട്ടയായിട്ടു രണ്ടു പഴങ്ങൾ ഉണ്ടാകുന്നതുപോലെ ഒരേ ശബ്ദധാരയിൽ രണ്ടൎത്ഥങ്ങൾക്കു അനുഭവമുണ്ടാകുന്നതു ശ്ലേഷവുമാകുന്നു."

ഇവയിൽ ഉപമ, സാമ്യോക്തിയിൽപ്പെട്ടതാണെന്നു് ഇനി വിശേഷിച്ചു പറയേണ്ടതില്ലല്ലൊ. "കാളിദാസന്റെ ഉപമകൾ" എന്നാണു് ഈ പ്രസംഗത്തിന് ഞാൻ പേർ വിളിച്ചിട്ടുള്ളതെങ്കിലും അതിന്റെ സഹോദരാലങ്കാരങ്ങളും സാമ്യോക്തിയിൽ പെട്ടവയും ആയ മിക്ക അലങ്കാരങ്ങളേയും ഇതിനു വിഷയമാക്കീട്ടുണ്ടു്.

കാളിദാസമഹാകവിയുടെ കൃതികളിൽ എല്ലാററിൽ നിന്നും ഉദാഹരണങ്ങൾ എടുക്കാൻ ഞാൻ ശ്രമിച്ചിട്ടില്ല. അതു് ആവശ്യവുമില്ല. വിഷയങ്ങൾ വിവിധങ്ങളായിരുന്നാലും ഒരുകവിയുടെഎല്ലാകൃതികളിലും ഉള്ള കവിതാധൎമ്മത്തിനു സാമ്യമുണ്ടായിരിക്കുന്നതാണല്ലൊ. അങ്ങിനെയുള്ള സാമ്യം നിമിത്തമാണ് പ്രസിദ്ധനായ ഒരു കവിയുടെ ഏതു കവിത വായിച്ചാലും അതു് ഇന്ന ആളുടേതായിരിക്കുമെന്നു സഹൃദയന്മാൎക്കു് എളുപ്പത്തിൽ പറവാൻ സാധിക്കുന്നതു്. കുഞ്ചൻനമ്പ്യാരുടെ ഓട്ടൻ

തുള്ളൽ മലയാളഭാഷയിലുള്ള മററു അനേകം തുള്ളലിൽനിന്നു വ്യത്യാസപ്പെടുത്തി അറിവാൻ കഴിയാത്ത ഭാഷാസാഹിത്യരസികന്മാർ ഉണ്ടായിരിക്കയില്ല. എഴുത്തഛന്റെ കൃതികൾക്കുള്ള മാധുൎയ്യം ഇന്നുവരെ മററു യാതൊരു കവിക്കും സിദ്ധിച്ചിട്ടില്ലെന്നു നമുക്കൊക്കെ അറിയാം. വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ കവിതകൾ, കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കവിതയായിരിക്കുമോ എന്നാരും ശങ്കിച്ചുപോകയില്ല. അതുകൊണ്ടു "സ്ഥാലീപുലാക"ന്യായേന കാളിദാസന്റെ കൃതികളിൽ രഘുവംശത്തേയും ശാകുന്തളത്തേയും എടുത്തു മുഖ്യമായി ഉദാഹരിക്കാൻ ശ്രമിക്കാം.

സാദൃശ്യോക്തി ഉപയോഗിക്കാനുള്ള ഭാവനാശക്തി കവികൾക്കു മാത്രമല്ല, ഒരു കാൎയ്യം മററുള്ളവരെ പറഞ്ഞു ധരിപ്പിക്കാൻ ശ്രമിക്കുന്ന പ്രാസംഗികനും പഠിപ്പിക്കാൻ ശ്രമിക്കുന്ന ഉപാദ്ധ്യായനും ആവശ്യമുള്ള ഗുണമാകുന്നു മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു സംഗതിയെപ്പററി പറയുമ്പോൾ കേൾക്കുന്നവൎക്കു നിത്യപരിചയമുള്ളതൊ എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയുന്നതൊ ആയ സംഗതികളെയൊ സാധനങ്ങളെയൊ വക്താവു ഉദാഹരണമായി എടുത്തു കാണിച്ചാൽ ആ പ്രയാസം വളരെ കുറയുന്നതാണ്.

ലോകപിതാക്കളായ ശിവനും ശക്തിയും തമ്മിൽ പിരിയാതെ അന്യോന്യസാഹായമായി ഒന്നില്ലെങ്കിൽ മററില്ലെന്നുള്ള നിലയിൽ ശാശ്വതമായി സ്ഥിതി ചെയ്യുന്നുവെന്നുള്ള വാസ്തവത്തെ നമ്മെധരിപ്പിക്കാൻ ഒരു പുസ്തകം മുഴുവൻ എഴുതിയാൽ സാധിക്കാത്ത അനുഭവം കാളിദാസൻ സാദൃശ്യോക്തിയുടെ സാഹായത്താൽ ഒരു വാക്യംകൊണ്ടു സാധിച്ചിരുന്നു.

വാഗൎത്ഥതുല്യം പിരിയാതെയുള്ള
യോഗത്തോടും ലോകപിതാക്കളായി
ചേർന്നുകൊണ്ട ഗൌരീപരമേശ്വരൎക്കായ്
വാഗൎത്ഥബോധംവരുവാൻ തൊഴുന്നേൻ.

വാക്കും അൎത്ഥവും എങ്ങിനെയാണു അന്യോന്യാശ്രയത്തോടുകൂടിയിരിക്കുന്നതെന്നു ധരിക്കാൻ കഴിയാത്തവർ ഉണ്ടായിരിക്കയില്ല, അവൎക്കു ഗൌരീപരമേശ്വരന്മാരുടെ അവസ്ഥ എളുപ്പത്തിൽ ഗ്രഹിക്കാം.

പ്രസംഗ വിഷയത്തിന്റെ ആരംഭത്തിൽ ചേൎക്കാൻ സംഗതിവന്ന ഈ ശ്ലോകം പ്രസംഗകൎത്താവിന്റെ പ്രാൎത്ഥനയായും ഭവിക്കട്ടെ.

ഈ ഉപമപോലെ സഹൃദയഹൃദയാഹ്ലാദം നൽകുന്ന ഒരു സാമ്യോക്തി കാളിദാസൻെറ ഇതരകൃതികളിൽ വല്ലെടവുമല്ലാതെ കാണ്മാൻ പ്രയാസമാണെന്നു തോന്നുന്നു.

ദിലീപമഹാരാജാവു പുത്രനില്ലാതെ അത്യന്തം സങ്കടപ്പെട്ടുകൊണ്ടിരിക്കുന്നതിനെപ്പററി അദ്ദേഹം വസിഷ്ഠ മഹൎഷിയോടു ചെന്നു് അവലാധി പറഞ്ഞിട്ടു്, ഒടുവിൽ ഇങ്ങനെ ചോദിക്കുന്നു-

വാഴ്ക്കും പ്രിയത്താൽ സ്വയമേ നനച്ചും
കായ്ക്കാതെയുള്ളാശ്രമവൃക്ഷമട്ടിൽ
നോക്കേൻ വിഭോ, യെന്നെയപുത്രനായ്ക്ക-
ണ്ടേതൽക്കാത്തതെന്താണവിടേക്കു ദൈന്യം?

താൻ അപുത്രനായിരിക്കുന്ന സ്ഥിതിയിൽ ഉള്ള സങ്കടത്തെപ്പററി ഒരു മഹൎഷിക്കു ശരിയായ ധാരണയുണ്ടാകാൻ ഇതിനേക്കാൾ ഭംഗിയുള്ള ഒരു സാമ്യോക്തി ഉപയോഗിക്കാൻ വല്ലവൎക്കും സാധിക്കുന്നതാണോ? ആശ്രമത്തിൽ നട്ടുനനച്ചു വളൎത്തപ്പെട്ട ഒരു ഫലവൃക്ഷത്തിനു കാലം അതിക്രമിച്ചിട്ടും കായുണ്ടാകുന്നില്ലെന്നു കാണുമ്പോൾ അനുഭവമാകുന്ന വ്യഥ മഹൎഷിക്കു നല്ലവണ്ണം അറിയാം. അതിനു തുല്യമാണു് തൻെറ വ്യഥയെന്നു പറയുമ്പോൾ രാജാവിൻെറ മനോവികാരം മഹൎഷി അനുഭവിച്ചതുപോലെ അറിവാൻ സംഗതി വരുന്നു. ഇതാണു് സാമ്യോക്തി ഉപയോഗിച്ചു തന്മയത്വം വരുത്തുന്നതിൻെറ രഹസ്യം. ഉപമകൾ കുരുടനു മോരു വിളമ്പിയതുപോലെ ആയിരിക്കരുതല്ലോ. കുരുടൻ ഊണിനിരുന്നപ്പോൾ "മോരു വേണോ?" എന്നുചോദിച്ചു. "മോരു്, എങ്ങിനെയാണു്" എന്നു് അന്ധൻ. "മോരു്, മോരു്, അറിയില്ലേ, നല്ലകൊച്ചയെപ്പോലിരിക്കും." "കൊച്ച എങ്ങിനെയാണു്"? "കൊച്ചയൊ കൊച്ച കൊട്ടുവാൾപോലെ" "കൊട്ടുവാളോ" "കൊട്ടുവാൾ ഇതാനോക്കു" എന്നു പറഞ്ഞു കൊട്ടുവാൾ കുരുടനു് അടുക്കെ പിടിച്ചുകൊടുത്തു. കുരുടൻ അതു തടവിനോക്കിയശേഷം, "അയ്യൊ മോരു് ഇങ്ങനെയാണെങ്കിൽ എനിക്കു വിളമ്പണ്ടാ" എന്നു മറുപടി പറഞ്ഞു.

മററുള്ള സൎവസുഖങ്ങളും ഉണ്ടായിട്ടും പരഗതിക്കുകൂടി സഹായമായിത്തീരേണ്ടുന്ന പുത്രൻ ജനിക്കായ്കകൊണ്ടു രാജാവിൻെറ സ്ഥിതി ഒരു് ആനയെ തളച്ചിരിക്കുന്ന കുററിപോലെയാണെന്നു പറഞ്ഞിരിക്കുന്നു.

നൂനം മമാനല്പതരാൎത്തി വിത്തു
താനന്ത്യമാമിക്കടമെൻ മഹാത്മ

അനയ്യൂ പൂണ്ണിൽ കടിപെട്ട കെട്ടി
സ്ഥാനം മുടക്കതറിയെന്നപോലേ.

രാജാവിൻെറ ഈ സങ്കടങ്ങളൊക്കെ കേട്ടശേഷം കുറേനേരം ധ്യാനത്തിലിരുന്നുകൊണ്ടു്-

വാണാൻ കുരച്ചാമുനി മീനരങ്ങി
ക്കാണായിവന്നോരു കയം കണക്കെ

രാജാവിൻെറ ഇഷ്ടം സാധിക്കേണമെങ്കിൽ അദ്ദേഹം നന്ദിനിപ്പശുവേ വിടാതെ അതിൻെറപിന്നാലെതന്നെ നടന്നുമേച്ചു രക്ഷിച്ചു തൃപ്തിപ്പെടുത്തണമെന്നു മഹർഷി കല്പിച്ചതും അതനുസരിച്ചു ദിലീപൻ ചെയ്തതും ആയ കഥയൊക്കെ എല്ലാവക്കും അറിയാം. ഈ പശുവേ-

ഭക്ത്യാ നിതാന്തം തെളിയിക്കകഭ്യാ
സത്താൽസ്വയംവിദ്യയെയെന്നപോലെ.

എന്നായിരുന്നു മുനിയുടെ കല്പന. പശുവിൻെറ പിന്നാലെ നടന്നു കാടുതെണ്ടി പകൽ കഴിക്കുന്ന രാജാവു വൈകുന്നേരം മടങ്ങിവരുമ്പോൾ അദ്ദേഹത്തെ രാജ്ഞി,

ഉണ്ണാതെ കണ്ടുപവസിച്ചു വിയ്ത്തിലുള്ള,
കണ്ണാലെ കന്നൽമിഴിയാളതിയായ്നുകന്നു

എന്നു കവിപറയുന്നു. പട്ടിണിയിട്ടു കഴിച്ചശേഷം ഭക്ഷണം കിട്ടുമ്പോൾ വയററിനുണ്ടാകുന്ന ആനന്ദവും ആശ്വാസവും ആയിരുന്നു രാജാവിനെ അതുവരെ കാണാതിരുന്ന രാജ്ഞിയുടെ കണ്ണുകൾക്കു് അദ്ദേഹത്തെ കണ്ടപ്പോൾ ഉണ്ടായിരുന്നതു്. മുമ്പിൽ പശുവും പിന്നിൽ രാജാവുമായി ആശ്രമത്തിൽ കടന്നുചെന്നു, അവരെ എതിരേൽക്കാൻ രാജ്ഞി ഇറങ്ങിച്ചെന്നു. അപ്പോൾ,

അപ്പൂജ്യവക്ക നാടുവേ ദിനരാത്രിമദ്ധ്യേ
നില്പോരു സന്ധ്യയുടെ മാതിരിയായ് വിളങ്ങി.

സ്വാമോക്തിയില്പെട്ട ഉൽപ്രേക്ഷാലങ്കാരം ഉപയോഗിച്ചു കവിതയ്ക്കു ചമൽക്കാരം വരുത്താൻ കാളിദാസനുള്ള പാടവം കാണിക്കാൻ ഒരു ശ്ലോകം വിവരിക്കാം. ദിലീപൻെറ പത്നിക്കു് ഒടുവിൽ ഗർഭമുണ്ടായി. ഗർഭിണികൾക്കു മണ്ണു തിന്നാൻ വാസനയുണ്ടാകുമെന്നുള്ളതു് അനുഭവസിദ്ധമായി പലക്കും അറിയാം. രാജ്ഞി ഗർഭിണിയായ നിലയിൽ മണ്ണു തിന്നതു മണ്ണു ഭുജിക്കാനിരിക്കുന്ന (രാജ്യത്തെ രക്ഷിക്കാനിരിക്കുന്ന) കുട്ടിയാ

ണ് ജനിക്കാൻ പോകുന്നതെന്നു ധരിച്ചിട്ടോ എന്നു കവി സന്ദേഹിക്കുന്നു-

സുരപുരി ഹരി പോലേ പാരിടെല്ലാം ദിഗന്തം
വരയുമരിയതേർ ചെല്ലുന്നപുത്രൻ ഭുജിക്കും
പരമിതി കരുതീട്ടോ മണ്ണുതിന്മാൻ തുടങ്ങീ
വരമൊഴി രുചി മററൊന്നിന്നുമില്ലാതെ മുമ്പിൽ?

രാജ്ഞിയുടെ ഗർഭക്ലാന്തി നീങ്ങി അവയവത്തിനെല്ലാം പുഷ്ടിചേന്നശേഷം,

അവൾ, പഴകിയ പത്രം വീണുപോയിട്ടു നല്പ-
ല്ലവനിരകളണിഞ്ഞിട്ടുള്ള വല്ലിക്കുതുല്യം.

ആയിത്തീന്നുപോൽ.

അർദ്ധരാത്രിക്കു കത്തുന്ന ഒരു വിളക്കിൻെറ ചിത്രം വരച്ചതു് കാണാത്തവരുണ്ടെങ്കിൽ അവക്ക് അതു് ഏകദേശം എങ്ങിനെയായിരിക്കുമെന്നു് ഊഹിക്കാനെങ്കിലും സാധിക്കുന്നതാണു്. നാലുപാടും അന്ധകാരമുള്ളതിനു മദ്ധ്യത്തിൽ ദീപവും ദീപത്തിനു ചുററും ക്രമേണ ശക്തികുറഞ്ഞുകൊണ്ടുവരുന്ന നിലയിലുള്ള പ്രഭയും ഒരു ചിത്രത്തിൽ എഴുതിയാൽ വളരെ കൌതുകജനകമായ കാഴ്ചയായിരിക്കും. ഇങ്ങനെയുള്ള ഒരു ചിത്രത്തെ ഉപമാനമാക്കി അതിശയോക്തിയുടെ ഛായയോടുകൂടി ഉപയോഗിച്ച ഒരു ഉപമാലങ്കാരം നോക്കുക. ഇതു ദിലീപരാജാവിൻെറ മകൻ രഘു ജനിച്ച ഉടനെ ആ കുട്ടിയുടെ ശരീരകാന്തിയെ വർണ്ണിച്ചതാണു്.

അരിയൊരു ശിശുവീററില്ലത്തിലുള്ളം കിടയ്ക്ക-
ക്കരികിലഖിലമെത്തും തൻെറ തേജസ്സിനാലെ
പെരിയ നിറമകത്തിപ്പാതിരയ്ക്കുണ്ടു കത്തും
തിരികളൊരു പടത്തിൽ ചേത്ത ചിത്രത്തൊടൊത്തു.

കുട്ടിയുടെ ജാതകകമ്മം കഴിഞ്ഞശേഷം,

ഖനിയതിലുളവായിച്ചാണമേൽ തേച്ചരത്നം
തനിയെ വിലസിടുംപോലുണ്ണിയേററം തിളങ്ങി.

കുബേരസന്നിഭനായിരുന്ന അച്ഛൻ തൻെറ പുത്രൻ അരോഗദൃഢഗാത്രനായിത്തീരാൻ അനുകൂലിക്കുന്ന സവ്വകാര്യങ്ങളും കരുതലുകളും ചെയ്തിരുന്നതിനാൽ രഘുവിന് അവയവങ്ങൾക്കൊക്കെയും നല്ല പുഷ്ടി ചേ

ന്നതു് സൂൎയ്യന്റെ പ്രകാശംകൊണ്ടു ദിനംതോറും ചന്ദ്രനു് അഭിവൃദ്ധി വരുംപോലെ ആയിരുന്നുപോൽ. ആദ്യം ഓരോ അക്ഷരങ്ങൾ ഉച്ചരിച്ചുതുടങ്ങിയ കുട്ടി ക്രമേണ വാക്കുകൾ പറവാനായതു് പുഴയിൽകൂടി സഞ്ചരിച്ചു ക്രമേണ കടലിൽ ചെന്നുചേൎന്നതുപോലെ ആയിരുന്നു. രഘു വളൎന്നു അച്ഛനോടു രാജ്യം ഏററു വാങ്ങേണ്ടുന്ന പ്രായത്തിലായി. അച്ഛൻ രാജ്യഭാരം ഏല്പിക്കുകയും ചെയ്തു. അപ്പോൾ,

ധരാതലം താതനൊടേററു വാങ്ങി-
ച്ചോരാമഹീഭൃത്തധികം വിളങ്ങി,
ഖരാംശുവോടന്തിയണഞ്ഞ നേരം
വരാദ വാങ്ങീടിന വഹ്നിപോലെ.

ഈ വിവരം കേട്ടപ്പോൾ അതുവരെ ദിലീപനെ ഭയപ്പെട്ടിരുന്ന രാജാക്കന്മാൎക്കു് അധികം ഭയമായി.

നരാധിപന്മാൎക്കകതാരിലഗ്നി-
പുരാപുകഞ്ഞുള്ളതെരിഞ്ഞ മട്ടായ്.

രഘുവംശത്തിൽ നിന്നുതന്നെ ഇങ്ങിനെ ഉദാഹരണങ്ങൾ എടുത്തു വിവരിക്കയെന്നുവെച്ചാൽ ഒരു വലിയ ഗ്രന്ഥം തന്നെ നിൎമ്മിക്കാവുന്നതാണു്. ഏതായാലും ആ ഗ്രന്ഥം വിടുന്നതിനു മുമ്പു് ഒന്നുരണ്ടു ഉദാഹരണങ്ങൾകൂടി എടുത്തു കാണിക്കാതെ നിവൃത്തിയില്ല. രഘുവിനുള്ള ഗുണങ്ങൾ എന്തുതന്നെ ആയിരുന്നാലും അദ്ദേഹം രാജ്യഭാരം കയ്യേററതുകൊണ്ടു് ജനങ്ങൾക്കുണ്ടായിരുന്ന സന്തോഷം എത്രതന്നെ ആയിരുന്നാലും അതുവരെ അനേകകാലം രാജ്യം ഭരിച്ചിരുന്ന ദിലീപൻ വിട്ടുപോകുന്നതുകൊണ്ടു് ജനങ്ങൾക്കു വ്യസനമുണ്ടാകാതെയിരിക്കയില്ല. എന്നാൽ മകൻ തന്റെ ഗുണാതിരേകംകൊണ്ടു പ്രജകളുടെ ഉൽക്കണ്ഠയേ ശമിപ്പിച്ചു. ഇതിനെ ഉദാഹരിക്കാൻ ഉപയോഗിച്ച ഉപമ ഒന്നുമതി, കാളിദാസനെ മഹാകവികളുടെ കൂട്ടത്തിൽ പ്രഥമസ്ഥാനത്തിനു് അൎഹനാക്കാൻ ഒരു മാവു പൂത്തു് ശോഭിച്ചുനില്ക്കുന്നുണ്ടു്. കുയിൽ മുതലായ പക്ഷികൾക്കു മാത്രമല്ല അതിനെ കാണുന്ന മനുഷ്യൎക്കും അത്യന്തം കൌതുകം ജനിക്കുന്നു. കുറെ കഴിഞ്ഞു പുഷ്പങ്ങളൊക്കെ വാടി വീണുപോയി. സൎവ്വരും "കഷ്ടം! പുഷ്പം പൊയ്പോയല്ലോ" എന്നു വ്യസനിക്കുന്നു. എന്നാൽ പിന്നീടുണ്ടാകുന്ന മാമ്പഴം ഈ വ്യസനനിവൃത്തി വരുത്തുന്നു. അതുപോലെ അതുവരെ പ്രജകളെ സന്തോഷിപ്പിച്ച ദിലീപൻ വിട്ടൊഴിഞ്ഞെങ്കിലും അദ്ദേഹത്തിൽ നിന്നു ജനിച്ച അധിക ഗുണവാനായ രഘു

പ്രജകളുടെ ഉൽക്കണ്ഠയെ ഇല്ലാതാക്കിയെന്നു കവി പറയുന്നു. ആ ശ്ലോകംതന്നെ ഇവിടെ ഉദ്ധരിക്കാം:—

പിതാവിലുൾക്കണ്ട ഗുണാതിരേകാൽ
പ്രതാപവാൻ തൻപ്രജകൾക്കു താഴ്ത്തി,
നിതാന്തമാമ്രത്തിലെഴും ഫലം പൂ—
വിതാനസൽകാന്തിയിചെന്നപോലെ.

കാളിദാസൻ ശുദ്ധ നേരംപോക്കായ ചില ഉപമകളും ഉപയോഗിച്ചിട്ടുണ്ടു. താടിയും മീശയും ഉള്ള മ്ലേച്ഛന്മാരുടെ തല യുദ്ധത്തിൽ രഘു അറുത്തു ഭൂമിയിലിട്ടതു കണ്ടാൽ തേനീച്ചയുടെ കൂട്ടു നിലത്തു പരത്തിയിട്ടതാണെന്നു തോന്നുംപോൽ.

കാളിദാസൻ വളരെ ഉപമകളും ഉൽപ്രേക്ഷകളും ഉപയോഗിച്ചിട്ടുണ്ടെങ്കിലും അനേകം ആംഗ്ലേയപണ്ഡിതന്മാൎക്കുപോലും ആനന്ദാതിശയത്തെ നൽകിയ,

മുമ്പോട്ടു നീങ്ങുന്നു ജഡം ശരീരം
പിന്നോട്ടുപായുന്നു മനസ്സനീശം
ഭിന്നിച്ചു കാററത്തു നയിച്ചിടുമ്പോൾ
ചിന്നം കൊടിക്കുള്ളൊരു കൂറപോലെ.

എന്ന ശ്ലോകം അദ്ദേഹത്തിൻെറ ഉപമാമാലയുടെ ഇടയിൽ നടുനായകമായ രത്നംപോലെ ലോകാവസാനംവരെ പ്രശോഭിക്കാതിരിക്കയില്ല. ദുഷ്ഷന്തൻ ശകുന്തളയെ കാണുകയും കണ്ട ഉടനെ അവളിൽ അദ്ദേഹത്തിനു് അനുരാഗം ജനിക്കുകയും ചെയ്തശേഷം വിചാരിച്ചതുപോലെ കുറേനേരമെങ്കിലും സ്വൈരസല്ലാപം ചെയ്വാൻപോലും സാധിക്കാതെ തൽക്കാലം വിട്ടുപിരിയേണ്ടി വന്നപ്പോൾ, അദ്ദേഹത്തിനു തോന്നിയ മനോവിചാരമാണു് കവി മേൽപ്രകാരം വിവരിച്ചതു്. ഉൎവ്വശിയെ വിട്ടുപോകേണ്ടിവന്ന പുരൂരവസ്സിൻെറ വിചാരവും ഇങ്ങിനെ തന്നെയായിരുന്നു. ഉപയോഗിച്ച ഉപമയ്ക്കു മാത്രമേ വ്യത്യാസമുണ്ടായിരുന്നുള്ളു. പുരൂരവസ്സു് ഇങ്ങിനെ പറയുന്നു—

വേഗാലാകാശമാൎഗ്ഗം പ്രതി ബത! കുതുകാൽ കെല്പിനോടുൽപ്പതിക്കും
രാകാചന്ദ്രപ്രഭാഭൃന്മുഖിയിവളധുനാ മാനസം മേ ശരീരാൽ
ആകൎഷിക്കുന്നു മന്ദേതരമിഹ വിസഖണ്ഡത്തിൽനിന്നാശു സൂത്രം
മാൽകാതെ കണ്ടിടാനീം പ്രഭസമഴകെഴും ഹംസി താനെന്നപോലെ.

ദുഷന്തൻ ശകുന്തളയെ ആദ്യം കണ്ടപ്പോൾ അവൾ മഹർഷിപുത്രിയാണെന്നും അതുകൊണ്ടു തനിക്കു ഭാൎയ്യയായി സ്വീകരിപ്പാൻ പാടില്ലാത്തവളാണെന്നും വിചാരിച്ചു ഭയപ്പെട്ടിരുന്നുവെങ്കിലും അവളുടെ ജനനവൃത്താന്തം കേട്ടപ്പോൾ ആ സംശയം തീൎന്നു. അപ്പോൾ രാജാവു് ഇങ്ങനെ ആശ്വസിക്കുന്നു —

മനമേ, ഇനി, ആശപൂണ്ടുകൊള്ളാം
വെറുതേ സംശയമെന്നു തീൎച്ചവന്നു;
കനലെന്നു നിനച്ചതിക്കരത്തിൽ
പെരുമാറാൻ കഴിവുള്ള രത്നമത്രേ.

ശകുന്തള വിശ്വാമിത്രമഹർഷിക്കു മേനകയെന്ന അപ്സരസ്ത്രീയിൽ ജനിച്ച പുത്രിയായിരുന്നുവെല്ലോ. അവൾ പിന്നെ കണ്വപുത്രിയായതെങ്ങനെയാണു്? ഒരു മല്ലികപ്പൂ അതിന്റെ ചെടിയിൽനിന്നു ഞെട്ടററു താഴെ വീഴുമ്പോൾ ഒരു എരിക്കിന്റെ കൊമ്പിൽ കുടുങ്ങിപ്പോയതുപോലെ പ്രഥമദൃഷ്ടിയിൽ അതു് എരിക്കിന്റെ പൂവാണൊ എന്നു സംശയിച്ചുപോകാൻ വഴിയുണ്ടല്ലൊ.

അപ്പെൺകിടാവു കുശികാത്മജനപ്സരസ്സി
ലുല്പന്നയായ മകളാണവൾ പക്കൽനിന്നും
പില്പാടെരിക്കിനുടെ കമ്പതിൽവീണമല്ലീ
പുഷ്പം കണക്കിവളണഞ്ഞിതു കണ്വഹസ്തം.

പ്രകൃതാലോകത്തിലെ ഓരോ വിശേഷവിധികളെ സൂക്ഷിച്ചു മനസ്സിലാക്കി അവയെ ഉപമാനങ്ങളാക്കി കവിതയ്ക്കു ചമൽക്കാരം വൎദ്ധിപ്പിക്കാൻ കാളിദാസനുള്ള പാടവവും വാസനയും നാം കണ്ടുവല്ലൊ. അതിനു വേറെ നല്ലൊരു ഉദാഹരണം നോക്കുവിൻ. ശകുന്തള നിമിത്തം ദുഷ്യന്തനെ കാമദേവൻ വളരെ സങ്കടപ്പെടുത്തി. ആ കാമദേവൻ തന്നെ ശകുന്തളയ്ക്കു ദുഷ്യന്തനിൽ അനുരാഗമുണ്ടായിരിക്കുന്നു എന്നു കണ്ടപ്പോൾ ദുഷ്യന്തന്റെ സന്താപം അകന്നു. ഇങ്ങിനെ,

സന്താപമേതാനുമകററുവാനും
ചെന്താർശരൻതാനൊരുഹേതുവായി.

ഏതുപോലെ—വേനലററു വർഷം തുടങ്ങാനായി മഴക്കാർ ഉണ്ടാകുന്നാദിവസം ആ മഴക്കാർ മഴപെയ്യുന്നതുവരെ വളരെ ഉഷ്ണം ഉണ്ടാക്കും, മഴപെയ്താലുള്ള തണുപ്പിനും ആ മഴക്കാർ തന്നെ കാരണമാകും.

ചന്ദ്രൻ അസ്തമിക്കുകയും സൂൎയ്യൻ ഉദിക്കുകയും ചെയ്തു. കൊണ്ടുവരുന്നതിനെ കണ്ടിട്ടു കവി ഇങ്ങനെ ഉൽപ്രേക്ഷിക്കുന്നു......

പററുന്നിതസ്തഗിരിമേലൊരിടത്തു ചന്ദ്രൻ
മറെറപ്പുറത്തരുണനൊത്തിനനെത്തിടുന്നു
തേജോദ്വയത്തിനൊരുമിച്ചുദയക്ഷയങ്ങ
ളിജ്ജീവികൾക്കൊരുനിദർശനമെന്നുതോന്നും

കുലകന്യകാജനങ്ങൾ അന്യരുടെ സ്വത്തായിത്തീരേണ്ടവരാണെന്നാണ് കവി പറയുന്നതു്. ഒരു ഗൃഹസ്ഥന്റെ കൈവശം തന്റെപുത്രി ഒരു പണയംപോലെ ഇരിക്കുന്നതെ ഉള്ളൂ. വിവാഹം കഴിച്ചുകൊടുത്താൽ ആ പണയത്തെ മടക്കിക്കൊടുത്തുവെന്നുള്ള സന്തോഷമാണ് ഗൃഹസ്ഥനുണ്ടാകുന്നതു്—

പരസ്വമത്രേ കുലകന്യകാജനം
പരിഗ്രഹീതാവിനതിന്നയക്കയാൽ
പരംപ്രസാദം കലരുന്നിതെന്മനം
തിരിച്ചുനൽകിപ്പണയത്തെയെന്നപോൽ.

എന്നാണ് ശകുന്തളയെ ഭർത്തൃഗൃഹത്തിലേക്കു അയച്ചുകണ്വൻ സന്തോഷിക്കുന്നതു്.

ഭാരവാഹിത്വമുള്ള ഒരു ഉദ്യോഗം ലഭിക്കാൻ ജനങ്ങൾക്കു വളരെ ഔൽസുക്യമുണ്ടാകുമെങ്കിലും ആ ഉദ്യോഗം ലഭിച്ചുകഴിഞ്ഞാൽ ആ ഔൽസുക്യം ഇല്ലാതാകും. പക്ഷെ ഉദ്യോഗം ഭരിക്കാനുള്ള പ്രയാസം വളരെ പ്രയാസമായി തോന്നുകയും ചെയ്യും. ഇതു വെയിൽ കൊള്ളാതിരിക്കാൻ കൊടപിടിക്കുംപോലെയാണെന്ന് കാളിദാസൻ ഉദാഹരിക്കുന്നു. കൊട കൊണ്ടു വെയിൽ മറയുമെങ്കിലും അതു കയ്യിൽ പിടിക്കാനുള്ള ബുദ്ധിമുട്ടു സഹിക്കാതെ, നിവൃത്തിയില്ല.

ഔൽസുക്യത്തിനു ശാന്തിമാത്രമുളവാം വാഞ്ഛക്കിടം കിട്ടിയാൽ
പിന്നെക്കിട്ടിയവസ്തുവിന്റെ ഭരണക്ലേശം സഹിക്കേണ്ടതായ്
രാജ്യശ്രീകുടയെന്നപോലെ തനിയേ ദണ്ഡം വഹിക്കേണ്ടുകിൽ
പ്രാജ്യശ്രീയിനെയാണു നൽകുവതഹോ, വിശ്രാന്തിയേക്കായ്കിലും.

ഇതു് രാജ്യാധികാരത്തെ മാത്രമല്ല, ഭാരവാഹിത്വമുള്ള ഏതു് അധികാരത്തെ സംബന്ധിച്ചും പരമാൎത്ഥമാകുന്നു. കാളിദാസൻ ചില

പ്പോൾ വെറും പൊട്ടക്കണ്ണൻ പറയുംപോലെ പറഞ്ഞുകളയും. ശിരസ്സും മുണ്ഡമാക്കി മെലിഞ്ഞിരുണ്ട ശരീരത്തോടുകൂടിയും കാഷായവസ്ത്രം ധരിച്ചും ഉള്ള മഹർഷിമാരുടെ ഇടയിൽ മനോഹരമായ കാന്തിവൈവശിഷ്ട്യത്തോടു കൂടി ശകുന്തളയെ കണ്ടപ്പോൾ രാജാവു് ഇങ്ങനെ പറയുന്നു.

പുഷ്കരാക്ഷിയിവളാരുടൽമൂടി പ്ലുഷ്ടവല്കൃതിമറച്ചിവർമദ്ധ്യേ
ശുഷ്കപത്രനികരത്തിനിടയ്ക്കായ് നിഷ്കളങ്കതളിരെന്നതുപോലെ.

സ്ത്രീകൾക്കു ജന്മനാൽ തന്നെ ചില പ്രത്യേകസാമത്ഥ്യമുണ്ടെന്നു കാണിക്കാൻ കാളിദാസൻ ഉപയോഗിച്ചദൃഷ്ടാന്തം ലോകപ്രസിദ്ധമാണു്.

വായ്ക്കുംസ്വതേയൊരു തിറമിഹജന്തുവിൽ സ്ത്രീ
വർഗ്ഗത്തിലും; മനുജജാതിയിലെത്രവേണ്ട!
മററുള്ള പക്ഷികൾമുഖാന്തിരമായിമുട്ട
മുററുംവിരയ്ക്കുകയിലിൻപിട പോററിടുന്നു.

പ്രത്യക്ഷത്തിൽ തന്റെ മുമ്പിൽ ചെന്ന ശകുന്തളയെ ഭാര്യയായി തിരിച്ചറിയാതെ ഉപേക്ഷിച്ചുകളഞ്ഞശേഷം പിന്നീടു് അവളെ ഓർമ്മ വന്നപ്പോൾ അവളുടെ സ്വരൂപത്തെ ഒരു പടത്തിൽ നോക്കി സന്തോഷിച്ചു കാലംകഴിച്ച രാജാവു നിശ്ചയമായും,

നീരോട്ടമുള്ള പുഴയൊന്നുകടന്നുവന്നി
ട്ടാരാഞ്ഞിടുന്നുമൃഗതൃഷ്ണജലംകുടിപ്പാൻ.

ജനങ്ങൾക്കും ചിലപ്പോൾ മനസ്സിനു് ഒരു ഭ്രമം ഉണ്ടായിരിക്കും അപ്പോൾ കാര്യങ്ങളുടെ യഥാർത്ഥസ്ഥിതി മനസ്സിലാകയില്ല. ആ ഭ്രമം തീർന്നാൽ അവയൊക്കെ വെളിവായി ധരിക്കയും ചെയ്യും.

ഉൾക്കൊള്ളുംധൂളിമൂലം പ്രതിഫലനബലം
മാഞ്ഞുനിൽക്കുന്നനേര-
ത്തേതൽക്കാകണ്ണാടിയൊന്നും,മലിനതയൊഴിയു
ന്നേരമെല്ലാംഗ്രഹിക്കും

എന്നപോലെതന്നെ—

കാളിദാസന്റെ അതിരസികനായ ഉൽപ്രേക്ഷയ്ക്കു കുമാരസംഭവത്തിൽനിന്നു കൂടി ഒരു ഉദാഹരണം എടുത്തു് ഈ ഉപന്യാസം ഉപസംഹരിക്കാം.

ചുമന്നു ചന്ദ്രക്കലപോൽ വളഞ്ഞും
വിളങ്ങിപ്പൂമൊട്ടുടനേപിലാശിൽ
വനാന്തലക്ഷ്മിക്കുനഖക്ഷതങ്ങൾ
വസന്തയോഗത്തിലുദിച്ചപോലെ,

കാളിദാസമഹാകവിയുടെ കവിതയ്ക്കുള്ള അനേകവിശേഷവിധികളിൽ ഒന്നുമാത്രം എടുത്ത് ഇങ്ങനെ പ്രസ്താവിച്ചത് അദ്ദേഹത്തിന്റെ നിസർഗ്ഗസുന്ദരങ്ങളായ ശ്ലോകങ്ങൾ വായിക്കുമ്പോഴൊക്കെ ഉണ്ടാകാറുള്ള പരമാഹ്ലാദത്തെ വാക്രൂപേണ ഒരുവിധം പ്രത്യക്ഷപ്പെടുത്തേണ്ടുന്ന ഉദ്ദേശത്തോടുകൂടി മാത്രമാകുന്നു. ഇന്ത്യാരാജ്യത്തിന്റെ അനശ്വരമായ കീർത്തിക്കു സംഗതിയാകത്തക്ക മനോഹരങ്ങളായ കൃതികൾ ഉണ്ടാക്കിയ ആ കവികുഞ്ജരന്റെ ആശയങ്ങൾ ശരിയായി ധരിക്കാൻ പാടവമുള്ള മഹാന്മാർ അവയുടെ ഓരോ വൈശിഷ്ട്യങ്ങളെ സംബന്ധിച്ചു പ്രത്യേകം ഓരോ ഉപന്യാസങ്ങൾ എഴുതാൻ അല്പം ഉത്സാഹിക്കുന്നതായാൽ അതു ഭാഷാസാഹിത്യം പഠിക്കാൻ ഉദ്യമിക്കുന്നവർക്ക് അത്യന്തം പ്രയോജനകരമായിത്തീരുന്നതാണ്.

---

## മലയാളഭാഷയ്ക്കു അന്യഭാഷകൾകൊണ്ടുണ്ടായിട്ടുള്ള സഹായങ്ങൾ.

---

സംസ്കൃതം, ലാററിൻ മുതലായ ഭാഷകളെ മൃതഭാഷകളെന്നും ഇംഗ്ലീഷ്, തമിൾ, മലയാളം എന്നിങ്ങനെയുള്ളവയെ ജീവൽഭാഷകളെന്നും പറയുന്നു. ജനിച്ചു വളർന്നു ആവശ്യങ്ങളൊക്കെ നിവൃത്തിച്ചു് അനേകം സന്താനങ്ങളെ ജനിപ്പിച്ചതിനു ശേഷമൊ വളർച്ച തികയുന്നതിനു മുമ്പുതന്നെയൊ കാലധർമ്മം പ്രാപിച്ചു നാമാവശേഷങ്ങളായി തീരുന്നവയ്ക്കാണ് സാധാരണ "മൃതങ്ങൾ" എന്നു പറയുന്നതെങ്കിലും ഭാഷയെ സംബന്ധിച്ചു പറയുമ്പോൾ ഈ വാക്കിനു വേറെ അർത്ഥം കല്പിക്കേണ്ടിയിരിക്കുന്നു. സാധാരണ സംഭാഷണത്തിനും പ്രസംഗത്തിനും പുസ്തകരചനകൾക്കും ആവശ്യമുള്ള വാക്കുകളൊക്കെ അനേകവിധപര്യായങ്ങളോടുകൂടി ധാരാളം ഉണ്ടായിക്കഴിഞ്ഞു. സംപൂർണ്ണമായ വളർച്ച തികഞ്ഞതിനുശേഷം അന്യസഹായം തീരെ ആവശ്യപ്പെടാത്ത നിലയിലായിത്തീരുകയും പിന്നീടു നിത്യസംഭാഷണത്തിനു ജനങ്ങൾ ഉപയോ

ഗിക്കാതിരിക്കത്തക്കവിധത്തിൽ മഹനീയമായ ഒരു സ്ഥിതിയെ അവലംബിക്കയും ചെയ്തിരിക്കുന്നുവെന്നുള്ള അൎത്ഥത്തിലാണു് സംസ്കൃതം മൃതഭാഷയാണെന്നു പറയേണ്ടതെന്നു തോന്നുന്നു. അവൈയാകരണരും അപണ്ഡിതരുമായ ജനങ്ങൾ സാധാരണ സംസാരിക്കുമ്പോൾ ഉണ്ടാകാറുള്ള ഉച്ചാരണവൈകല്യങ്ങളും വ്യാകരണനിരുദ്ധങ്ങളായ പ്രയോഗങ്ങളും നിമിത്തം ദുഷിച്ചു പ്രാകൃതമായിത്തീൎന്നിട്ടും കടമായി അനേകം വാക്കുകൾ വാങ്ങിച്ചേൎത്തുകൊണ്ടും സംസ്കൃതത്തിന്റെ സഹായം കൊണ്ടു് ഉണ്ടായവയായോ അനേകഭാഷകളുണ്ടു്. വ്യാകരണനിയമങ്ങളുടെ എളുപ്പംകൊണ്ടു് അവക ഭാഷകൾ സംസാരിക്കാൻ സംസ്കൃതത്തേക്കാൾ സൌകൎയ്യം നൽകുന്നതുകൊണ്ടായിരിക്കണം, സംസ്കൃതം സംഭാഷണത്തിനായി അധികം ജനങ്ങൾ ഉപയോഗിക്കാതിരിക്കുന്നതു്. സംസ്കൃതം വിദ്വൽ ഭാഷയാണു്. വിദ്വാന്മാർ ചുരുക്കമാകയാൽ സംസ്കൃതം സംസാരിക്കുന്നവരും ചുരുക്കമായിത്തീൎന്നു എന്നല്ല ഭൃത്യന്മാരോടും കീഴ്ജാതിക്കാരോടും ഗീൎവ്വാണത്തിൽ സംസാരിക്കുന്നതുതന്നെ അവിഹിതമാണെന്നും മഹാപാപമാണെന്നും വിചാരിച്ചിരുന്ന ആഢ്യന്മാരെക്കുറിച്ചു് നാമൊക്കെ ധാരാളം കേട്ടിട്ടുള്ളതാണല്ലൊ.

മലയാളം മുതലായ ഭാഷകളുടെ സ്ഥിതി അങ്ങനെയല്ല. അവയൊക്കെ വളൎന്നുകൊണ്ടു വരുന്നതേയുള്ളു; നിത്യം വളൎന്നു കൊണ്ടിരിക്കുന്നു; ഇനിയും വളരെ വളരാനുണ്ടു്. വളൎച്ചയ്ക്കും പുഷ്ടിക്കും അനുകൂലങ്ങളായ പോഷണസാധനങ്ങൾ സൌകൎയ്യത്തോടുകൂടി ലഭിക്കുന്ന ഇംഗ്ലീഷു മുതലായ ഭാഷകൾ ക്ഷണത്തിൽ വളൎന്നു ഓജസ്സും തേജസ്സും സമ്പാദിക്കുന്നു. അങ്ങനെയുള്ള സൌകൎയ്യങ്ങൾ സിദ്ധിക്കാത്തവയുടെ വളൎച്ച വളരെ സാവധാനത്തിലായിത്തീരുന്നു.

ഭാഷയുടെ വളൎച്ചയ്ക്കു ഭാഷകൾതന്നെ അന്യോന്യസഹായങ്ങളായി തീരുകയാണു് ചെയ്യുന്നതു്. മലയാളഭാഷയുടെ അഭിവൃദ്ധിക്കു് ഏതെല്ലാം ഭാഷകൾ എങ്ങിനെയെല്ലാം സഹായമായിത്തീൎന്നിട്ടുണ്ടെന്നാണു് നാം ഇവിടെ ആലോചിക്കേണ്ടതു്. മലയാളഭാഷയുടെ ഉത്ഭവത്തെക്കുറിച്ചുണ്ടായ സംശയങ്ങൾ ഇപ്പോൾ വിദ്വാന്മാർ കേവലം തീൎത്തിരിക്കുന്നുവെന്നു വിശ്വസിക്കാം. അതുകൊണ്ടു് ആ സംഗതിയെപ്പററി വിശേഷിച്ചു പ്രസ്താവിക്കേണ്ടുന്ന ആവശ്യമില്ല. ഉണ്ടെങ്കിൽതന്നെ അതിനെപ്പററി പറവാൻ അൎഹതയും യോഗ്യതയുമുള്ള എ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാനവൎകളുടെ അഭിപ്രായം ഉദ്ധരിച്ചാൽ മതി. "മലയാളഭാഷ തമിഴിന്റെ ഒരു കനിഷ്ഠസഹോദരിയാണെന്നും അതിനു സംസ്കൃതവുമായി ഭാൎയ്യാഭൎത്തൃഭാവസംബന്ധമാണുള്ളതെന്നും" ആണു്

ആ മഹാവിദ്വാൻ നിസ്സംശയം അഭിപ്രായപ്പെട്ടിരിക്കുന്നതു്. അതിനെപ്പററി ഇനി വാദിച്ചിട്ടാവശ്യമില്ലാ.

ഏതായാലും മലയാളഭാഷയ്ക്കു സിദ്ധിച്ചിട്ടുള്ള സഹായങ്ങളിൽ ഏററവും മുഖ്യമായവ അതിൻെറ ജ്യേഷ്ഠസഹോദരിയായ തമിഴിൽനിന്നും ഭർത്തൃഭാവത്തിലുള്ള സംസ്കൃതത്തിൽ നിന്നുമാണു്. കുറേക്കഴിഞ്ഞപ്പോഴാണു് മറെറാരു സംബന്ധക്കാരൻ കൂടി നമ്മുടെ ഭാഷയ്ക്കുണ്ടായതു്. അതൊരു വിദേശക്കാരനാണു്. ഇംഗ്ലീഷു് ഭാഷയും മലയാളത്തിനു ശക്തിയും അലങ്കാരവും കൊടുത്തു പുലർത്തിപ്പോരുന്നുണ്ടു്.

ഇവയിൽ ഓരോന്നിനെക്കൊണ്ടുണ്ടായിട്ടുള്ള സഹായങ്ങൾ ഓരോന്നായി നാം ആലോചിക്കുക. മലയാളഭാഷ ദ്രാവിഡശാഖയിൽപെട്ടതാണല്ലോ. ആ ശാഖയിൽ ചേർന്നവയാണു് തമിഴു്, തെലുങ്കു, കണ്ണാടകം, തുളു എന്നീഭാഷകൾ. അവയ്ക്കു് ഓരോന്നിനും ശേഷം ഭാഷകളെക്കൊണ്ടു് സഹായം ഉണ്ടായിട്ടുണ്ടെന്നു പറയാവുന്നതാണെങ്കിലും മലയാളത്തിനു തമിഴിനെക്കൊണ്ടു് സിദ്ധിച്ചത്ര സഹായവും ഗുണവും മറെറാന്നുകൊണ്ടുമുണ്ടായിട്ടില്ല. മലയാളഭാഷയ്ക്കു് ആദ്യകാലങ്ങളിൽ തമിഴിൻെറ സഹായമല്ലാതെ അന്യസഹായം യാതൊന്നും ഉണ്ടായിരുന്നില്ലെന്നുതന്നെ വിശ്വസിക്കേണ്ടിയിരിക്കുന്നു. ആദ്യം തമിഴിൻെറ അക്ഷരമാലയല്ലാതെ മലയാളഭാഷയ്ക്കു പ്രത്യേകം ഒരു അക്ഷരമാല തന്നെ ഉണ്ടായിരുന്നില്ല. ക്രമേണ വട്ടെഴുത്തെന്നും കോലെഴുത്തെന്നും പറയുന്ന അക്ഷരമാലകൾ ഉണ്ടായിത്തീർന്നു. ഈ അക്ഷരമാലകളിൽ എഴുതീട്ടുള്ള ഗ്രന്ഥങ്ങൾ ചില വൈദികവിഷയത്തിലുള്ള പാട്ടുകളല്ലാതെ വേറെ ഇല്ലെന്നാണറിയുന്നതു്. അക്ഷരമാലമാത്രമല്ല, അക്കാലത്തുണ്ടായിരുന്ന കവിതകളുടെ രീതിയും തമിഴുഭാഷയിൽനിന്നുതന്നെ സ്വീകരിച്ചു. അനേകം പദങ്ങളേയും തമിഴിൽനിന്നു കടംവാങ്ങി ഉപയോഗിച്ചു. മലയാളവ്യാകരണവും തമിഴുവ്യാകരണത്തോടു് അനുസരിച്ചാണിരിക്കുന്നതു്. "ശബ്ദശോധിനി" കർത്താവു് ഇങ്ങനെ പറയുന്നു "അന്വയക്രമം, വിഭക്തിസംബന്ധം, വിശേഷണ വിശേഷ്യങ്ങളുടെ നില, രൂപഭേദം ഇവയെല്ലാം തമിഴുവ്യാകരണമനുസരിച്ചു തന്നെ മലയാളവ്യാകരണത്തിലും കാണുന്നു. ചുരുക്കിപ്പറയുന്നതായാൽ തമിഴുവ്യാകരണത്തിലെ നിയമങ്ങളെ തന്നെ പകർത്തി ഇതുകളിൽ ഇന്നിന്നഭാഗങ്ങൾമാത്രം മാററണം എന്നു കാണിച്ചുകഴിഞ്ഞാൽ അതായിരിക്കും ഉത്തമമായ ഒരു മലയാള വ്യാകരണം." ഇന്നും ചില കവികൾ, ചൊന്നാൻ, ചൊന്നേൻ, ചൊന്നാർ, ചൊന്നാൾ, എന്നിങ്ങനെ ലിംഗ പുരുഷവചനപ്രത്യയങ്ങൾ തമിഴിലുള്ളവയ്ക്കനുസരിച്ചുതന്നെ പ്രയോഗിക്കുന്നുണ്ടു്. ആദ്യകാലങ്ങളിൽ ഇവ

ക പ്രത്യയങ്ങൾ ധാരാളമെന്നു മാത്രമല്ല, നിർബ്ബന്ധമായിത്തന്നെ ഉപയോഗിച്ചുവന്നിരുന്നുവെങ്കിലും സംസ്കൃതത്തോടുള്ള സംബന്ധം കഴിഞ്ഞതിനുശേഷമാണ് ആ പ്രയോഗങ്ങൾ നിന്നുപോയതു്. മലയാളഭാഷയിലെ അഭ്യന്തരപദങ്ങളായി ഗണിക്കപ്പെടുന്നവയിൽ തന്നെ മട, മാടം, വടിപണം എന്നിവയൊക്കെ തമിഴിലുള്ള പദങ്ങളാണ്. എന്നാൽ ഈവക വാക്കുകൾ മിക്ക ദ്രാവിഡഭാഷകളിലും സാധാരണങ്ങളാണെന്നുള്ളതു് വിസ്മരിക്കാവുന്നതല്ല.

വൃത്തങ്ങളോ, "പ്രായേണ ഭാഷാവൃത്തങ്ങൾ തമിഴിൻെറ വഴിക്കു താൻ അതിനാൽ ഗാനരീതിക്കു ചേരുമീരടിയാണിഹ"—തമിഴിൽ ശ്ലോകത്തിനു പകരം രണ്ടു പാദം ചേൎന്ന ഈരടിയാണ്. ശ്ലോകത്തിലെപ്പോലെ ഈരടികളിൽ അന്വയം പൂൎണ്ണമാകേണമെന്നില്ല. ശ്ലോകം പോലെ ഒന്ന് എന്ന് എണ്ണാവുന്ന ഒരൊററ പരിപൂൎണ്ണവസ്തുവല്ല ഈരടി. എന്നുമാത്രമല്ല തമിഴിൽ സംസ്കൃതത്തേപ്പോലെ ഗുരുലഘുനിയമമോ മാത്രാനിയമമൊ അക്ഷരനിയമമൊ ഇല്ലാ. സംസ്കൃതത്തിലെ മാത്രയുടെ സ്ഥാനത്തുതമിഴ് കവി, ഇലക്കണത്തിൽ "അശ"യെന്നൊന്നു കാണുന്നതിനെപ്പററി ഭാഷാവൃത്തപ്രകരണകത്താവു് ഇങ്ങനെ പറയുന്നു—"നേരശയെന്നും നിരശയെന്നും അശ രണ്ടു വിധം. പ. പൽ. പാ, പാൽ. ഇങ്ങനെ ഒന്നിലധികം സ്വരമില്ലാത്ത വൎണ്ണസമുദായത്തിനു നേരശ എന്നും പര, പരൽ, പരാ, പരാൽ, ഇങ്ങനെ രണ്ടു സ്വരംചേൎന്ന വൎണ്ണസമുദായത്തിന് നിരശ എന്നും പേർ. ഈ അശകളെക്കൊണ്ടാണ് തമിഴർ ഗണം അല്ലെങ്കിൽ ചീർ ഉണ്ടാക്കുന്നതു്." ഇങ്ങനെ സംസ്കൃതത്തിൽ നിന്നു വ്യത്യാസപ്പെട്ട തമിഴുരീതിയിലായിരുന്നു ആദ്യകാലങ്ങളിലെ ഭാഷാകവിത, കിളിപ്പാട്ട്, തുള്ളക്കവിതകൾ മുതലായവയും ഏകദേശം ഈ മട്ടുതന്നെ.

ചുരുക്കിപ്പറഞ്ഞാൽ മലയാളഭാഷയ്ക്കു് അസ്ഥിവാരമായ എല്ലിൻകൂട്ട് തമിഴിൽനിന്നു ലഭിച്ചതാണ്. മാംസപേശികളും ചൎമ്മവും, രക്തവും, പ്രദാനം ചെയ്തതു് സംസ്കൃതമാണ്. മജ്ജാതന്തുക്കൾ ഇംഗ്ലീഷിൽ നിന്നു കിട്ടിയതല്ലേ എന്നു നമുക്കു പിന്നീട്ട് ആലോചിക്കാം.

യൌവനാരംഭത്തിൽ സംസ്കൃതത്തിൻെറ സംബന്ധമുണ്ടായതോടുകൂടി മലയാളി തമിഴുഭാഷയെ നിരസിച്ചുതുടങ്ങി. ശബ്ദശോധിനികത്താവു പറഞ്ഞതുപോലെ—"അന്നുമുതൽ മലയാളഭാഷ ജ്യേഷ്ഠസഹോദരിയായ തമിഴുമായി അകന്നുതുടങ്ങി. എന്താവശ്യം നേരിട്ടാലും ഭൎത്താവോടു ചോദിച്ചു വാങ്ങുകയല്ലാതെ തറവാട്ടിൽനിന്നെടുക്കുക എന്നതില്ലാ

തായി. വിശേഷപദങ്ങൾ, വാചകരീതി, വാക്യരംഗി, വൃത്തവൈചിത്ര്യം എന്നുവേണ്ട അക്ഷരമാല പോലും സംസ്കൃതത്തിന്റേതുതന്നെയായി. സംസ്കൃതത്തിലെ അക്ഷരമാലയെ സ്വീകരിച്ചതോടുകൂടി തമിഴരെക്കുറിച്ച് അക്ഷരവ്യക്തി ഇല്ലാത്തവർ എന്നു പരിഹാസവും തുടങ്ങി. സംസ്കൃതഭാഷയിൽനിന്നു വേണ്ടിയും വേണ്ടാതെയും അനേകപദങ്ങൾ മലയാളി കടംവാങ്ങി ഉപയോഗിച്ചുപോരുന്നു. മുഖം, നഖം മുതലായി നിത്യം ഗൃഹങ്ങളിൽ ഉപയോഗിക്കുന്ന പദങ്ങൾപോലും സംസ്കൃതമായിത്തീർന്നിരിക്കുന്നു. സംസ്കൃതപദങ്ങൾ അധികം ഉപയോഗിച്ചുണ്ടാക്കുന്ന കവിതകൾക്കു ഗുണം അധികമുണ്ടെന്നുള്ള അഭിപ്രായം ജനങ്ങളുടെ ഇടയിൽ വർദ്ധിച്ചിരുന്നതിനാൽ അഭ്യന്തരപദങ്ങൾ ക്രമേണ ബഹിഷ്കരിക്കപ്പെട്ടു. സംസ്കൃതപദങ്ങൾ മാത്രമല്ല, സംസ്കൃതപ്രത്യയങ്ങൾ പോലും ഭാഷയിൽ ഉപയോഗിച്ചുതുടങ്ങി. ഭാഷയുടെ വളർച്ചയ്ക്കു അനുകൂലിക്കത്തക്കവിധത്തിൽ ഇതരഭാഷകളിൽനിന്നു പദങ്ങൾ സ്വീകരിച്ചുവരുന്ന സമ്പ്രദായത്തെപ്പററി രണ്ടു വാക്കു പറയേണ്ടിയിരിയ്ക്കുന്നു. ഇതിനു നാം ഇംഗ്ലീഷുഭാഷയെ ഉദാഹരണമായെടുക്കുക. ഞാൻ ആദ്യം പറഞ്ഞപ്രകാരം ഇംഗ്ലീഷുഭാഷ നിത്യം വളർന്നുകൊണ്ടിരിക്കുന്നൊരു ഭാഷയാകുന്നു. നിത്യം എന്നു പറഞ്ഞതു് ഒരു അതിശയോക്തിയല്ല. നിമിഷംപ്രതി അതിൽ വാക്കുകൾ ചേർന്നുകൊണ്ടിരിക്കുന്നുണ്ടു. മഹാ പരിഷ്കാരികളും വിദ്വാന്മാരും ശാസ്ത്രജ്ഞന്മാരുമായ ഇംഗ്ലീഷുകാർ ദിനംപ്രതി എന്നപോലെ പുതിയ ശാസ്ത്രതത്വങ്ങൾ കണ്ടുപിടിക്കുന്നു; ശാസ്ത്രീയപുസ്തകങ്ങൾ രചിക്കുന്നു; പുതിയ യന്ത്രങ്ങൾ ഉണ്ടാക്കുന്നു; പുതിയ സാധനങ്ങളെ കണ്ടറിയുന്നു; ഇവയെക്കുറിച്ചു പ്രതിപാദിക്കാൻ പുതിയ വാക്കുകൾ ആവശ്യങ്ങളായിത്തീരുന്നു. അവർ അതു് എങ്ങിനെയാണു് സാധിക്കുന്നതു്? വൈദ്യം, പ്രകൃതിശാസ്ത്രം മുതലായ അനേകതരം ശാസ്ത്രങ്ങളിലേക്കു് ആവശ്യമായ സാങ്കേതികപദങ്ങളെ ലാററിൻ, ഗ്രീക്കു് എന്നീ ഭാഷകളിൽനിന്നെടുത്തു ഉപയോഗിക്കുന്നു. ആ ഭാഷകളിൽനിന്നു മാത്രമെ ആവക വാക്കുകൾ എടുക്കാവൂ എന്നു നിർബന്ധമില്ല. ഹിന്തുശാസ്ത്രസംബന്ധമായ ഒരു തത്വത്തെയാണു് ഇംഗ്ലീഷിൽ പ്രതിപാദിക്കേണ്ടതെങ്കിൽ സംസ്കൃതഭാഷയിലൊ വേറെവല്ല ഇന്ത്യൻഭാഷയിലൊ ഉള്ള പദങ്ങളെ അവർ സ്വീകരിക്കുന്നു. "വെഡാൻടിസം", "കർമ്മയോഗം" "നിർവ്വാണം" എന്നിങ്ങനെയുള്ള പദങ്ങൾ മാത്രമല്ല, "വോട്ടാഹസ്രി", "ചൊക്രാ", മുതലായ പദങ്ങളും, "ചപ്പായ", "കഞ്ചി"; "മുളക്ടണ്ണി", എന്നീ പദങ്ങളും ഇംഗ്ലീഷു് നിഘണ്ടുകളിൽ കാണാം. ഇംഗ്ലീഷുകാർക്കെന്നപോലെ ഇംഗ്ലീഷുഭാഷയ്ക്കും ജാതിവ്യത്യാസവും തീണ്ടലും ഇല്ല. നല്ലതെന്നു കാണുന്നവയൊക്കെ അവർ സ്വീകരിച്ചുകൊള്ളും. അവരുടെ അഭിവൃദ്ധിക്കെന്നപോലെ അവരുടെ ഭാഷയ്ക്കുള്ള അഭിവൃദ്ധി

യ്യും സംഗതി അതാണെന്നതിന് സംശയമില്ല. എന്നാൽ മലയാളികൾ ചെയ്യുന്നതെന്താണെന്നു നോക്കുക. സംസ്കൃതത്തിൽനിന്നു മാത്രമേ പദങ്ങൾ എടുക്കാവൂ എന്ന് അവക്കൊരു നിർബന്ധമുണ്ടെന്നു തോന്നും. മററുള്ള ഭാഷകളിൽനിന്നെടുക്കുന്ന വാക്കുകൾക്കു ശബ്ദശുദ്ധിയില്ലെന്നും, ജാതിഭ്രഷ്ടുണ്ടെന്നുംകൂടി അവർ വിചാരിക്കുന്നുണ്ടൊ എന്നു സംശയമുണ്ട്. സംസ്കൃതഭാഷയിൽനിന്നെടുക്കുന്ന വാക്കുകൾക്കു സംസ്കൃതശുദ്ധികൂടി ഉണ്ടായാൽ പോരാ. സംസ്കൃതപ്രത്യയങ്ങൾകൂടി വേണമത്രെ. എഴുത്തച്ഛൻ മുതലായ കവികൾ മലയാളഭാഷയെന്ന ഒരു ഭാഷയെ പ്രത്യേകമായി നിലനിറുത്തി വളത്തിപ്പോരേണമെന്ന് ആലോചിക്കാതെ സംസ്കൃതഭാഷയോട്ട് ഏകദേശം തുല്യമായി, സംസ്കൃതം നല്ലവണ്ണം അറിഞ്ഞുകൂടാത്തവക്ക് മനസ്സിലാകത്തക്കവിധം ഒരു ഭാഷാഭേദത്തെ സൃഷ്ടിക്കേണമെന്നു വിചാരിച്ചൊ, അതോ, കവിതാവിഷയത്തിലുള്ള സൌകയ്യത്തെ ആലോചിച്ചൊ, സംസ്കൃതവാക്കുകൾ സംസ്കൃതപ്രത്യയങ്ങളോടുകൂടിത്തന്നെ ഉപയോഗിച്ചുപോന്നു.

"സീതാവിരഹവ്യാകുലചിത്തെ രഘുനാഥേ
സാകേതപുരവാസി സമാഗമ്യമഹാത്മാ
കോപിച്ചജനസ്യജ്യമൃതം ബാലമകാലെ
കോപിച്ചുപറഞ്ഞു-ഹരി നാരായണനംബോ"

എന്നും

"അപവിഭജന്തി ന ഭജന്തി സുലഭേത്ഥെ
ത്വാമകരുണാവരദ കാമവിവശായെ
കേവലസുഖായ നഹി തന്നവിദിതംകിം
തദപിഹ തെ വയമപീശ-ഹരിരാമ."

എന്നും എഴുതിയിരുന്നവർതന്നെ,

"ഏഴുസാഗരം മേഖലയാകുമന്നാ-
ത്തൂഴിതന്നിൽ നിറയുന്ന ലോകരെ
ഏഴകോഴകൾ കൂടാതെ രക്ഷിച്ചു
നാഴികതോറും രാജാവു-ഗോവിന്ദ"

എന്നുകൂടി എഴുതാൻ ശക്തരായിരുന്നുവെന്നും ഓമ്മിക്കണം. ഇങ്ങിനെ സംസ്കൃതപദങ്ങളോടു സംസ്കൃതപ്രത്യയങ്ങൾ ചേക്കുന്നതുകൂടാതെ മലയാളപദങ്ങളോടു സംസ്കൃതപ്രത്യയങ്ങൾ ചേത്തു മലയാള

പദങ്ങളും ഒന്നിച്ചു സന്ധിപ്പിച്ചും ചിലരസികന്മാർ എഴുതിവന്നതിനെ പരിഹരിക്കേണ്ടതിനു ചിലർ ശുദ്ധനേരംപോക്കായ ചില ശ്ലോകങ്ങൾ എഴുതിയിരിക്കുന്നു:—

"മൂക്കഭ്യോ മൂലയേഭ്യഃ പല കുസൃതികളും ഭൂരിചൊല്ലന്തി തോങ്ങാഃ
കീയാന്തേ നാത്ര പേട്ട്യ ബഹിരിവ കുതോ ദുഷ്ടവേശാശ്ച കൂമാഃ
ഉണ്ടാക്യന്തേ ചിലാൾഭിഃ പലപല സഫിഴാശ്ലോകരാശീസ്സപകസ്സൈ
സ്സ്വർഗ്ഗാന്തോന്നിത്തെപന്നകേമാൻസതതമുതമിതാൻതാൻനക്കൂട്ടാക്കയേഹം"

എന്നു വടക്കനും,

"കൊട്ടത്തേങ്ങാഭിരപ്പെരവിൽവിതറിയതെന്നുമലർഭിഃ പഴാദ്യൈ
രെട്ടാൻപ്പൈഃ പകപചക്കാമുറിഭിരപി പെരുംപ്രീതവായ് പ്രാതലുണ്ടാ
കട്ടിക്കു സ്വാംതുളുമ്പ്യാൻതെളിമയൊട്ടു മദ്യാവിപ്ലുമുണ്ടായതെ ക-
ണ്ണിട്ടപാദേപ്പാൾ കാക്കയിതപാ തരത്തു മമമഹാമാനമാന്നാന്നമോന്തഃ"

എന്നു് ഒരു തെക്കനും ഉണ്ടാക്കിയതു് ഇതിനു് ഉദാഹരണമാകുന്നു. അതുകൊണ്ടൊന്നും ഫലമുണ്ടായിട്ടില്ല. ഇതിനെപ്പററി "സാഹിത്യസാഹ്യ"ത്തിൽ ഇങ്ങനെ പറയുന്നു—"പ്രൌഢവിഷയങ്ങളെ പ്രതിപാദിക്കുന്നതിനു തനിമലയാളത്തിനു ശക്തിയില്ലാത്തതിനാൽ ആവശ്യംപോലെ സംസ്കൃതവിഭക്ത്യന്തപദങ്ങളെ ഇടയ്ക്കു ചേക്കുന്നതിനു വിരോധമില്ലെന്നു് ഒരു ഏപ്പാടുണ്ടായി. ആരംഭത്തിൽ മലയാളത്തെ സഹായിക്കുന്നതിനായിരുന്നു സംസ്കൃതവിഭക്ത്യന്തങ്ങളെ ചേത്തിരുന്നതു്. എന്നാൽ ക്രമേണ സംസ്കൃതത്തിനു ഭജനം മൂത്ത ഊരായ്മ എന്ന നിലയിലായി. ചമ്പുപ്രബന്ധങ്ങളുടെ ഗതി നോക്കിയാൽ സംസ്കൃതത്തിൽ ശ്ലോകമുണ്ടാക്കി വല്ലെടത്തും ഒന്നോ രണ്ടോ മലയാളപദം ചേത്താൽ മണിപ്രവാളമായിക്കൊള്ളും എന്നൊരു വിചാരമുണ്ടായിരുന്നതായി തോന്നും."

"ശ്രീരാമചന്ദ്രഃ ഖരദൂഷണാദീൻ
ചോരാളിവീരൻ കൊലചെയ്തശേഷം
ആരാദ് ദ്രുവാപ്യാഥ നിശാചരേന്ദ്രം
നരാധനഃ കശ്ചിദുവാച വൃത്തം.

ഇവിടെനിന്നു ചാടി ലങ്കയിൽ പ്രവിശൻ മൃഗയിതപാവൈദേഹീം ദൃഷ്ട്വാ നൊചേൽസപർഗ്ഗം യാസ്യാമി; നഹി ദൃഷ്ട്വാ തത്രചേൽ വിരവോട്ടു ലങ്കാ മപികയ്യിൽ ധൃതപാ വരുവൻ ഞാനതുവരെ ഇവിടെ വസത സുഖം—മുതലായവ നോക്കുക.)

ഇത്രയുംകൊണ്ടു് ഇവർ തൃപ്തിപ്പെട്ടില്ല. സംസ്കൃതവ്യാകരണപ്രകാരം വിശേഷണങ്ങൾക്കു വിശേഷ്യാനുസാരേണ വചനവിഭക്തികളിൽ പൊരുത്തംകൂടി ഏൎപ്പെടുത്തുന്നതിനു് ഇവർ ശ്രമിച്ചു. മലയാളികളുടെ ഭാഗ്യവശാൽ അതു ഫലിച്ചില്ലെന്നു മാത്രമെ ഉള്ളു. "സരസയായകഥ, മധുരയായ വാക്കു" ഇത്യാദിപോലെ സംസ്കൃതപ്രകാരം കൃത്രിമമായ ലിംഗവ്യവസ്ഥ ഇന്നും ചിലർ അനുവൎത്തിക്കുന്നതും സംസ്കൃതത്തിനു് ഒരുകാലത്തുണ്ടായിരുന്ന പ്രാബല്യത്തിന്റെ ലക്ഷ്യമാകുന്നു.

മലയാളഭാഷയ്ക്കു സംസ്കൃതത്തിന്റെ സഹായം ഒരിയ്ക്കലും ഒഴിച്ചുകൂടാത്തതാകുന്നു. നമ്മുടെ ഭാഷയുടെ കലവറയാണു സംസ്കൃതം. നമുക്കു് ആവശ്യമുള്ള പദങ്ങളൊക്കെ അതിൽനിന്നാണു് സമ്പാദിക്കേണ്ടതു്. പക്ഷേ സംസ്കൃതത്തിൽനിന്നു പദങ്ങൾ വാങ്ങുന്നതോടുകൂടി അവയിലെ പ്രത്യയങ്ങൾകൂടി വാങ്ങി ഉപയോഗിക്കാതിരിക്കാൻ സൂക്ഷിക്കണം. അന്യഭാഷകളിൽനിന്നു വാക്കുകളുടെ പ്രകൃതിയല്ലാതെ പ്രത്യയംകൂടി വാങ്ങുന്ന സമ്പ്രദായം ലോകത്തിൽ യാതൊരുഭാഷയ്ക്കും നടപ്പില്ലാത്തതാകുന്നു. ആവശ്യവും സൌകൎയ്യവും ഉള്ളപ്പോൾ ഇംഗ്ലീഷുമുതലായ ഭാഷകളിലെ വാക്കുകളും മലയാളഭാഷയുടെ സ്വത്തായിത്തീരേണ്ടിവരും. പോലീസു, ആസ്പത്രി മുതലായ വാക്കുകൾ ഭാഷയിൽ വന്നിട്ടുള്ള സമ്പ്രദായത്തിൽ നമ്മുടെ ഉച്ചാരണത്തിനു് അനുകൂലിക്കുന്ന വിധത്തിൽ അന്യഭാഷകളിൽനിന്നു വാക്കുകൾ വന്നുചേരുന്നതിനെ മുടക്കാനൊ തടുക്കാനൊ ആൎക്കും കഴികയില്ല. മാൎസ്ഡൻസായ്പും മറ്റും എത്രതന്നെ ശ്രമിച്ചാലും പോലീസു് എന്നതിനും ആസ്പത്രി എന്നതിനും പകരം നഗരപരിപാലനസംഘമെന്നും ആതുരശാലയെന്നും ഉള്ള പദങ്ങൾ ഭാഷയിൽ നടപ്പാക്കാൻ പ്രയാസമുണ്ടു്. എന്നാൽ ശാസ്ത്രീയങ്ങളായ സാങ്കേതികശബ്ദങ്ങളെ പുതുതായി സൃഷ്ടിക്കേണ്ടിവരുമ്പോൾ സംസ്കൃതത്തിൽനിന്നുതന്നെ നിൎമ്മിക്കേണ്ടിവരും. പക്ഷേ ഇംഗ്ലീഷ്പുസ്തകങ്ങൾ തൎജ്ജമചെയ്യുന്നവർ ഓരോരുത്തർ സരസ്വതീകടാക്ഷംപോലെ ഓരോ വിധത്തിൽ സംസ്കൃതവാക്കുകൾ ഉണ്ടാക്കിയാൽ വലിയ കുഴപ്പത്തിനിടയാകും. "കാർബൺ" എന്നതിനു് ഒരാൾ അംഗാരമെന്നും, മറ്റൊരാൾ വിംഗാരമെന്നും, മൂന്നാമതൊരാൾ ശൃംഗാരമെന്നും പറഞ്ഞാൽ ശാസ്ത്രീയഗ്രന്ഥങ്ങൾക്കു് ഐകരൂപ്യം സിദ്ധിക്കയില്ല. "ഉത്തമസാധാരണഅളവു്", "അധമസാധാരണഗുണിതം" എന്നിങ്ങനെ വ്യക്തമായ അൎത്ഥമില്ലാത്ത പദങ്ങൾ സൃഷ്ടിക്കുന്നതും കഷ്ടമാണു്. ചില വെറും സംസ്കൃതവിദ്വാന്മാർ മലയാളം എഴുതുകയൊ പറകയൊ ചെയ്യേണ്ടിവരുമ്പോൾ സംസ്കൃതശൈലികളെ മലയാളത്തിൽ ഉപയോഗിച്ചു ഭാഷയെ മലിനപ്പെടുത്തുന്നു. ഇവിടെയും ഞാനെന്റെ സ്വന്തഅഭിപ്രാ

യം മാത്രം പറവാൻ വിചാരിക്കുന്നില്ല. അതിനോട്ടു് ഏററവും യോജിക്കുന്ന "സാഹിത്യസാഹ്യ" കാരൻെറ അഭിപ്രായംതന്നെ ഉദ്ധരിക്കാം. ഇങ്ങനെ സംസ്കൃതവിദ്വാന്മാർ മലയാളഭാഷയെ ദുഷിപ്പിക്കുന്നതു് അവരുടെ തെററെന്നു പറവാൻ പാടില്ലെന്നാണു് ആ വിദ്വാൻെറ അഭിപ്രായം. അദ്ദേഹം ഇങ്ങിനെ പറയുന്നു......"തെററുണ്ടെങ്കിൽ അതു വിദ്യാഭ്യാസസമ്പ്രദായത്തിനാകുന്നു. ഉയന്നതരം വിദ്യാഭ്യാസത്തിനു മലയാളം മതിയാകയില്ല. സംസ്കൃതമോ ഇംഗ്ലീഷോ വേണ്ടിയിരിക്കുന്നു. സംസ്കൃതം അഭ്യസിക്കാൻ പോകുന്നവർ നിലത്തെഴുത്തു വശമായിക്കഴിഞ്ഞാലുടൻ കുട്ടിവായിക്കാൻ പഠിക്കുന്നതുപോലും അമരകോശം വായിച്ചിട്ടാണു്. നിലത്തെഴുത്തുകൂടിയും മന്ത്രശാസ്ത്രപ്രസിദ്ധമായ ൫൧-അക്ഷരമാണു പഠിക്കുന്നതു്. മലയാളഅക്ഷരങ്ങൾക്കു പ്രാധാന്യമില്ലാ. നിലത്തെഴുത്തു, കണക്കു്, അമരകോശം, സിദ്ധരൂപം, ശ്രീരാമോദന്തം, രഘുവംശം, എന്നാണു് പഴയ ആശാന്മാരുടെ പാഠക്രമം; മലയാളം മാതൃഭാഷ. അതു സംസാരിക്കാൻ വശ്യമില്ലേ, അതിലധികം വല്ലതും വേണമെങ്കിൽ തനിയെ വായിച്ചുകൊള്ളണം, സംസ്കൃതമല്ലേ പഠിക്കാൻപോകുന്നതും പിന്നെ മലയാളം വേറേ പഠിക്കണമോ—എന്നാണു് ആശാന്മാരുടെ നില. സംസ്കൃതവാചകരീതികളെയും ശൈലികളേയും ഭാഷപ്പെടുത്തുന്നതിനു "ബാലപ്രബോധം" എന്നൊരു പുസ്തകത്തിൽ ചില ചട്ടങ്ങളും കൊടുത്തിട്ടുണ്ടു്. ഈ പുസ്തകത്തിൽ സംസ്കൃതരീതിക്കു യോജിക്കാൻവേണ്ടി ഭാഷയുടെ ശൈലികളെ പലേടത്തും ദുഷിപ്പിച്ചിട്ടുണ്ടു്. "സൂര്യൻ കക്കടകേ നില്ക്കും വിഷയത്തിങ്കൽ" ഇതു സംസ്കൃതശൈലി. സൂര്യൻ കക്കടകത്തിൽ നിൽക്കുമ്പോൾ എന്നാണു് മലയാളശൈലി. ഭയം വേണ്ട എന്നു മലയാളി പറയുന്നദിക്കിൽ ഭയംകൊണ്ടുള്ളതു മതി എന്നു സംസ്കൃതവിദ്വാൻ പറയുന്നു. അവനു കൊടുത്തു എന്നാണു് മലയാളം. അവന്നായിക്കൊണ്ടു കൊടുത്തു എന്നു സംസ്കൃതശൈലിയാണു്. ഇതു സത്യമാകുന്നു എന്നതിനു പകരം സംസ്കൃതജ്ഞൻ ഇതു സത്യമായി ഭവിക്കുന്നു എന്നുപറയുന്നു. സംസ്കൃതവിദ്വാൻ അതിനാൽ എന്നു പറയാതെ അതു ഹേതുവായിട്ടു എന്നു പറയുന്നു."

"ഈവക കൃത്രിമശൈലികൾ നിത്യം ഉപയോഗിക്കുകയും മലയാളകൃതികൾ വായിക്കാതിരിക്കുകയും ചെയ്യുമ്പോൾ ബാലന്മാക്കു ശരിയായ മലയാളരീതി കണ്ടുപഠിക്കാൻ സൌകര്യമില്ലാതെ പോകുന്നു." അതുകൊണ്ടു മലയാളഭാഷയുടെ കലവറയായി ഉപയോഗിക്കേണ്ടുന്ന സംസ്കൃതത്തെ അതിർകവിഞ്ഞ നിലയിൽ ഉപയോഗിച്ചു ഗുണംവരുത്തുന്നതിനു പകരം ദോഷം വരുത്തരുതു്.

പദ്യകൃതികളുടെ സംഗതിയിലാണ് സംസ്കൃതംകൊണ്ടു മലയാളത്തിന്നു് അധികം ഉപയോഗമുണ്ടായിട്ടുള്ളതു്. തമിഴ്‌രീതിയിലുള്ള പദ്യങ്ങൾ ഉണ്ടാക്കിയിരുന്ന കവികൾതന്നെ സംസ്കൃതവൃത്തനിയമങ്ങൾക്കനുസരിച്ചുള്ള പദ്യങ്ങളും ഉണ്ടാക്കിത്തുടങ്ങി. മലയാളഭാഷയെ തമിഴിന്റെ അധീനത്തിൽനിന്നു വീണ്ടെടുത്തതു് തുഞ്ചെത്തു രാമാനുജൻ എഴുത്തച്ഛനായിരുന്നു. അദ്ദേഹം കിളിപ്പാട്ടുകൾക്കു പുറമെ സംസ്കൃതശ്ലോകരീതിയുള്ള കവിതകളും ചിലതുണ്ടാക്കി, പിന്നീട്ട വരാനിരുന്ന കവികൾക്കു മാതൃകയായി കല്പിച്ചു. പിന്നെ വളരെക്കാലം കഴിഞ്ഞാറെ അഭിനവകാളിദാസനെന്നപേരിന്നു് സർവ്വഥാ അർഹനായ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ശാകുന്തളം പരിഭാഷചെയ്തതിന്നുശേഷം കവിതകൾ അധികവും സംസ്കൃതരീതിയിൽ തന്നെയായി. സംസ്കൃതത്തിൽനിന്നു് അനേകം നാടകങ്ങളും വേറെവിധം പദ്യകാവ്യങ്ങളും മലയാളത്തിലേക്കു പരിഭാഷചെയ്യപ്പെട്ടിട്ടുണ്ടല്ലൊ. ഇവയൊക്കെ സംസ്കൃതഭാഷകൊണ്ടു മലയാളഭാഷയ്ക്കു സിദ്ധിച്ചിരിക്കുന്ന സമ്പാദ്യങ്ങളാണെന്നു പറയാം. തമിഴിന്റെ സഹായം ഇപ്പോൾ നമ്മുടെ ഭാഷ അധികം ആവശ്യപ്പെടുന്നില്ലെന്നുള്ളതു തീർച്ചയാണു്. പദ്യകൃതികളിൽ സംസ്കൃതത്തെ മാത്രമെ ആശ്രയിക്കുന്നുള്ളു. ഇംഗ്ലീഷ്, ജർമ്മൻ എന്നീ ഭാഷകളിലെ പാട്ടുകളുടെ രീതിയെ അനുകരിച്ചുകൊണ്ടു ക്രിസ്ത്യാനികൾ ഉണ്ടാക്കി, അച്ചടിച്ചു പരസ്യംചെയ്യുന്ന ചില പാട്ടുകളെ സംബന്ധിച്ചു് ഇപ്പോൾ വിശേഷിച്ചു യാതൊന്നും പറയേണ്ടതില്ല. പക്ഷേ മലയാളഭാഷാചരിത്രത്തിൽ അവയ്ക്കു് ഇനിയും ഒരു സ്ഥലം അനുവദിച്ചിട്ടില്ലാത്തതിനാലും അനുവദിക്കുന്ന കാൎയ്യം വളരെ സംശയത്തിലാകയാലും അതിനെപ്പററി അധികം ചിന്തിക്കേണ്ടതില്ല.

മലയാളപദ്യരീതി എല്ലാം സംസ്കൃതമനുസരിച്ചാണെങ്കിലും ഗദ്യരീതിക്കു സംസ്കൃതത്തിന്റെ ആവശ്യമില്ല. ഇവിടെയും ഞാൻ സ്വാഭിപ്രായത്തെ മാത്രം ആശ്രയിക്കാൻ ധൈൎയ്യപ്പെടുന്നില്ല. മലയാളവും, ഇംഗ്ലീഷും, സംസ്കൃതവും ഒരുപോലെ വശത്താക്കിയിരിക്കുന്ന മഹാവിദ്വാനായ രാജരാജവൎമ്മ എം. എ അവർകളുടെ അഭിപ്രായമെന്താണെന്നു നാം അന്വേഷിക്കുക "പ്രഭാതത്തിൽ താമരപ്പൂ വിടരും, ആമ്പൽ കൂമ്പും, അന്തിക്കു നേരേമറിച്ചു് ആമ്പൽ വിടരും, താമരക്കൂമ്പും അതിനാൽസൂൎയ്യൻ കമലിനീവല്ലഭനും ചന്ദ്രൻ കുമുദിനീവല്ലഭനുമാകുന്നു. വേഴാമ്പൽ വർഷജലം മാത്രമേ കുടിക്കയുള്ളൂ. അതിനാൽ അതുമേഘത്തോടു ജലം യാചിക്കുന്നു. മേഘം നദീസമുദ്രാദിജലാശയങ്ങളിൽ നിന്നു ജലം എടുത്തു വർഷിക്കുന്നു. വർഷജലബിന്ദുക്കൾ മുത്തുച്ചിപ്പിയിൽ പതിച്ചാൽ കാലവിശേഷംകൊണ്ടു മുത്തായി ചമയും. സ്ഥലത്തിലുള്ള ജ

ന്തുക്കളെല്ലാം ജലത്തിലുമുണ്ടു്. ചെമ്പകപ്പൂവിമാത്രം വണ്ടു ചെല്ലുകയില്ല അശോകത്തിനു സ്ത്രീകളുടെ പാദസ്പർശം വളമാണു്. യശസ്സിന്നു വെളുപ്പും സൌരഭ്യവുമുണ്ടു്. ദുഷ്കശസ്സു കറുപ്പും ദുർഗ്ഗന്ധവുമുള്ളതാണു് വിരഹം ഒരഗ്നിയാകുന്നു. വിരഹിക്കു ചന്ദ്രചന്ദനാദികളിൽ ഉഷ്ണപ്രതീതിയുണ്ടാകും. ചന്ദനവൃക്ഷത്തിൽ സർവ്വദാ കൃഷ്ണസർപ്പം ചുററിയിരിക്കും. ഉദയാസ്തമയങ്ങൾക്കു ഓരോ പർവ്വതമുണ്ടു്. രത്നങ്ങൾ സമുദ്രത്തിലുമാകാം. ഈവക സംസ്കൃതകവികളുടെ സങ്കേതങ്ങളെല്ലാം ഭാഷയിലും സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഗദ്യരീതിയ്ക്കാകട്ടെ സംസ്കൃതാശ്രയം വേണ്ട സംസ്കൃതത്തിന്നുതന്നെ ശരിയായ ഒരു രീതി ഏർപ്പെട്ടിട്ടില്ല. ചമ്പുപ്രബന്ധങ്ങളിൽ കാണുന്ന ഒരുവക ഗദ്യം ആ പേരിന്നു തന്നെ അർഹമല്ല. വച്ചുകെട്ടി വലിച്ചുനീട്ടി വലിയ വലിയസമാസങ്ങൾകൊണ്ടു നിറച്ചു് അവസാനിക്കാത്ത വിശേഷണങ്ങളും ചേർത്തു പെരുമ്പാമ്പു ഇഴയുന്നപോലുള്ള മട്ടിൽ എഴുതിക്കൂട്ടുന്ന പദജാലത്തെ ആണു് കവികൾ പ്രാധാന്യേന ഗദ്യം എന്നു വ്യവഹരിക്കുന്നതു്. ശാസ്ത്രകാരന്മാരുടെ ഗദ്യമാകട്ടെ ഇതിന്നു വിപരീതം "പർവ്വതോവഹ്നിമാൻ, ധൂമവത്ത്വാൽ, യഥാ മഹാനസഃ തഥാചായം തസ്മാത്തഥാ—പർവ്വതത്തിൽ അഗ്നിയുണ്ടു്, ധൂമമുള്ളതിനാൽ, അടുക്കളയിലെന്നപോലെ, അതുപോലിവിടെയും, അതിനാലങ്ങിനെ"—ഈ മാതിരി മുറിവാക്യങ്ങളാണു് താർക്കികന്മാർക്കു മററും പ്രിയം. വാദങ്ങളിൽ പൂർവ്വപക്ഷവും സിദ്ധാന്തവും തിരിച്ചറിവാൻ പ്രയാസം. വാക്യങ്ങളുടെ അന്യോന്യസംബന്ധം കുറിപ്പാൻ ഘടകങ്ങളെ ഉപയോഗിക്കയില്ല. യുക്തിപ്രതിപാദ്യങ്ങളിൽ കാര്യകാരണങ്ങൾ ചേർത്തു ചങ്ങലപോലെ നീട്ടിക്കൊണ്ടുപോകുന്നിടത്തു മദ്ധ്യേ പല കണ്ണികളും വിട്ടുകളയും. ശാസ്ത്രകാരന്മാരിൽ പ്രാചീനർ ഏർപ്പെടുത്തിയിരുന്ന സരളരീതിയെ ഈ നവീനർ പരിഷ്കരിക്കുന്നതിനുപകരം ഉടച്ചു നാശമാക്കുകയാണു് ചെയ്തതു്. താർക്കികന്മാർ ദീർഘവാക്യങ്ങളെ ഉപയോഗിക്കാറില്ലെന്നില്ല. എന്നാൽ അവർ വാക്യം നീട്ടുന്നതു സമാസം ചെയ്തു പദങ്ങളെ നീട്ടുന്നതിലാകുന്നു. ഇക്കാലത്തെ ലോകവ്യവഹാരങ്ങൾക്കു് ഉപയോഗികളായ വിഷയങ്ങളും സംസ്കൃതത്തിൽ ചുരുങ്ങും. അതിനാൽ ഗദ്യഗ്രന്ഥകാരന്മാർക്കു ശബ്ദസമ്പാദനം ഒന്നിനുവേണ്ടി മാത്രമല്ലാതെ രീതിവിഷയാദികളുടെ ആവശ്യത്തിലേക്കായി സംസ്കൃതത്തെ ആശ്രയിക്കേണ്ടതില്ല. താനറിയാത്തവരൊ വരം കൊടുക്കുന്നതു."

അതുകൊണ്ടു, തമ്പുരാൻ മാത്രമല്ല മലയാളഭാഷയുടെ രീതിവിഷയാദികളെ സൂക്ഷിച്ചു പഠിച്ചിരിക്കുന്ന വിദ്വാന്മാരൊട്ടുക്കും മലയാളഭാഷയിലെ ഗദ്യഗ്രന്ഥകരണത്തിൽ ഇംഗ്ലീഷാണു് നമ്മെ സഹായിക്കുന്നതെ

ന്നു പറയുന്നു. "ദേശം തോറും വേറെ വേറെ ഭാഷകൾ സംസാരിക്കുന്ന ഇന്ത്യക്കാൎക്കു ഒരു പൊതുഭാഷ എന്നു പറയുന്നതിന് ഇംഗ്ലീഷു ഒന്നേയുള്ളു. അതു രാജഭാഷയാണെന്നു മാത്രമല്ല ലോകമൊട്ടുക്കും പ്രചാരമുള്ളതും ഇഹലോകപ്രയോജനങ്ങൾക്കു സംസ്കൃതത്തേക്കാൾ ഉപകരിക്കുന്നതുമാകുന്നു. ഉപരിവിദ്യാഭ്യാസം അഭാഷയിലാണ്. അതിൽ മാത്രമെ സാധിക്കുകയുള്ളൂ." എന്നും അവിടുന്നു അഭിപ്രായപ്പെടുന്നു. മലയാളഭാഷയിലെ ഗദ്യകൃതികളെ സഹായിക്കുന്ന നിബന്ധനകൾ അടങ്ങിയ "സാഹിത്യസാഹ്യം" എന്ന പുസ്തകം തന്നെ ആംഗലാലങ്കാരികന്മാരുടെ അഭിപ്രായങ്ങളെ അടിസ്ഥാനമാക്കിയാണ് അവിടുന്ന് ഉണ്ടാക്കീട്ടുള്ളതു്. അതുകൊണ്ടു മലയാളഭാഷയ്ക്കു പിന്നെ സിദ്ധിച്ചിട്ടുള്ള ഒരു വലിയ സഹായം ഇംഗ്ലീഷിൽനിന്നാണ്. ഹിന്തുസ്ഥാനി, പോൎത്തുഗീസ്സു മുതലായ ചില ഭാഷകളിൽ നിന്നു വളരെ വാക്കുകൾ മലയാളത്തിൽ നടപ്പായിട്ടുണ്ടെന്നു ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ കച്ചവടസംബന്ധമായും മററും അനേകവാക്കുകൾ ഇംഗ്ലീഷിൽനിന്നു വന്നുചേൎന്നിട്ടുണ്ട്. മണിഫെസ്റ്റൊ എന്നതാണ് മണിപ്പീസ്സായതു്. ബിൽ ഒഫ് ലേഡിങ്ങ്, ബില്ലടിയായി. എക്സ്പാൎട്ടിയായി, ഏകസ്പാൎട്ടിയായി. ജഡ്ജി, മജിസ്ട്രേട്ട്, ഇൻസ്പെക്ടർ, മുൻസിപ്പാലട്ടി, ചെയർ മേൻ, സെക്രട്ടേറി, ബോർഡ്. മാസ്റ്റർ എന്നിങ്ങനെയുള്ള വാക്കുകൾ പറഞ്ഞാൽ ആംഗ്ലേയഭാഷാനഭിജ്ഞന്മാൎക്കുകൂടി എളുപ്പത്തിൽ മനസ്സിലാകുമെന്നു മാത്രമല്ല അവർ അ വക വാക്കുകൾ എഴുത്തിലും സംഭാഷണത്തിലും ഉപയോഗിക്കുന്നതുമുണ്ട്. ജഡ്ജി ഓഡർ പാസ്സാക്കിയാലും ഇൻസ്പെക്ടർ ചാൎജ്ജ് വെച്ചാലും അറിയാത്തവർ ആരും ഉണ്ടായിരിക്കയില്ല. ഇവയിൽ ചില വാക്കുകൾ പ്രബന്ധരചനയിലും ഉപയോഗിച്ചു വരുന്നുണ്ട്. സഭകളിൽ തന്നെ പ്രോഗ്രാം മാറി കാൎയ്യപരിപാടിയായിത്തീരുകയും സെക്രട്ടറി കാൎയ്യദൎശിയായിത്തീരുകയും ചെയ്തിട്ടുണ്ടെങ്കിലും റിപ്പോൎട്ടുവായന മുറയ്ക്കു നടക്കാതിരിക്കുന്നില്ല. ഏതായാലും ഇംഗ്ലീഷുവാക്കുകൾ കഴിയുന്നത്ര പ്രബന്ധരചനകളിൽ ഉപയോഗിക്കാതിരിക്കാൻ തന്നെയാണ് വിദ്വാന്മാരുടെ വാസന. വായിക്കാൻ ഒരു ഫ്രണ്ടോടു ന്യൂസ്പേപ്പറിനു ചോദിക്കുന്ന ആൾ പോലും സ്നേഹിതനോട്ടപ്പററി വൎത്തമാനക്കടലാസ്സിൽ എഴുതുകയേ ചെയ്യുകയാണെന്നുള്ളൂ. അങ്ങിനെയാണു വേണ്ടതും.

ഇപ്പോൾ സംസ്കൃതത്തിൽനിന്നും ഇംഗ്ലീഷിൽനിന്നും നമ്മുടെ മാതൃഭാഷയ്ക്കുണ്ടായിട്ടുള്ളതും ഉണ്ടാകേണ്ടതുമായ സഹായത്തിന്റെ വ്യത്യാസം പ്രത്യക്ഷമാണല്ലൊ. സംസ്കൃതത്തിൽനിന്നു പദങ്ങളും ഇംഗ്ലീഷിൽനിന്നു നിരൂപണങ്ങളുമാണ് നാം സ്വീകരിക്കേണ്ടതു്. അങ്ങനെ തന്നെയാണു ചെയ്യുന്നതു്.

സംസ്കൃതഭാഷയിൽനിന്ന് അനേകം നാടകങ്ങളും കാവ്യങ്ങളും നമുക്കു സിദ്ധിച്ചിട്ടുള്ളതുപോലെ നോവൽ മുതലായ ഗ്രന്ഥങ്ങളും പ്രകൃതിശാസ്ത്രം മുതലായ ശാസ്ത്രഗ്രന്ഥങ്ങളും നമുക്ക് ഇംഗ്ലീഷിൽനിന്നാണ് ലഭിക്കുന്നതു്. ഇംഗ്ലീഷു ഭാഷയുടെയും ഇംഗ്ലീഷുഭാഷ അഭ്യസിച്ചവരുടെയും കാരുണ്യം കൊണ്ടല്ലായിരുന്നുവെങ്കിൽ നോവൽ മുതലായ ഗ്രന്ഥങ്ങൾ നമുക്ക് അനുഭവമാകാൻ വളരെക്കാലം വേണ്ടിവരുമായിരുന്നു.

എന്നാൽ സംസ്കൃതശൈലികളെ മലയാളത്തിൽ ഉപയോഗിച്ചു ഭാഷയെ ദൂഷിപ്പിക്കുന്നതിനെപ്പററി പറഞ്ഞതുപോലെതന്നെ ഇംഗ്ലീഷുശൈലികളെ ഉപയോഗിച്ചു ഭാഷയെ ദൂഷിപ്പിക്കുന്ന കാൎയ്യത്തിലും വളരെ സൂക്ഷിക്കേണ്ടതാണെന്നു പറയേണ്ടിയിരിക്കുന്നു. ഇതിനെപ്പററി "സാഹിത്യസാഹ്യ" കൎത്താവു പറയുന്നതു നോക്കുക—"ഇംഗ്ലീഷു പഠിക്കാൻപോകുന്ന കുട്ടികളും മലയാളത്തിൽ വ്യുല്പത്തി ഉറയ്ക്കുംമുമ്പുതന്നെ ഇതരഭാഷാപരിശീലനം ആരംഭിക്കുന്നു. ഇംഗ്ലീഷു വാക്യങ്ങൾക്ക് അനുവാദം ചെയ്യുന്നതിനുള്ള ക്രമങ്ങളെപ്പററി ബാലപ്രബോധനത്തിന്റെ സ്ഥാനത്തിൽ സൎവ്വസമ്മതമായ ഒരു പുസ്തകം ഇല്ലാത്തതിനാൽ പലരും പലവിധത്തിലാണ് തൎജ്ജിമ പറഞ്ഞുകൊടുക്കുന്നതു് എന്നേയുള്ളു വിശേഷം. "ഞാൻ അവനിൽ നിന്നു പുസ്തകം കടം വാങ്ങുകയില്ല, എന്തുകൊണ്ടെന്നാൽ അവനെ ഞാൻ പ്രിയപ്പെടുന്നില്ല" എന്നുള്ളതു് ഇംഗ്ലീഷുശൈലിയാണ്. അതിനുപകരം ഒരു നല്ലമലയാളി "അവനോടു് എനിക്കു രസമല്ലാത്തതിനാൽഞാൻ അവനോടുപുസ്തകംകടം വാങ്ങുകയില്ല" എന്നോ മറേറാ മാത്രമേ പറകയുള്ളു. ഇതു ശാസ്ത്രീയമായിട്ടു ശരിയല്ല എന്നുള്ള ഇംഗ്ലീഷുശൈലിയുടെ സ്ഥാനത്തു, "അതു ശാസ്ത്രപ്രകാരം ശരിയല്ല" എന്നുള്ളതാണ് ശരിയായിട്ടുള്ളതു്. "നല്ലമലയാളി അവന്റെ മേൽനോട്ടത്തിൽ" എന്നല്ലാതെ "അവന്റെ മേൽനോട്ടത്തിൻകീഴിൽ" എന്നു പറകയില്ല"—ഇംഗ്ലീഷുശൈലികൾ നിറഞ്ഞ മലയാളം അറിയേണമെങ്കിൽഒരു ക്രിസ്തീയ വേദപുസ്തകം വായിച്ചാൽ മതി. "ചക്രം ചവിട്ടുക, ചെണ്ടകൊട്ടിക്ക" എന്നിങ്ങനെ മലയാളഭാഷയ്ക്കു പ്രത്യേകമായ ചില ശൈലികൾ ഉള്ളതുപോലെ, ഇംഗ്ലീഷുമുതലായ ഭാഷകളിലുമുണ്ടു്. അവയെ അക്ഷരംപ്രതി പരിഭാഷചെയ്താൽ യാതൊരൎത്ഥവും ഉണ്ടാകുന്നതല്ല. ആ കാൎയ്യം ആലോചിക്കാതെ ചില രസികന്മാർ "പൂച്ചക്കുട്ടിയെ സഞ്ചിയിൽ നിന്നു പുറത്താക്കി ഒരു തൎക്കറിക്കാരനെ പിടിച്ചു, തേംസുനദിക്കു തീ കൊടുത്തു" എന്നും മററും പരിഭാഷ ചെയ്യുന്നതു കണ്ടിട്ടുണ്ടു്. ഇവൎക്ക് ഇംഗ്ലീഷുഭാഷയുടെയൊ മലയാള ഭാഷയുടെയൊ ജീവനായ വൈശിഷ്ട്യം എന്താണെന്ന് അറിഞ്ഞുകൂടാത്തതുകൊണ്ടാണ് അങ്ങിനെ ചെയ്യുന്നതെന്നു സമാധാനിക്കാമെങ്കിലും ഭാഷ

യെ ദുഷിപ്പിക്കുന്ന പാപികളിൽവെച്ചു മഹാപാപികളാണ് അത്തരക്കാർ എന്നു പറയേണ്ടിവന്നിരിക്കുന്നു.

ഇങ്ങിനെ മലയാളഭാഷ ആദ്യം തമിഴിൻെറ സംരക്ഷണയിൻകീഴിലായിരുന്നുവെങ്കിലും ഇപ്പോൾ സംസ്കൃതത്തെയും ഇംഗ്ലീഷിനെയും ആണ് അതു കേവലം ആശ്രയിച്ചിരിക്കുന്നതെന്നും ഈ രണ്ടുമഹൽഭാഷകളെ ബന്ധുക്കളായി ലഭിച്ചതു് അതിൻെറ പരമഭാഗ്യമായി വിചാരിക്കേണ്ടതാണെന്നും നാം അറിയുന്നതുകൊണ്ടു മലയാളഭാഷ സംസ്കൃതത്തിൽ നിന്നു വാക്കുകളും ഇംഗ്ലീഷിൽ നിന്നു ആശയങ്ങളും നിരൂപണങ്ങളും കടം വാങ്ങുന്നുണ്ടെങ്കിലും ആ ഭാഷയുടെ അടിമ ആയിരിക്കാതെ കഴിയുന്നതു സ്വതന്ത്രഭാഷയായി സ്വന്തം ശൈലികളെ സംരക്ഷിച്ചുകൊണ്ടു ക്രമേണ അഭിവൃദ്ധി പ്രാപിക്കാൻ അതിനെ സഹായിക്കാൻ, ഇംഗ്ലീഷും സംസ്കൃതവും പഠിച്ചറിഞ്ഞ മലയാളികൾ കഴിയുന്നതു ശ്രമംചെയ്തു മാതൃഭാഷയെ ആദരിക്കുമെന്നു ഞാൻ പൂർണ്ണമായി ആശംസിക്കുന്നു.

---

## ഗദ്യപ്രബന്ധം.

ഗണങ്ങൾ, മാത്രകൾ, എന്നിവകളാലും പ്രത്യേക നിരൂപണങ്ങളാലും രചനാരീതിയാലും ക്ലിപ്തപ്പെട്ടിരിക്കുന്ന പ്രബന്ധസമ്പ്രദായത്തിനു പദ്യമെന്നും, ഇങ്ങനെയുള്ള നിർബന്ധമില്ലാതെ എഴുതപ്പെടുന്നവയ്ക്കു ഗദ്യമെന്നും പേരാകുന്നു. മലയാളഭാഷയിലുള്ള പദ്യരചനയിൽ സംസ്കൃതരീതിയേയും തമിഴ്‌രീതിയേയും അനുകരിച്ചുള്ളവയ്ക്കൊക്കെ ആ ഭാഷകളിൽ അനുസരിച്ചുപോരുന്ന നിയമങ്ങളെത്തന്നെ സ്വീകരിച്ചിരിക്കയാലും അല്ലാതെയുള്ളവയ്ക്കു് അവശ്യം സിദ്ധിച്ച നിബന്ധനകളെ അനുഷ്ഠിച്ചിരിക്കയാലും പദ്യങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ കർത്താക്കന്മാർ നിർബന്ധമായി സൂക്ഷിക്കേണ്ടുന്നതായ ചട്ടങ്ങൾ ഉണ്ടായിട്ടുണ്ടു്. എന്നാൽ മലയാളഭാഷയിലുള്ള ഗദ്യത്തിനാകട്ടെ പ്രത്യേകമായി അനുസരിക്കേണ്ടുന്നതായ യാതൊരു ചട്ടവും വൈയാകരണന്മാർ ഇതുവരെ ഉണ്ടാക്കിയതായി കാണുന്നില്ല. തുവലെടുത്തവരൊക്കെ എഴുത്തുകാരും അവർ എഴുതുന്നതൊക്കെ പ്രബന്ധങ്ങളും ആണെന്നാണ് വെച്ചിരിക്കുന്നതു്.

ഗദ്യപ്രബന്ധരചനയിൽ അനുസരിക്കേണ്ടതും സൂക്ഷിക്കേണ്ടതുമായ അനേകം സംഗതികളുണ്ടു്. വല്ല വിഷയത്തേപ്പററിയും മനസ്സിൽ

ഉദിക്കുന്നപോലെയും സംഗതികളെ ശരിയായി വിഭജിച്ചു കാൎയ്യകാരണങ്ങൾക്കനുസരിച്ചു ക്രമപ്പെടുത്താതെയും എഴുതിവിടുന്നവയൊന്നും പ്രബന്ധങ്ങളല്ലെന്നു ധരിക്കേണ്ടതാണ്. പ്രബന്ധരചന ചിത്രമെഴുത്തുപോലെതന്നെ കലാവിദ്യകളിൽ പെട്ടതാകുന്നു. വൎണ്ണങ്ങളുടെ യോജ്യത, ഓരോഭാഗങ്ങൾക്കുള്ള ചേൎച്ച, ആകപ്പാടെയുള്ള ഒരു സംപൂൎണ്ണത, എന്നിവകൾ ചിത്രങ്ങൾക്കെന്നപോലെതന്നെ പ്രബന്ധങ്ങൾക്കും ആവശ്യമാകുന്നു. ഈ വിധം ഗുണങ്ങളെക്കൊണ്ട് സഹൃദയന്മാരെ രസിപ്പിക്കാത്ത പ്രബന്ധങ്ങൾ, പ്രബന്ധങ്ങളാകുന്നില്ല.

ഇങ്ങനെയുള്ള ഗുണങ്ങളെ വരുത്താൻ ആവശ്യം സൂക്ഷിക്കേണ്ടുന്ന സംഗതികളെപ്പററി വിചാരിക്കുന്നതിനുമുമ്പായി പ്രബന്ധങ്ങൾ എത്രവിധമുണ്ടെന്നു നാം ആലോചിക്കുക. പ്രബന്ധങ്ങളിൽ വിവരിക്കപ്പെടുന്ന വിഷയങ്ങളെപ്പററിയോ- പ്രബന്ധത്തിന്റെ ആകൃതിയെപ്പററിയോ, ആലോചിച്ച് എല്ലാ പ്രബന്ധങ്ങളേയും രണ്ടുവിധത്തിൽ തരംതിരിക്കാവുന്നതാകുന്നു. ഈ തരങ്ങൾക്കു "വിഷയവിഭാഗ"മെന്നും "രൂപവിഭാഗ"മെന്നും പേർ പറയാവുന്നതാകുന്നു.

## ൧. വിഷയവിഭാഗം.

ഗദ്യപ്രബന്ധങ്ങൾ, സാങ്കേതികം അല്ലെങ്കിൽ അസാഹിത്യമെന്നും, അസാങ്കേതികം അല്ലെങ്കിൽ സാഹിത്യമെന്നും രണ്ടുവിധത്തിലാണുള്ളത്. ഇതിൽ സാഹിത്യപ്രബന്ധത്തെ ഇനിയും എട്ടു ഭാഗങ്ങളാക്കാം—(൧) ദേശചരിത്രം, (൨) ജീവചരിത്രം, (൩) വൎണ്ണന, അല്ലെങ്കിൽ വിവരണം (൪) പൎയ്യാലോചന, അല്ലെങ്കിൽ വിമൎശം (൫) കെട്ടുകഥ, (൬) ആവൎജ്ജനം (൭) ഉപാലംഭം (൮) ഫലിതം.

സാങ്കേതികപ്രബന്ധങ്ങൾ, ചില പ്രത്യേക വിഷയങ്ങളെപ്പററി മാത്രം പ്രതിപാദിക്കുന്നവയാകയാൽ സാധാരണ വായനക്കാൎക്കു രസിക്കുന്നവയൊ മനസ്സിലാകുന്നവയൊ ആയെന്നുവരില്ല. അതുകൊണ്ടാണ് അതിന് അസാഹിത്യം എന്നു നാമകരണം ചെയ്തിരിക്കുന്നത്. വ്യാകരണം, ഛന്ദശ്ശാസ്ത്രം, വേദം, ജ്യോതിഷം, വൈദ്യം എന്നിങ്ങനെ ഓരോരുത്തരുടെ പ്രത്യേക ആവശ്യത്തിനും തൊഴിലിനും ഉതകുന്നതായി അവരവൎക്കു വിശേഷാൽ അറിവാനും പഠിക്കാനും രസമുള്ളതായ സംഗതികളെ പ്രതിപാദിക്കുകയാണ് അവക പ്രബന്ധങ്ങളുടെ ഉദ്ദേശം. ഇങ്ങനെ അറിവു നൽകേണ്ടുന്നത് സാഹിത്യപ്രബന്ധങ്ങളുടെയും സാദ്ധ്യമായിരിക്കാമെന്നിരുന്നാലും അവകളുടെ ഏകോദ്ദേശം അതല്ലെന്നു ധരിക്കേ

ണ്ടതാകുന്നു. ജ്ഞാനപ്രദമാകുന്നതോടുകൂടിത്തന്നെ അവ രസപ്രദമാകേണമെന്നും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഈ രണ്ടുതരം വിഭാഗങ്ങളെപ്പററിത്തന്നെയാണ് "ജനങ്ങൾ വായിക്കുന്നതും ജനങ്ങൾ വായിക്കേണ്ടതും ആയ പുസ്തകങ്ങൾ" എന്നു സി. അച്യുതമേനോൻ അവർകൾ സൂചിപ്പിച്ചുപറഞ്ഞിട്ടുള്ളതു്. സാഹിത്യപ്രബന്ധങ്ങൾ ജനങ്ങൾ വായിക്കുന്നതും, സാങ്കേതികപ്രബന്ധങ്ങൾ ജനങ്ങൾ വായിക്കേണ്ടതുമാകുന്നു.

സാങ്കേതികപ്രബന്ധങ്ങളിൽ സാങ്കേതികസംജ്ഞകൾ ഒഴിച്ചുകൂടാത്തവയാണെന്നു് അതിന്റെ പേരുകൊണ്ടുതന്നെ നിർണ്ണയിക്കാവുന്നതാണല്ലോ. അതാണു് അതിന്റെ വിശേഷവിധി. അതുതന്നെയാണു് അവക പുസ്തകങ്ങൾ സാധാരണ ജനങ്ങൾ വായിക്കാതിരിക്കാൻ സംഗതിയാക്കുന്നതും. ശിക്ഷാനിയമത്തെ, ജഡ്ജിമാരും വക്കീൽമാരും പക്ഷേ ശാരദയിൽ വിവരിക്കപ്പെട്ടതുപോലുള്ള നാട്ടുകാര്യസ്ഥന്മാരുമല്ലാതെ മററാക്കും വായിക്കാൻ രസമുണ്ടായെന്നു വരുന്നതല്ലല്ലോ. സാങ്കേതികപ്രബന്ധങ്ങൾ സാഹിത്യപ്രബന്ധങ്ങളുമായി വേർതിരിച്ചു വിവരിക്കപ്പെട്ടിട്ടുണ്ടെങ്കിലും സാമാന്യമായി അറിയപ്പെടുന്ന സാഹിത്യത്തിൽ പെട്ടവയല്ല സാങ്കേതികപ്രബന്ധങ്ങളെന്നു വിചാരിച്ചുപോകരുതു്. സാങ്കേതികപ്രബന്ധങ്ങൾ രചിക്കുന്നതിലും സാഹിത്യസാമർത്ഥ്യവും ഭാഷാനൈപുണ്യവും പ്രദർശിപ്പിക്കേണ്ടതുണ്ടു്. തനിക്കു പറവാനുള്ള വിഷയങ്ങളെ സംബന്ധിച്ച സംഗതികൾ സൂക്ഷ്മതയോടെ തിരഞ്ഞെടുത്തു്, അവയെ നല്ല സമ്പ്രദായത്തിൽ ക്രമപ്പെടുത്തി, പറവാനുള്ളതു വ്യക്തമായും ശക്തിയോടുകൂടിയും പറവാൻ സാധിക്കുന്ന ആളുടെ പുസ്തകം അങ്ങനെയല്ലാത്ത ഒരാളുടെ പുസ്തകത്തേക്കാൾ അധിക ശ്രദ്ധയോടുകൂടി ജനങ്ങൾ വായിക്കാൻ സംഗതിയുണ്ടു്.

ഇനി സാഹിത്യവിഷയങ്ങളിൽ ഓരോന്നിനെ കുറേക്കൂടി വിവരിക്കാൻ ശ്രമിക്കാം.

ദേശചരിത്രം—ദേശചരിത്രത്തെപ്പററി പ്രതിപാദിക്കുന്നതിൽ പല സംഗതികൾ സൂക്ഷിക്കേണ്ടതുണ്ടു്.. ലോകത്തിൽ ഓരോ കാലത്തുണ്ടായ മുഖ്യമായി രസകരങ്ങളായ സംഭവങ്ങളെ വിവരിക്കുന്നതാണല്ലോ ദേശചരിത്രത്തിന്റെ പ്രവൃത്തി. അങ്ങനെയുള്ള ചരിത്രങ്ങൾ മനുഷ്യരുടെ വെറും ഭാവനാശക്തിയുടെ ഫലമാവാൻ പാടില്ലാത്തതാകുന്നു. ഈ സംഗതിയിലാണു് ദേശചരിത്രവും കെട്ടുകഥയും തമ്മിൽ വ്യത്യാസപ്പെടുന്നതു്. അതുകൊണ്ടു ചരിത്രകാരകൻ താഴെ പറയുന്ന സംഗതികളിൽ മനസ്സിരുത്തേണ്ടതാകുന്നു.

൭. യഥാൎത്ഥസംഭവങ്ങളും വെറും ഐതിഹ്യങ്ങളും തമ്മിൽ വേർപെടുത്തി മനസ്സിലാക്കണം. ഏററവും പ്രാചീനകാലങ്ങളിൽ സംഭവിച്ച സംഗതികളെപ്പററി വിവരിക്കുന്നതിലാണ് ഈ കാൎയ്യം പ്രത്യേകിച്ച് ഓൎമ്മിക്കേണ്ടതു്. ഇന്ത്യാരാജ്യനിവാസികൾ പൂൎവ്വകാലത്തു ദേശചരിത്രങ്ങൾ എഴുതിവെക്കുന്ന സമ്പ്രദായമില്ലായിരുന്നു. പ്രാചീന ഇന്ത്യയെ സംബന്ധിച്ചുള്ള കാൎയ്യങ്ങളൊക്കെ ഐതിഹ്യരൂപേണ മാത്രമേ പിന്നീടു ജനിച്ചവർ അറിവാൻ സംഗതിവന്നുള്ളു. അങ്ങനെയുള്ള കഥകൾ ചരിത്രത്തിൽ ചേൎക്കുമ്പോൾ വളരെസൂക്ഷിക്കേണ്ടതാണെന്നുവിശേഷിച്ചു പറയേണ്ടതില്ലല്ലൊ.

൮. അനാവശ്യമായതും വായനക്കാരെ മുഷിപ്പിക്കാൻ മാത്രം കൊള്ളാവുന്നതുമായ സംഗതികളെ ദേശചരിത്രത്തിൽ പെടുത്താതിരിക്കാൻ ശ്രദ്ധിക്കണം. അതാതുകാലത്തെ ചരിത്രങ്ങളെ അതാതുകാലം ജീവിക്കുന്നവർ വായിക്കുമ്പോൾ മുഖ്യമായതായും രസകരമായും തീരാവുന്ന സംഗതികൾ കുറേക്കാലം കഴിഞ്ഞാൽ നിസ്സാരസംഗതികളായിത്തീൎന്നേക്കാം. കഴ്സൻപ്രഭുവും കിച്ചനർപ്രഭുവും തമ്മിലുണ്ടായ തൎക്കങ്ങൾ ഇക്കാലത്തുള്ളവൎക്കു വായിക്കാൻ വളരെ രസകരമാണെന്നുവരികിലും ഇരുപത്തൊന്നാം നൂററാണ്ടിലെ ചരിത്രവായനക്കാൎക്ക് അതിൽ യാതൊരു രസവും ഉണ്ടാകുന്നതല്ല.

൯. അധികം മുഖ്യതയുള്ള സംഗതികളെ അവയ്ക്കു് അവശ്യമുള്ള മുഖ്യതയോടുകൂടി പ്രസ്താവിക്കേണ്ടതാകുന്നു. ഒരു സംഭവത്തിനു മറെറാരു സംഭവത്തേക്കാൾ മുഖ്യതയുണ്ടെന്നു പറയുന്നതു്, അവയുടെ ഫലംകൊണ്ടാകുന്നു. നെൽസൻപരന്ത്രീസുകപ്പലുകളെ മദ്ധ്യതരണ്യാഴിയിൽവെച്ചു പരാജയപ്പെടുത്തിയിരുന്നില്ലെങ്കിൽ, നെപ്പോളിയൻ ഇന്ത്യാസാമ്രാജ്യം അക്രമിക്കാനും അതുനിമിത്തം ഇന്ത്യാചരിത്രത്തിന്റെ ഗതിക്കു വളരെ അന്തരമുണ്ടാവാനും സംഗതി വരുന്നതായിരുന്നു. അതുകൊണ്ടു് ആ യുദ്ധത്തിനു അതിനേക്കാൾ ഭയങ്കരമായ ചില യുദ്ധങ്ങളേക്കാൾ മുഖ്യതയുണ്ടു്. ഇന്ത്യാസാമ്രാജ്യം ഇംഗ്ലീഷുകാൎക്കു കീഴടങ്ങുവാൻ സഹായിച്ച സംഗതികളുടെ ആധാരക്കല്ലു പ്ലാസ്സിയിലെ യുദ്ധമാണെന്നു പ്രസിദ്ധമാണല്ലോ. പ്ലാസ്സിയുദ്ധത്തേക്കാൾ ഭയങ്കരമായ അനേകം യുദ്ധങ്ങൾ ഇന്ത്യയിൽ ഉണ്ടായിട്ടുണ്ടെങ്കിലും ആ യുദ്ധത്തിന്റെ മുഖ്യത അവയ്ക്കില്ല.

൰. ദീൎഘചരിത്രങ്ങളെ ഖണ്ഡങ്ങളായി വിഭജിക്കണം. ഇങ്ങനെ ചെയ്യുന്നതു ചരിത്രങ്ങളിൽ വിവരിക്കപ്പെടുന്ന സംഗതികളെ ശ

രിയായി മനസ്സിലാക്കാനും അതിൽ കുറെ രസം ജനിക്കാനും വായനക്കാരെ സഹായിക്കുന്നതാകുന്നു. ഈ വിഭാഗം ഓരോ മുഖ്യസംഗതികളെ ആധിരാക്കി ചെയ്യേണ്ടതുമാണ്.

ചരിത്രം എഴുതുന്നതു എളുപ്പമായ വിദ്യയല്ല. ചരിത്രകാരകനു ഓരോ സംഭവങ്ങളെക്കുറിച്ചുള്ള തെളിവുകൾ ശേഖരിച്ചു അവയെ തരംതിരിച്ചു സ്വീകരിക്കാനുള്ള വിഭാഗതയും കഴിഞ്ഞ സംഭവങ്ങളും അവയ്ക്കു കാരണമായ ആളുകളെയും പററി ശരിയായ ജ്ഞാനം ഉണ്ടാകത്തക്ക വിധത്തിൽ ആ കാലത്തു് അവരുടെ നിലയിൽ ജീവിച്ചപോലെ തന്നത്താൻ കരുതി പ്രവൃത്തിപ്പാനുള്ള ഭാവനാശക്തിയും ഉണ്ടായിരിക്കണം. ഒരു നോവൽകർത്താവിനോ കവിതയ്ക്കോ വേണ്ടതായ ഭാവനാശക്തിയിൽനിന്നു് ഒട്ടും കുറയാത്ത ഒരു ഭാവനാശക്തി പ്രാചീനചരിത്രങ്ങളെ സ്വന്തമായി അന്വേഷിച്ചെഴുതുന്നയാൾക്കും വേണ്ടതാകുന്നു. താൻ ഏതൊരുകാലത്തെസംബന്ധിക്കുന്നതായ ചരിത്രത്തെക്കുറിച്ചെഴുതുമ്പോ ആ കാലത്തു ജീവിച്ച മനുഷ്യർക്കു സ്ഥായിയായിയുണ്ടായിരുന്ന മനോഭാവത്തെ ധരിക്കാൻ അശക്തനായ ഒരാൾ എഴുതുന്ന ചരിത്രം എത്രതന്നെ കൃത്യമായും സത്യമായും ഉള്ള സംഭവങ്ങൾ അടങ്ങിയവയായിരുന്നാലും ശരിയായ് ചരിത്രമെന്നു പറയാവുന്നതല്ല; തൽകർത്താവു ചരിത്രകാരനെന്ന അഭിധാനത്തെ അർഹിക്കുന്നതുമില്ല.

ജീവചരിത്രം—ദേശചരിത്രകർത്താവിൻെറയും ജീവചരിത്രകർത്താവിൻെറയും പ്രവൃത്തി മുഖ്യസംഗതികളിലൊക്കെ യോജിക്കുന്നുണ്ടു്. എന്നാൽ വിഷയത്തേയും പ്രബന്ധരീതിയേയും സംബന്ധിച്ചു അവർ വ്യത്യാസപ്പെടുന്നുണ്ടുതാനും. ജീവചരിത്രത്തിൽ ഏതെങ്കിലും ഒരു മനുഷ്യൻെറ ജീവദശയിൽ അദ്ദേഹത്തിനു സംഭവിച്ചതും അദ്ദേഹം ഇടപെട്ടതുമായകാര്യങ്ങളെയും അവയിൽനിന്നു് അനുമാനിച്ചുകൊണ്ടു അദ്ദേഹത്തിൻെറ സ്വഭാവവൈശിഷ്ട്യങ്ങളെയും വിവരിക്കുകയാണു് ചെയ്യുന്നതു്. ജീവചരിത്രംകൊണ്ടു അതിൽ വിവരിക്കപ്പെടുന്നയാളുടെ നടപടിയെനാം അനുകരിക്കാൻസംഗതിവരുന്നു. ജീവചരിത്രത്തിൽ ഭയങ്കരമായ സംഭവങ്ങളൊന്നും വേണമെന്നില്ല. നിത്യം ആചരിക്കുന്ന നടപടികൾ വിവരിക്കപ്പെട്ടാൽത്തന്നെയും അതു് അത്യന്തം രസകരമായിരിക്കും. കൊച്ചിയിലെ പ്രസിദ്ധനായ ശക്തൻതമ്പുരാൻ തിരുമനസ്സിലെ ജീവചരിത്രംപോലെതന്നെ കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ജീവചരിത്രവും രസകരമാകുന്നതാണു്.

ജീവചരിത്രം എഴുതുവാൻ ഉപയോഗിക്കുന്ന വാചകരീതിയെപ്പററി സൂക്ഷിക്കേണ്ടതുണ്ടു്. ഗംഭീര്യമുള്ള വാചകരീതി ദേശചരിത്രത്തി

ന്നു യോജിക്കുന്നതാണെങ്കിലും ജീവചരിത്രത്തിനു പററിയതല്ല. എളുപ്പത്തിൽ മനസ്സിലാക്കാവുന്ന സരളമായ രീതിയാണു് ജീവചരിത്രത്തിനു പററിയതു്. ദേശചരിത്രകർത്താവിനെപ്പോലെതന്നെ ജീവചരിത്രകർത്താവും പക്ഷപാതരഹിതനായിരിക്കണം.

വർണ്ണന—ദേശചരിത്രങ്ങൾ പരസ്യമായതും ജീവചരിത്രങ്ങൾ സ്വകാര്യമായതും ആയ സംഭവങ്ങളെ വിവരിക്കുകയാണെന്നു മനസ്സിലായിരിക്കുമല്ലോ. വർണ്ണന ഇവയിൽനിന്നു തീരെ വ്യത്യാസപ്പെട്ടുകൊണ്ടു സാധനങ്ങളെ വിവരിക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു വർണ്ണനയ്ക്കു് ആവശ്യമുള്ള ബുദ്ധിചാതുര്യം മററു രണ്ടിനും വേണ്ടുന്നതിൽനിന്നു വ്യത്യാസപ്പെട്ടതാകുന്നു. ഓരോ സംഭവങ്ങളെപ്പററി അന്വേഷിച്ചു തെളിവുകൾ ശേഖരിച്ചു് അവയെ തരംതിരിച്ചു സ്വീകാര്യങ്ങളായവയെ സ്വീകരിച്ചു ശേഷം ഉപേക്ഷിച്ചു ഒരു ആകൃതിയിലാക്കുവാനുള്ള സാമർത്ഥ്യമാണു് ചരിത്രകാരനു വേണ്ടുന്നതു്. സാധനങ്ങളെ കണ്ടിട്ടു് അവയുടെ വിശേഷവിധികളും സ്വഭാവഗുണങ്ങളും ഉപയോഗങ്ങളും മനസ്സിലാക്കാനുള്ള ചാതുര്യമാണു് വർണ്ണനാകർത്താവിനാവശ്യം. ഒരാൾ വായിക്കുന്ന പുസ്തകങ്ങളിൽനിന്നും മററും ആവശ്യമുള്ള വിവരങ്ങൾ ശേഖരിക്കുന്നു. മറേറ ആൾ താൻ കാണുന്നതിൽനിന്നും കേൾക്കുന്നതിൽനിന്നും വേണ്ടുന്നതെടുക്കുന്നു.

വിമർശം—ജീവചരിത്രത്തിൽനിന്നോ ദേശചരിത്രത്തിൽനിന്നോ അറിവാൻ സംഗതിവരുന്ന തത്വങ്ങളെപ്പററി പര്യാലോചനചെയ്തുകൊണ്ടു് എഴുതപ്പെടുന്ന പ്രബന്ധങ്ങളാണു് വിമർശങ്ങൾ എന്നു പറയാം. പുസ്തകങ്ങളെപ്പററിയോ മറേറാ ഉള്ള ഗുണദോഷനിരൂപണങ്ങളൊക്കെ ഈ തരത്തിൽപെട്ടതാണു്. കാലധർമ്മം പ്രാപിച്ച വല്ലവരുടേയും ഗുണങ്ങളെ എടുത്തുകൊണ്ടു ചെയ്യുന്ന പ്രസംഗം വിമർശമാണു്. "സ്വയംസഹായം" "സന്മാർഗ്ഗധർമ്മം" എന്നിവകൾ വിമർശനത്തിനു് ഉദാഹരണങ്ങൾ ആണു്. ഇങ്ങനെയുള്ള പ്രബന്ധങ്ങൾ സാമാന്യതത്വങ്ങളെപ്പററി വിവരിക്കുന്നവയാകയാൽ അഭിപ്രായഭേദത്തിനു സംഗതിവരുന്നതാണു്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ശരിയാണെന്നു തനിക്കു തോന്നുന്ന അഭിപ്രായത്തെ മിതമായ സ്വരത്തിൽ പ്രസ്താവിക്കാനും മറുഭാഗത്തെ അഭിപ്രായത്തെ എടുത്തുപറഞ്ഞു ശരിയായി വിവരിക്കാനും സൂക്ഷിക്കേണ്ടതാകുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ വാദപ്രതിവാദരീതിയിൽ മിതമായി വ്യവഹരിക്കയല്ലാതെ ഒരു വക്കീലിനെപ്പോലെ ഒരു ഭാഗം പിടിച്ചു വാദിക്കയാണെന്നു വരുത്തരുതു്.

**കെട്ടുകഥ**—ഇതുവരെ പറഞ്ഞതൊക്കെ യഥാൎത്ഥസംഭവങ്ങളേയും സാധനങ്ങളേയും അടിസ്ഥാനമാക്കി എഴുതപ്പെടുന്ന പ്രബന്ധങ്ങളെപ്പററിയാണല്ലൊ. കെട്ടുകഥ ഇല്ലാത്തതു കൂട്ടിക്കെട്ടിച്ചമയ്ക്കുന്നതാണ്. അതിൻെറ ആവശ്യം വായനക്കാരന് അറിവു നൽകയല്ല, അവൻെറ ഭാവനാശക്തിയെ വിനോദിപ്പിക്കുകയാകുന്നു. കെട്ടുകഥകൾ പലതരത്തിലുണ്ട്. രാക്ഷസന്മാരുടെയും വനദേവതമാരുടേയും മററും കഥകൾ എല്ലാവരും കേട്ടിട്ടുള്ളതാണ്. ഇവയൊക്കെ വെറും വിനോദത്തിനു പറയപ്പെടുന്നവയാണ്. അങ്ങനെതന്നെ "അലിബാബായും നാല്പതു കള്ളന്മാരും" "അതിശയമാന്ന നിലവിളക്ക്" "നിദ്രാണൻെറ ഭാഗ്യോദയം" മുതലായ "അറബിയൻനൈററി"ലെ കഥകളും വെറും രസത്തിനായി എഴുതപ്പെട്ടവയാണ്. എന്നാൽ "ഈസോപ്പിൻെറ സാരോപദേശങ്ങൾ" അങ്ങനെയല്ല അതിൻെറ ഉദ്ദേശം സാരോപദേശംതന്നെയാണ്. കഥാരൂപേണ പല സാരമായ തത്വങ്ങളേയും ഉപദേശിക്കയാണ് അതു ചെയ്യുന്നതു്. ആന്തരമുള്ള ചില കഥകൾ ഉണ്ടു്. രാമായണംകഥ യഥാൎത്ഥത്തിൽ നടന്ന സംഭവങ്ങളെ വിവരിക്കുന്നതല്ലെന്നും അതിന് ആന്തരാൎത്ഥം പ്രത്യേകിച്ചുണ്ടെന്നും പറയപ്പെടുന്നുണ്ടല്ലൊ. ഇവയിൽനിന്നൊക്കെ വ്യത്യാസപ്പെട്ടുകൊണ്ടുള്ളതാണ് "നോവലുകൾ" നോവൽ എന്നു നാം സാധാരണ പറഞ്ഞുവരുന്ന പുസ്തകങ്ങൾതന്നെ പലവിധത്തിലുണ്ടു്. "ഇന്ദുലേഖ" ഒരു യഥാൎത്ഥനോവലാണ്, ഒരു സമുദായത്തിൻെറ ആചാരനടപടികളും ചില പ്രത്യേകജനങ്ങളുടെ സ്വഭാവവിശേഷങ്ങളും വിവരിക്കുകയാകുന്നു നോവലിൻെറ ഉദ്ദേശം. "കുന്ദലത" ഈ അൎത്ഥത്തിൽ നോവലെന്നു പറഞ്ഞുകൂടാ. ഓരോ സംഭവങ്ങളെപ്പററി വിവരിക്കുന്നതു പ്രത്യേകോദ്ദേശമാക്കുകയും പാത്രങ്ങളുടെ സ്വഭാവവിശേഷങ്ങളെ വായനക്കാൎക്കു കാണിച്ചുകൊടുക്കുന്നതിൽ അധികം ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്ന ഒരുവിധം കഥകൾക്കു ഇംഗ്ലീഷിൽ "റോമാൻസ്" എന്നുപറയുന്നു. "കുന്ദലത" ഒരു റോമാൻസാണ്. ഏതായാലും മലയാളത്തിൽ ഇങ്ങനെയുള്ള വ്യത്യാസങ്ങളോടുകൂടി അനേകം പുസ്തകങ്ങൾ ഉണ്ടാകുന്നതുവരെ എല്ലാററിനേയും നാം നോവലെന്നുതന്നെ പറകയേ ഉള്ളൂ. ചരിത്രപ്രസിദ്ധമായ സംഗതികളോടു സ്വന്തം ഭാവനാശക്തിയുടെ ഫലമായ സംഗതികളെക്കൂടി കൂട്ടിച്ചേൎത്തുണ്ടാക്കുന്ന നോവലുകൾ ഒന്നു വേറെതന്നെയാണ്. അതിനു "ചരിത്രനോവൽ" എന്നുപറയാമെങ്കിൽ "മാൎത്താണ്ഡവൎമ്മ" ഒരു ചരിത്രനോവലാണ്.

**ആവഞ്ജനം**—ആവഞ്ജനം എന്നാൽ പറഞ്ഞു വഴിപ്പെടുത്തുകയാണ്. ഓരോ പ്രത്യേകകാൎയ്യം ചെയ്വാനോ അനുസരിയ്ക്കാനോ ജനങ്ങളെ ഉദ്യമിപ്പിയ്ക്കാൻവേണ്ടി എഴുതപ്പെടുന്ന പ്രബന്ധങ്ങൾക്കാണ് "ആവ

ജ്ജനം" എന്നു പേർ പറയുന്നതു്. അവജ്ജനം അധികവും വാചാപ്രസംഗം വഴിയായിട്ടാണു് ചെയ്യപ്പെടാറു്. ഇങ്ങനെയുള്ള പ്രബന്ധങ്ങളിലെ വാചകരീതി അത്യന്തം ലളിതമായിരിക്കുകയും തന്റെ വാദങ്ങളൊക്കെ വിശദമായിരിക്കുകയും താൻ ശരിയായി വിശ്വസിക്കുന്ന കാൎയ്യമാണു് പറയുന്നതെന്നു തോന്നത്തക്ക രീതിയിലായിരിക്കുകയും അഭിപ്രായങ്ങൾ നല്ല ഉറപ്പും ശക്തിയും ഉള്ളവയായിരിക്കുകയും വേണം. ഇതിനെപ്പററി അധികം വിവരിച്ചു പിന്നെ പറയുന്നതാണു്.

ഉപാലംഭനം—വല്ലവരുടെയുമോ വല്ല സമുദായത്തിന്റെയുമോ തെററുകൾ ചൂണ്ടിക്കാണിച്ചു പരിഹസിച്ചു ശരിയാക്കുകയാണു ഉപാലംഭപ്രബന്ധങ്ങളുടെ ആവശ്യം. ഇങ്ങനെയുള്ള പ്രബന്ധങ്ങളിൽ ദോഷഭാഗത്തെ അല്ലാതെ ഗുണഭാഗങ്ങളെ എടുത്തുപറകയില്ല. ദോഷഭാഗത്തെ കുറെ വിസ്തരിച്ചു പറകയും ചെയ്യും. ആരെപ്പററി ഈ വക പ്രബന്ധങ്ങൾ എഴുതപ്പെടുന്നുവോ അയാൾക്കു് കോപവും ഈൎഷ്യയും വരത്തക്കവിധത്തിലായിരിക്കും അവയുടെ രീതി.

ഫലിതം—ഉപാലംഭം വേദനപ്പെടുത്താനുള്ള ഉദ്ദേശത്തോടുകൂടി എഴുതപ്പെടാറുള്ളതുപോലെ "ഫലിതം" വിനോദിക്കാനുള്ള ഉദ്ദേശത്തോടുകൂടി എഴുതപ്പെടുന്നു. "നാലുപേരിലൊരുത്തൻ" മുതലായി വെറുംനേരമ്പോക്കിനായി എഴുതപ്പെടുന്നവ ഫലിതങ്ങളുടെ കൂട്ടത്തിലാണു്. സാധാരണയായി ഫലിതം ഒരു കഥാരൂപത്തിലുള്ള പ്രബന്ധമായിരിക്കും. എന്നാൽ കഥയ്ക്കു് വിശേഷിച്ചു വല്ല "പ്ലോട്ടോ" മററോ വേണമെന്നില്ല.

സാഹിത്യപ്രബന്ധങ്ങളുടെ ഈ എല്ലാവിഭാഗങ്ങളും ഒരു വൃത്താന്തപത്രത്തിൽ കാണാവുന്നതാണു്. സ്വദേശവിദേശകാൎയ്യങ്ങളൊക്കെ ചരിത്രത്തിൽ പെട്ടവയാണു്. വല്ലയോഗ്യന്മാരും കാലധൎമ്മം പ്രാപിച്ചാൽ അവരുടെ ജനനകാലം ഉദ്യോഗാവധി മുതലായവയെ പത്രത്തിൽ എഴുതുന്നതു് ജീവചരിത്രമായി. വല്ല നാടകങ്ങളെയോ, പ്രദൎശനങ്ങളെയോ വിവരിച്ചുകൊണ്ടുള്ള ലേഖനങ്ങൾ വൎണ്ണനകളാകുന്നു. ആ വക നാടകങ്ങളെ പൎയ്യാലോചന ചെയ്തുകൊണ്ടു വല്ല അഭിപ്രായവും എഴുതുന്നതു് വിമൎശനമായി. പുസ്തകാഭിപ്രായങ്ങളും ഈ തരത്തിൽ പെട്ടതാണു്. ചില പത്രങ്ങളിൽ കെട്ടുകഥകൾക്കു് ധാരാളം ഉദാഹരണം കാണാം. വല്ല പ്രതിയേയും കുററക്കാരനല്ലെന്നു കണ്ടു വിടാനുള്ള അപേക്ഷയോടു വക്കീൽമാർ കോടതികളിൽ നിന്നു ചെയ്യാറുള്ള പ്രസംഗങ്ങൾ പകൎത്തി പരസ്യം ചെയ്യുന്നതു് അവജ്ജനത്തിനു് ഉദാഹരണമാകുന്നു. ഉദ്യോഗസ്ഥന്മാരുടെ കുററവും കുറവും വിളിച്ചുപറഞ്ഞു ഉപാലംഭത്തിനു ഉദാഹരണ

മാകുന്ന ഉപന്യാസങ്ങൾ മിക്ക പത്രങ്ങളിലും കാണാം. കവിതങ്ങൾക്കൊ ചില പത്രങ്ങൾ പ്രത്യേകം സ്ഥലം അനുവദിച്ചിട്ടുണ്ടല്ലോ.

---

## ൨. രൂപവിഭാഗം.

രൂപം കൊണ്ടു പ്രബന്ധങ്ങൾ നാലുവിധമുണ്ടു്. ആഖ്യാനം, വർണ്ണനം, വിവരണം, ഉപപാദനം;

യഥാർത്ഥത്തിൽ നടന്ന ഒരു സംഭവത്തെപ്പററി പ്രസ്താവിക്കുന്നതു് "ആഖ്യാനം" ആണു്. യഥാർത്ഥത്തിൽ നടന്നതാണെന്നു് വായനക്കാർക്കു തോന്നത്തക്കവിധത്തിൽ പ്രസ്താവിക്കുന്നതും ആഖ്യാനം തന്നെ. ദേശചരിത്രവും ജീവചരിത്രവും ആഖ്യാനത്തിനു ദൃഷ്ടാന്തങ്ങളാകുന്നതുപോലെ ഈസോപ്പിൻെറ സാരോപദേശകഥകളും ഇന്ദുലേഖമുതലായ നോവലുകളും ആഖ്യാനത്തിൽ ഉൾപ്പെട്ടുമെന്നു് ഇപ്പോൾ ഗ്രഹിക്കാമല്ലോ. ഈസോപ്പിൻെറ സാരോപദേശത്തിലുള്ള 'ആമയും മുയലും' എന്ന കഥയെപ്പററി ആലോചിക്കുക. അതിൽ ആമയേയും മുയലിനേയും പററി ആ കഥയ്ക്കാവശ്യമുള്ള കാൎയ്യങ്ങളല്ലാതെ മററുള്ള കാൎയ്യങ്ങൾ പറഞ്ഞു കഥ പടൎന്നു പിടിക്കത്തക്കവണ്ണം ദീർഘിപ്പിച്ചിട്ടില്ല. ഇന്ദുലേഖ അങ്ങനെയല്ല. അതിൽ പലരുടെ കഥകളും പലസംഭവങ്ങളും സന്ദർഭോചിതമായിപ്പറകയാൽ കഥ പടൎന്നു വ...തായിതീൎന്നിരിക്കുന്നു. അതുകൊണ്ടു "ആമയും മുയലും" എന്നകഥയ്ക്കു് "ശുദ്ധാഖ്യാനം" എന്നും ഇന്ദുലേഖയ്ക്കു "മിശ്രാഖ്യാനം" എന്നുംപേരിടാം ഭാരതവും രാമായണവും മിശ്രാഖ്യാനങ്ങൾക്കു് നല്ല ദൃഷ്ടാന്തങ്ങളാണു്. മിശ്രാഖ്യാനത്തിലടങ്ങിയ ഓരോ ചെറുകഥയും "ഉപാഖ്യാനം" ആകുന്നു. പ്രകവധം കഥ ഒരു ഉപാഖ്യാനമത്രെ.

ഒന്നിനെ മറെറാന്നിൽ നിന്നു വ്യത്യാസപ്പെടുത്തി മനസ്സിലാക്കാൻ കഴിവുവരത്തക്കവിധത്തിൽ അതിൻെറ പ്രത്യക്ഷങ്ങളായ വിശേഷതകളെപ്പററി പ്രസ്താവിക്കുകയാണു് "വർണ്ണനം" എന്നാൽ ഇന്ദ്രിയഗോചരങ്ങളായവയെപ്പററി മാത്രമേ വർണ്ണിച്ചുകൂടുവെന്നില്ല. ഒരാളുടെ സ്വഭാവവൈശിഷ്ട്യം, മനസ്സിൻെറ സ്തോഭം മുതലായവയൊക്കെ വർണ്ണനങ്ങൾക്കു വിഷയങ്ങളാകുന്നു. ബോമ്പായിലെ തുറമുഖത്തെ ചന്തുമേനോൻ വർണ്ണിച്ചതുപോലെയല്ല ഒരു ഇഞ്ചിനീയർ വർണ്ണിയ്ക്കുക. കൊല്ലംപട്ടണത്തെ കേരളവൎമ്മവലിയകോയിത്തമ്പുരാൻ വർണ്ണിച്ചതുപോലെയല്ല ഒരു പട്ടണ

പരിഷ്കരണവിദാഗ്ധൻ വർണ്ണിക്കുക. അതുകൊണ്ട് വർണ്ണനം രണ്ടു വിധത്തിലാവാം. ലൌകികം, ശാസ്ത്രീയം.

എളുപ്പത്തിൽ ഗ്രഹിക്കാൻ സാധിക്കാത്തയൊരുകാര്യത്തേയൊ തത്വത്തേയൊ വിശദപ്പെടുത്തിക്കൊടുക്കുകയാണ് "വിവരണ"ത്തിൻെറ ഉദ്ദേശ്യം. ഏതെങ്കിലുമൊരുകാര്യം യാഥാർത്ഥത്തിൽഎങ്ങിനെയാണ്ചെയ്തുപൂർത്തിയാക്കിയതെന്നു പറയുന്നതു് വിവരണത്തിലുൾപ്പെടുകയില്ല. എന്നാലൊരുകാര്യം ഒരു പ്രത്യേകവിധത്തിൽ ചെയ്യപ്പെട്ടതു് എന്താവശ്യത്തിനാണെന്നും എങ്ങനെയാണൊരുകാര്യം ചെയ്തു പൂർത്തിയാക്കേണ്ടതെന്നും വിവരിച്ചു കൊടുക്കാം. വിവരണം ഒരു സാമാന്യകാര്യത്തെപ്പററിപ്പറയുന്നു. രവിവർമ്മകോയിത്തമ്പുരാൻ വരച്ച രംഭയുടെ ചിത്രത്തെ വർണ്ണിച്ചു എഴുതാം. എന്നാൽ ചിത്രമെഴുത്തിനെക്കുറിച്ചെഴുതുന്ന പ്രബന്ധംവിവരണമാകുന്നു. വിവരണവും വർണ്ണനവും തമ്മിലിങ്ങനെ വ്യത്യാസപ്പെടുന്നു.

ഏതെങ്കിലുമൊരുകാര്യം ശരിയൊ തെററൊ ന്യായമൊ അന്യായമൊ, എന്നിങ്ങനെ വ്യവഹരിച്ചു് ഒരു തീർപ്പു കല്പിക്കുന്നതാണ് "ഉപാദനം" ദ്വിതീയാക്ഷരപ്രാസം ശ്ലോകങ്ങളിൽ ആവശ്യമൊ അല്ലയൊ എന്നു വാദപ്രതിവാദരൂപേണ തീർച്ചപ്പെടുത്തുന്നതു് ഉപപാദമാണ്. ദ്വിതീയാക്ഷരപ്രാസത്തിൻെറ സ്വഭാവത്തേയും അതുകൊണ്ടുള്ള പ്രയോജനത്തേയും പററി ഒരുവിവരണവുമെഴുതാം. പക്ഷെ അങ്ങനെചെയ്യുമ്പോൾ അതാവശ്യമുണ്ടൊ ഇല്ലയൊയെന്നു് വ്യവഹരിച്ചുതീർച്ചപ്പെടുത്തേണമെന്നില്ല.

ഒരുകാര്യം ഓർമ്മവേണം. മേല്പറഞ്ഞനാലു വിഭാഗങ്ങളിൽ ഓരോന്നും തനിച്ചുമാത്രമേ വരാൻ പാടുള്ളുവെന്നില്ല. ആഖ്യാനത്തിൽ വർണ്ണനം ആവശ്യമാണെന്നും അതുണ്ടാകുമെന്നും നോവലുകളിൽ നായികാനായകന്മാരുടേയും ചിലകെട്ടിടങ്ങളുടേയും കാഴ്ചകളുടേയും മററും വർണ്ണനങ്ങളുള്ളതുകൊണ്ടു മനസ്സിലാക്കാവുന്നതാണ്. ഒരു സാമാന്യതത്വത്തെ ഉപപാദനം ചെയ്യേണമെങ്കിൽ ആ തത്വത്തിൻെറ അർത്ഥംവിവരിക്കണം. ദ്വിതീയാക്ഷരപ്രാസം ആവശ്യമോ അല്ലയോ എന്നു വ്യവഹരിച്ചു തീർച്ചയാക്കുന്നതിന്നു് മുമ്പിൽ പ്രാസമെന്താണെന്നും ദ്വിതീയാക്ഷരപ്രാസമെന്താണെന്നും വിവരിക്കേണ്ടിവരും. അതുകൊണ്ടു് ഈ നാലുതരം പ്രബന്ധങ്ങളും ഒരു ഗ്രന്ഥത്തിൽത്തന്നെ ഉണ്ടാകാവുന്നതാണ്.

എല്ലാ പ്രതിബന്ധത്തിനും മൂന്നുകാര്യങ്ങൾ അത്യാവശ്യമാകുന്നു. അവ യോജ്യത സംശ്ലിഷ്ടത, ശക്തി. എന്നിവതന്നെ. അനാവശ്യസം

ഗതികൾ കൂട്ടിച്ചേൎത്തു് പ്രബന്ധം വെറുതേ വലുതാക്കാതെ സൂക്ഷിക്കുന്ന ഗുണത്തിനാണു് "യോജ്യത" യെന്നുപറയുന്നതു്. ഒരു സദ്യയെപ്പററി വിവരിക്കുന്ന പ്രബന്ധത്തിൽ വാഴകൃഷിയെ വിവരിക്കേണ്ടുന്ന ആവശ്യമില്ല. സദ്യയ്ക്കു് ഇലയും പഴവും കൂടിയേ കഴിയൂ എന്നുണ്ടായാൽ പോലും വാഴകൃഷിയുടെ വിവരണം അനാവശ്യമാണു്. പ്രബന്ധത്തിൽ എടുത്തു കാണിക്കുന്ന സംഗതികളെ കാൎയ്യകാരണ സംബന്ധത്തോടുകൂടി ക്രമപ്പെടുത്തുന്നതിനാലുണ്ടാകുന്ന അനുഭവത്തിനാണു് "സംശ്ലിഷ്ടത" യെന്നു നാമകരണം ചെയ്തിരിക്കുന്നതു്. ഒരു വിഷയത്തെക്കുറിച്ചെഴുതുന്ന പ്രബന്ധത്തിൽ പല സംഗതികളും എടുത്തു പറവാനുണ്ടാകാമെങ്കിലും അവയിൽ ചിലതിലധികം മുഖ്യതയുണ്ടാകാമല്ലോ. ഏററവും മുഖ്യതയുള്ള സംഗതിയേ, പ്രബന്ധത്തിൽ മുഖ്യസ്ഥാനത്തുതന്നെ ചേൎക്കണം. അങ്ങനെ ചെയ്തെങ്കിലേ പ്രബന്ധത്തിനു് ആകപ്പാടെ ഒരു "ശക്തി" സിദ്ധിക്കയുള്ളു.

ശുദ്ധാഖ്യാനത്തിൽ ഈ ഗുണങ്ങൾ വരുത്താൻ അധികം പ്രയാസമില്ല. എന്നാൽ ചെറുകഥകളിൽ ഏററവും മുഖ്യമായ സ്ഥാനം ഒടുവിലാണെന്നോൎമ്മിക്കണം "ആമയും മുയലും" എന്ന കഥയിൽ ഏററവും മുഖ്യതയുള്ള സംഗതി ആമ മുയലിനെ തോല്പിച്ചതാണല്ലോ. അതു് ഒടുവിലെ പറയാവൂ. "ഒരിക്കൽ ഒരാമ ഒരു മുയലിനെ തോല്പിച്ചിരുന്നു" എന്നിങ്ങനെ കഥപറഞ്ഞുതുടങ്ങിയാൽ കഥയ്ക്കു് ശക്തി കുറഞ്ഞുപോകുന്നു. മിശ്രാഖ്യാനത്തിൽ മേല്പറഞ്ഞ ഗുണങ്ങൾ വരുത്താൻ കുറെ ആലോചിക്കേണ്ടതുണ്ടു്. മിശ്രാഖ്യാനത്തിൽ യോജ്യത രണ്ടുവിധമുണ്ടു്. കഥാവസ്തുവെ സംബന്ധിച്ചുള്ള യോജ്യത, ഉദ്ദേശ്യത്തെ സംബന്ധിച്ചുള്ള യോജ്യത, രണ്ടോ അധികമോ സംഭവങ്ങളെപ്പററി ആഖ്യാനം ചെയ്യാനുണ്ടെങ്കിൽ അവയൊക്കെ ഒടുവിൽ യോജിച്ചുവരണം. അവകളൊക്കെ ഒരു വലിയ നദിയുടെ പോഷകനദികൾപോലെ ഇരിക്കണം. അങ്ങനെയായാലേ കഥാവസ്തുവിന്നു യോജ്യത സിദ്ധിക്കയുള്ളു. ഒരാഖ്യാനത്തിന്റെ ഉദ്ദേശ്യം ഒരു പാത്രത്തിന്റെ പ്രത്യേകമായ സ്വഭാവവൈശിഷ്ട്യത്തെ പ്രത്യക്ഷപ്പെടുത്താനാണെന്നിരിക്കട്ടെ, അപ്പോൾ ആ സ്വഭാവത്തെ തെളിയിക്കാനുള്ള വിവിധസംഭവങ്ങളെച്ചേൎത്തു പറയണം. എ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാനവർകൾ മഹാരാജാസ് കാളേജിലെ പ്രിൻസിപ്പാളായ നിലയിലുള്ള പ്രവൃത്തികളെ ആഖ്യാനം ചെയ്യുന്ന പ്രബന്ധത്തിൽ അവിടത്തെ "ഭാഷാഭൂഷണ"ത്തെ വിമൎശം ചെയ്യേണ്ടുന്ന ആവശ്യമില്ല. പ്രിൻസിപ്പാളിന്റെ നിലയിൽ ചെയ്ത പ്രവൃത്തികൾ മാത്രമേ എടുത്തു പറയാവൂ. ഒരാളുടെ ജീവചരിത്രം മുഴുവനെഴുതുന്നതാണെങ്കിൽ കൂടി അയാൾക്കുള്ള ഗുണദോഷങ്ങളിൽ ഏററവും മുഖ്യതയുള്ളവ മാത്രമേ പറയേണ്ടുന്ന ആവശ്യമുള്ളു.

മിശ്രാഖ്യാനത്തിൽ സംശ്ലിഷ്ടത സാധിക്കേണ്ടതു് സംഗതികളെ ക്രമപ്പെടുത്തുന്നതിലും ആ സംഗതികളെ തമ്മിൽ ഘടിപ്പിക്കുന്നതിലുമാണു്. സംഗതികളുടെ ക്രമം, കാലത്തിന്നനുസരിച്ചാണു് വേണ്ടതെങ്കിലും ചിലപ്പോളതു സാധിച്ചില്ലെന്നു വരാം.

എന്നുമാത്രമല്ല ആദ്യസംഭവങ്ങളെപ്പറ്റിപ്പറയുന്നതിനു മുമ്പു കവി വായനക്കാരുടെ ശ്രദ്ധയെ ആകർഷിക്കേണ്ടുന്ന ഉദ്ദേശ്യത്തോടുകൂടി ഏററവും രസകരമായ ഒരു ദിക്കിൽ കഥ തുടങ്ങി പിന്നീടു് ആദ്യത്തെ സംഭവങ്ങളെ എടുത്തു പറഞ്ഞുവെന്നു വരാം. ഇന്ദുലേഖ ആരംഭിക്കുന്നതു നോക്കുക, അങ്ങിനെ ചെയ്യുന്നതുകൊണ്ടു് ആഖ്യാനത്തിനു ശക്തിയും കൂടുന്നു.

മേലെഴുതിയ മൂന്നു ഗുണങ്ങൾ ശേഷം മൂന്നുതരം പ്രബന്ധങ്ങളിൽ വരുത്തുവാൻ ഈ നിയമങ്ങൾതന്നെ ഏറക്കുറേ മനസ്സിൽ ധരിച്ചാൽ മതിയാകുന്നതാണു്.

## നോവൽ.

നോവലെന്ന പദംതന്നെ മലയാളത്തിൽ സ്വീകരിക്കാമെന്നു തോന്നുന്നു. ആഖ്യായിക എന്നൊ മററൊ പറഞ്ഞാൽ അതെന്താണെന്നറിയുന്നതിനേക്കാൾ എളുപ്പത്തിലും വേഗത്തിലും നോവലെന്നുപറഞ്ഞാലാണു് അധികംപേരും അറിയുക എന്നതിനു സംശയമില്ല. പക്ഷേ നോവലെന്ന പദം ഇംഗ്ലീഷിൽ ഉപയോഗിക്കുന്നതിനേക്കാൾ അധികം വ്യാപ്തിയുള്ള അർത്ഥത്തിൽ മലയാളത്തിൽ ഉപയോഗിക്കേണ്ടിവരും. ഇംഗ്ലീഷിൽ "റൊമാൻസ്സ്" എന്നും മററും ഉള്ള പ്രത്യേകതരകഥകളെപ്പററിയെല്ലാം മലയാളത്തിൽ നോവലെന്നുതന്നെ തല്ക്കാലം പറകയേ നിവൃത്തിയുള്ളൂ. അനേകവിധത്തിലുള്ള കഥകൾ മലയാളഭാഷയിലുണ്ടാകുന്നതിനനുസരിച്ചു് അവയ്ക്കു തക്കതായ പേരുകളും ഉണ്ടാകുമെന്നു വിശ്വസിക്കാം.

മലയാളഭാഷയിൽ കുന്ദലത, ഇന്ദുലേഖ, മാർത്താണ്ഡവർമ്മ, എന്നീ മൂന്നു കഥകൾ മൂന്നുതരത്തിലുള്ളവയാണു്. മാർത്താണ്ഡവർമ്മ ചരിത്രസംബന്ധമായ നോവലാണു്. ഒരു രാജ്യത്തിൽ പുരാണകാലത്തുണ്ടായിരുന്ന

യഥാൎത്ഥസംഭവത്തെ അടിസ്ഥാനമാക്കി, അതിനോട് ഗ്രന്ഥകൎത്താവിന്റെ കല്പനാശക്തിക്കനുസരിച്ച് പലതും കൂട്ടിച്ചേൎത്തുണ്ടാക്കി ഘടിപ്പിച്ച് ഒരു കഥാരൂപമുണ്ടാക്കുന്നതിനാണ് ചരിത്രസംബന്ധമായ നോവലെന്നു പറയുന്നത്. അതിലുള്ള പാത്രങ്ങളിൽ അധികവും മുമ്പു ജീവിച്ചവരായിരിക്കാം. അവരുടെ സ്വഭാവവിശേഷങ്ങളും മററും ചരിത്രത്തിൽ വിവരിച്ചതിന്നനുസരിച്ചുതന്നെ നോവലിലും പ്രദൎശിപ്പിക്കാൻ ഗ്രന്ഥകാരൻ ശ്രമിക്കുന്നതാണ്. പലപ്പോഴും നോവലിൽ വിവരിക്കുന്ന കഥകളും ചരിത്രത്തിലെ സംഭവങ്ങളും അന്യോന്യം പലവിധത്തിലും വ്യത്യാസപ്പെട്ടെന്നു വരാം. ചരിത്രത്തിൽ പറഞ്ഞവ മാത്രമേ നോവലിൽ വരുത്താവൂ എന്നു നിൎബ്ബന്ധമില്ല. ഇങ്ങനെയുള്ള കഥകളെഴുതാൻ പുരാണകാലത്തുണ്ടായിരുന്ന നടപടികളെപ്പററിയും മററും ധാരാളം പരിചയമുള്ള ആളുകൾക്കേ സാധിക്കയുള്ളൂ. ചരിത്രസംബന്ധമായ നോവലുകൾ എഴുതുന്നവർ ഒന്നാമത് ആ ചരിത്രം, ചരിത്രമായിത്തന്നെ വളരെ വിശദമായി പഠിച്ചറിയണം. അതിൽ കഥയ്ക്കു സ്വീകരിക്കുന്ന സംഭവങ്ങളെ പ്രത്യേകമെടുത്ത് ആവക സംഭവങ്ങൾക്കു കാരണമായി, അവയോടു സംബന്ധപ്പെട്ട ജനങ്ങളുടെ നടപടികളും സ്വഭാവങ്ങളും വരുത്തിക്കൂട്ടണം. അങ്ങനെ കഥയിൽ നടന്ന ഓരോ കാൎയ്യങ്ങളും അവയുടെ കാരണങ്ങളും വിശദമായി വരുമ്പോൾ ഓരോ പാത്രങ്ങളുടെ പ്രത്യേകഗുണങ്ങൾ വെളിവായി പാത്രങ്ങൾ സൃഷ്ടിക്കപ്പെട്ടു. പിന്നെ ആവക കഥാപുരുഷന്മാരുടെ ഹൃദയത്തിലും മനസ്സിലും ഉള്ള ഓരോ വികാരങ്ങളും ക്ഷോഭങ്ങളും അവയുടെ പ്രത്യേകഗുണങ്ങളും പ്രകൃതിയും നല്ലവണ്ണം സ്ഥിരപ്പെടുത്തണം. അങ്ങനെയാണ് ഓരോ പാത്രങ്ങളും ഓരോ സംഭവങ്ങളും അന്യോന്യമുള്ള ഐക്യം വരുത്തുന്നത്. പരമാൎത്ഥത്തിൽ സംഭവിച്ചതായ ഓരോ കാൎയ്യങ്ങൾ ചരിത്രത്തിലുള്ളവതന്നെ സ്വീകരിച്ച്, അവയോട് ഗ്രന്ഥകൎത്താവിന്റെ കല്പനാശക്തിക്കനുസരിച്ച് സ്വാഭാവികമായും സംഭാവ്യമായും തോന്നാവുന്ന കാൎയ്യങ്ങൾകൂടി കൂട്ടിച്ചേൎത്ത് പലവിധരസങ്ങളും ഒന്നിനൊന്നു അനുരൂപമായ ക്രമത്തിൽ വിവരിച്ച് വായനക്കാരുടെ ശ്രദ്ധയെ ആകൎഷിക്കത്തക്ക നിലയിൽ ആയിരിക്കണം കഥ എഴുതുന്നത്.

തച്ചോളി ഉതയനന്റെ ചരിത്രം പുസ്തകരൂപമായിട്ടില്ലെങ്കിലും, വടക്കൻപാട്ടു നിലനില്ക്കുന്ന കാലത്തോളം കേവലം പൊയ്യോയെന്നു പറവാൻ പാടില്ല. ഉതയനനെ നായകനാക്കി അനേകം നോവലുകൾ മലയാളഭാഷയിൽ എഴുതുവാൻസാധിക്കുന്നതാകുന്നു. പക്ഷേ ആ കാലത്തുണ്ടായിരുന്ന ദേശാചാരങ്ങളും ജാത്യാചാരങ്ങളും നല്ലവണ്ണം അറിയുന്ന ആളായിരിക്കണം അതിനു തുടങ്ങേണ്ടത്. തച്ചോളിപ്പാട്ടു ധാരാളം കേട്ടാൽതന്നെ അ

വകആചാരങ്ങൾഒരുവിധംമനസ്സിലാക്കാവുന്നതാകുന്നു. സ്കോട്ടിന്റെനോവലുകൾ ധാരാളം വായിച്ചു് അവയുടെ സമ്പ്രദായങ്ങൾ നല്ലവണ്ണം മനസ്സിലാക്കിയ ആൾക്കു് തച്ചോളി ഉതയനന്റെ കഥകൾ അടിസ്ഥാനമാക്കി മലയാളത്തിൽ നോവലുകൾ എഴുതാൻ പ്രയാസമുണ്ടാകുന്നതല്ല.

ഇന്ദുലേഖപോലുള്ള നോവലുകൾ എഴുതുന്നവൎക്കു് ഈ ബുദ്ധിമുട്ടില്ല. എങ്കിലും സൂക്ഷ്മം പറയുന്നതായാൽ അതരത്തിലുള്ള ഒരു കഥ എഴുതിരസിപ്പിക്കാനാണു് അധികം പ്രയാസം. അതിനാണു് അധികം സാമൎത്ഥ്യംവേണ്ടതു്. ഗ്രന്ഥകൎത്താവു് ജീവിക്കുന്നകാലത്തു് നടന്ന മാതിരിയിലുള്ള ഒരു കഥയെ അദ്ദേഹത്തിന്റെ സമാനകാലീനന്മാരായവരുടെ സ്വഭാവവിശേഷങ്ങളെ വിവരിച്ചുകൊണ്ടു് അവരെ പാത്രങ്ങളാക്കി ഉണ്ടാക്കുന്നതാകുന്നു ഇന്ദുലേഖപോലുള്ള കഥകൾ. ഇങ്ങനെയുള്ള കഥകൾകൊണ്ടു് കഴിയുന്നതു അതാതുകാലത്തെയും ആചാരങ്ങളുംമററും വിശദീകരിക്കാനാണു് ഗ്രന്ഥകൎത്താക്കന്മാർ ശ്രമിക്കുന്നതു്. ഇതിൽ കഥയുടെ രസമല്ല അധികമായി വിലവെയ്ക്കാനുള്ളതു്. ഓരോ പാത്രങ്ങളുടെ സ്വഭാവത്തെ അവരുടെ പ്രവൃത്തികൊണ്ടും സംഭാഷണങ്ങളേക്കൊണ്ടും വെളിപ്പെടുത്തിക്കൊണ്ടു വരികയും ഓരോ നടപടികളെയും സ്ഥലങ്ങളേയും മനുഷ്യരെയും വിവരിക്കുകയും ചെയ്യുന്നതിൽ കഴിയുന്നതു പ്രകൃതിയെ അനുസരിച്ചു് പ്രവൎത്തിക്കുന്നതിലാകുന്നു ഇതിലെ കൎത്താക്കന്മാരുടെ സാമൎത്ഥ്യമിരിക്കുന്നതു്. ഇന്ദുലേഖ പുസ്തകത്തിൽ വിവരിക്കുന്ന കഥ വളരെ ചെറിയതും അത്യന്തം സാധാരണമായതും ആയ ഒരു സംഭവം മാത്രമാകുന്നു. എന്നാൽ ആ പുസ്തകം വായിച്ചാൽ പഞ്ചുമേനവൻ, സൂരിനമ്പൂരിപ്പാട്ടു്, മുതലായവരുടെ സ്വഭാവത്തെ കണ്ടറിഞ്ഞും ഇന്ദുലേഖാ മാധവന്മാരുടെ സംഭാഷണത്തെകേട്ടും നാം രസിക്കുന്നു. അതുകൊണ്ടു് നോവലിൽ വിവരിക്കുന്ന പാത്രങ്ങൾ സാധാരണ നാം നമ്മുടെ ഇടയിൽ എന്നും കാണാറുള്ളവരായിരിക്കണം. ഏതെങ്കിലും ഒരു പാത്രത്തെപ്പററി വിവരിച്ചു കേട്ടാൽ ഇതുപോലെ ആരെയൊ നാം കണ്ടിട്ടുണ്ടല്ലോ എന്നു തോന്നണം. നോവൽകൎത്താക്കന്മാർ അവരുടെ കഥാപുരുഷന്മാരെ വിവരിക്കുന്നതിൽ ഒന്നാമതു തങ്ങളെത്തന്നെയും പിന്നെ തങ്ങളുടെ അടുത്ത സ്നേഹിതന്മാരെയും ബന്ധുക്കളേയും ആണു് അടിസ്ഥാനമാക്കുന്നതു് എന്നു് ഒരു വിദ്വാൻ പറഞ്ഞിരിക്കുന്നു. ഒരു പാത്രത്തെ മനസ്സുകൊണ്ടു സൃഷ്ടിച്ചുകഴിഞ്ഞാൽ അദ്ദേഹം തന്റെ സ്വഭാവംകൊണ്ടൊ പ്രവൃത്തികൊണ്ടൊ സംസാരംകൊണ്ടൊ അന്യോന്യവിരുദ്ധമായ ഗുണങ്ങളെ പ്രദൎശിപ്പിക്കാതിരിക്കത്തക്കവണ്ണമായിരിക്കണം അദ്ദേഹത്തെ കഥയിൽ ആദ്യം തുടങ്ങി ഒടുവുവരെ പ്രവേശിപ്പിക്കുന്നതു്. വൈത്തിപ്പട്ടരുടെ വാക്കിനും നോക്കിനും ഒരുദിക്കിലും വ്യത്യാസമില്ലല്ലോ. പാ

ത്രങ്ങളുടെ സ്ഥായിയായ ഗുണങ്ങൾ മാത്രമല്ല, സംസാരരീതിപോലും ഒരിക്കലും ഭേദിക്കാത്തവിധത്തിലും മററുപാത്രങ്ങളെ സംബന്ധിച്ചു കേവലം വ്യത്യാസപ്പെട്ട നിലയിലും ആയിരിക്കണം. നോവലുകളിൽ സ്വാഭാവികമായും സംഭാവ്യമായും ഉള്ള സംഗതികളല്ലാതെ ഒരിക്കലും വിവരിക്കരുത്. നമ്മുടെ അന്നന്നുള്ള നടപടിക്ക് ഏററവും അനുസരിച്ച് വളരെ സ്വാഭാവികമായ കാൎയ്യങ്ങൾ മാത്രമേ നോവലിൽ കാണാവൂ. "സാണ്ഡോ" എന്ന ഒരാൾ ഇക്കാലം ജീവിക്കുന്നുണ്ടെന്നുള്ള സമാധാനത്തിന്മേൽ നോവലിലെ നായകന്മാരെ അവക ശക്തന്മാരാക്കിത്തീൎക്കരുത്. കുന്നെടുത്തു കുടയായിപ്പിടിക്കുകയും വെള്ളത്തിന്മേൽ നടക്കുകയും ചെയ്യുന്നവർ നോവലിൽ കഥാപുരുഷന്മാരാവാൻ പാററുകയില്ല. സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ നഖംകടിക്കുക മുതലായി ചില മനുഷ്യൎക്കുള്ള ഓരോ നിസ്സാരസ്വഭാവങ്ങൾപോലും നോവലിൽ ഓരോസന്ദൎഭത്തിൽ സരസമായുപയോഗിക്കുന്നതു, വിവരണങ്ങൾ സ്വാഭാവികമായതാണെന്നു തോന്നിക്കുവാൻ വളരെ സഹായിക്കുന്നതാകുന്നു. മലയാളഭാഷയിൽ ദുർല്ലഭമായിട്ടേ നോവൽപുസ്തകമുള്ളുവെങ്കിലും അവയുടെ ഒരു മുഖ്യദോഷം മനുഷ്യരെപ്പററിയല്ലാതെ, അവരോടു ഇടപെടുകയും അവൎക്ക് ആനന്ദപ്രദങ്ങളായിത്തീരുകയുംചെയ്യുന്ന പക്ഷിമൃഗാദികളെപ്പററിയോ വൃക്ഷലതാദികളെപ്പററിയോ ഒരു വാക്കെങ്കിലും പറയാതിരിക്കുന്നതാകുന്നു. ഇംഗ്ലീഷുനോവലിലെ കഥാപുരുഷന്മാർ അന്യോന്യസംഭാഷണംചെയ്യുന്നതിലിടയ്ക്കു ഒരു കിളിയുടെ മധുരമായ ശബ്ദമൊ ഒരു പുഷ്പത്തിന്റെ മനോഹരമായ ആകൃതിയൊ ഗ്രന്ഥകൎത്താവു് അതിഭംഗിയിൽ വിവരിക്കും. അതിന്റെ രസകരമായ അനുഭവം അനുഭവിച്ചവൎക്കൊക്കെ അറിയാം.

അതാതുകാലത്തുള്ള ആചാരങ്ങളുടേയും ഏൎപ്പാടുകളുടെയും മററും ഗുണദോഷങ്ങൾനോവലുകളിൽ വിവരിച്ചുകാണിക്കാൻ കഴിയുമ്പോലെ മറെറാന്നുകൊണ്ടും സാധിക്കയില്ല.

"ഡിക്കെൻസ്സ്" എന്ന ആംഗ്ലേയനോവലെഴുത്തുകാരൻ ജീവിച്ചിരുന്നകാലത്തു് ആ രാജ്യത്തെ ആതുരശാലയിലെ കൈകാൎയ്യം നടത്തുന്ന സമ്പ്രദായത്തിന്റെ അമാന്തസ്ഥിതി ഒലിവർട്വിസ്ററിന്റെ കഥയിൽനിന്നു് നമുക്കു് എത്ര വിശദമായി അറിയാറായിരിക്കുന്നു. ഓരോ പ്രസംഗങ്ങളേക്കൊണ്ടു് അവക ഏൎപ്പാടുകളുടെ ഗുണദോഷങ്ങളെ വിവരിക്കാതെ, പരിചയിച്ചറിയുന്ന ഒരാളുടെ അനുഭവം കഥാരൂപേണ വിവരിക്കുന്നതുകൊണ്ടു് അവയുടെ അധികമായ ഒരനുഭവവും അവയെപ്പററി വിശദമായ ഒരു ജ്ഞാനവും ഉണ്ടാകുന്നുണ്ടു്. നോവൽക്കാരൊക്കെ, അതുനിമിത്തം, അതാതുകാലത്തുള്ള ഏൎപ്പാടുകളിൽ സന്ദർഭോചിതമായി ചി

ലത്തു കഥകളിൽ വലിച്ചിടാൻ ശ്രമിക്കണം. ഏതെങ്കിലും ഒരു പ്രത്യേക ഏൎപ്പാടിനെ ദൂഷിക്കാനൊ സ്തുതിക്കാനൊ വേണ്ടിയാണ് ഒരു പ്രത്യേകനോവൽ എഴുതപ്പെട്ടതെന്നു തോന്നിക്കാതെയിരിക്കാൻ വളരെ സൂക്ഷിക്കേണ്ടതാണ്. നോവലുകളിൽ അതിൻെറ കൎത്താക്കന്മാൎക്ക് അടുത്തുപരിചയവും ധാരാളം അറിവും ഉള്ള ഏൎപ്പാടുകളേയോ ആചാരങ്ങളേയോ തത്വങ്ങളേയൊ മാത്രമേ പ്രതിപാദിക്കാവൂ. നോവൽകൊണ്ടു വായനക്കാൎക്കുള്ള മറെറാരു മുഖ്യഗുണം, ലോകത്തെഅറിവാൻഅതൊരു ഉത്തമമാൎഗ്ഗമാണെന്നുള്ളതാകുന്നു. ജനങ്ങളുടെ അവസ്ഥയും സ്വഭാവവും പ്രകൃതിയും നടപടിയും മററും പഠിച്ചറിവാൻ സഞ്ചാരംകൊണ്ടു സാധിക്കുന്നതിൽ ഏകദേശം തുല്യമായ വിധത്തിൽ നോവൽ വായനകൊണ്ടു സാധിക്കുന്നതാണ്. നമ്പൂരിമാരെകാണ്മാൻ സാധിക്കാതെയും അവരുടെ ചില നടപടികൾ അറിയാൻകഴിയാതേയും ഉള്ളവൎക്ക് ഇന്ദുലേഖ വളരെഉപയോഗപ്രദമായി തീരാതിരിക്കയില്ല. മിസ്സിസ്സ് പെന്നി എന്ന സ്ത്രീ തെക്കേഇന്ത്യയെ സംബന്ധിക്കുന്ന ചില നോവലുകൾ എഴുതീട്ടുള്ളവയിൽനിന്ന് നാം അറിഞ്ഞിട്ടില്ലാത്ത എന്തൊക്കെയോ നടപടികൾ നമുക്കു മനസ്സിലാക്കാനുണ്ട്. നോവലുകൾ അധികം വായിച്ച ആൾ അധികം സഞ്ചരിച്ചില്ലെങ്കിലും സഞ്ചാരംകൊണ്ടുണ്ടാകേണ്ടുന്ന മിക്കഫലവും സിദ്ധിച്ചവനായിരിക്കും. മാധവനേക്കൊണ്ട് ചന്തുമേനോൻ ചെയ്യിച്ച സഞ്ചാരം പലൎക്കും ഉപയോഗപ്രദമായിത്തീൎന്നിട്ടുണ്ട്.

കുന്ദലതപോലുള്ള നോവലുകൾ എഴുതാൻ പ്രയാസമില്ല. കഥ നടന്നതു ഇന്നദിക്കിലാണെന്നൊ കഥാപുരുഷന്മാർ ഇന്നജാതിക്കാരൊ രാജ്യക്കാരൊആണെന്നോ പ്രത്യേകമായി വിവരിക്കാതെ നോവൽ എഴുതിയാൽ പലകാൎയ്യത്തിനും സൗകൎയ്യമുണ്ട്. അവയേപ്പററി തല്ക്കാലം പറയുന്നില്ല.

നോവലുകളേപ്പററി ഇത്രയും മുഖവുരയായി പറഞ്ഞതിനുശേഷം ഇന്ദുലേഖ മുതലായ ഓരോ നോവലിനേപ്പററി ഗുണദോഷവിവേചനം ചെയ്യാൻ ആരംഭിക്കാം.

## കുന്ദലത.

മലയാളഭാഷയിൽ ഇദം പ്രഥമമായി ഉണ്ടായ ഈ നോവലിന്ന് അതിന്റെ അവസ്ഥയ്ക്കനുസരിച്ചുള്ള പ്രഖ്യാതിയും പ്രചാരവും സിദ്ധിച്ചതിന്നു പുറമേ അതിനെ സൎവ്വകലാശാലക്കാർ, എഫ്, എ, പരീക്ഷയ്ക്കുള്ള ഒരു പാഠ്യപുസ്തകമായി സ്വീകരിച്ചും കഴിഞ്ഞിരിക്കുന്നു. ഇതിനെപ്പറ്റി ഗുണദോഷവിവേചനചെയ്വാനാരംഭിക്കുന്നതിന്ന് ഒരാൾക്ക് ഇതിലധികം ശക്തിയുള്ള സമാധാനങ്ങൾ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ഇന്നു പ്രാപ്തനും പ്രസിദ്ധനുമായ ഒരു ഹൈക്കോടതിവക്കീലും സൎവ്വകലാശാലവക മലയാളപരീക്ഷകനും ആയ ടി. എം. അപ്പുനെടുങ്ങാടി അവർകൾ ബി. എ. ജയിച്ചശേഷം ൧൮൮൭-ൽ എഴുതിയ ഒരു കഥയാണിതു്. അദ്ദേഹം ഈ കഥയെഴുതിപരസ്യം ചെയ്തതിന്നു മുമ്പിൽ മലയാളഭാഷയിൽ ഈ വിധം പുസ്തകം ഉണ്ടായിരുന്നില്ല. ലോകപരിചയം ധാരാളം ഉണ്ടായിത്തുടങ്ങുന്നതിന്നു മുമ്പിൽ ഒരു വിദ്യാൎത്ഥിയിൽ നിന്ന് അധികം ഭേദിക്കയോ വൎദ്ധിക്കയോ ചെയ്യാത്ത അവസ്ഥയിലുള്ള ഒരാൾ എഴുതിയ കഥയാണെന്നും അതുതന്നെ ഒരു ഭാഷയിൽ ഒരു പുതിയ പ്രസ്ഥാനമായി പുറപ്പെട്ടുവരുന്ന ഒരു ഗ്രന്ഥൎത്തിയാണെന്നും ഉള്ള ധാരണയോടു കൂടിയാണ് ഞാൻ ഈ പുസ്തകത്തെപ്പറ്റി ഗുണദോഷവിവേചനചെയ്വാനാരംഭിക്കുന്നതെന്നു സമ്മതിക്കുന്നു.

ഈ അവസ്ഥയിൽ കുന്ദലതവായിച്ച വായനക്കാൎക്കൊക്കെ "ഗ്രന്ഥകൎത്താവിന്റെ ഉല്ലേഖശക്തിയേയും കഥാഘടനാചാതുൎയ്യത്തേയും കുറിച്ച് സന്തോഷവും വിസ്മയവും" ഉണ്ടായതിൽ ആശ്ചൎയ്യപ്പെടാനില്ല. നെടുങ്ങാടി അവർകളുടെ വിദ്വത്തവും ലോകപരിചയവും ഈ വക ഗ്രന്ഥരചനയ്ക്ക് ആവശ്യമായ മറ്റുഗുണങ്ങളും വൎദ്ധിച്ചു വരുന്നതിന്നനുസരിച്ച് അദ്ദേഹം വെറെയും നോവലുകൾ എഴുതാത്തതു മലയാളികളുടേയും മലയാളഭാഷയുടേയും ദുഷ്കാലമെന്നേ പറയാനുള്ളു.

തുടൎച്ചയായി വായിക്കാനുള്ള രസവും വിവരിക്കാതിരിക്കുന്ന സംഭവങ്ങൾ അറിവാനുള്ള ഉൽക്കണ്ഠയും വായനക്കാരിൽ വൎദ്ധിപ്പിച്ചുകൊണ്ടു ഇരിക്കേണ്ടതിന്നുള്ള യുക്തിയോടും ഘടനാ ചാതുൎയ്യത്തോടും എഴുതിയിരിക്കുന്ന ഈ കഥ ആവക ഉപായങ്ങളൊക്കെ ഒഴിച്ച് താഴെക്കാണും പ്രകാരം സംക്ഷിപ്തമായി പറയാവുന്നതാകുന്നു.

"ചിത്രരഥൻ എന്ന കലിംഗരാജാവു് കുടിലന്മാരായ ചില സചിവന്മാരുടേയും വാൎദ്ധക്യത്താലുണ്ടാകുന്ന ചപലതകൾക്കു കൊണ്ടാടിനിന്നിരുന്ന ഒരു വേശ്യയുടേയും പൈശുന്യത്താൽ, കപിലനാഥൻ എന്ന തന്റെ പ്രധാനമന്ത്രിയെ അകാരണമായി, കാരാഗൃഹത്തിലാക്കേണമെന്നു കല്പിച്ചു. സമൎത്ഥനായ മന്ത്രി ഈ കല്പനയുടെ വിവരം അറിഞ്ഞ ഉടനെ എവിടെയ്ക്കോ ഓടിപ്പോയി. പോകുമ്പോൾ രാജാവിന്റെ ചെറിയ ഒരു പെൺകുട്ടിയേയും ഒന്നിച്ചു് എടുത്തു. താൻ ആത്മഹത്യചെയ്തിരിക്കയാണെന്നും കുട്ടിയെ കള്ളന്മാർ കട്ടുകൊണ്ടുപോയി ആഭരണങ്ങൾ മോഷ്ടിച്ചു കാട്ടിൽ എങ്ങാണ്ടോ കൊന്നിട്ടിരിക്കയാണെന്നും ജനങ്ങൾ വിശ്വസിക്കത്തക്ക ചില പ്രവൃത്തികളും ചെയ്താണു് മന്ത്രി ഓടിപ്പോയതു്. രാജാവിനു് ഈ പെൺകുട്ടികൂടാതെ ഒരു മകളും ഒരു മകനും ഉണ്ടായിരുന്നു." മകളെ വേറൊരു രാജ്യത്തേയ്ക്കു വേട്ടുകൊണ്ടുപോയി. പട്ടമഹഷിയുമായി കുറേക്കാലം ഇരുന്നശേഷം സന്തതിയുണ്ടാവാതെ മരിച്ചുപോയി. മകന്റെ പേർ പ്രതാപചന്ദ്രൻ എന്നായിരുന്നു. കപിലനാഥൻ എന്ന മന്ത്രി ഓടിപ്പോയി ദണ്ഡകാരണ്യത്തിന്റെ എത്രയും ഉത്തരഭാഗത്തു് വിലപാദ്രി എന്ന മലയുടെ മുകളിൽ ഒരു പൎണ്ണാശ്രമം ഉണ്ടാക്കി അവിടെ താനും രാജപുത്രിയും കൂടെപ്പോയിരുന്ന ഒരു വൃദ്ധയും ഒരു പുരുഷനും അജ്ഞാതവാസമായി കഴിച്ചു. കപിലനാഥൻ കൃത്രിമമായ ജടയും താടിയും ധരിച്ചു് ഒരു യോഗീശ്വരനായി സ്ത്രീപാൎവ്വതി എന്നു പേർ ധരിച്ചു് ഭക്ഷണം പാകംചെയ്തുകഴിഞ്ഞുകൂടി. പുരുഷൻ രാമദാസനെന്ന ഭൃത്യനായി. രാജപുത്രിക്കു കുന്ദലതയെന്നു പേരും കല്പിച്ചു് യോഗീശ്വരൻ തന്റെ സ്വന്തം പുത്രിയേപ്പോലെ വളൎത്തിപ്പോന്നു. ഇങ്ങനെ കുറേക്കാലം കഴിഞ്ഞു. കപിനാഥനു് അഘോരനാഥൻ എന്നൊരു സഹോദരനും താരാനാഥൻ എന്നൊരു മകനും സ്വൎണ്ണദേവിയെന്നൊരു മകളും ഉണ്ടായിരുന്നു. കപിലനാഥൻ പോയതിനുശേഷം പ്രധാനമന്ത്രിസ്ഥാനവും മക്കളുടെ രക്ഷാകൎത്തൃസ്ഥാനവും അഘോരനാഥൻ വഹിച്ചു. താരാനാഥനും സ്വൎണ്ണമയീദേവിയും രാജകുമാരനായ പ്രതാപചന്ദ്രനും ഒന്നിച്ചു കളിച്ചുവളൎന്നു് അന്യോന്യം വിട്ടുപിരിയാൻകൂടി കഴിയാതായി. എന്തിനു പറയുന്നു? രാജകുമാരനും മന്ത്രിപുത്രിയും സ്നേഹമായി, പ്രണയമായി, അന്യോന്യം അനുരാഗത്തിലായി, ഒടുവിൽ വിവാഹം കഴിക്കാൻ സന്നദ്ധരായി. മൂന്നുപേരും മന്ത്രിയുടെ വിജനവാസമായ ചന്ദനോദ്യാനത്തിൽ താമസിക്കുന്നകാലത്തു് പ്രതാപചന്ദ്രനും സ്വൎണ്ണമയീദേവിയും താരാനാഥനെക്കൂട്ടാതെ "ഓരോന്നു പറകയും നടക്കയും ചെയ്താലും തനിക്കു സല്ലാപത്തിനും സഹവാസത്തിനും വേറെ ആരും ഇല്ലാതിരുന്നതിനാലും താരാനാഥനു കുണ്ഠിതം തോന്നി" ആരും കാണാതെ താൻ ഇറങ്ങിപ്പൊയ്ക്കളഞ്ഞു. ദേശസഞ്ചാരം തുടങ്ങി. ഒടുവിൽ സ്വന്തം അച്ഛനായ

യോഗീശ്വരന്റെ അടുക്കൽ എത്തി. അന്യോന്യം അറിയാതെ അല്പദിവസം ഒന്നിച്ചു താമസിച്ചു. ഒടുവിൽ അച്ഛനു മകനെ മനസ്സിലായെങ്കിലും മകൻ അച്ഛനെ അറിഞ്ഞില്ല. അവിടെവെച്ചു കുന്ദലതയും താരാനാഥനും അന്യോന്യം പ്രണയമായിത്തീൎന്നുവെന്നു് വിശേഷിച്ചു പറയേണ്ടതില്ലല്ലൊ. യോഗീശ്വരാദികളെപ്പോലെ താരാനാഥനും അജ്ഞാതവാസമായിരുന്നുവെന്നും അദ്ദേഹത്തിന്റെ തല്ക്കാലത്തെ പേർ രാമകിശോരൻ എന്നായിരുന്നുവെന്നും അറിഞ്ഞിരിക്കേണ്ടതാണു്. അദ്ദേഹം സ്വഗൃഹംവിട്ടതിനുശേഷം തന്റെ സഹോദരിയും രാജകുമാരനും അന്യോന്യം വിവാഹം കഴിച്ചു. അങ്ങനെ ഒരുകൊല്ലം കഴിഞ്ഞപ്പോൾ കലിംഗമഹാരാജാവോടു കുന്തളരാജാവു യുദ്ധത്തിനു പുറപ്പെട്ടു. ഈ യുദ്ധവിവരം അറിഞ്ഞപ്പോൾ യോഗീശ്വരനും മകനും യവനന്മാരുടെ വേഷം ധരിച്ചു് കലിംഗരാജാവിനെ സഹായിച്ചു, കുന്തളേശനായ കൃതവീൎയ്യനെപ്പിടിച്ചു കാരാഗൃഹത്തിൽ പാൎപ്പിച്ചു. യുദ്ധം കഴിഞ്ഞശേഷം അതുതന്നെ തരമെന്നുകരുതി കപടവേഷക്കാരൊക്കെ രാജാവിന്റെ മുൻപാകെ സ്വന്തവേഷത്തിൽ പ്രത്യക്ഷരായി അന്യോന്യം തിരിച്ചറിഞ്ഞു് അത്യന്തം സന്തോഷിച്ചു. കുന്ദലതയും താരാനാഥനും അന്യോന്യം വിവാഹംചെയ്തു് എല്ലാവരും സുഖമായിരുന്നു.”

ഇതാണു് കുന്ദലതയിലെ കഥാസാരം. ഇതു് ഏതുകാലത്തു് എവിടെവെച്ചു നടന്ന കഥയാണെന്നു മനസ്സിലാക്കാൻ സഹായിക്കുന്ന യാതൊരു സംഗതിയും ആ പുസ്തകത്തിലില്ല. രാജ്യങ്ങളുടെയോ ആളുകളുടെയോ പേരുകൾകൊണ്ടോ വിവരിക്കപ്പെട്ട സമ്പ്രദായങ്ങൾകൊണ്ടോ ആചാരങ്ങൾകൊണ്ടോ കഥനടന്ന നാട്ടിന്റേയോ കാലത്തിന്റേയോ യാതൊരറിവും സമ്പാദിപ്പാൻ തരമില്ല. ഇതു ഗ്രന്ഥകൎത്താവു കരുതിക്കൂട്ടിച്ചെയ്ത ഒരു വിദ്യയാണുതാനും. മുഖവുരയിൽ ഇങ്ങനെ കാണുന്നു. “ഈ കഥയിൽ കലിംഗം, കുന്തളം മുതലായ രാജ്യങ്ങളുടെ പേരുകളും കുന്ദലത, താരാനാഥൻ, എന്നിങ്ങനെ ആളുകളുടെ പേരുകളും ഉപയോഗിച്ചിരിക്കുന്നതിന്റെ മുഖ്യ ആവശ്യം കേരളസമ്പ്രദായത്തിനു് അനുസരിക്കാത്ത ചില മാതിരികളും മൎയ്യാദകളും ഇതിൽ എങ്ങാനും കാണ്മാൻ ഇടയുണ്ടെങ്കിൽ ഈ കഥ കേരളത്തിൽനിന്നു വളരെ ദൂരമുള്ള ഒരു അന്യദേശത്തു് സംഭവിച്ചതായിട്ടാണു് പറഞ്ഞിരിക്കുന്നതെന്നും ആയവ ആ ദേശത്തെ നടപ്പുകൾക്കു അനുസരിച്ചതായിരിക്കാമെന്നും വായനക്കാർ ഓൎമ്മവെയ്ക്കുവാൻവേണ്ടി മാത്രമാകുന്നു”. ഈ യുക്തി വളരെ നന്നായിരിക്കുന്നു. പക്ഷേ ഒരുരാജ്യത്തിൽ ഏതെങ്കിലും ഒരു പ്രത്യേകകാലത്തുണ്ടായ ആചാരങ്ങളേയും മററും ശരിയായി വിവരിക്കേണ്ടതു നോവലുകളുടെ ഒരു മുഖ്യസാദ്ധ്യമാകയാൽ, ഇന്ദുലേഖ, മാൎത്താണ്ഡവൎമ്മ, മുത

ലായ പുസ്തകങ്ങളെക്കൊണ്ട് നാം മനസ്സിലാക്കുന്നവിധത്തിലുള്ള അർത്ഥത്തിൽ നോവൽ എന്ന പേർ കുന്ദലതയ്ക്കു നൽകുന്നത് കുറെ ആലോചിച്ചു വേണ്ടതാകുന്നു.

കുന്ദലതയിലെ കഥ നടന്ന രാജ്യത്ത്, ആ കാലത്ത് തോക്കും മരുന്നും നടപ്പിൽ വന്നിരുന്നില്ല. രാജകുമാരന്മാർപോലും പക്ഷികളെക്കൊല്ലാനും നായാട്ടിനും എന്നുവേണ്ട യുദ്ധത്തിൽപോലും അമ്പും വില്ലും മറ്റുമാണ് ഉപയോഗിക്കുന്നത്. അവിടെ ഉറുപ്പികയും പവനും മറ്റുമല്ല പണമാണ്. അതിവിശേഷമായ കുതിരകൾക്ക് അവിടെ നൂറുപണവും തൊണ്ണൂറുപണവും മറ്റുമേ വിലയുള്ളൂ. അഞ്ചുപണത്തിന് ഒരു ഉറുപ്പികയെന്ന് നമ്മുടെ കണക്കിന്നനുസരിച്ചു പറയുന്നതായാൽ കുതിരകൾക്കു വളരെ സഹായമുള്ള രാജ്യമാണെന്നു നിർണ്ണയിക്കാം. സ്ത്രീകൾക്ക് അവിടെ സ്വാതന്ത്ര്യം ധാരാളമുണ്ട്. വിവാഹകാര്യത്തിൽ ഏർപ്പെടുന്നതൊക്കെ പാശ്ചാത്യസമ്പ്രദായത്തിൽ ഒട്ടുപരിഷ്കാരരീതിയിലാണ്. സ്വർണ്ണമയിദേവിയും രാജകുമാരനും അന്യോന്യം രഹസ്യമായി സ്വൈരസല്ലാപം ചെയ്യുന്നത് മുടക്കാനൊ തടുക്കാനൊ ആളില്ല. ദേവിയുടെ സഹോദരൻ അവരങ്ങനെ തനിയെ ഇരുന്നു സംസാരിക്കാറുള്ളതിൽ അസൂയപ്പെട്ട്, തനിക്കങ്ങനെയൊരാളില്ലല്ലോ എന്നുവിചാരിച്ച് വ്യസനിച്ചു നാടുംവീടും വിട്ടുപൊയ്ക്കളകയാണ് ചെയ്യുന്നത്. രാജകുമാരനും ദേവിയും അന്യോന്യം വിവാഹം ചെയ്വാൻ മനസ്സുണ്ടെന്ന് പാശ്ചാത്യരീതിയിൽ ചോദ്യോത്തരങ്ങൾ ചെയ്തു തീർച്ചയാക്കിയ ശേഷം രാജകുമാരൻ അവളുടെ രക്ഷിതാവായ അഘോരനാഥനോട്ട് ആ രീതിയിൽ തന്നെ വിവരം പറഞ്ഞ് അദ്ദേഹത്തിന്റെ സമ്മതം വാങ്ങുന്നു. തന്റെ അഭീഷ്ടം സ്വന്തം അച്ഛനെ അറിയിക്കുന്നതും ആ രീതിയിൽത്തന്നെയാണ്. ഇതൊക്കെ പരിഷ്കാരമാണ്. പക്ഷേ അനുഗ്രഹിക്കത്തക്ക പരിഷ്കാരമായിരിക്കാം. തോക്കും മരുന്നും നടപ്പിൽ വരാത്ത രാജ്യത്ത് സ്ത്രീകൾക്ക സ്വാതന്ത്ര്യം പാടില്ലെന്നൊന്നുമില്ലല്ലോ.

നമ്മുടെ പെൺകുട്ടികളെ ഏതുവിധമാണ് വിദ്യാഭ്യാസം ചെയ്യിക്കേണ്ടതെന്നുള്ള ചോദ്യം പണ്ഡിതന്മാരുടെ ഗൌരവമായ ആലോചനയ്ക്കു വിഷയമായിത്തീർന്നിട്ടുള്ള ഇക്കാലത്ത് യോഗീശ്വരൻ കുന്ദലതയെ വിദ്യാഭ്യാസം ചെയ്യിച്ച സമ്പ്രദായം എല്ലാവരും വായിച്ചറിയേണ്ടത് അത്യാവശ്യമാകുന്നു. ഈ സമ്പ്രദായം ഇക്കാലത്തെ വിദ്യാഭ്യാസമേലദ്ധ്യക്ഷന്മാരുടെ ആലോചനയ്ക്കു വിഷയമാവാൻ അഥവാ സംഗതി വന്നില്ലെങ്കിലും പെൺമക്കളുടെ പഠിപ്പിൽ ശ്രദ്ധയുള്ള അച്ഛനമ്മമാർ നല്ലവണ്ണം പര്യാലോചിക്കേണ്ട സംഗതിയാണെന്നതിന്നു സംശയമില്ല. കുന്ദലതയുടെ വിദ്യാഭ്യാസംകൊണ്ട് അവൾ ദീനരിൽ കൃപയും വേണ്ടു

ന്നവരിൽ ദൃഢമായ പ്രണയവും മനസ്സിന് സ്ഥൈര്യവും ധൈര്യവും ഉള്ള ഒരു തരുണിയായിത്തീർന്നിരുന്നുവെന്ന് സമ്മതിച്ചേ തീരൂ. യോഗീശ്വരൻെറ യോഗീശ്വരത്വം തന്നെ മായമാണെന്നല്ലാതെ അദ്ദേഹം ഏതൊരു മതസ്ഥനാണെന്നറിവാൻ വഴിയില്ല. പക്ഷേ കുന്ദലതയുടെ ചില വാക്കുകളിൽ നിന്ന് അല്പം ഊഹിക്കാം. താരാനാഥനോടു കുന്ദലതയ്ക്കു തനിയേ ജനിച്ചുവളർന്ന പ്രണയത്തെപ്പററി അവൾതന്നെ വിസ്മയിച്ച് അതിനു കാരണമെന്തെന്നു കണ്ടുപിടിക്കാൻ ശ്രമിക്കുന്ന കൂട്ടത്തിൽ പലതും വിചാരിക്കുന്നതിനിടയിൽ "ഇത് ജന്മാന്തരവാസനയോ—അതല്ല—അതു മായയെന്നു അച്ഛൻ പറഞ്ഞിട്ടുണ്ടല്ലോ" എന്നു തന്നോടായിത്തന്നെ പറയുന്നു. യോഗീശ്വരത്വവും കുന്ദലതയുടെ പിതൃത്വവും കപടമായി വഹിച്ച അദ്ദേഹം മതവിഷയത്തിൽ ആ പെൺകുട്ടിക്കു ചെയ്ത ഉപദേശം ഏകദേശം ഏതുവിധമായിരിക്കുമെന്ന് ഇതിൽ നിന്ന് ഊഹിക്കാവുന്നതാണല്ലോ. ഗ്രന്ഥകർത്താവിന് അക്കാലത്ത് മതസംബന്ധമായുണ്ടായ വിശ്വാസമാണ് ഈവിധം യോഗീശ്വരനിൽ പ്രതിഫലിച്ചതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇക്കാലത്തു ഇതിനു വല്ല മാററവും സംഭവിച്ചിട്ടുണ്ടോ എന്നും അറിയുന്നില്ല.

താരാനാഥൻ മഹാധൈര്യവാനും യുദ്ധത്തിൽ സമർത്ഥനും കുതിരയെ ഓടിക്കുന്നതിൽ അദ്വിതീയനും മററുമാണെങ്കിലും വലിയൊരു ചപലനും ഒരു വിടുവായനും ആണെന്നു തോന്നുന്നു. തൻെറ സഹോദരി ഒരു അന്യപുരുഷനോടു സംസാരിച്ചു രസിക്കുന്നതു കണ്ടു്, അസൂയപ്പെട്ടു സഹിക്കാൻ വഹിയാതെ, ഒരു വാക്കെങ്കിലും പറയാതെ ദേശാടനത്തിനു പൊയ്ക്കളഞ്ഞ ആളല്ല ചപലനും വിടുവായനുമെങ്കിൽ പിന്നെ ആരാണ്? ഇതു് ഒരു കഥയിലെ നായകന്ന് അനുരൂപമായ പ്രവൃത്തിയോ ഗുണമോ ആയില്ല. യോഗീശ്വരനോടു താരാനാഥൻ പല സംശയങ്ങളും ചോദിക്കുന്ന കൂട്ടത്തിൽ ഒരു രാത്രി നക്ഷത്രങ്ങളെ നോക്കി ഇങ്ങനെചോദിച്ചു. "ഈ കാണുന്ന തേജഃപുഞ്ജങ്ങൾ അവയുടെ ഗതിഭേദങ്ങളെക്കൊണ്ടു് മനുഷ്യരുടെ സുഖദുഃഖാവസ്ഥകളെ നിർണ്ണയിക്കുന്നുണ്ടെന്ന് ചില യോഗ്യന്മാർകൂടി വിശ്വസിച്ചുവരുന്നതിൽ പരമാർത്ഥം എത്രത്തോളമുണ്ടു്?" ഈ വിശ്വാസത്തേക്കാൾ അധികമായ ഒരു ഭോഷത്വം വേറെ ഇല്ലെന്നാണ് നമ്മുടെ യോഗീശ്വരൻെറ ഉത്തരം. താൻ പറകയാണ്:—"ഈ തേജഃപുഞ്ജങ്ങൾ എത്രയോ വലിയ ഗോളങ്ങൾ. നമ്മുടെ ഈ ഭൂമി അതിൽ ചില ഗോളങ്ങളുടെ ശതാംശം വലിപ്പമില്ല. അങ്ങനെയുള്ള അഗോളങ്ങളുടെ മഹിമയെ വിചാരിച്ചു നോക്കുമ്പോൾ എത്രയോ നിസ്സാരമായി തോന്നുന്ന ഈ ഭൂമിയിൽ അതിനിസ്സാരന്മാരായിരിക്കുന്ന ഈ മനുഷ്യരുടെ തുച്ഛങ്ങളായ സുഖദുഃഖങ്ങളെ ക്രമപ്പെടുത്തു

ഷാനാണു് ആ മഹീയസ്സുകളായ തേജഃപുഞ്ജങ്ങൾ സഞ്ചരിക്കുന്നതെന്നു് ചില മൂഢാത്മാക്കൾ വിശ്വസിക്കുന്നതിന്നു കാരണം ഒന്നാമതു ഏററവും ദൂരസ്ഥമായിരിക്കുന്ന ആ ഗോളങ്ങളുടെ സൂക്ഷ്മമായ വലിപ്പത്തെ അറിയാത്തതിനാലുള്ള തുച്ഛഭ്രമം, രണ്ടാമതു് "പ്രപഞ്ചത്തിൽ കാണുന്നതു് ഒക്കെയും മനുഷ്യരായ നമ്മുടെ സുഖത്തിനും പ്രയോജനത്തിനും വേണ്ടി സൃഷ്ടിച്ചതാണെന്നുള്ള അതിനിന്ദ്യമായ തന്നിഷ്ടവിചാരം ഇതുകളാകുന്നു." കൃത്രിമമായി ഉണ്ടാക്കിയ തന്റെ ജടയും താടിയും അനുരൂപമായ ഗാംഭീര്യത്തിൽ പറഞ്ഞ ഈ അഭിപ്രായത്തെ സ്ഥാപിക്കാൻ നമ്മുടെ യോഗീശ്വരൻ പറഞ്ഞ ഉദാഹരണമാണു് കേൾക്കേണ്ടതു്:—

സമുദ്രത്തിൽ അനവധി വലിയ കപ്പലുകൾ അങ്ങോട്ടുമിങ്ങോട്ടും പോകുന്നതിന്റെ ഗതിഭേദംകൊണ്ടു്, ചുവട്ടിൽതുള്ളിക്കളിക്കുന്ന മീനുങ്ങളുടെ സുഖദുഃഖാവസ്ഥയെ ഗണിക്കാമെന്നു് ആ ക്ഷുദ്രജീവികൾ വിചാരിക്കുന്നുവെങ്കിൽ എന്തു അബദ്ധമാണു് അവയുടെ വിചാരമെന്നു് നമുക്കു ഉടനെ തോന്നുന്നില്ലേ? ഇതൊക്കെ കേട്ടപ്പോൾ രാമകിശോരന്റെ സംശയം മിക്കതും നീങ്ങിപ്പോയി. മനുഷ്യരുടെ ഇടയിൽ ഏക്കം, ഭ്രാന്തു്, മുതലായ ചില രോഗങ്ങളുടെ ഏററക്കുറച്ചിലിന്നു് ചന്ദ്രന്റെ ഗതി പ്രത്യക്ഷമായ കാരണമായി ചിലപ്പോൾ കണ്ടു വരുന്നതു് എന്തുകൊണ്ടാണെന്നുള്ള ചോദ്യം രാമകിശോരൻ പൊട്ടിക്കാഞ്ഞതു് വലിയ കഷ്ടമായിപ്പോയി. ഒന്നുമില്ലെങ്കിൽ യോഗീശ്വരന്നു് ആ കാര്യത്തിലുള്ള അഭിപ്രായമെങ്കിലും അറിയാമായിരുന്നു. രാമകിശോരനായ താരാനാഥന്റെ ആലോചനാശക്തി തന്റെ അച്ഛന്റെ അഭിപ്രായത്തെ ഖണ്ഡിക്കത്തക്കതാവാൻ പാടില്ലെന്നായിരിക്കാം.

ഇങ്ങനെ നായികാനായകന്മാരുടെ സ്വഭാവഗുണങ്ങൾ പുസ്തകത്തിൽ നിന്നു് ഒരു വിധത്തിൽ ഊഹിച്ചു മനസ്സിലാക്കാമെങ്കിലും പ്രത്യക്ഷമായി വല്ല പ്രത്യേകഗുണവും എടുത്തുപറയത്തക്ക പാത്രങ്ങൾ ഈ കഥയിലില്ല. ലോകത്തിൽ നമുക്കു് പ്രത്യേകതരമായ സ്വഭാവവൈശിഷ്ട്യങ്ങളാലോ മറേറാ പേരിട്ടു് അറിയപ്പെടുന്നവരായ ജനങ്ങളെ കഥാപുരുഷന്മാരായി വിവരിക്കേണമെന്നുള്ള ഉദ്ദേശം കുന്ദലതാകർത്താവിന്നു കേവലം ഉണ്ടായിരുന്നില്ല. മാർത്താണ്ഡവർമ്മയിലെ സുഭദ്രയെപ്പോലെയോ ഇന്ദുലേഖയിലെ നമ്പൂരിപ്പാട്ടു്, പഞ്ചുമേനോൻ, എന്നിവരെപ്പോലെയോ, ശാരദയിലെ വൈത്തിപ്പട്ടരെപ്പോലെയോ നമുക്കു പരിചയമായി എന്നും ഓർമ്മിച്ചു് രസിക്കയോ, വെറുക്കയോ ചെയ്യത്തക്ക ഒരു പാത്രം കുന്ദലതയിലില്ല.

കുന്ദലതയിലെ ചില വർണ്ണനങ്ങളും വിവരണങ്ങളും അത്യന്തം ഭംഗിയും ജീവനും ഉള്ളവ ആയിരിക്കുന്നു. നായാട്ടു, യുദ്ധം, എന്നിവയും

ചന്ദനോദ്യാനം, പൎണ്ണാശ്രമം എന്നിവയും പ്രകൃതത്തിന് ഏററവും അനുസരിച്ചതായി തോന്നിക്കത്തക്കവിധത്തിൽ എത്ര ഹൃദയംഗമമായി വിവരിച്ചിരിക്കുന്നു! പക്ഷേ കുന്തളരാജാവിൻെറ മന്ത്രമണ്ഡപത്തിൽ നടന്ന ചില ആലോചനകളെപ്പോലുള്ള ചില ഭാഗങ്ങൾ കേവലം അനാവശ്യവും വായനക്കാൎക്ക് നിരസജനകവും ആയിപ്പോയിരിക്കുന്നു.

ചില വിവരണങ്ങളിലും വൎണ്ണനങ്ങളിലും ഗ്രന്ഥകൎത്താവു് സ്കോട്ട് എന്ന ആംഗ്ലേയനോവലെഴുത്തുകാരനെ അനുകരിച്ചതായി കാണുന്നു. ചില ദിക്കിൽ ഇതു് ഏററവും യുക്തമായും അനുരൂപമായും ഉള്ള വിധത്തിൽ ചെയ്തിട്ടുണ്ടെങ്കിലും മററു ചിലെടത്തു് ബലാദാകൃഷ്ടമായി തോന്നിക്കുന്നവിധത്തിലല്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പ്രതാപചന്ദ്രനും സ്വൎണ്ണമയീദേവിയും ഒരുദിവസം ഉദ്യാനത്തിലിരുന്നു് തങ്ങളുടെ വിവാഹകാൎയ്യത്തെ തീൎച്ചപ്പെടുത്തി സംസാരിച്ചുകൊണ്ടിരിക്കെ ഒരു പക്ഷി അമ്പേററു പെട്ടെന്നു അവരുടെ മുമ്പിൽ വീണു പിടച്ചു മരിക്കുന്നു താരാനാഥൻ എയ്ത അമ്പേററുമരിച്ച പക്ഷിയായിരുന്നു അതു്. അവർ സംസാരിച്ചുകൊണ്ടിരുന്ന ശുഭകാൎയ്യത്തിനു് അതൊരു മഹാ ദുൎല്ലക്ഷണമാണെന്നു് പ്രതാപചന്ദ്രൻ സംശയിക്കുന്നു. ഇങ്ങിനെതന്നെ ഒരു സംഭവം സ്കോട്ടിൻെറ ഒരു നോവലിൽ (The Bride of Lammormoon) വിവരിച്ചുകാണുന്നു. അതിൽ നായികാനായകന്മാർ വിവാഹകാൎയ്യത്തെപ്പററി സംസാരിച്ചുകൊണ്ടിരിക്കേ നായികയുടെ സഹോദരൻ എയ്ത അമ്പേററു് ഒരു പക്ഷി അവരുടെ മുമ്പിൽവീണു് പിടിച്ചു മരിക്കുന്നതായി വിവരിച്ചിരിക്കുന്നു. പക്ഷെ അതു പിന്നീടു സംഭവിച്ച ഭയങ്കരങ്ങളായ അനൎത്ഥങ്ങളെ സൂചിപ്പിച്ചു ഒരു ദുൎല്ലക്ഷണമായിട്ടാണു് പരിണമിച്ചതു്. കുന്ദലതയിലെ പക്ഷി വല്ല ആപത്തും സൂചിപ്പിക്കുന്നുണ്ടെങ്കിൽ അതിനെ കൊന്ന ആൾ അല്പകാലം ദേശാടനം ചെയ്യേണ്ടിവരുമെന്നു മാത്രമാണു്. കുന്ദലതയിലെ പ്രധാനപാത്രങ്ങൾക്കു പ്രശ്നജ്ഞന്മത്തിലും ഗ്രഹചാരത്തിലും വിശ്വാസമില്ലെന്നുള്ളതുപോലെതന്നെ നിമിത്തശാസ്ത്രമെന്ന അന്ധവിശ്വാസവും അവൎക്കുബാധകമല്ലെന്നു കാണിക്കാനും പക്ഷേ സ്കോട്ടിനെ ഒന്നു പരിഹസിക്കാനും ആയിരിക്കാം ഈ പക്ഷിയെ നടുവിൽ പിടിച്ചിട്ടതു്.

കുന്ദലതാകൎത്താവിനു് പ്രത്യേകമായി ഒരു വാചകരീതിയുണ്ടെങ്കിൽ അതു് ഏകദേശം സ്കോട്ടിൻെറ ഇംഗ്ലീഷുവാചകങ്ങളോടും ഉപമിക്കത്തക്കതാണു്. “മണിപ്രവാളരീതിയിൽ ഈ പുസ്തകത്തിൽ ഉപയോഗിച്ചിട്ടുള്ള സംസ്കൃതപദങ്ങൾ വളരെ സരളമായും ഉചിതമായും ഇരിക്കുന്നു” എന്നു കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു്

കൊടുത്ത പ്രശംസാപത്രത്തിന് പുറമേ ആ കാൎയ്യത്തെപ്പററി മറെറാരാൾ യാതൊന്നും പറയേണ്ടതില്ല. കുന്ദലതയിലെ പാത്രങ്ങളൊക്കെ അപ്പൂനെടുങ്ങാടി അവർകൾ പ്രബന്ധങ്ങൾ എഴുതുമ്പോൾ ഉപയോഗിക്കാറുള്ള വാചകരീതിയിലാണ് അന്യോന്യം സംസാരിക്കുന്നതു്.

“എന്റെ പ്രിയകുന്ദലതെ, ഭവതിയുടെ ക്ഷേമത്തിനും അഭ്യുദയത്തിനും, സദാ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഒരു സുഹൃത്താണെന്ന് എന്നെ കരുതി ഭവതിയുടെ അക്ഷീണമായ കാരുണ്യത്തിനും സുദൃഢമായ സ്നേഹവിശ്വാസങ്ങൾക്കും എന്നെ പാത്രമാക്കിക്കൊള്ളേണമേ” രാമകിശോരന് കുന്ദലതയോടുള്ള പ്രണയത്തിന്റെ കാഠിന്യത്തിൽനിന്ന് അണുവും കുറയാത്ത പാണ്ഡിത്യം കൂടി അദ്ദേഹത്തിനുണ്ടെന്ന് കാണിക്കേണ്ടുന്ന ഉദ്ദേശത്തോടുകൂടി എഴുതുന്ന കാമപത്രികയിലായിരുന്നു ഈ വാചകമെങ്കിൽ അതും അഭിനന്ദിക്കേണ്ടതായിരുന്നു. തന്റെ സദ്വാക്കുകളുടേയും ഭാവങ്ങളുടേയും അൎത്ഥം ശരിയായി മനസ്സിലാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയും രഞ്ജനയുള്ള ഒരു സന്ദൎഭത്തിലും ഒരു പെണ്ണിനോടു സംസാരിക്കുമ്പോൾ ഇത്ര കഠിനമായി പറഞ്ഞുകളഞ്ഞതു് നന്നായില്ല. രാജാവും മന്ത്രിയും സ്വൎണ്ണമയീദേവിയും കുന്ദലതയും യോഗീശ്വരനും ഭടനും ഭൃത്യനും എല്ലാം ഒരേരീതിയിലാണ് സംസാരം. മറെറാരുദാഹരണം കൂടി എടുത്തെഴുതിക്കൊൾവാൻ അനുവദിക്കണം. ഇതു നമ്മുടെ യോഗീശ്വരന്റെ വാക്കാണ്. “നമ്മുടെ സംഭാഷണവും സഹവാസവും പരസ്പരം പ്രീതികരമാണെന്നുള്ള ഒരു അവസ്ഥ നിഷ്കളങ്കമായ മൈത്രിയുടെ നിസ്സംശയമായ ഒരു ലക്ഷണമാകയാൽ ആ സംഗതികൊണ്ടു് നാം രണ്ടു പേരും ഭാഗ്യവാന്മാരാണെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.”

ഇംഗ്ലീഷിൽ അതിസമൎത്ഥന്മാർ എഴുതുന്ന പ്രസിദ്ധമായ വാചകരീതിയെ അതിപാടവമാകുംവണ്ണം അനുകരിച്ചുണ്ടാക്കുന്ന ചില വാചകങ്ങൾ, ചിഹ്നങ്ങൾ ശരിയായും അധികമായും നടപ്പിൽവരാത്ത മലയാളഭാഷയിൽ പലപ്പോഴും വലിയ കുഴപ്പങ്ങൾക്കു സംഗതി വരുത്തുന്നതാണല്ലോ. “ചുമരിന്മേൽ വളരെ മങ്ങിക്കൊണ്ടു് കത്തിയിരുന്ന ഒരു വെളിച്ചം കുറച്ചു പ്രകാശിച്ചു കുറഞ്ഞൊരു പരിഭ്രമത്തോടുകൂടി അടുക്കെ ഒരു കട്ടിലിന്മേൽ കിടന്നുറങ്ങിക്കൊണ്ടിരുന്ന ഒരു കുമാരിയെ അധികമായ പ്രേമത്തോടും ആനന്ദത്തോടും കുറച്ചുനേരം കുമ്പിട്ടു നോക്കിയപ്പോൾ മനസ്സിൽ നിറഞ്ഞിരുന്ന വിചാരങ്ങൾ ജലരൂപേണ പുറപ്പെടുകയോ എന്നു തോന്നുംവണ്ണം രണ്ടുമൂന്നു അശ്രുബിന്ദുക്കൾ യോഗീശ്വരന്റെ നേത്രങ്ങളിൽനിന്ന് അദ്ദേഹത്തിന്റെ അറിവുകൂടാതെ ഉറങ്ങുന്ന കുമാരിയുടെ മാറിടത്തിൽ പൊടുന്നനവെ വീണു” ഉറങ്ങിക്കിടക്കുന്ന കുമാരിക്കായിരുന്നില്ല പരിഭ്ര

മമെന്നും അദ്ദേഹത്തിന്റെ അറിവുകൂടാതെയാണു് കുമാരി ഉറങ്ങിയതെന്നല്ല ഇവിടെ പറഞ്ഞറിയിക്കേണ്ടതെന്നും മനസ്സിലാക്കേണമെങ്കിൽ ഈ വാചകം നാലഞ്ചു പരിവൎത്തി വായിക്കാതെ നിവൃത്തിയില്ല. ഇങ്ങനെയുള്ള വാചകങ്ങൾ അവിടവിടെ ഉണ്ടെങ്കിലും മലയാളഭാഷയിൽ അതിരമണീയമായവയായി കരുതേണ്ടുന്ന അനേകവാചകങ്ങളും കുന്ദലതയിൽ ഉണ്ടെന്നു് ആരും സമ്മതിക്കും.

ആകപ്പാടെ മലയാളഭാഷയിൽ ഇതുവരെ ഉണ്ടായിട്ടുള്ള കഥാപുസ്തകങ്ങളിൽ ഒരു ഉൽകൃഷ്ടസ്ഥാനം വഹിക്കത്തക്ക സൎവ്വയോഗ്യതകളും കുന്ദലതയ്ക്കുണ്ടെന്നുള്ളതിനു സംശയമില്ല. പക്ഷേ അതിന്റെ കൎത്താവിന്റെ തൽക്കാലപദവിയും പുസ്തകത്തിന്റെ അവസ്ഥയും അന്യോന്യം വളരെ അന്തരമുള്ളതിനാലും, കുന്ദലത വായിക്കുന്നവർ അതു് അപ്പുനെടുങ്ങാടിയവൎകളുടെ കൃതിയാണെന്നല്ലാതെ അദ്ദേഹം വിദ്യാൎത്ഥിയായപ്പോൾ ഉണ്ടാക്കിയതാണെന്നു് ഓൎമ്മിക്കാൻ പലപ്പോഴും സംഗതിയുണ്ടായില്ലെന്നു വരാവുന്നതിനാലും നെടുങ്ങാടിയവൎകൾ മറ്റൊരുനോവൽ എഴുതി അക്കാലത്തും ഇക്കാലത്തും തനിക്കുള്ള വ്യത്യാസം വായനക്കാരെ അറിയിച്ചുകൊടുക്കേണ്ടുന്നകാലം വൈകിയിരിക്കുന്നുവെന്നു് അദ്ദേഹത്തെ സസ്നേഹം ഓൎമ്മിപ്പിച്ചുകൊണ്ടു് ഈ പ്രസംഗം അവസാനിപ്പിക്കുന്നു.

---

## ഇന്ദുലേഖാ.

---

മലയാളഭാഷയിൽ ഈ വിധം ഒരു പുസ്തകം ഇല്ലാതിരുന്ന കുറവു തീൎക്കേണമെന്നോ മററുള്ളവർ ഇതിനെ അനുകരിച്ചു പുസ്തകങ്ങൾ എഴുതാൻ പ്രാപ്തരായിത്തീൎന്നുകൊള്ളണമെന്നോ ഈ പുസ്തകം വായിച്ചു ജനങ്ങളിൽ പരിജ്ഞാനം വൎദ്ധിച്ചു് കേരളഭാഷ പോഷിക്കുമാറാകണമെന്നോ മുൻകൂട്ടി വിചാരിച്ചിട്ടായിരുന്നില്ല. ചന്തുമേനോൻ അവർകൾ ഇന്ദുലേഖ എഴുതിയതെങ്കിലും മേല്പറഞ്ഞ കാൎയ്യങ്ങൾ ഒക്കെത്തന്നെയാണു് ഒടുവിൽ ഈ പുസ്തകംകൊണ്ടു് സാധിച്ചിട്ടുള്ളതു്. ഇന്ദുലേഖ എഴുതാൻ ഉണ്ടായ കാരണം ഗ്രന്ഥകൎത്താവു് മുഖവുരയിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:—"൧൮൮൫-ഒടുവിൽ കോഴിക്കോട്ടു് വിട്ടതുമുതൽ ഞാൻ ഇംഗ്ലീഷുനോവൽ പുസ്തകങ്ങൾ അധികമായി വായിപ്പാൻ തുടങ്ങി. ഗവൎമ്മെണ്ടു് ഉദ്യോഗമൂലമായ പ്രവൃത്തി ഇല്ലാതെ വീട്ടിൽ സ്വസ്ഥമായി ഇരിക്കുന്ന എല്ലാസമയത്തും നോവൽ വായനകൊണ്ടു് തന്നെ കാലക്ഷേപമാ

യ. ഇതുനിമിത്തം സാധാരണ ഞാനുമായി സംസാരിച്ചു വിനോദിച്ചു സമയം കഴിയ്ക്കുന്ന എന്റെ ചില പ്രിയപ്പെട്ട ആളുകൾക്ക് കുറെ കുണ്ഠിതമുണ്ടായതായി കാണപ്പെട്ടു. അതുകൊണ്ടു ഞാൻ നോവൽ വായനയെ ഒട്ടും ചുരുക്കിയില്ലെങ്കിലും ഇവരുടെ പരിഭവം വേറെ വല്ലവിധത്തിലും തീൎക്കാൻ കഴയുമൊ എന്ന് ശ്രമിച്ചു. ഈ ശ്രമങ്ങളിൽ ഒന്നു ചില നോവൽബുക്കുകൾ വായിച്ചു കഥയുടെ സാരം ഇവരെ മലയാളത്തിൽ തൎജ്ജമചെയ്തു ഗ്രഹിപ്പിക്കുന്നതായിരുന്നു. രണ്ടു മൂന്നു നോവൽബുക്കുകൾ അവിടവിടെ ഇങ്ങനെ തൎജ്ജമചെയ്തു പറഞ്ഞുകേട്ടതിൽ ഇവൎക്ക് അത്ര രസിച്ചതായി കാണപ്പെട്ടില്ല. ഒടുവിൽ ദൈവഗത്യാ ലോൎഡ് ബീക്കൻസ്ഫീൽഡ് ഉണ്ടാക്കിയ "ഹെൻറിയട്ടാടേംപിൾ" എന്ന നോവൽ ഇവരിൽ ഒരാൾക്ക് വളരെ രസിച്ചു. അതുമുതൽ ആ ആൾക്ക്, നോവൽ വായിച്ചു കേൾക്കാൻ ബഹുതാല്പൎയ്യം തുടങ്ങി; ക്രമേണ കലശലായിത്തീൎന്നു. തൎജ്ജമ പറഞ്ഞു കേൾക്കണമെന്നുള്ള തരക്കേടിനാൽ എനിക്ക് സൈ്വരമായി ഒരു ബുക്കും വായിപ്പാൻ പലപ്പോഴും നിവൃത്തിയില്ലാതെ ആയിവന്നു. ചിലപ്പോൾ വല്ല 'ലോ' ബുക്കും താനേ ഇരുന്നു വായിക്കുമ്പോൾകൂടി "അതു നോവലാണ് തൎജ്ജമ പറയണം" എന്നു പറഞ്ഞു ശാഠ്യംതുടങ്ങി. ഏതെങ്കിലും മുമ്പുണ്ടായിരുന്ന പരിഭവം തീൎക്കാൻ ശ്രമിച്ചതു വലിയ തരക്കേടായിത്തീൎന്നുവെന്ന് എനിക്ക് തന്നെ തോന്നി. ഒടുവിൽ ഞാൻ മേല്പറഞ്ഞ ബീക്കൻസ്ഫീൽഡിന്റെ നോവൽ ഒന്ന് തൎജ്ജമചെയ്ത് എഴുതിക്കൊടുക്കണമെന്നു ആവശ്യപ്പെട്ടു. ഇതിന്നു ഞാൻ ആദ്യത്തിൽ സമ്മതിച്ചു, പിന്നെ കുറെ തൎജ്ജമചെയ്തു നോക്കിയപ്പോൾ അങ്ങിനെ തൎജ്ജമചെയ്യുന്നതു കേവലം നിഷ്പ്രയോജനമാണെന്ന് എനിക്കുതോന്നി. ഒരു നോവൽബുക്ക് ഏകദേശം ഇംക്ലീഷുനോവൽ ബുക്കുകളുടെ മാതിരിയിൽ മലയാളത്തിൽ എഴുതാമെന്നു ഞാൻ നിശ്ചയിച്ചു എന്നെ ബുദ്ധിമുട്ടിച്ച ആളോടു വാഗ്ദാനംചെയ്തു. ഇങ്ങിനെയാണ് ഈ പുസ്തകത്തിന്റെ ഉത്ഭവത്തിന്നുള്ള കാരണം." ഈ സംഗതി ആലോചിക്കുമ്പോൾ ഇന്ദുലേഖയുടെ ജനനത്തിന് ചന്തുമേനവനോടു നാം കടപ്പെട്ടിട്ടുള്ളതിൽ ഒട്ടും കുറയാത്ത വിധത്തിൽ അദ്ദേഹത്തിന്റെ ആ പ്രിയപ്പെട്ട ആളോടും നാം കടപ്പെട്ടിട്ടുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

ഇന്ദുലേഖയിലെ കഥ അധികമൊന്നും പറവാനില്ല; പറയേണ്ടുന്ന ആവശ്യവുമില്ല. കേരളത്തിൽ അക്ഷരപരിജ്ഞാനമുള്ള സ്ത്രീപുരുഷന്മാരിൽ ഇന്ദുലേഖ വായിച്ചു രസിക്കാത്തവരാരും ഉണ്ടായിരിക്കയില്ലെന്ന് ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു. ഈ വിശ്വാസം അബദ്ധമായിത്തീരത്തക്കവണ്ണം വല്ലവരുമുണ്ടെങ്കിൽ അവരോട് എനിക്ക് അശേഷം അസൂയ ഇല്ല.

ഏതുതരത്തിലുള്ള വായനക്കാരെയും അസാമാന്യമായി രസിപ്പിച്ച് അവരെക്കൊണ്ട് ആവശ്യംപോലെ ചിരിപ്പിച്ചും കരയിച്ചും ഇടയ്ക്കു ഗൌരവമായ ചില ആലോചനകൾ ചെയ്യിച്ചും വിവിധങ്ങളായ ക്ഷോഭങ്ങൾ അവരുടെ മനസ്സിൽ ജനിപ്പിച്ച് ആകപ്പാടെ അത്യന്തം തൃപ്തികരമായ ഒരു അനുഭവം ഉണ്ടാക്കത്തക്ക നോവലുകളിൽ ഒന്നാമത്തേത് ഇന്ദുലേഖയും ശേഷമുള്ളവ പിന്തിരിഞ്ഞ് നോക്കിയാൽ എങ്ങും കാണാത്തവിധത്തിൽ അതിദൂരത്തും ആകുന്നു. ഈ സംഗതിയിൽ ഇന്ദുലേഖ ഒന്നാംതരം ചില ഇംഗ്ലീഷ് നോവലുകളോട്ട് കിടനിൽക്കും.

തന്റെ പ്രിയജനങ്ങളുടെ പരിഭവം തീർക്കാനും അവരെ രസിപ്പിക്കാനും അല്ലാതെ ഇന്ദുലേഖകൊണ്ട് ഗൌരവമായ വേറെ വല്ല കാര്യസാദ്ധ്യവും ഗ്രന്ഥകർത്താവ് ഉദ്ദേശിച്ചിട്ടുണ്ടോ? ഈ ചോദ്യം ഈ പുസ്തകം ആദ്യമായി അച്ചടിച്ചുവെളിയിലായ കാലത്തുതന്നെ പല യോഗ്യന്മാരും കാര്യമായി ആലോചിച്ചതും പരസ്യമായും രഹസ്യമായും ചില വാദപ്രതിവാദങ്ങൾക്കു സംഗതിയായതും ആണെന്നു ഞാൻ കേട്ടിട്ടുണ്ട്. ചന്തുമേനോൻ അവർകൾക്ക് ആ വിധം വല്ല ഉദ്ദേശവും മനസ്സിൽ ഉണ്ടായിരുന്നെങ്കിലാവട്ടെ ഇല്ലെങ്കിലാവട്ടെ. ഇന്നു് നായന്മാരുടെ ഇടയിൽ വിദ്വാന്മാരും യോഗ്യന്മാരും ആയ സ്വദേശാഭിമാനികളുടെ അത്യന്തം ഗൌരവമായ ആലോചനയ്ക്കു വിഷയമായിട്ടുള്ളതും തങ്ങളുടെ പരിഷ്കാരചന്ദ്രന് ഏറ്റവും വ്യക്തമായ ഒരു കളങ്കമായി നില്ക്കുന്നതും ആയ ഒരു ദുരാചാരത്തെ അതിന്റെ സ്വന്തവർണ്ണത്തിൽ പ്രത്യക്ഷപ്പെടുത്തുകയാണ് ഇന്ദുലേഖാ-പുസ്തകം ചെയ്യുന്നത്. ഒരു മനുഷ്യന്റെ ശരിയായ രൂപത്തെ രേഖപ്പെടുത്താനുള്ള ഏകോദ്ദേശത്തോടുകൂടി മാത്രം എടുക്കപ്പെടുന്ന ഒരു ഛായാപടത്തിൽ അയാളുടെ അംഗഭംഗവും വസൂരിക്കലയും സ്ഥിരമായി പതിഞ്ഞുകാണുന്നത് സ്വാഭാവികമാണ്. ചിത്രം എത്രമേൽ പ്രകൃതത്തിനനുസരിച്ചിരിക്കുന്നുവോ അത്രമേൽ ശക്തിയോടുകൂടി വൈരൂപ്യം വ്യക്തപ്പെട്ടിരിക്കും.

ഒരു നായർകുടുംബത്തിന്റെ ശരിയായ ചിത്രത്തെ കഴിയുന്നത്ര കൃത്യമായും സത്യമായും വിവരിച്ചുകൊണ്ട് എഴുതപ്പെട്ടിട്ടുള്ള ഒരു കഥയിൽ ആ സമുദായത്തിൽ പ്രത്യേകമായുള്ള ചില സമ്പ്രദായങ്ങൾ പ്രത്യക്ഷപ്പെടുന്നതിൽ ആശ്ചര്യപ്പെടാനില്ല. കേരളീയബ്രാഹ്മണർക്കു ശൂദ്രസ്ത്രീകളുമായുള്ള സംബന്ധവും അതു നടത്തിവരുന്ന അത്യന്ത ജുഗുപ്സാവഹമായ സമ്പ്രദായവും ഇന്ദുലേഖ വായിച്ചാൽ അതിവിശേഷമായി അറിയാവുന്നതാകുന്നു. പുരാതനമായി വളരെ കോപ്പുള്ളതും യോഗ്യന്മാരായ ചില ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നതും ആയ പ്രസിദ്ധപ്പെട്ട ചെമ്പാഴിയോട്ട

പൂവള്ളിത്തറവാട്ടിലെ കാരണവരുടെ പൌത്രിയെ സംബന്ധത്തിനായി ഒരു നമ്പൂരിപ്പാട്ടു എഴുന്നെള്ളിയതും അവിടെവച്ച് ആ പെണ്ണിന്റെ അമ്മയെക്കണ്ടു ഭ്രമിച്ചതും അവരുടെ രണ്ടുപേരുടേയും സൌന്ദര്യത്തെപ്പററി അദ്ദേഹം കാരണവരോടു സ്തുതിച്ചു പറഞ്ഞതും ഒടുവിൽ തറവാട്ടിലെ മററൊരുപെണ്ണിനെ സംബന്ധംകഴിച്ചു പല്ലക്കിലേററി കൊണ്ടുപോയതും സരസനായ ചന്തുമേനോൻ അവർകളുടെ ശക്തിയുള്ള തൂവലിനാൽ വർണ്ണിക്കപ്പെട്ടതു് വായിക്കുന്നതുകൊണ്ടു്, സമുദായാഭിവൃദ്ധിയെ കാംക്ഷിക്കുന്ന സഹൃദയന്മാൎക്കു്, തങ്ങളുടെ കുറവുകൾ ശരിയായി മനസ്സിലാക്കാനും, നൂറു വിവാഹനിയമങ്ങൾ കൊണ്ടുണ്ടാവാനിടയുള്ള ഫലം ഇതുകൊണ്ടുണ്ടാവാനും സംഗതിയാകുന്നതാണു്. നായർസമുദായത്തിന്റെ കുറവുകൾമാത്രം പ്രത്യക്ഷപ്പെടുത്തുകയല്ല ഇന്ദുലേഖാപുസ്തകം ചെയ്യുന്നതു്. ഇതിനുള്ള ശരിയായ പ്രതിവിധിയും ചൂണ്ടിക്കാണിച്ചു കൊടുക്കുന്നുണ്ടു്. അങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ അതു വെറും ദോഷപ്രഖ്യാപനമായി തീരുകയല്ലാതെ സമുദായപരിഷ്കാരത്തെ ഉദ്ദേശിക്കുന്ന ഒരാഖ്യായികയാകുന്നതല്ലായിരുന്നു. നായർസ്ത്രീകളിൽ ഇന്ദുലേഖയെപ്പോലെ വിദ്യാസമ്പന്നമാരായവർ അനേകം ഉണ്ടായിരുന്നാൽ ഒരു നമ്പൂരിപ്പാട്ടിലെ പ്രഭുത്വമൊ പണമൊ ആകട്ടെ, വിദ്യാവിഹീനരായ കാരണവന്മാരുടെ ചാപല്യമാകട്ടെ, ചില വൃദ്ധന്മാരുടെ അന്ധവിശ്വാസമാകട്ടെ, തങ്ങളുടെ പാതിവ്രത്യത്തിനും കൃത്യനിഷ്ഠയ്ക്കും ബാധകമായി വരുന്നതല്ലെന്നു് ആ പുസ്തകത്തിൽനിന്നും നാം പഠിക്കുന്നു. രാവണന്റെ അപേക്ഷയെ സീതയെന്നപോലെ നമ്പൂരിപ്പാട്ടിലെ അപേക്ഷയെ ഇന്ദുലേഖ എത്ര ബലമായും ഖണ്ഡിതമായും ആണു് തിരസ്കരിക്കുന്നതു്. നേരെമറിച്ചു കല്യാണിക്കുട്ടിയുടെ അവസ്ഥ നോക്കുക. വിദ്യാവിഹീനയായ ആ സാധു പെൺകിടാവിനെ അവളുടെ സമ്മതമെന്നല്ല, അറിവുകൂടി ഇല്ലാതെ ആ അശ്വമുഖൻ നമ്പൂരിപ്പാടിനു് വല്ല പൂച്ചക്കുട്ടിയേയും പിടിച്ചു കൊടുക്കുമ്പോലെ പിടിച്ചു കൊടുത്തതു കണ്ടില്ലേ? കല്യാണിക്കുട്ടിയും നമ്പൂരിപ്പാട്ടും അന്യോന്യമുണ്ടായ സംബന്ധം അഥവാ അസംബന്ധം എങ്ങനെയായിരുന്നു നടത്തിയതെന്നുള്ളതിന്റെ വിവരണം ചന്തുമേനവന്റെ വാചകങ്ങളിൽത്തന്നെ വായിക്കേണ്ടതാകുന്നു. അതിങ്ങനെയാണു്:—"സാധാരണ സമ്പ്രദായപ്രകാരം നമ്പൂരിപ്പാട്ടു് കാൽകഴുകി അകത്തേക്കുകടന്നു് പടിഞ്ഞാററു അറയിൽ അതിവിശേഷമായി വിരിച്ച പട്ടുകിടക്കയിൽ കിടന്നു. ആ അകത്തിന്റെ കിഴക്കെ വാതിൽ അടച്ചു.* അപ്പോൾ ആ വീട്ടിലുള്ള സ്ത്രീകളെല്ലാംകൂടി തിക്കിത്തിരക്കി പടിഞ്ഞാററയുടെ പടിഞ്ഞാറെ വാതലിൽക്കൂടി ഒരു ജീവനുള്ള പന്നിയേയൊ മററൊ പിടിച്ചു കൂട്ടിലാക്കുന്നതുപോലെ സാധു കല്യാണിക്കുട്ടിയെ പിടിച്ചു തിക്കിത്തള്ളി പടിഞ്ഞാററയിൽ ഇട്ടു പടിഞ്ഞാറെ

മതലും ബന്ധിച്ചു, സംബന്ധവും കഴിഞ്ഞു." വളരെ സമ്പത്തുള്ള ഒരു പ്രസിദ്ധ തറവാട്ടിൽ നടന്ന സംബന്ധത്തിന്റെ വിവരണമാണിതു്. "അതിവിശേഷമായി വിരിച്ചു ചമൽക്കരിക്ക" ഒഴിച്ചാൽ ഈ വിവരണം സാധുതറവാടുകളേയും സാമാന്യമായി സംബന്ധിക്കുമെന്നു തോന്നുന്നു. ഈവക സമ്പ്രദായങ്ങൾ വളരെ പുരാതനമായിട്ട് ഏറക്കുറയ സാധാരണമായി എല്ലാടത്തിലും നടന്നുപോരുന്നതാകയാൽ അവയുടെ അഭാസത്വവും അനൌചിത്യവും സാധാരണ ജനങ്ങൾക്കു മനസ്സിലാകാൻ പ്രയാസമുള്ളതാകുന്നു. എന്നാൽ ഈവിധം സമഷ്ടിയായി, അതു തന്നെ യഥാർത്ഥത്തിൽ നടന്നതായി തോന്നിക്കുന്നതായ ഒരു കഥാപുസ്തകത്തിൽ അവ വിവരിച്ചതു് വായിക്കുമ്പോൾ പ്രത്യേകമായ ഒരനുഭവം നിശ്ചയമായും ഉണ്ടാകുന്നതാകുന്നു. ആംഗ്ലേയനോവൽ എഴുത്തുകാരിൽ പലയോഗ്യന്മാരും ഇങ്ങനെയുള്ള ദുരാചാരങ്ങളെ പ്രത്യക്ഷപ്പെടുത്തുവാൻ അനേകം നോവലുകൾ എഴുതീട്ടുള്ളതാണല്ലോ.

ഇന്ദുലേഖയിൽ വിവരിച്ചിട്ടുള്ള ചെമ്പാഴിയോട്ട്, തെക്കേമലയാളത്തിലെ ഒരു ഉൾപ്രദേശമാണെന്നു തോന്നുന്നു. കേശവൻനമ്പൂരി തന്റെ അച്ഛനോടു റെയിൽകമ്പനിയെപ്പററി സംസാരിക്കുമ്പോൾ "തീവൽക്കമ്പനി ഇവിടെ കോഴിക്കോട്ടുവച്ചു് പണി എടുപ്പിക്കുന്നതായിരുന്നുവോ എന്നു ചോദിക്കുന്നതിൽനിന്നു് പൂവള്ളിത്തറവാട്ടു കോഴിക്കോട്ടായിട്ടാണു് ഗ്രന്ഥകർത്താവു് സങ്കല്പിച്ചതെന്നു ഊഹിക്കാൻ സംഗതിയുണ്ടെങ്കിലും അദ്ദേഹം തന്നെ അതേഅവസരത്തിൽ ഇന്നാൾ ഞാൻ കോഴിക്കോട്ടുപോയപ്പോൾ എന്നു പറയുന്നതുകൊണ്ടു്, അദ്ദേഹത്തെ "ഇവിടെ" എന്നതിനു് "മലയാളരാജ്യത്തിലുള്ള" എന്നു അർത്ഥമുള്ള എന്നാം വിചാരിക്കേണ്ടിയിരിക്കുന്നു. ചെമ്പാഴിയോട്ടുനിന്നു് അടുത്ത റെയിൽവേസ്റ്റേഷനിലേക്കു് നാലുകാതം വഴിയുണ്ടുതാനും. അതുകൊണ്ടു ബ്രിട്ടീഷുമലബാറിൽ അതു തന്നെ നമ്പൂരിമാരുടെ പ്രാബല്യത്തിനു പ്രാധാന്യമുള്ള തെക്കേമലയാളത്തിലെ ഒരു സ്ഥലമായിരിക്കണം ഗ്രന്ഥകർത്താവു് സങ്കല്പിച്ചതു്. പൂവള്ളിത്തറവാട്ടിലെ കാരണവന്മാരിൽ രണ്ടുപേർ പണ്ടു ദിവാനുദ്യോഗം ഭരിച്ചിരുന്നവരാണെന്നുള്ളതുകൊണ്ടും ഇന്ദുലേഖയുടെ അച്ഛൻ കിളിമാനൂർ ഒരു രാജാ ആയിരുന്നു എന്നുള്ളതുകൊണ്ടും ആ തറവാട്ടു് കൊച്ചിയിലൊ തിരുവിതാംകൂറിലൊ ആയിരിക്കണമെന്നു് നിർബന്ധമില്ലെന്നു വിശ്വസിക്കാം.

അനാവശ്യമായൊ അസംഭാവ്യമായൊ യാതൊരു സംഗതിയും ഇന്ദുലേഖയിൽ വിവരിച്ചിട്ടില്ല. വിവരിച്ചവയൊക്കെ പ്രകൃതത്തിനു് പൂർവ്വാപരം അനുസരിച്ച വിധത്തിൽ നിസർഗ്ഗമധുരമാംവണ്ണം വിവരിച്ചിരിക്കുന്നു. ബോംബെയിലെ [illegible] ചന്തുമേനോൻ വിവരിച്ചിട്ടുള്ളതു്

മലയാളഭാഷയിൽ എത്രയും രമണീയമായ ഗദ്യഖണ്ഡങ്ങളിൽ അത്യുൽകൃഷ്ടമായതായി എന്നും പ്രശോഭിക്കുന്നതാണ്. അവിടെ "വഴ്യമ്പാട്ടുള്ള മഞ്ഞവെയിൽ തട്ടി ഉളിയുന്നതായ അതിഭംഗിയുള്ള ചെറിയ പിച്ചളക്കഴുത്തുകൾ വെച്ച കുഴലുകളിൽക്കൂടി പുക വിട്ടു, വിട്ടു്, ബഹുമനോഹരമാകുംവണ്ണം കപ്പലുകളുടെ സമീപത്തിൽനിന്നു് പീയർലേയ്ക്കും പീയറിൽനിന്നു് കപ്പലുകളുടെ സമീപത്തിലേയ്ക്കും അതിമേദുരങ്ങളായി നില്ക്കുന്ന ആ കപ്പലുകളുടെ ചെറുകിടാങ്ങൾ പാഞ്ഞുകളിക്കുന്നതോ എന്നു് മനസ്സിൽ തോന്നിക്കുംവിധം അങ്ങോട്ടും ഇങ്ങോട്ടും ഓടുന്ന ചെറിയ തീബോട്ടുകളുടെ അതികൌതുകമായ വ്യാപാരങ്ങളെ കാണുന്ന ഒരു കാഴ്ച" എത്ര ഭംഗിയായിരിക്കുന്നു. വല്ല സാധനത്തേയോ ആളുകളേയോ ചന്തുമേനോൻ വിവരിച്ചതു വായിക്കുമ്പോൾ അവരുടെ വല്ല ചിത്രവും കാണുന്നതുപോലെയുള്ള ഒരനുഭവമാണുണ്ടാകുന്നതു്. മാധവന്റെ സമാധാനങ്ങളൊക്കെ, തീവണ്ടിയിൽവച്ചു് അപഹരിച്ച ആ കള്ളന്റെ പട്ടാണിവേഷം എത്ര ശരിയായി പ്രകൃതത്തിനനുസരിച്ചിരിക്കുന്നു. സുന്ദരികളായ സ്ത്രീകളെ വണ്ണിക്കാൻ തുടങ്ങുമ്പോൾ ചന്തുമേനവന്റെ വാക്കുകൾക്കും വാചകങ്ങൾക്കും അധികമായ ശക്തിയും മാധുയ്യവും വദ്ധിച്ചു് പദ്യയോഗ്യമായ ഉദാഹരണങ്ങളും ഉപമകളും തനിയേ വന്നു ചാടുന്ന വിധം തോന്നും.

മാധവന്റെ അലങ്കാരവിശേഷം കാണുന്നവക്കൊക്കെ അവനിൽ അതിയായ സ്നേഹവും ദൃഢമായ വിശ്വാസവും ജനിക്കത്തക്കവിധം മനോഹരമായിരുന്നു. ബി. എൽ വരെ എല്ലാ പരീക്ഷകളിലും ഒന്നാം ക്ലാസിൽ ജയിച്ചു് പലവിധ സമ്മാനങ്ങളും ബിരുദുകളും വാങ്ങി സംസ്കൃതത്തിൽ കടുകട്ടിയായ വ്യുല്പത്തിയുണ്ടായി, സവ്വഗുരുനാഥന്മാരുടേയും തൃപ്തിയും ആശീവ്വാദവും സമ്പാദിച്ചു്, ദിനംപ്രതി വ്യായാമങ്ങളിൽ കൃത്യമായി ഏപ്പെട്ടുകകൊണ്ടു് ആരോഗ്യദൃഢഗാത്രനായ ഒരു അതിസുന്ദരൻ കേരളത്തിൽ ഉണ്ടാവാൻ പാടില്ലാത്ത ഒരു സൃഷ്ടിയല്ലല്ലോ. പഞ്ചുമേനവന്റെ വിരോധംകൊണ്ടോ, അതോ, ഒഴിവുള്ള അവസരങ്ങളിൽ ഇന്ദുലേഖയുമായി സംസാരിച്ചു വിനോദിക്കാൻ സാധിക്കയില്ലല്ലോ എന്നു വച്ചോ എന്താണു് മാധവനെ "സി, എസ്സ്," പരീക്ഷയ്ക്കു പഠിക്കാൻ ബിലാത്തിക്കയയ്ക്കാഞ്ഞതെന്നു് അറിഞ്ഞില്ല. ആട്ടെ ഗിൽഗാം സായ്പിന്റെ കാരുണ്യംകൊണ്ടു് പ്രൊവിൻഷ്യൽ സിവിൽ സവ്വീസിലെങ്കിലും ചേത്തുവല്ലോ. മാധവൻ ന്യായമായ ഒരു കായ്യത്തിൽ തൃഷ്ണവച്ചു പുറപ്പെട്ടാൽ ആരുടെ മുടക്കവും വിരോധവും ഗണ്യമാക്കാതെ അതു നിവ്വഹിക്കും. ശിന്നനെ മദ്രാസിയിൽ കൊണ്ടുപോയി പഠിപ്പിക്കേണ്ടതു് ആവശ്യമാണെന്നു് അവൻ വിചാരിച്ചു. കാരണവർ അതിനു് കേവലം വിരോധിയായിരുന്നുവെങ്കിലും അതു് അശേഷം ഗണ്യമാക്കാതെ ശിന്ന

നെ ഒന്നിച്ചു മദ്രാസിയിലേക്കു കൂട്ടിക്കൊണ്ടുപോയി. ഇന്ദുലേഖയെ മാധവനു കൊടുക്കുകയില്ലെന്നു പഞ്ചുമേനവൻ ചെയ്ത ശപഥവിവരം അറിഞ്ഞശേഷം "നാളെ മദ്രാസിക്കു ഒന്നിച്ചു കൊണ്ടുപോകാൻ ഒരുക്കമാണെങ്കിൽ വരാൻ ഞാൻ തെയ്യാറാണു" എന്നു ഇന്ദുലേഖ പറഞ്ഞുവെങ്കിലും "അതൊക്കെ അബദ്ധമായിവരും" എന്നു മാധവൻ പറഞ്ഞു മുടക്കിയതു കേട്ടാൽ അവിവേകമായി ധൃതിയിൽ യാതൊന്നും പ്രവൃത്തിക്കാത്തവനാണു താനെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. പക്ഷേ ശങ്കരശാസ്ത്രിയുടേയും മററും വാക്കു കേട്ടു രാജ്യത്തേയ്ക്കു ഒന്നും എഴുതിച്ചോദിക്കാതേയും അവരുടേയും എഴുത്തു വരുന്നതുവരെ താമസിക്കാതെയും ഇന്ദുലേഖ തന്നെ വഞ്ചിച്ചുവെന്നു വിശ്വസിച്ചു ഓടിപ്പോയതു എന്തായിരിക്കും. ഇതിൽ ഞാൻ മാധവനെ കുററംപറയുന്നില്ല. ആ സ്ഥിതിയിലുള്ളവർ എളുപ്പത്തിൽ അവകകാര്യങ്ങൾ വിശ്വസിച്ചു അതിലും വലിയ കടുങ്കൈകൾ പ്രവൃത്തിച്ചതിനു ദൃഷ്ടാന്തമുണ്ടല്ലോ. സ്ത്രീകളോടുണ്ടാകുന്ന പ്രണയംനിമിത്തം മനസ്സിൻെറ വ്യാപാരങ്ങൾക്കു വരാവുന്ന അനിർവ്വചനീയമായ മാററത്താൽ ഇതിലും കഠിനമായ പ്രവൃത്തി അതിധീരന്മാരായ പുരുഷന്മാരും ചെയ്യുന്നില്ലയോ? പ്രാണപ്രേയസിയായിവരിച്ച ഒരു സ്ത്രീയുടെ ചാപല്യത്തെ സഹിച്ചുനില്ക്കാനുള്ള ധൈര്യം വേറെ, ഒരു നരിയോടൊ കരടിയോടൊ പൊരുതുനില്ക്കാനുള്ള ധൈര്യം വേറെ. അതുകൊണ്ടു ആ കാര്യത്തിൽ ഞാൻ മാധവനെ കുററംപറയുന്നില്ല. മാധവൻ സഞ്ചാരത്തിൽ തൻെറ കടുക്കൻ രണ്ടും അഴിച്ചു വില്ക്കുന്നു. ഏകദേശം അഞ്ഞൂറുറുപ്പികയ്ക്കുണ്ടെന്നു മാധവൻ നല്ലവണ്ണം അറിഞ്ഞിരുന്ന ആ കടുക്കൻ "ഒരു പെരുങ്കള്ളൻ കച്ചവടക്കാരൻ നൂററൻപതുറുപ്പികയ്ക്കു സാധു മാധവനോടു പററിച്ചു" പോൽ. നമ്മുടെ ചെറുപ്പക്കാരുടെ ഗുണങ്ങൾ ഈവക കാര്യങ്ങളിലുള്ള സാമർത്ഥ്യക്കുറവുകൊണ്ടു കുറെ അധികരിക്കുന്നതായിട്ടു മലയാളികളായ നാം വിചാരിക്കുന്നില്ലയോ എന്നു ഞാൻ സംശയിക്കുന്നു. സാധനങ്ങൾക്കു ശരിയായ വിലകൊടുത്തു വാങ്ങാനും അവയെ ശരിയായ വിലയ്ക്കു വില്ക്കാനും അറിഞ്ഞുകൂടാത്തതു ഒരുവിധം "സാധു"വെന്നുള്ള അവസ്ഥയുടേയും ആ അവസ്ഥ പുരുഷഗുണത്തിൻെറയും അടിസ്ഥാനമായി ചിലർ വിശ്വസിക്കുന്നു. പിന്നെ എന്താണു മാധവൻ വിററതു. അവൻെറ അച്ഛൻ അവനു സമ്മാനമായി കൊടുത്ത സാധനം! നാലുതലയും മുട്ടിയാൽപോലും കൈമാറാൻ മടിക്കേണ്ടുന്ന ഈ സാധനം കേട്ടവിലയ്ക്കു അനാവശ്യമായി മാധവനെക്കൊണ്ടു വില്പിച്ചതു അശേഷം നന്നായില്ല. മാധവനു അതു തല്ക്കാലം വില്ക്കേണ്ടിയിരുന്ന ആവശ്യം ഉണ്ടായിരുന്നില്ലെന്നു ഗ്രന്ഥകർത്താവു തന്നെ പറയുന്നു. അവൻെറ കൈവശം നോട്ടായും നാണ്യമായും ഇരുനൂററൻപതു ഉറുപ്പിക ഉണ്ടായിരുന്നപോൾ; അതൊരു ഭാരമായും ഉപദ്രവമായും തീർന്നതിനാലാണ

ത്തെ വിററതു്. എന്തുഭാരം എന്തുപദ്രവം, കാതിൽ ധരിക്കേണ്ടതന്നല്ലാതെ നൂററൻപതുറുപ്പിക സൂക്ഷിക്കുന്നതിലും പ്രയാസമായ കാൎയ്യമാണൊ രണ്ടു കടുക്കൻ സൂക്ഷിക്കാൻ. ഇതും തന്റെ ഭ്രാന്തിൽ ചെയ്തുപോയതാണെന്നു് സമാധാനിക്കുമായിരിക്കാം. മാധവൻ വലിയൊരു ധൈൎയ്യവാനാണു്. അവന്റെ ധീരത കല്ക്കത്താവിൽവെച്ചു് ഒരു ചെറുനരിയുമായുണ്ടായ പിണക്കത്തിൽ നാം കണ്ടതാണല്ലോ. ഗ്രന്ഥകൎത്താവിനു് തന്റെ നായകനോടുള്ള അതിപ്രണയം നിമിത്തം അവന്റെ ധീരതയെ കുറെ അധികരിച്ചു കാണിക്കാൻ വേണ്ടി ഉപയോഗിച്ച വാക്കാണു് "പിണക്കം" എന്നുള്ളതെന്നു തോന്നുന്നു. "ചെറുനരി പുറത്തു ചാടിയ ഉടൻ മാധവൻ തന്റെ പോക്കററിൽ നിന്നു് റിവോൾവർ എടുത്തു് ഒരു വെടിവെച്ചു. ചെറുനരി ഒന്നു ചാടി. രണ്ടാമതും ഒരു വെടിവെച്ചു. മൃഗം ചത്തു വീണു!!" ഇത്രയെ സംഗതിയുണ്ടായിട്ടുള്ളു. ഈ വിവരം കേട്ടാൽ മാധവൻ നിന്നടിക്കിൽ നിന്നു് ഒരടി തെററാതെ അത്യന്തം സ്ഥൈൎയ്യവും ധൈൎയ്യവും കാണിച്ചു ചെയ്ത പ്രവൃത്തിയാണെന്നേ ആൎക്കും ആരും വിചാരിക്കുകയുള്ളു. പക്ഷെ മാധവന്റെ തൊപ്പി താഴെ വീണതും കുടമപുറത്തായതും പല സംശയങ്ങൾക്കും സംഗതി വരുത്തുന്നു. മാധവൻ അല്പം ഓടുകയോ ഒന്നു വീഴുകയോ ഉണ്ടായോ? ഏതായാലും അതുകൊണ്ടു ഗുണമല്ലാതെ ദോഷമൊന്നും ഉണ്ടായിട്ടില്ല. യോഗ്യന്മാരായ രണ്ടു ബങ്കാളികൾ അവനെ മലയാളിയാണെന്നു് മനസ്സിലാക്കിയല്ലോ. മാധവന്റെ ഈ ശൌൎയ്യവും ധൈൎയ്യവും ഒക്കെ മാധവിയെ കണ്ടു മുട്ടുമ്പോൾ എവിടെ പോകുന്നെന്നു ആരറിഞ്ഞു? ഇന്ദുലേഖയുടെ മനസ്സറിയുന്നതിനുമുമ്പു ആ സാധു പെട്ടപാടു അത്യന്തം പരിതപിക്കത്തക്കതുതന്നെ. "ചെറുമനുഷ്യാ! നിന്റെ അവസ്ഥ എത്ര നിസ്സാരം"? എന്നു് ഇന്ദുലേഖയിൽ മറെറാരവസരത്തിൽ ഗ്രന്ഥകൎത്താവു ചെയ്ത വിലാപം മാധവന്റെ പ്രണയഗോഷ്ഠി കാണുമ്പോൾ ചെയ്യേണ്ടിവന്നിരിക്കുന്നു.

എന്നാൽ ഇന്ദുലേഖയോ? ബഹു മിടുക്കത്തിയാണു്. ബഹു മിടുക്കത്തിയാണെന്നു രണ്ടാമതും പറയുന്നു. വിദ്യാഭ്യാസം കൊണ്ടുണ്ടായിരിക്കേണ്ടുന്ന സൽഗുണങ്ങളും കളങ്കരഹിതമായി പ്രശോഭിക്കുന്ന ഒരു തരുണീരത്നമാണു് ഇന്ദുലേഖ. മാധവന്റെ പ്രണയഗോഷ്ഠിയിൽ കേവലം ലയിച്ചു ചാഞ്ചാടാതെ എത്ര ധൈൎയ്യത്തോടുകൂടിയാണു് അവളുടെ സ്ഥിതി? ഉള്ളിലുള്ള അകൈതവമായ പ്രണയം എത്ര പ്രശംസനീയമാകുംവണ്ണം അവൾ അടക്കുന്നു. "ഞാൻ നിന്നെ ഇഷ്ടപ്പെടുന്നു. നിന്നെയല്ലാതെ ഞാൻ ആരെയും ഭൎത്താവായി സ്വീകരിക്കുന്നതല്ല!" എന്നു വ്യക്തമായി പറഞ്ഞാലല്ലാതെ ബുദ്ധിമാനായ മാധവനു് കാൎയ്യം മനസ്സിലാകയില്ലെന്നു കണ്ടശേഷം അവൾ തുറന്നുപറയുന്നു. വെറുതെയല്ല മാധവനെ

ഒരവസരത്തിൽ ശപ്പനെന്നു ഇന്ദുലേഖ വിളിച്ചത്. ഇന്ദുലേഖയെ സൎവ്വക്കും ഭയമാണ്. "മഹാ കോപിഷ്ഠനായ പഞ്ചുമേനവൻ കൂടി ഇന്ദുലേഖയുടെ മുമ്പാകെ എത്തുമ്പോൾ കിടുകിട വിറച്ചിട്ടാണ്" വിദ്യാഭ്യാസത്താൽ അവൾക്കു സിദ്ധിച്ച ഗുണങ്ങളെയാണ് സൎവരും ഭയപ്പെടുന്നത്. "ഇംഗ്ലീഷു പഠിച്ചതിനാൽ ഒരു മലയാളസ്ത്രീയാണെന്നുള്ള നില കേവലം വിട്ടിട്ടില്ല. ഹിന്തുമതദ്വേഷമാകട്ടെ, നിരീശ്വരമതമാകട്ടെ, നിൎഭാഗ്യവശാൽ ചിലപ്പോൾ ചില പഠിപ്പുള്ള ചെറുപ്പക്കാൎക്ക് ഉണ്ടാകുന്നപോലെ സൎവ്വരിലും ഉള്ള ഒരു പുച്ഛരസമാവട്ടെ, ഇന്ദുലേഖയെ കേവലം ബാധിച്ചിട്ടില്ല. കുളി, കുറി, ഉടുപൊട, സംസാരം, തന്റെ അമ്മ മുത്തശ്ശി വലിയച്ഛൻ അമ്മാവൻ ഇവരിലുള്ള ഭക്തിവിശ്വാസം, നാട്ടുകാർ സമീപവാസികളായി ഇംഗ്ലീഷുപഠിക്കാത്തുള്ള തന്റെ സഖികളിൽ ഉള്ള ചേൎച്ച, രസക്യം, വിശേഷിച്ചു പറയുന്ന വാക്കുകളിലും ചെയ്യുന്ന പ്രവൃത്തികളിലും പ്രത്യക്ഷമായി കാണപ്പെടാവുന്ന താഴ്മ, ഗൎവില്ലായ്മ, ഇതുകളെല്ലാം കണ്ടു ഇന്ദുലേഖയെ പരിചയമുള്ളർ എല്ലാപ്പൊഴും അത്ഭുതപ്പെട്ടിരുന്നു. ആഭാസമായ ഒരുവാക്കും പറയാതെ എത്ര നാഗരികമായ സമ്പ്രദായത്തിലാണ് നമ്പൂരിപ്പാടിനെ അവൾ തിരസ്കരിക്കുന്നത്. ഇംഗ്ലീഷുവിദ്യാഭ്യാസം കൊണ്ടു മനസ്സിന് പക്വത സിദ്ധിച്ച ഒരു വിദുഷിയും കേവലം മൂഢനും വിടനുമായ ഒരു പ്രഭുവും അന്യോന്യമുള്ള അന്തരത്തെ അവരുടെ കൂടിക്കാഴ്ചകൊണ്ടു എത്ര വിശദമായും ശക്തിയോടുകൂടിയുമാണ് ചന്തുമേനോൻ വിവരിച്ചു കാണിച്ചിരിക്കുന്നത്! ഇന്ദുലേഖ ഭാവംകൊണ്ടും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും കാണിക്കുന്ന പരിഹാസം സാധു നമ്പൂരിപ്പാടിന് മനസ്സിലാകുന്നില്ല. അ തിരുമനസ്സുകൊണ്ടു ഇന്ദുലേഖയുടെ വിനോദാൎത്ഥം ഒരു ശ്ലോകം ചൊല്ലാൻ വളരെ ബുദ്ധിമുട്ടിയതിന്ന ശേഷവും സാധിക്കയില്ലെന്നു കണ്ടപ്പോൾ ചെറുശ്ശേരിയെക്കൊണ്ടു ശ്ലോകം എഴുതിച്ചു വായിക്കാൻ ഇന്ദുലേഖയുടെകൈവശം കൊടുക്കുന്നു. ഇന്ദുലേഖ വായിക്കുകയല്ല ചെയ്യുന്നത്. "ശ്ലോകം എനിക്കറിയാം ഞാൻ ചൊല്ലാം" എന്നുപറഞ്ഞു ചൊല്ലുകയാണ് ചെയ്യുന്നത്. എന്തു പരിഹാസമാണിത്. അതുവരെ അ തിരുമേനി ശ്ലോകം ചൊല്ലാൻ ചെയ്ത മരണഗോഷ്ടിയൊക്കെകണ്ടു മനസ്സുകൊണ്ടു രസിച്ചു ചിരിച്ച് ഒടുവിൽ താൻ അ ശ്ലോകം ചൊല്ലുന്നു. ഇതിലധികം ഒരാളെ പരിഹസിക്കാനുണ്ടോ? ഇതിലധികം ഒരാൾ വഷളാകാനുണ്ടോ? ഇങ്ങനെ പരിഹസിക്കാനുള്ള ശക്തി ചന്തുമേനവന്റെ സൃഷ്ടികൾക്കല്ലാതെ ഉണ്ടാകുന്നതല്ല. ആദ്യവസാനം ഇന്ദുലേഖ കാണിച്ച തന്റേടം വിദ്യാസമ്പന്നയായ അവിടം ഒരു സ്ത്രീയ്ക്കു സൎവ്വപ്രകാരേണയും യോഗ്യമായ വിധത്തിലാകുന്നു.

മാധവിയേയും ഇന്ദുലേഖയേയുംകുറിച്ചു നാം സന്തോഷിക്കയും വ്യസനിക്കുകയും വെറുമാനിക്കുകയും പരിഹസിക്കുകയും ചെയ്യുന്നുവെങ്കിലും വായനക്കാരുടെ രസത്തിനും വിനോദത്തിനും മാത്രം കല്പിച്ചുണ്ടാക്കിയതല്ലാത്ത മനുഷ്യൻ സൂരിനമ്പൂരിപ്പാടാകുന്നു. ചന്തുമേനോൻ വിചാരിച്ചിരം നമ്പൂരിപ്പാടിനെ പോലെയുള്ളവർ ഉൾനാടുകളിൽ ഇന്നും ധാരാളമുണ്ട്. ഇംഗ്ലീഷുവിദ്യാഭ്യാസരശ്മി വെളിച്ചം പ്രവേശിക്കാത്ത ആ സമുദായത്തിൽ ഒരം വകക്കാർ അത്ര വേഗം നശിച്ചുപോകുമെന്ന് ഭയപ്പെടാനില്ല. വിദ്യാഭ്യാസമില്ലാത്ത ഒരു സ്ത്രീലോലനായിരുന്നു ഈ ബ്രാഹ്മണൻ. ഈ രണ്ടുദോഷങ്ങളുടെ വ്യാപാരത്തെ തടസ്സമില്ലാതെ സഹായിക്കത്തക്കവിധം ധാരാളം പണവും ഉണ്ടായിരുന്നു. ധനവാന്മാരായ വിദ്യാവിഹീനന്മാർക്ക് സ്ത്രീകളിൽ അതിയായി ചാപല്യം ഉണ്ടായാൽ പിന്നെ അവരുടെ വേറെയുള്ള സ്വഭാവത്തെപ്പറ്റി അധികം പറയേണ്ടതാകുന്നതല്ലെന്ന് ഗ്രന്ഥകർത്താവു പറഞ്ഞതു് സത്യമാകുന്നു. "അവരുടെ എല്ലായ്പ്പോഴുമുള്ള വിചാരവും പ്രവൃത്തികളും ഒരം ഒരു വിഷയത്തെ സംബന്ധിച്ചല്ലാതെ ഒരിക്കലും ഉണ്ടാവാൻ പാടില്ല" അഹൻ നമ്പൂരിപ്പാട്ട് ഭോഗലോലുപനും രോഗിയുമാകയാൽ മനോവികാരങ്ങൾ നോക്കിത്തന്നെയിരിക്കുന്നത് ഉചിതമായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ കാര്യങ്ങൾ അന്വേഷിച്ചിരുന്നതു് മാസ്പടിക്കാരായ കാര്യസ്ഥന്മാരായിരുന്നു. ഈ ബ്രാഹ്മണൻ ശുദ്ധനാം നിഷ്കന്മഷനാം അല്ലെങ്കിലും മനോദൃഢതയില്ലാത്തവനാണ്. തന്നെപ്പറ്റി തന്നെ വലിയ അഭിപ്രായമാണത്രേ; മുഖസ്തുതി കേൾക്കുന്നതിനാൽ വലിയ സന്തോഷമാണ്. മുഖസ്തുതി കേട്ടുകേട്ട താൻ വലിയ ഒരു പുരുഷനാണെന്ന് മനസ്സിൽ തീർച്ചയാക്കിയിരിക്കുന്നു. ഇങ്ങനെയുള്ള ബ്രഹ്മാണ്ഡപുരുഷനെക്കൊണ്ട് പട്ടിന്റെയും വില്ലൂസിന്റെയും നീരാളത്തിന്റെയും സ്വർണ്ണത്തിന്റെയും വസ്ത്രങ്ങളും ആഭരണങ്ങളുംമറ്റും ധരിപ്പിച്ചു അദ്ദേഹത്തെ ഇന്ദുലേഖയുടെ മുമ്പിൽ കൊണ്ടുപോയി ഇട്ടു ചന്തുമേനോൻ കളിപ്പിച്ച കളികണ്ടാൽ ആ സാധുബ്രാഹ്മണനോടു ആർക്കും ദയ തോന്നും. സ്ത്രീകളെപ്പറ്റിയുള്ള സ്വതന്ത്രമായ ചരിത്രങ്ങൾ ഇന്നാട്ടിൽ വച്ചു് ഇന്നാളോട്ടു പറയാം എന്നാലും തീരുകയില്ല. ഭോഗമുള്ള ആ സ്ത്രീകളൊക്കെ തനിക്കായിക്കൊണ്ടു ജനിച്ചതാണെന്നാണ് ഒരം ചെറുപ്പക്കാരുടെ വിശ്വാസം. മാനവും മര്യാദയും ഇല്ലെന്നല്ല നാട്ടുകാര്യവും കോടതികാര്യവും ഒന്നും ഈ വങ്കശ്ശുവിന് അറിഞ്ഞുകൂടാ. ഒരു അധികാരം ഫയലാക്കാൻ ഒരു ഹർജി കൊടുക്കേണ്ടതിൽ ഒപ്പു വയ്ക്കാൻ കാര്യസ്ഥൻ താശ്ശൻ മേനവൻ പെട്ടപാട് വിചാരിക്കാൻകൂടി വയ്യ. ഇന്ദുലേഖയുടെ ലാവണ്യാതിശയത്തെക്കേട്ട് അവളെത്തന്നെ ധ്യാനിച്ചിരിക്കുമ്പോളാണു് ഹർജിയിലൊപ്പിടുവിക്കുവാൻ കാര്യസ്ഥൻ ചെല്ലുന്നതു്. ഒപ്പിടുന്ന ആളാണോ നമ്പൂരിപ്പാട്ടു്. അന്നു ശനിയാഴ്ചയാണത്രെ. ശനി

യാഴ്ച യാതൊരു കടലാസിലും ഒപ്പിടാമില്ലപോൽ. ഹർജി തിങ്കളാഴ്ച ഹാജരാക്കിയില്ലെങ്കിൽ നമ്പർ ദോഷപ്പെടും. ദോഷപ്പെടട്ടെ. അപ്പീൽകോടതിയില്ലെ.? ആധാരം ഫയലാക്കിയില്ലെങ്കിൽ അപ്പീൽ കോടതിയിലും പൊളിയുമെന്നതു് അവിടുന്നു് വിശ്വസിക്കയില്ല. അന്യായക്കാരൻ ഒരു ബാരിസ്റ്റർ സായ്പിനെവരുത്തീട്ടുണ്ടെങ്കിൽ തനിക്കും ഒരു സായ്പിനെ വരുത്തണം. ഏലമലക്കാരൻ മതിയത്രെ. മലബാറുകാർ സായ്പന്മാർക്കു് കോടതിയിൽ ഹാജരായി വാദിക്കാൻ അറിവും അധികാരവും ഇല്ലെന്നു് കാര്യസ്ഥൻ പറഞ്ഞതു് തോന്ന്യാസമാണു്. ആ കരാർകാരൻ സായ്പു് തനിക്കു വേണ്ടി എന്തും ചെയ്യും. ഠരം മെക്ഷാമൻ സായ്പിനെ അവിടുന്നു കാണ്മാൻ പോയതും സായ്പിൻെറ ഭാര്യയായ "മെദാമ്മസായ്പി"നു് താൻ ഒരു മോതിരം സമ്മാനിച്ചതും മദാമ്മ ഭ്രമിച്ചതും ഒന്നും അശേഷം അതിശയോക്തിയായി ഞാൻ വിചാരിക്കുന്നില്ല. ഇതിലും നേരമ്പോക്കുള്ള കാര്യങ്ങൾ ഇന്നും നടക്കുന്നുണ്ടു്. ഠരംവിടാഗ്രേസരൻ ഇന്ദുലേഖയുമായി സംസാരിച്ചുകൊണ്ടിരിക്കെ, ഇന്ദുലേഖയെയല്ലാതെ വേറെ ഒരു സ്ത്രീയേയും കാമിക്കയില്ല എന്നു പറഞ്ഞപ്പോൾ ഇന്ദുലേഖ, അതെ, സമ്മതിച്ചു, എന്നു മറുപടിപറഞ്ഞതുകേട്ടു് "അവിടെ എണീറ്റുനിന്നു മേല്പോട്ടു ചാടിയതും ലക്ഷ്മിക്കുട്ടിയമ്മയെ കാണ്മാൻ അകായിൽ ചെന്നപ്പോൾ ദാസി അമ്മുവെ കണ്ടു അന്ധാളിച്ചതും ലക്ഷ്മിക്കുട്ടിയുടെ ഭർത്താവായതുകൊണ്ടു് കറുത്തേടം മഹാഭാഗ്യവാനാണെന്നു രണ്ടുപേരുടെ മുമ്പാകെ തന്നെ തുറന്നുപറഞ്ഞതും കല്യാണിക്കുട്ടിയെ കാണ്മാൻ കുളിമുറിയിൽ കടന്നു ചെന്നതും ഒക്കെ ഈ തരക്കാരുടെ യഥാർത്ഥാവസ്ഥയേയും കേരളത്തിലെ ചില ആചാരങ്ങളുടെ ആഭാസത്വത്തേയും വെളിപ്പെടുത്തുന്നു. ഇങ്ങിനെയുള്ളവരെ നല്ല കണക്കിൽ പരിഹസിക്കേണമെന്നുള്ള ചന്തുമേനവൻെറ ഉദ്ദേശം ധാരാളം ഫലവത്തായിരിക്കുന്നുവെന്നതിനു് സംശയമില്ല.

കറുത്തേടത്തു കേശവൻനമ്പൂതിരി വിഢ്ഢിത്വത്തിനു് നമ്പൂരിപ്പാട്ടിലെ ഒരു അടുത്ത സഹോദരൻതന്നെയാണു്. പക്ഷെ നമ്പൂരിപ്പാട്ടിലെ വിടത്വവും മര്യാദകേടും ദുശ്ശീലവും കറുത്തേടത്തിനില്ല. സാമാന്യധനികനാണു്, പരമശുദ്ധനാണു്, പരിജ്ഞാനം ലവലേശമില്ല. ശ്രീരാമോദന്തത്തിലെ ഒരു ശ്ലോകംനേരാംവണ്ണംവായിക്കാൻ അറിഞ്ഞുകൂടാ. നൂൽ കമ്പനി എന്നതു് യന്ത്രമാണെന്നാണു് അദ്ദേഹം പഠിച്ചുവെച്ചതു്. "നൂൽ കമ്പനിഎന്നു് ഇത്രഘോഷമായി കേൾക്കുന്നതെല്ലാം ഒരുചക്രമാണു്. ആ ചക്രത്തെ തിരിക്കുന്നതു് പോകയാണു്. പോക, പോക, ശുദ്ധപോക" എന്നിങ്ങനെ ആരംഭിക്കുന്ന പ്രസംഗംകൊണ്ടാണു് തൻെറ ഭാര്യയ്ക്കു് നൂൽക്കമ്പനിയെപ്പററി ഒരുജ്ഞാനം ഉണ്ടാക്കുവാൻ ശ്രമിക്കുന്നതു്. നൂൽക്കമ്പനിയിലെ അഗ്നി വല്ല മൂർത്തികളുടേയും പ്രസാ

ദത്തിന്നു വേണ്ടിയുള്ള ഒരു ഹോമമോ എന്നുകൂടി കരുത്തേടത്തിന്നു ശങ്കയുണ്ടു്. ഇദ്ദേഹത്തിന്നു് ഇങ്ങനെ സംശയമുണ്ടായതിലല്ല, ഈ സംശയമൊക്കെയുണ്ടായിട്ടും കൈയിൽ അസാരം പണമുണ്ടായിരുന്നതു് നൂൽക്കമ്പനി കാഹരിയിലിടാൻ ധൈര്യവും ബുദ്ധിയും ഉണ്ടായല്ലോ എന്നാണു് എനിക്കു് ആശ്ചര്യം. സൂരിനമ്പൂരിപ്പാട്ടിൽനിന്നു് തന്റെ ഭാൎയ്യയെ കൈവശപ്പെടുത്തിക്കൊണ്ടു് പോകുമോ എന്നു് ഈ ശുദ്ധാത്മാവും ഭയപ്പെടുന്നു. നമ്പൂരിപ്പാട്ടിൽനിന്നു് കല്യാണിക്കുട്ടിയെയാണു് കൊണ്ടുപോകാൻ തീൎച്ചയാക്കിയതെന്നു് കരുത്തേടം ആദ്യം അറിഞ്ഞിരുന്നില്ല. ആ നിലയിൽ "ഇന്നു നമ്പൂരിപ്പാട്ടിന്നു് സംബന്ധമുണ്ടു്. പക്ഷേ ഇന്ദുലേഖയ്ക്കല്ല" എന്നു ചെറുശ്ശേരി പറഞ്ഞു കേട്ട ഉടനെ തന്റെ ഭാൎയ്യയെയാണു് നമ്പൂരിപ്പാടു കൊണ്ടുപോകുന്നതെന്നു് സാധുബ്രാഹ്മണൻ മനസ്സിലാക്കി "ജീവൻ ഒന്നു ഞെട്ടി, ബോധക്ഷയം തോന്നി, കുടിപ്പാൻ വെള്ളം വേണമെന്നുപറഞ്ഞു് ഒരുകിണ്ടി വെള്ളം കുടിച്ചു" അങ്ങനെയുള്ള പരമ ശുദ്ധാത്മാവാണു് കരുത്തേടം. അങ്ങനെ അസ്ഥിരമാണു് മലയാളത്തിലെ ചില ഭാൎയ്യാഭൎത്താക്കന്മാരുടെ ബന്ധം.

നോവൽ എഴുതുന്നവർ പലപ്പോഴും അവരവരുടെ സ്വഭാവത്തെ ചില കഥാപുരുഷന്മാരിൽ അറിഞ്ഞോ അറിയാതേയോ പ്രതിഫലിപ്പിച്ചുവിവരിക്കാറുണ്ടെന്നു ഞാൻ ഒരവസരത്തിൽ പറഞ്ഞിരുന്നുവല്ലോ. ചന്തുമേനവന്റെ പ്രകൃതിവിശേഷം ചെറുശ്ശേരി നമ്പൂരിയിൽ ധാരാളമായി പ്രതിഫലിക്കുന്നുണ്ടു്. ചെറുശ്ശേരിയും കൊച്ചുകൃഷ്ണമേനവനും കൂടി ആയാൽ ചന്തുമേനോൻ മുഴുവനായി. ചെറുശേരിയുടെ വിവരണം നോക്കുക:—"ഇദ്ദേഹത്തെപ്പോലെ ഇത്ര സരസതയും സാമൎത്ഥ്യവും ഉണ്ടായിട്ടു മറ്റൊരാളെപ്പറവാൻ എന്നാൽ സാദ്ധ്യമല്ല. വ്യുൽപത്തി കടുകട്ടി വ്യാകരണശാസ്ത്രം വെടിപ്പായി പഠിച്ചിരിക്കുന്നു. സംഗീതത്തിൽ പരിജ്ഞൻ. കാഴ്ചയിൽ നല്ല ശ്രീയുള്ള മുഖവും ദേഹവും. സംഭാഷണത്തിൽ ഇത്ര സരസത മറ്റാരിക്കും ഞാൻ കണ്ടിട്ടില്ല. ഇദ്ദേഹം അശേഷം ദുർബുദ്ധിയല്ല. എന്നാൽ പരിഹാസയോഗ്യരായ മനുഷ്യരെപ്പറ്റി ഇദ്ദേഹത്തിന്നു് അശേഷം ദയയില്ലെന്നു തന്നെ പറയാം. ഇദ്ദേഹത്തിന്റെ പരിഹാസത്തെപ്പറ്റി ദയയില്ലാത്തവർ കേവലം ബുദ്ധിയില്ലാത്തവർ മാത്രമേ ഉള്ളൂ. പരിഹസിച്ചാൽ കേവലം ഭയമില്ലാത്തവനുമാത്രം ഇദ്ദേഹത്തെ ഭയമില്ല" ചന്തുമേനവനെ ധാരാളം പരിചയമുള്ളവൎക്കൊക്കെ ഈ വിവരണം എത്രമേൽ അദ്ദേഹത്തെക്കൂടി സംബന്ധിക്കുമെന്നു അറിയാവുന്നതാണു്. ചെറുശ്ശേരി സൂരിനമ്പൂരിപ്പാടിനെ നിന്ദാസ്തുതി ചെയ്തും ദ്വയാൎത്ഥത്തിൽ അദ്ദേഹത്തോടു സംസാരിച്ചും അദ്ദേഹത്തിന്റെ ഗൎവ്വിന്നനുസരിച്ചു് ചിലതു പറഞ്ഞു ചെയ്യിച്ചും ചെയ്യുന്ന പരിഹാസം പരിഹാസശാസ്ത്ര

ത്തിൽ ഒരു വലിയ പാപമാണ്. സൂരിനമ്പൂരിപ്പാട്ടിനെപ്പോലുള്ളവർ തങ്ങളുടെ ഇടയിലുള്ളതുനിമിത്തം ലജ്ജിക്കുന്നതിനേക്കാൾ ചെറുശ്ശേരിയെപ്പോലുള്ളവർ ഉള്ളതുകൊണ്ട് അഭിമാനിക്കാനാണ് കേരളബ്രാഹ്മണർക്ക് അവകാശമുള്ളത്.

പഞ്ചുമേനവൻ പ്രകൃത്യാ കോപിയും ബുദ്ധികുറയുന്ന ഒരു മനുഷ്യനും ആയിരുന്നു. അദ്ദേഹത്തിന് ഒരു താസിൽദാർ ഉദ്യോഗം ഉണ്ടായിരുന്നുവത്രെ. ശപഥംചെയ്യാനും പ്രായശ്ചിത്തം ചെയ്യാനും ഒരുപോലെ ധൃതിയുണ്ട്. ബ്രാഹ്മണരെ വലിയ ഭക്തിയാണെങ്കിലും കോപിച്ചാൽ ബ്രാഹ്മണനെ കോമട്ടിയെന്നു വിളിക്കാൻ മടിക്കാറില്ല. വിദ്യാപരിജ്ഞാനത്തെ ഇദ്ദേഹത്തിനും വലിയ ഭയമാണ്. കല്യാണിക്കുട്ടിയെ നമ്പൂരിപ്പാട്ടിലേയ്ക്കു വീട്ടിലുള്ള ഒരു പൂച്ചക്കുട്ടിയേയോ മറ്റൊ പിടിച്ചു കൊടുക്കുമ്പോലെ കൊടുത്തുവെങ്കിലും ഇന്ദുലേഖയോടു സമ്മതം ചോദിക്കാൻ താൻതന്നെ പോകുന്നു. ആ വിദുഷി തട്ടിനു തറുതട്ട് പറഞ്ഞതു കേട്ടു മടങ്ങി ഭാര്യയോടു "എനിക്ക് ഈ ലോകത്തിൽ ഒരാളെയും പേടിയില്ല. എന്തോ ഇന്ദുലേഖയെ ബഹു ഭയം. അവൾക്കു ദേഷ്യം വന്നാൽ എനിക്കു കണ്ടുനില്പാൻ നിവൃത്തിയില്ല. ഞാൻ എന്തുചെയ്യട്ടെ" എന്നു പറയുന്നു. ഈ പെൻഷ്യൻ താസിൽദാർക്ക് അച്ചടിയെന്താണ് അച്ചടിക്കരുക്കളെന്താണ് എന്നൊന്നും അറിഞ്ഞുകൂടാ. ചെറുപ്പത്തിൽ ഇദ്ദേഹത്തിനു കാരണവന്മാരെയൊക്കെ വലിയ ഭയമായിരുന്നു. അവരുടെ മുമ്പാകെ ചെരിപ്പിട്ടു നടക്കാറില്ല. ഒരിക്കൽ ചെരിപ്പുപൊതിഞ്ഞു കക്ഷത്തിലാക്കിപ്പോകുന്നതു കാരണവൻ കണ്ടുപിടിച്ചപ്പോൾ നല്ല പ്രഹരം കുടുങ്ങിയിരുന്നു. അതു മരിക്കുന്നതുവരെ അദ്ദേഹം മറന്നിട്ടില്ല. അ അവസ്ഥയിൽ ശീനനെ മദ്രാസിലയയ്ക്കുന്നതിൽ മുടക്കംപറഞ്ഞതിലല്ല മാധവനേയും ഗോവിന്ദൻകുട്ടിയേയും അയയ്ക്കാൻ അനുവദിച്ചതിലാണ് ആശ്ചര്യം. അക്കാലത്തു പഞ്ചുമേനവനെപ്പോലെ കേരളത്തിൽ ഒരുലക്ഷം ആളുകളെ ആ ആകൃതിയുള്ളവരെ മാത്രമല്ല പ്രകൃതിയുള്ളവരേയും കാണാം.

മാധവന്റെ അച്ഛൻ ഗോവിന്ദപ്പണിക്കർ വലിയൊരു വിദ്വാനുമൊന്നുമായിരുന്നില്ലെങ്കിലും വലിയ പരിഷ്കാരപ്രിയനും പുത്രവാത്സല്യമുള്ള ആളും ആയിരുന്നു. പ്രാചീനസമ്പ്രദായങ്ങളെ വളരെ ബഹുമാനമാണെങ്കിലും കാലത്തിനനുസരിച്ച കോലത്തെ തടുക്കാൻ ശ്രമിക്കുന്നതു് അനാവശ്യവും അനർത്ഥവുമാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. പുത്രന്റെ പ്രീതിക്കായി ആരാൻകുട്ടിക്കുവേണ്ടി പണം ചിലവിടാൻ അദ്ദേഹം സന്നദ്ധനായി. ഇന്ദുലേഖയെപ്പറ്റി വ്യസനിക്കേണ്ടെന്നും മറ്റും മകനോടു നേരിട്ടു പറവാൻ അദ്ദേഹം മടിക്കുന്നില്ല. ഗോവിന്ദൻകുട്ടിക്കു

മതസംബന്ധമായ ജ്ഞാനം വലിയ തകരാറായ വിധത്തിലായിരുന്നുവെങ്കിലും കാൺഗ്രസ്സിനെപ്പററി മാധവനേക്കാൾ ശരിയായ അറിവ് അമ്മനുഷ്യനായിരുന്നുവെന്ന് ഇക്കാലം സമ്മതിക്കാതെ നിവൃത്തിയില്ല.

നമ്പൂരിപ്പാട്ടിലെ കാര്യസ്ഥൻ ഗോവിന്ദൻ അതിസമർത്ഥനാണ്. അവനല്ല മററു വല്ലവരുമായിരുന്നുവെങ്കിൽ തിരുമനസ്സുകൊണ്ട് വലിയ കുഴക്കിലാകുമായിരുന്നു. അവിടുത്തെ വെള്ളിച്ചെല്ലം ലക്ഷ്മിക്കുട്ടിയമ്മയോട്ട എടുത്തുകൊൾവാനരുളിച്ചെയ്തപ്രകാരം അവർ കള്ളന്മാരിൽ നിന്ന് ആ സാധനത്തെ രക്ഷിച്ചത് ഗോവിന്ദന്റെ മിടുക്കാണ്. കല്യാണിക്കുട്ടിയെ സംബന്ധം ചെയ്യാൻ ഉപദേശം ചെയ്തതും ഇന്ദുലേഖയെ ആയിരുന്നു കൊണ്ടുപോയതെന്ന് ജനങ്ങളെ ധരിപ്പിച്ചതും എന്തിനു പറയുന്നു സാധു മാധവനെക്കൊണ്ട് ബങ്കാളം മുഴുവനും ചുററിച്ചതും ഗോവിന്ദന്റെ മിടുക്കാണ്. ഇങ്ങനെ ഇരിക്കണം കാര്യസ്ഥന്മാർ. ഇന്ദുലേഖയെന്ന വാക്കുച്ചരിക്കാൻ മാത്രമറിഞ്ഞുകൂടാ. ചന്ദ്രരേഖയെന്നും ചന്ദ്രലേഖയെന്നും പല ഗോഷ്ടികളും അവൻ വരുത്തിക്കൂട്ടിയിരിക്കുന്നു. ആ കാര്യത്തിൽ മാത്രമേ നമ്പൂരിപ്പാട്ടിന് അവനോട്ട ദ്വേഷമുള്ളൂ. കൊല്ലുന്ന രാജാവിനു തിന്നുന്ന മന്ത്രിയാണ് ഗോവിന്ദൻ.

കുഞ്ഞിക്കുട്ടിഅമ്മ മുതലായ പഴയ സമ്പ്രദായക്കാരായ സ്ത്രീകളിൽ നിന്ന് ഇന്ദുലേഖയിലേയ്ക്കു എത്താനുള്ള സോപാനത്തിന്റെ മദ്ധ്യമാർഗ്ഗത്തിലുള്ളവരാണ് ലക്ഷ്മിക്കുട്ടിയമ്മ. നല്ല ബുദ്ധിയും ഒരുവിധം പരിഷ്ക്കാരവും ഉള്ള ഈ അമ്മ ഇന്ദുലേഖയുടെ മാതൃസ്ഥാനം വഹിക്കാൻ യോഗ്യതന്നെയാണ് സംശയമില്ല. നമ്പൂരിപ്പാട്ട് തുറന്നുപറഞ്ഞതുപോലെ കറുത്തേടത്തിന്റെ ഭാഗ്യമാണ് ഈ അമ്മയെ ഭാര്യയായി ലഭിച്ചത്.

ഇങ്ങനെ കഥാപുരുഷന്മാരെ പ്രത്യേകഗുണവിശേഷങ്ങളോടുകൂടി സൃഷ്ടിച്ച് ആ ഗുണവിശേഷങ്ങൾക്കനുസരിച്ച് അവരെക്കൊണ്ട് സംസാരിപ്പിച്ചും പ്രവൃത്തിപ്പിച്ചും കഥയ്ക്ക് ആകപ്പാടെ ഒരു യഥാർത്ഥചരിത്രത്തിന്റെ ആകൃതി നൽകിയതിൽ ഗ്രന്ഥകർത്താവിന്റെ ഘടനാചാതുര്യം അത്ര വിശേഷമായി പ്രത്യക്ഷപ്പെടുന്നുണ്ട്. പൂർവ്വാപരവിരോധമായ യാതൊരു സംഗതികളും ഇന്ദുലേഖയിൽ ഇല്ലതന്നെ. പതിനെട്ടാമദ്ധ്യായം അനാവശ്യമായിരുന്നുവെന്നും നാസ്തികമതത്തേയും കാൺഗ്രസ്സിനേയും പററിയുള്ള വാദപ്രതിവാദം അതിൽ വിവരിച്ചത് പുസ്തകത്തിനു വലിപ്പം കൂട്ടാനല്ലാതെ യാതൊരു പ്രയോജനവുമില്ലെന്നും അഭിപ്രായപ്പെടുന്ന ചില രസികന്മാരുണ്ട്. ഈ സംവാദം വളരെ രസപ്രദവും ജ്ഞാനപ്രദവും ആണെന്നാണ് എന്റെ അഭിപ്രായം. ഇന്ദുലേഖയിലെ സം

ഭാഷനവിഷയങ്ങളൊക്കെ ഇന്ദുലേഖയും മാധവനും, ഇന്ദുലേഖയും നമ്പൂരിപ്പാട്ടും, അന്യോന്യമുണ്ടായിരുന്നവപോലെയും അവയോടനുസരിച്ചും ആയിരിക്കണമെന്ന് ശഠിക്കുന്നവരാണ്, പതിനെട്ടാമദ്ധ്യായം അനാവശ്യമായിപ്പോയെന്നു പറയുന്നവർ. വിഷയത്തിനും രസത്തിനും വിവിധത്വം വരുത്താൻ ആ അദ്ധ്യായം ധാരാളം സഹായിക്കുന്നുണ്ട്. സഭ്യേതരങ്ങളായ ഘട്ടങ്ങളും വിവരണങ്ങളും ഈ ബുക്കിലുണ്ടെന്ന് ആക്ഷേപമുണ്ട്. ഇംഗ്ലീഷുനോവലുകളിലായിരുന്നുവെങ്കിൽ യാതൊരുവിധത്തിലും ആക്ഷേപകരമാകാൻ സംഗതിയില്ലാത്ത ചില വിവരണങ്ങളും പ്രസ്താവങ്ങളുംപോലും ആ വിധത്തിൽ അത്ര പരിഷ്കാരം സിദ്ധിക്കാത്ത കേരളീയരുടെ സമുദായത്തിന് അഭാസമായിത്തോന്നാവുന്നതാകുന്നു. അങ്ങിനെയിരിക്കെ, ഇംഗ്ലീഷുകാരുടെ ഇടയിൽകൂടി മഹാ മോശമായി വിചാരിക്കുന്ന ആ "കുളിമുറിസംഭവം" ഉപേക്ഷിക്കേണ്ടതായിരുന്നുവെന്ന് ചിലർ പറയുന്നുണ്ട്. പരമാർത്ഥമായി സംഭവിച്ച കാര്യങ്ങളായി തോന്നിക്കത്തക്കവിധം വിവരിക്കുന്ന നോവലിൽ ഇത് അനാവശ്യമല്ലെന്നു പറയുന്നവരും അല്പമല്ല.

ഹാസ്യരസപ്രധാനമായ ശൃംഗാരമാണ് ഇന്ദുലേഖയിലെ സ്ഥായിയായ രസം. ഒടുവിൽ ധാരാളം കരുണാരസവും വന്നിട്ടുണ്ട്. പ്രകൃതത്തിനനുസരിച്ച് ചില ചെറിയ സംഭവങ്ങൾ സന്ദർഭശുദ്ധിയോടുകൂടി പ്രയോഗിച്ച് കഥയ്ക്കു തന്മയത്വം വരുത്താൻ ഗ്രന്ഥകർത്താവുചെയ്ത ശ്രമം അഭിനന്ദനീയമാകുംവണ്ണം ഫലിച്ചിരിക്കുന്നു. ഒരു ഉദാഹരണം കാണിക്കാം. മാധവന്റെ അമ്മ അവനോടു ഒരവസരത്തിൽ ഇങ്ങനെ പറയുന്നു:—"അട്ടെ ഈ കഞ്ഞികുടിക്കു, എന്നിട്ടു സംസാരിക്കാം. നേരം ഉച്ചയായി. കുടുമയെന്തിനാണ് എപ്പോഴുമിങ്ങനെ തൂക്കിയിടുന്നത്? ഇങ്ങട്ടുവരൂ. ഞാൻ കെട്ടിത്തരാം. കുടുമ പകുതി ആയിരിക്കുന്നു" എത്ര സ്വാഭാവികം! മാതൃസ്നേഹത്തിന്റെ എത്ര വിശേഷമായ ചിത്രം! നാലുപാടും നടക്കുന്ന സംഗതികളെ അത്യന്തം സൂക്ഷ്മമായി സൂക്ഷിച്ചു മനസ്സിലാക്കുന്ന ബുദ്ധിമാന്മാർക്കല്ലാതെ ഈവിധം പൊടിക്കൈകൾ സമയോചിതമായി പ്രകടിപ്പാൻ സാധിക്കുന്നതല്ല. ചന്തുമേനവനു പ്രത്യേകമായുള്ള ഒരു വാണീകടാക്ഷമാണിത്. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ കഥകൾ അത്ര ഹൃദയംഗമമായിത്തീരുന്നത്. ഇന്ദുലേഖയിൽ ഇങ്ങനെയുള്ള ഓരോ വിശേഷങ്ങൾ എടുത്തെഴുതാമെന്നുവെച്ചാൽ അവസാനമില്ല. ചന്തുമേനവന്റെ വാചകരീതിയെപ്പററി ഞാൻ മുമ്പു എഴുതീട്ടുള്ളതാകയാൽ ഇവിടെ അതിനേക്കുറിച്ചൊന്നും പറയുന്നില്ല. അദ്ദേഹത്തിന്റെ ഫലിതങ്ങൾ ഒരു പ്രത്യേകഉപന്യാസത്തിൽ വിവരിക്കാനുള്ളതാണ്.

ഭാഷാചരിത്രമഞ്ചത്തിൽ ഇന്ദുലേഖ ആരോഹണംചെയ്തിരിക്കുന്ന സ്ഥാനത്തെപ്പറ്റി രണ്ടുപക്ഷമില്ലാത്തതാണല്ലോ. അതു് ഇപ്പോൾ എം. ഏ. പരീക്ഷയ്ക്കു പാഠപുസ്തകവുമാണു്.

ഇന്ദുലേഖ എഴുതിയതിനു തുടൎച്ചയായി പല നോവലുകളും എഴുതാൻ ആ മഹാനു സാധിക്കുന്നതായിരുന്നുവെങ്കിലും ഗവൎമ്മേണ്ടുദ്യോഗം നിമിത്തമുണ്ടായ സമയക്കുറവുനിമിത്തവും, അല്പകാലം ബാധിച്ച രോഗത്താലും, അത്ര ദയയുള്ള ദൈവം ഇത്രക്ഷണം അത്ര നിൎദ്ദയമായി പ്രവൃത്തിച്ചുകളഞ്ഞതിനാലും, ഞാൻ മറെറാരവസരത്തിൽ പറഞ്ഞപ്രകാരം ചന്തുമേനോൻ അവർകളുടെ അകാലമരണത്തിന്റെ സ്മാരകമായി അപൂൎണ്ണസ്ഥിതിയിൽ നില്ക്കുന്ന ശാരദയല്ലാതെ വേറെ നോവലുകൾ സരസാഗ്രഗണ്യനായ ആ മഹാബുദ്ധിമാനു് ഉണ്ടാക്കാൻ സംഗതിവരാഞ്ഞതു് കേരളീയരുടേയും കേരളഭാഷയുടേയും അതികഠിനമായ ദുൎയ്യോഗമെന്നേ പറയാനുള്ളു.

---

## ശാരദാ.

### (ഒന്നാം ഭാഗം.)

ചന്തുമേനോൻ അവർകളുടെ ദേഹവിയോഗംകൊണ്ടു് നമ്മുടെ ഭാഷയ്ക്കുണ്ടായിരിക്കുന്ന നഷ്ടം കേരളീയർ എന്നെന്നും അനുഭവിച്ചറിയത്തക്ക ഒരു സ്മാരകമാണു് ശാരദയുടെ അപൂൎണ്ണാവസ്ഥയെന്നു് വിശ്വസിക്കേണ്ടിവന്നിരിക്കുന്നു. ഇതു് പക്ഷേ ദൈവം തന്റെ പ്രബലതയെ കാണിച്ചതായിരിക്കണം. അല്ലാതെ ശാരദ ഒന്നാമതു് അച്ചടിക്കാൻ ആരംഭിച്ചകാലത്തുതന്നെ ഇംഗ്ലീഷ് നോവലുകൾ വളരെ വായിച്ചു് ഈമാതിരി പുസ്തകങ്ങളുടെ ഗുണദോഷങ്ങളെ സൂക്ഷ്മമായി ഗ്രഹിപ്പാൻ വിദഗ്ദ്ധതയുള്ള ഒരു സ്നേഹിതൻ അതിനെ വായിപ്പാൻ ഇടവരികയും അടിച്ചുതീൎന്നടത്തോളം അദ്ധ്യായങ്ങൾ പുസ്തകത്തിന്റെ ഒന്നാമത്തെ ഭാഗമാക്കി ഉടനെ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നു് തീൎച്ചയായി അഭിപ്രായപ്പെടുകയും അതു് പ്രസിദ്ധപ്പെടുത്തി കഴിഞ്ഞശേഷം ഗ്രന്ഥകൎത്താവിനു ചില ദൈവികമായ പ്രതികൂലസംഗതികൾ ഉണ്ടായി ബാക്കി എഴുതിത്തുടങ്ങാൻ വളരെ കാലതാമസം നേരിടുകയും എഴുതാൻ ആരംഭിച്ചു കുറെ എഴുതിത്തീൎന്നപ്പോൾ "കഠിനഹൃദയനായ വേധസ്സ് നവീനശാരദാ

കരണോൎക്കുള്ള ഈൎഷ്യയാലോ എന്നു തോന്നുമാറു് ശാരദാകൎത്താവിനെത്തന്നെ അചിരേണ യശശ്ശരീരമാത്രശേഷനാക്കിച്ചെയ്തുകളകയും ഒക്കെ വേണ്ടിയിരുന്നോ?" എന്നാൽ ഈ സംഗതികളെപ്പററി വൃഥാ വല്ലവിതാകൊണ്ടെന്തുകാൎയ്യം; എന്നുതന്നെ എനിക്കും തോന്നുന്നു.

അപൂൎണ്ണസ്ഥിതിയിലിരിക്കാൻ വിധിക്കപ്പെട്ട ഒരു കൃതിയെപ്പററി ഗുണദോഷവിവേചനംചെയ്യേണ്ടുന്ന അവശ്യമില്ലെന്നു് ചിലർ വിചാരിക്കാം. എന്നല്ല "ചന്തുമേനവന്റെ കൃതിയെ പൂൎത്തിവരുത്താൻ ഒരു ചന്തുമേനവൻതന്നെ വേണമെന്നും അങ്ങിനെ ഒരാൾ ജനിക്കുന്നതുവരെ ഉള്ളതുകൊണ്ടു തൃപ്തിപ്പെടുകയെ നമുക്കു് നിൎവ്വാഹമുള്ളല്ലോ' എന്നും വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടുതന്നെ നിസ്സംശയം അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്'. പക്ഷെ പുതുതായി ഒരു ചന്തുമേനവൻ ഉണ്ടാകുന്നതായാൽകൂടി, 'അദ്ദേഹം ഈ പുസ്തകം പൂൎത്തിയാക്കാൻചെയ്യുന്ന ശ്രമത്തിനു്' അതിലെ കഥാപുരുഷന്മാരെയും ഇതിവൃത്തത്തെയും മററും പററിയുള്ള അന്യാഭിപ്രായങ്ങൾ സഹായമായിട്ടല്ലാതെ തീരുന്നതല്ല.

ക്രമേണയുണ്ടായിത്തീൎന്ന വിദ്യാഭ്യാസത്തിന്റെയും മററും ഫലമായി സൎവ്വകാൎയ്യങ്ങളിലും പരിഷ്കാരാഭിവൃദ്ധി പ്രാപിച്ചിരിക്കുന്ന ഒരു ജാതിക്കാരുടെ സമ്പൎക്കംകൊണ്ടു് അതുവരെ പറയത്തക്ക നാഗരികത്വം പ്രാപിക്കാത്ത രാജ്യക്കാൎക്കു് നാലോ അഞ്ചോ നൂററാണ്ടുകാലത്തെ പരിശ്രമഫലം ഒന്നായി സാധിച്ചുപോകാറുണ്ടു്. ഇംഗ്ലീഷുകാരുടെ സമ്പൎക്കംകൊണ്ടു് ഇന്ത്യാക്കാൎക്കു് ഇങ്ങിനെയുള്ള ഒരു ആദായം അനുഭവമായിരിക്കുന്നു. മലയാളികൾക്കു് വിശേഷിച്ചും, മലയാളഭാഷയ്ക്കു് പ്രത്യേകമായും ഇപ്രകാരമൊരുഗുണം സിദ്ധിച്ചിട്ടുണ്ടെന്നും നോവൽരചനയിൽ ഈ ഗുണം വളരെ പ്രത്യക്ഷമായിട്ടുണ്ടെന്നും ആരും സമ്മതിക്കാതിരിക്കയില്ല. ഇംഗ്ലീഷ്ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള നവീനസമ്പ്രദായത്തിലുള്ള ആഖ്യായികകളെ ധാരാളം വായിച്ചതിന്റെ ഒരു ഫലമായിട്ടല്ലാതെ ആംഗ്ലേയനോവൽകൃതിക്കു് അനേകകൊല്ലങ്ങളുടെ സഹായംകൊണ്ടു് ക്രമേണ ഉണ്ടായിരിക്കുന്ന അഭിവൃദ്ധിയെപ്പോലെ കേരളഭാഷയ്ക്കും ഉണ്ടായിരിക്കുന്നതിന്റെ ഫലമായിട്ടാണു്, യോഗ്യന്മാരായ ഇംഗ്ലീഷ്കവികളാൽകൂടി ആദരണീയമായ 'ഇന്ദുലേഖ' ഉണ്ടായിത്തീരാൻ വിധിക്കപ്പെട്ടതെങ്കിൽ ആ സാസകൃതി വെളിവിലാവാൻ ഇനിയും എത്ര ശതവൎഷം വേണ്ടിവരുമായിരുന്നുവെന്നു് ഈശ്വരൻമാത്രം അറിയും. പരിഷ്കൃതജാതിക്കാരുടെ സമ്പൎക്കം എത്രതന്നെ ഉണ്ടായിരുന്നാലും ആയില്ല. 'അവരുടെ സമ്പ്രദായങ്ങളുടെ ഗുണദോഷങ്ങളെ ശരിയായി വിവേചിച്ചറിഞ്ഞു. ആദരണീയമായവയെ അനുകരിച്ചു്' സ്വന്തരാജ്യക്കാരുടെ രുചിക്കനുസരി

ക്കത്തക്ക ഛായയിൽ പ്രതിഫലിപ്പിച്ച് പ്രത്യക്ഷപ്പെടുത്തത്തക്ക സാമൎത്ഥ്യവും ബുദ്ധിശക്തിയും വാസനയും രസികത്വവും ഉള്ളവർ ഉണ്ടെങ്കിലേ ഗുണമുള്ളു. യൂറോപ്യന്മാരുടെ സമ്പ്രദായത്തിൽ ശരിയായവിധം വസ്ത്രംധരിക്കാൻ പഠിച്ചറിഞ്ഞവർ നമ്മുടെ രാജ്യത്തു് ധാരാളം ഉണ്ടു്. അവരെപ്പോലെ തലമുടി വെട്ടിവയ്ക്കാനും 'മേൽമീശ വളൎത്താനും അറിയാത്തവർ കുറയും' നല്ല സായ്പന്മാർ കുടിക്കുന്ന ബ്രാണ്ടി ഏതു കമ്പനിക്കാർ ഉണ്ടാക്കിയതാണെന്നു് മനസ്സിലാക്കിവച്ചിരിക്കുന്ന സമൎത്ഥന്മാരും ഇല്ലെന്നില്ല. പക്ഷേ ഇംഗ്ലീഷ് നോവലുകൾ എഴുതപ്പെട്ട സമ്പ്രദായം ശരിയായി മനസ്സിലാക്കി ആ വിധത്തിൽ മലയാളികളിൽ സൎവ്വതരക്കാൎക്കും ഒരുപോലെ രുചിക്കത്തക്കമാതിരി സ്വന്തഭാഷയിൽ എഴുതുവാനുള്ള പാടവം സിദ്ധിച്ചവരെ എണ്ണിത്തുടങ്ങുമ്പോൾ "കനിഷ്ഠികാധിഷ്ഠിതചന്തുമേനോൻ" എന്നു് പറയേണ്ടിവന്നിരിക്കുന്നു. ഒന്നാമതുണ്ടായ നോവലെന്നു് പ്രഖ്യാതിപ്രാപിച്ച കുന്ദലതകൊണ്ടു് മലയാളികൾക്കു് 'വെറും കഥാപുസ്തകവും നോവൽപുസ്തകവും അന്യോന്യം വ്യത്യാസപ്പെടുത്തി അറിവാൻ സാധിച്ചിരുന്നുവെന്നു് തോന്നുന്നില്ല. മീനാക്ഷി പുറപ്പെട്ട ശേഷം നോവലുകളുടെ' പോക്കുകളൊക്കെ ഇന്ദുലേഖയിലെ കഥപോലെ ഏകദേശം ഏകരീതിയിലായിരിക്കണമെന്നും ജനങ്ങൾ ഭ്രമിച്ചുവശായി. ഈ വ്യാമോഹത്തിൽനിന്നു വായനക്കാരെ നിവൎത്തിപ്പിക്കാൻ മാൎത്താണ്ഡവൎമ്മ ധാരാളം സഹായിച്ചിരുന്നില്ലെങ്കിൽ മച്ചൂനിച്ചിയോടുള്ള പ്രണയത്തിനു് പ്രതിബന്ധംവരുത്താൻ വല്യ നംപൂരിയോ തമ്പുരാനോ കടന്നുചാടിയതായി ഒട്ടധികം നോവൽപുസ്തകങ്ങൾ അടിച്ചു് പുറത്താക്കാൻ നമ്മുടെ അച്ചുക്കൂട്ടക്കാൎക്കു് സംഗതിവരുമായിരുന്നു. പലരും അതിനു വട്ടംകൂട്ടിയിരുന്നുവെങ്കിലും ശാരദയുടെ പുറപ്പാടോടുകൂടി സൎവ്വരും തൂവൽ താഴെ വെയ്ക്കുയാണു് ചെയ്തതു്.

ശാരദയിൽ ഇതുവരെയായിട്ടും വലിയൊരു കഥാബന്ധമൊന്നും ഇല്ല. പൂഞ്ചോലക്കര എടം എന്നു് കീൎത്തിപ്പെട്ട നായരുതറവാട്ടിൽ ഉണ്ടായിരുന്ന കല്യാണിയെന്ന മഹാരൂപവതിയായ ഒരു സ്ത്രീയെ അവൾക്കു് ഏകദേശം പതിനെട്ടു ഇരുപതു് വയസ്സു പ്രായമായപ്പോൾ മഹാപിശുപനും ബുദ്ധിശൂന്യനുമായ ഒരു എടപ്പട്ടവീനു തറവാട്ടിൽ കാരണവർ പൂഞ്ചോലക്കര അച്ചൻ എന്തോ തറവാട്ടിലേക്കു് ആദായമുള്ള ഒരു കാൎയ്യലാഭത്തിനുവേണ്ടിമാത്രം സംബന്ധം കഴിച്ചുകൊടുത്തു. ഇതിൽ കേവലം ഇഷ്ടമില്ലാതെ കല്യാണിഅമ്മ ഒളിച്ചു് രാജ്യംവിട്ടു് പൊയ്ക്കളഞ്ഞു. കൂടെ സഹായത്തിനു് വൈത്തിപ്പട്ടരും കൃഷ്ണൻ എന്നൊരു ഭൃത്യനും ഉണ്ടായിരുന്നു. കാശിയിൽചെന്നപ്പോൾ അവിടെവെച്ചു് രാമൻമേനോൻ എന്നൊരു ചിത്രമെഴുത്തുകാരനെ കണ്ടു് വശായി. അവർ ഭാൎയ്യാഭൎത്താക്ക

ന്മാരുടെ നിലയിലായി. പിന്നെ അവർ ഉജ്ജയനിൽപോയി അവിടെ താമസിച്ചു. രാമൻമേനോൻ ചിത്രമെഴുത്തുകൊണ്ട് അഹോവൃത്തിക്ക് സമ്പാദിച്ചു. അവർ വളരെ സുഖമായി കാലക്ഷേപംകഴിച്ചു. മടങ്ങി രാജ്യത്തേക്കു വരുന്ന വഴിക്ക് രാമേശ്വരത്തുവെച്ച് കല്യാണിഅമ്മ മരിച്ചു ശാരദയും രാമൻമേനവനും മലയാളത്തിൽവന്ന് പൂഞ്ചോലക്കര എടത്തിലെ സന്താനമായി ശാരദയെ സ്വീകരിക്കാൻ എടത്തിലെ അച്ഛന് മേനവൻ എഴുത്ത് എഴുതിയെങ്കിലും അദ്ദേഹം അതുവിധം ചെയ്യാതെശാരദ പട്ടാണിസ്ത്രീയുടെ മകളാണെന്നു പറഞ്ഞ് അപമാനിക്കയാണ് ചെയ്തത്. അതുനിമിത്തം ശാരദയുടെ അവകാശം സ്ഥാപിക്കാൻ രാമൻമേനവൻ വ്യവഹാരംകൊടുക്കാനുള്ള ഒരുക്കങ്ങൾ ചെയ്കയാണ്. വ്യവഹാരത്തിൽ ജയം ഇച്ഛരിച്ച് മറുഭാഗത്തുനിന്നും ഒരുക്കങ്ങൾ ചെയ്യുന്നു.

ഇവിടെയാണ് കഥ എത്തീട്ടുള്ളത് വ്യവഹാരംകൊടുക്കാൻ സംഗതിവരുമോ? കൊടുത്താൽ ആർ ജയിക്കും? രാമൻമേനോൻ ജയിച്ചാൽ ശാരദയെ പൂഞ്ചോലക്കര എടത്തിൽ അംഗമായി സ്വീകരിക്കുമോ? മേനോൻ തോററെങ്കിൽ ശാരദയുടെ കഥ എന്താകും? എടയ്ക്കുണ്ടാൻ രാമൻമേനോനും മരിച്ചുപോകുമോ? പിന്നെ ശാരദയുടെ അവസ്ഥ എന്താകും? വല്ലവരും മദ്ധ്യസ്ഥംപറഞ്ഞ് കേസ്സ് ഒത്തുതീരാനും ശാരദയെ തറവാട്ടിൽ സ്വീകരിക്കാനും സംഗതിയാകുമോ? ഇങ്ങിനെ വായനക്കാരെ പലവിധമായ ഊഹങ്ങൾക്കും സംശയങ്ങൾക്കും ഭയത്തിനും ആഗ്രഹത്തിനും സംഗതിവരുത്തിക്കൊണ്ടാണ് ശാരദാകർത്താവ് ഇഹലോകം വെടിഞ്ഞത്.

ഇത്രവളരെ കുറച്ചുമാത്രമെ കഥയുള്ളുവെങ്കിലും അതിപരിചയത്താൽ പ്രായേണ ശ്രദ്ധയ്ക്ക് വിഷയീഭവിക്കാത്ത ചില സാധാരണസംഗതികളെ സരസവുളിതോജ്ജ്വലമായ വാഗ്വിലാസംകൊണ്ട് പ്രതിപാദിച്ച് വായനക്കാരുടെ ദൃഷ്ടിപഥത്തിൽ അവതരിപ്പിച്ച് ശ്രദ്ധാഗോചരങ്ങളാക്കുന്നതിൽ ചന്തുമേനോൻ അവർകൾ ഉപയോഗിച്ച സാമർത്ഥ്യമാണ് ശാരദയുടെ കീർത്തിക്ക് സംഗതിയായത്. അതുതന്നെയാണ് തൽകർത്താവിന് ഉണ്ടായിട്ടുള്ള പുകഴ്ച്ചയ്ക്ക് ഹേതുവായത്, അതുതന്നെയാണ് ശാരദയുടെ അപൂർണ്ണാവസ്ഥയെപ്പററിയുള്ള ദുഃഖം വർദ്ധിപ്പിക്കുന്നത്. ആഖ്യായികകർത്താക്കന്മാർക്ക് അവശ്യം വേണ്ടുന്ന ഗുണവും അതുതന്നെയാണ്. അതിൻെറ അഭാവമാണ് കേരളത്തിലെ ഇതരകവികളെ യോഗ്യന്മാരായ നോവൽകർത്താക്കന്മാരാക്കിത്തീർക്കാത്തത്.

പുസ്തകം അമംഗളമായ ഒരു വാചകംകൊണ്ട് തുടങ്ങുകയും കഥ ഒരു മരണവിചാരംകൊണ്ട് ആരംഭിക്കുകയും ചെയ്തത് ശാരദയുടേയുംഅ

തിൻെറ കൎത്താവിൻെറയും അനൎത്ഥകരമായ ഭവിഷ്യത്തിൻെറ ഒരു സൂചനമായി അറമായി തീൎന്നിട്ടുണ്ടെന്നു പറയുന്നവർ അനേകമുണ്ടു്. ഈ രണ്ടുസംഗതികളും യാദൃച്ഛികമായി ഒത്തുവന്നിട്ടുണ്ടെന്നെങ്കിലും സമ്മതിക്കാതെ തരമില്ല. എന്നാൽ ഈ കഥ ഇതിൽ അധികം ഭംഗിയായ വിധത്തിൽ ആരംഭിക്കാൻ സാധിക്കുമെന്നു് തോന്നുന്നില്ല. ചന്തുമേനോൻ അവർകൾക്കു് അറത്തിൽ വിശ്വാസമുണ്ടായിരുന്നുവോ എന്തോ ഉണ്ടായിരുന്നുവെങ്കിൽകൂടി കഥ മറെറാരുവിധത്തിൽ ആരംഭിക്കാൻ അദ്ദേഹം ധൈൎയ്യപ്പെട്ടുമായിരുന്നുവെന്നു് വിശ്വസിക്കാൻ സംഗതികാണുന്നില്ല. കല്യാണിയമ്മ ഓടിപ്പോകാൻ ഭാവിക്കുന്ന ദിക്കിലൊ അവർ രാമൻമേനോനെ കണ്ടെത്തിയ സ്ഥലത്തൊ പാട്ടുള്ള വേറെ വല്ലേടത്തുമൊ ആയിരുന്നു കഥതുടങ്ങിയതെങ്കിൽ വായനക്കാൎക്കു് ശാരദയോടും രാമൻമേനോനോടും ഇത്രഅധികം അനുകമ്പയുണ്ടാകാൻ കാരണമില്ലാതെ കഥയ്ക്കു് അനുഭവരസം കുറഞ്ഞുപോകുന്നതായിരുന്നു. അതുകൊണ്ടു അറം വന്നാലും രസം കുറയരുതെന്നുതന്നെ ഗ്രന്ഥകൎത്താവു് വിചാരിച്ചിട്ടുണ്ടായിരിക്കണം. കഥയുടെ ആരംഭത്തിലെന്നുമാത്രമല്ല അതിൻെറ തുടൎച്ചയിലും വായനക്കാരിൽ അനുഭവരസം ധാരാളം ഉണ്ടാകുന്നുണ്ടു്. പക്ഷെഅതൊക്കെ ഗ്രന്ഥകാരൻ യാതൊരു അദ്ധ്വാനവും ചെയ്യാതെ ബലാൽകൃഷ്ടമായിട്ടല്ലാ സ്വാഭാവികമായി വന്നുകൂടിയതായി കാണാം.

രാമൻമേനവൻെറ പൂൎവ്വകഥ അറിവാൻ വായനക്കാൎക്കുള്ള ഉൽക്കണ്ഠയെ എത്ര ഭംഗിയിലാണു് തീൎക്കുന്നതു്. തൻെറ പുത്രിക്കു് പത്തുപതിനൊന്നു വയസ്സാകുന്നതുവരെ അവളോടു് അച്ഛനമ്മമാർ തങ്ങളുടെ പൂൎവ്വചരിത്രം പറയാതിരിക്കുന്നതും മാതാവിൻെറ ദേഹവിയോഗാനന്തരം അവരുടെ അവസ്ഥയെ അച്ഛൻ കുട്ടിയെ പറഞ്ഞു മനസ്സിലാക്കുന്നതും എത്ര സ്വാഭാവികമായിരിക്കുന്നു. കല്യാണിയമ്മയുടെ വീട്ടിലെ എല്ലാ അവസ്ഥകളെപ്പററിയും പലപ്രാവശ്യമായിഅ സ്ത്രീ രാമൻമേനോനോടു് പറഞ്ഞിട്ടുണ്ടായിരിക്കാമെങ്കിലും അവിടത്തെ കുഡുംബസ്ഥിതിയേയും ഓരോരുത്തരുടെ പേരും സംബന്ധവും മററും അദ്ദേഹം ഓൎമ്മിക്കാത്തതിൽ യാതൊന്നും ആശ്ചൎയ്യപ്പെടാനില്ല. അതൊക്കെ ശരിയായി അറിയുന്ന വൈത്തിപ്പട്ടരുള്ളപ്പോൾ രാമൻമേനോൻ ബുദ്ധിമുട്ടേണ്ടിയും വന്നില്ല. പൂഞ്ചോലക്കര എടത്തിലേക്കു ശങ്കരനെ എഴുത്തുംകൊണ്ടയച്ച വിവരം വൎണ്ണിച്ചതിലാണു് ഗ്രന്ഥകൎത്താവിനു് പലസ്ഥിതിയിലുള്ള ജനങ്ങളുടെ സ്വഭാവങ്ങളേയും സംപ്രദായങ്ങളേയും പററിയുള്ള ശരിയായ ജ്ഞാനത്തെ അദ്ദേഹം പ്രത്യക്ഷപ്പെടുത്തിയതു്. വലിയ ദ്രവ്യസ്ഥന്മാരായ അപരിഷ്കാരി ഗൃഹസ്ഥന്മാരുടെ വീട്ടിൽ എഴുത്തുകൾ കൊണ്ടുപോയി കൊടുക്കാനെന്നല്ല അവിടെ വല്ലവരേയും ചെന്നു് കാണാനും

അവരോട്ട് സംസാരിക്കാനും ഉള്ള ബുദ്ധിമുട്ട് ഇന്നവിധമാണെന്ന് അനുഭവിച്ചറിയാത്തവർ ശാരദ വായിച്ചാൽ മതി. ദുർല്ലഭമായി വല്ലപ്പോഴും വല്ല എഴുത്തുകളും ഈവക സ്ഥലങ്ങളിൽ എത്തിക്കഴിഞ്ഞാൽ അതു വായിക്കുകയൊ വായിപ്പിക്കുകയൊ ചെയ്യുന്ന സമ്പ്രദായവും എഴുത്തിനെപ്പററിയുള്ള അഭിപ്രായങ്ങളും അതിൻെറ വ്യാഖ്യാനങ്ങളും ഘോഷിക്കുന്നതും മററും യഥാൎത്ഥത്തിൽ സംഭവിക്കാറുള്ളവിധത്തിൽ അല്ലെങ്കിലും ഏററക്കുറച്ചിൽകൂടാതെ ബഹുഭംഗിയിൽ അത്യന്തം രസകരമായവിധത്തിൽ വൎണ്ണിച്ചിട്ടുണ്ട്. ശങ്കരനെ കണ്ടുപിടിച്ചു ചിലതു് പറവാൻ ഓടിവരുന്ന ഭൃത്യൻ തന്നെ തല്ലാൻവരുന്നവനാണെന്നുകരുതി ശങ്കരൻ ഓടിയതും വീണതും മററും വായനക്കാരുടെ മനോവികാരത്തിന്നു വിവിധത്വംവരുത്തി രസംവൎദ്ധിപ്പിക്കാനുള്ള പൊടിക്കയ്യാണ്. കഥഎഴുത്തിൽ ഈവക പൊടിക്കൈകൾ അത്യാവശ്യമാണെങ്കിലും അവ എവിടെയാണ് ആവശ്യമെന്നു അറിഞ്ഞു ശരിയായി പ്രയോഗിപ്പാൻ വാസനയും സാമൎത്ഥ്യവും ഉണ്ടായിരിക്കണം. രാമൻമേനവൻെറ എഴുത്തു നിരസിച്ച അച്ഛനോട്ട് വായനക്കാൎക്കുള്ള കോപം വൎദ്ധിക്കുന്ന ഘട്ടത്തിലാണ് ശങ്കരൻ തനിക്ക് അടികൊള്ളുമെന്ന് ഭയപ്പെടുന്നതുകണ്ടിട്ട് അവൎക്ക ചിരിവരുന്നതു്.

ഇപ്പോഴത്തെ നോവൽകൎത്താക്കന്മാരെ നിൎദ്ദാക്ഷിണ്യം പരിഹസിക്കുന്ന ഒരു ഭാഗം ശാരദയിൽതന്നെ ഉള്ളതിൽ ഒരു ദിക്കിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു. "ഗാംഭീൎയ്യമുള്ള നോവലുകൾ വായിച്ചാൽ ഒന്നാമതു് മനസ്സിന് യാതൊരു സ്തോഭങ്ങളും ഉണ്ടാവരുതു്. വായിക്കുന്നടത്തോളം മനസ്സ് സ്തംഭിച്ച് ഘനമായി യാതൊരുവികാരവും കൂടാതെ നിൽക്കണം. വായിച്ചു് മുഴുവനായാൽ ഒരു ആശ്ചൎയ്യരസം മാത്രം മനസ്സിന്നു തോന്നണം:......ഇത്രമനസ്സിരുത്തിവായിച്ചിട്ടും കഥവഴിപോലെ മനസ്സിലായില്ലല്ലൊ എന്നും നാനൂറ് അഞ്ഞൂറ് പേജുവായിച്ചിട്ടും മനസ്സിന് ഒരു വികാരവും ഒരെടത്തുവായിക്കുമ്പോൾ ഉണ്ടായില്ലല്ലൊ എന്നും ഉള്ള ആശ്ചൎയ്യരസം തന്നെ." ഇതാണ് ഗാംഭീൎയ്യമുള്ള നോവലുകളുടെ ലക്ഷണമെങ്കിൽ ശാരദ അശേഷം ഗാംഭീൎയ്യമില്ലാത്ത കൃതിയാണെന്ന് ആരും ക്ഷണത്തിൽ സമ്മതിക്കും.

ശങ്കരൻ തേക്കിൻകാട്ടിൻെറ ഉള്ളിൽ കണ്ട കഴകത്തിലെ തുളുഎമ്പ്രാനും അദ്ദേഹത്തിൻെറ ഭാൎയ്യയും വായനക്കാരെ സാമാന്യത്തിലധികം രസിപ്പിക്കുന്നുണ്ട്. എന്നാൽ ഈ പുസ്തകം വളരെ ശ്രദ്ധയോടുകൂടി വായിക്കുന്നവരെ അധികമായി രസിപ്പിച്ച് അവരിൽ ഗ്രന്ഥകൎത്താവിനെപ്പററി അത്ഭുതബഹുമാനങ്ങൾ ജനിപ്പിക്കുന്നതു തുളു എമ്പ്രാനല്ല കഴ

കക്കാൻ ശങ്കുവാൎയ്യരാണ്. വാൎയ്യരെ എത്ര ഉപായത്തിലാണ് അവിടെ പ്രവേശിപ്പിച്ചിരുന്നതെന്നും ശങ്കരനുമായി കൂടിക്കാഴ്ചയുണ്ടാക്കിയതെന്നും ആലോചിക്കുംതോറും അതിൽ ഉപയോഗിച്ച സാമൎത്ഥ്യത്തെപ്പററി വളരെ വിസ്മയിക്കേണ്ടിവരുന്നു. മേലാൽ കഥയിൽ മുഖ്യമായ ഒരു ഭാഗം അഭിനയിക്കാനുള്ള ശങ്കുവാൎയ്യരെ ശങ്കരനുമായി കണ്ടുമുട്ടിക്കേണ്ടുക എന്ന ആവശ്യത്തോടു കൂടിയാണ് ഗ്രന്ഥകൎത്താവ് ശങ്കരനു അത്ര അധികം ക്ഷീണമുണ്ടാക്കിയതും, തേക്കിൻകാട്ടിൽ ഒരു നക്ഷത്രം കാണിച്ചതും, ആ തുള്ള എംപ്രാനെ നടുവിൽ പിടിച്ചിട്ടതും എന്നുള്ളതു തീൎച്ചയാണ്. എന്നാൽ വാൎയ്യരെപ്പററി വായനക്കാർ അത്ര സാരമായി വിചാരിക്കാൻ സംഗതി വരുത്താതെ കഴിച്ചുകൂട്ടുകയും പിന്നീടു ഈ സാരമല്ലാത്ത സംഗതിയിൽ നിന്നു വലുതായ ഒരു കാൎയ്യസാദ്ധ്യം വരുത്തിക്കുകയും ചെയ്തതുകൊണ്ട് കഥയ്ക്കു ജീവനും യഥാൎത്ഥസംഭവത്തിന്റെ ഛായയും നൽകുന്നു. വായിക്കുമ്പോൾ തുള്ള എംപ്രാനെപ്പററിയും അരക്കാൽ ഉറുപ്പികയിൽ കവിഞ്ഞ ദക്ഷിണയൊ വഴിപാടൊ അതുവരെയായിട്ടും അയാളുടെ കയ്യിൽ വീണിരുന്നില്ലെന്നുള്ളതിനെക്കുറിച്ചും, ആ സാധുവിന്റെ കൎണ്ണാടകമലയാളഭാഷയെപ്പററിയും പരിഹസിക്കുകയാണ് ഗ്രന്ഥകൎത്താവിന്റെ ആവശ്യമെന്നേ ആൎക്കും തോന്നുകയുള്ളു. കഥാബന്ധത്തിൽ അതൊക്കെ കേവലം അനാവശ്യമായ ഒരു നേരംപോക്കു മാത്രമേ ആകുന്നുള്ളു. പ്ലോട്ടിന്നാവശ്യമായ വസ്തു അതിന്റെ ഉള്ളിൽ രഹസ്യമായി മറഞ്ഞുനിൽക്കുന്നു. ഉപയോഗം കുറഞ്ഞ അനേകം എതിൎചോദ്യങ്ങളുടെ ഇടയിൽ മുഖ്യമായ ഒരു ചോദ്യം അതിന്റെ ഗൌരവം വെളിപ്പെടുത്താതെ ചോദിക്കുന്ന ഒരു സമൎത്ഥനായ വക്കീലിന്റെ സമ്പ്രദായത്തിലാണ് വാസനാശക്തിയുള്ള നോവൽ കൎത്താക്കന്മാർ ഇക്കാൎയ്യത്തിൽ പ്രവൃത്തിക്കുന്നതു്. ശാരദ ഒരു പട്ടാണിച്ചിയാണെന്നും അവൾ കുളം ക്ഷേത്രം മുതലായവ അശുദ്ധമാക്കിയെന്നും അച്ഛന്റെ കാൎയ്യസ്ഥൻ തിരുമുൽപ്പാട്ടിനു് എഴുതി അയച്ചുവെങ്കിലും തിരുമുൽപ്പാട്ട് അതു കേവലം വിശ്വസിക്കയോ അതിനെപ്പററി അല്പമെങ്കിലും സംശയിക്കുകയോ ചെയ്യുന്നില്ലാ. അച്ഛനും തിരുമുൽപ്പാട്ടും അന്യോന്യം എത്രതന്നെ വിരോധത്തിലായിരുന്നാലും ഈ വക കാൎയ്യത്തിൽ ഈ വിധം അറിവുകൾ കൊടുക്കുമ്പോൾ അല്പസംശയം ആൎക്കും ജനിക്കുന്നതാണ്. ഈ കാൎയ്യത്തിൽ ഒരു എഴുത്തു എഴുതണമെന്ന് അച്ഛനു് തോന്നിയതുതന്നെ അപ്രകാരം സംശയംജനിക്കുന്നതു സ്വാഭാവികമാണെന്നുള്ള ശരിയായ ധാരണകൊണ്ടാണ്. തിരുമുൽപ്പാടിനു ഈ സംശയം ലേശം ഉണ്ടാകാതെ, എല്ലാം അച്ഛന്റെ കള്ളത്തരം മാത്രമാണെന്ന് തോന്നാൻ ഗ്രന്ഥകൎത്താവുചെയ്ത ഉപായംനോക്കിൻ താൻതന്നെ ഒരു ഹീനജാതി സ്ത്രീയുമായി സംസൎഗ്ഗമുണ്ടായി അതിൽ ഒരു കുട്ടി ഉണ്ടായിരുന്നുവെന്നും അതിനു ചിലവിന്നു വാങ്ങി കൊടുപ്പിക്കണമെന്നും ഒരു കള്ളയ

ന്യായം അച്ഛൻകൊടുപ്പിച്ചിരുന്നതായി കഥയിൽ പ്രസ്താവിക്കുന്നു. തന്നെപ്പററി തന്നെ ആ വിധം ചെയ്തവൻ ശാരദയെപ്പററി ഒരു വ്യാജം പറവാൻ ശങ്കിക്കുകയില്ലെന്ന് തിരുമുൽപ്പാട്ട് വിചാരിക്കുന്നു. ഈ ഒരു ആവശ്യത്തിനല്ലാതെ ആ ഹീനജാതിയായ സ്ത്രീയുടെ കാൎയ്യംകൊണ്ട് വരേണ്ടിയിരുന്നില്ലാ. ഒരാൾ ഹീനജാതിസ്ത്രീയുമായി സംസൎഗ്ഗമുണ്ടെന്നു പറയുന്നതും മറെറാരുത്തി പട്ടാണിച്ചിയാണെന്നു പറയുന്നതും ഒരേ തലച്ചോററിൽ നിന്നുത്ഭവിക്കാവുന്ന കുസൃതികളാവാമല്ലോ. അച്ഛനും തിരുമുൽപ്പാടും അന്യോന്യം നടന്ന വ്യവഹാരങ്ങളിൽ മിക്കവാറും കലാശം തിരുമുൽപ്പാടിന്നു ദോഷമായിട്ടാണ്. അല്ലാതിരുന്നാൽ രാമൻമേനവൻെറ കേസ്സിൽ വാശി വൎദ്ധിക്കുകയില്ലല്ലോ. ഏതോ ഒരു ജഡ്ജിയെപ്പററി ചന്തുമേനോനുള്ള ദുരഭിപ്രായത്തെ ഈ ഘട്ടത്തിൽ വെളിപ്പെടുത്തീട്ടുണ്ട്. അതു വല്ലവരേയും ലാക്കുനോക്കി എഴുതതാണെന്നതിന്ന് സംശയമില്ല. രാമവൎമ്മൻ തിരുമുൽപ്പാട്ട് ബകരാക്ഷസൻ ഇവിടെനിന്നു പോയാൽ സാധുക്കൾക്ക് ജീവിക്കാമായിരുന്നുവെന്നു പറയുന്നത് കഥ എഴുതിയ കാലത്തുള്ള ഏതോ ഒരു ന്യായാധിപതിയെ സൂചിപ്പിച്ചതാണെന്ന് എനിക്കു കഠിനമായ സംശയമുണ്ട്. അതൊക്കെ അറിയുന്നവർ അറിയും.

നാലാമദ്ധ്യായത്തിൻെറആരംഭത്തിൽ ദുഷ്ടജനങ്ങളെപ്പററിയുള്ള പ്രസംഗം എത്ര ഭംഗിയായിരിക്കുന്നു എന്ന് എങ്ങനെ പറഞ്ഞറിയിക്കാം. ഇത്ര ശക്തിയോടും വാഗ്വിലാസത്തോടും കൂടി ഒരു വിഷയത്തേപ്പററി മലയാളഭാഷയിൽ എഴുതി ഫലിപ്പിക്കാൻ ചന്തുമേനവനവൎകളെക്കൊണ്ടല്ലാതെ ഇതുവരെ ആരെക്കൊണ്ടും സാധിച്ചിട്ടില്ലെന്നുള്ളതു തീൎച്ചയാണ്. നാലാമദ്ധ്യായത്തിൽ തന്നെയാണ് "പൂൎണ്ണചന്ദ്രോദയത്തെ കണ്ടുംകൊണ്ട് ചന്ദ്രവൎണ്ണന ചെയ്യണമെന്നുറച്ചിരുന്ന ഒരു മനുഷ്യൻ സായന്തകാലത്തിൽ അത്യന്ത നീലമായി സ്വച്ഛമായിരിക്കുന്ന ആകാശത്തിൽ തിളങ്ങുന്ന അസംഖ്യം നക്ഷത്രങ്ങളുടെ മദ്ധ്യേ ഉദിച്ചു വിളങ്ങുന്ന ബാലചന്ദ്രനെ കണ്ട് മനസ്സിളകി" ബാലചന്ദ്രനെ വൎണ്ണിച്ചുവെന്നു വന്നേക്കാമെന്നു സമാധാനത്തോടുകൂടിയാണ് ഗ്രന്ഥകൎത്താവു ശാരദയുടെ ശൈശവാവസ്ഥയിലുള്ള രൂപലാവണ്യത്തെ വൎണ്ണിക്കുന്നതു്. പൂൎണ്ണചന്ദ്രനെ കണ്ടിട്ടാവാം വൎണ്ണിക്കുന്നതെന്നു വിചാരിച്ച് ഗ്രന്ഥകൎത്താവ് ഇവിടെ അമാന്തിച്ചിരുന്നുവെങ്കിൽ മലയാളഭാഷയിൽ ഇതുവരെയായി എഴുതപ്പെട്ട അനേക ഗദ്യപുസ്തകങ്ങളിൽവെച്ച് വായനക്കാരുടെ ശ്രദ്ധയെ വിവിധരസങ്ങളോടുകൂടി ആകൎഷിക്കത്തക്കവണ്ണം അതിലളിതമായി അത്യന്ത മനോഹരമായിരിക്കുന്ന ഒരു വൎണ്ണന നഷ്ടമായിപ്പോകുന്നതായിരുന്നു. ശാരദയെ ഇതുവരെ ആയിട്ടും ശൃംഗാരരസത്തിൻെറ ഒരു ഛായയോടുകൂടി എങ്കിലും വല്ലവരും നോക്കിയിരുന്നുവെങ്കിൽ അതു വൈത്തിപ്പട്ടരുടെ ദു

ഷ്ക്കർമ്മത്തിനു ബലിയായി തീൎന്ന ആ സാധുനമ്പൂരി ആയിരുന്നു. ആ കാമുകനായ നമ്പൂരി കണ്ടവിധത്തിലാണു് ശാരദയെ വൎണ്ണിച്ചിരിക്കുന്നതും. ശാരദയുടെ ശരീരകാന്തി വൎണ്ണിക്കുവാൻ ഇതിൽപരം ഒരവസരം ഇവിടെയെങ്ങും സാധിക്കുകയില്ല. അതിലേക്കായി ഈ ആദ്യത്തെ അവസരംതന്നെ ഗ്രന്ഥകൎത്താവു് ശരിയായി വിനിയോഗിച്ചതു് "ഒരു മഹാഭാഗ്യംതന്നെ. യാതൊരു കാൎയ്യത്തിലും ആരെയുംനമസ്കരിക്കേണ്ടുന്ന ആവശ്യമില്ലാതിരുന്ന ഗ്രന്ഥകൎത്താവു ജഗന്മോഹിനിയായി വരുവാൻ പോകുന്ന" ശാരദയുടെ ശൈശവംമുതൽ യൌവനംവരെയുള്ള വളൎച്ചയെ കാണ്മാൻ ഭാഗ്യമുണ്ടായകണ്ണുകൾക്കായി ഒരു നമസ്കാരം ചെയ്യേണ്ടിവന്നില്ല എന്നേ പറയേണ്ടു. ശാരദയുടെ ഈവക ഗുണങ്ങൾക്കുള്ള പൌഷ്കല്യത്തെ ആലോചിക്കുമ്പോഴാണു് അതിന്റെ അപൂൎണ്ണാവസ്ഥയെ പററിയുള്ള ശോകം അസഹ്യമായിതീരുന്നതു് എന്നു വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു പറയുന്നതിന്റെ തത്വം ധാരാളം മനസ്സിലാകാത്തവരുണ്ടെങ്കിൽ അവരെപ്പററി ഒട്ടും അസൂയപ്പെടാനില്ലാ.

സാധു നമ്പൂരിയെ കൊല്ലിച്ചതു കുറെ കഠിനംതന്നെ എന്നും വൈത്തിപട്ടരുടെ ദുഷ്കൎമ്മങ്ങളുടെ വ്യാപ്തിക്കു്, കരയുടെ തടസ്ഥം യാതൊന്നുമില്ലെന്നും വരുത്തിക്കൂട്ടാൻ ഈ സംഭവം ധാരാളം സഹായിക്കുന്നുണ്ടെങ്കിലും തൽക്കാലം വല്ല വൈദ്യന്മാരുടെ സഹായവും സാധിപ്പിച്ചു് ആ ബ്രാഹ്മണനെ ജീവിപ്പിക്കാമായിരുന്നുവെന്നും ചിലർ വിചാരിക്കുന്നുണ്ടു്. നമ്പൂരി മരിക്കാതിരുന്നുവെങ്കിലും. അദ്ദേഹം വിചാരിച്ചുറച്ചിരുന്നപോലെ ശാരദ താമസിക്കുന്നടിക്കിൽത്തന്നെ താനുംതാമസമാക്കിയിരുന്നുവെങ്കിലും ഒരു കാമുകനായ നമ്പൂരിയും മഹാസുന്ദരിയായ ഒരു പെൺകുട്ടിയും അന്യോന്യം പെരുമാറുമ്പോൾ ഉണ്ടാവാനിടയുള്ള ചില ശൃഖ ഗോഷ്ഠിത്തരങ്ങളുടേയും നിരപരാധകളായ ചില ചേഷ്ടകളുടേയും സമ്മേളനങ്ങൾ ചന്തുമേനവനവൎകളുടെ തൂലികകൊണ്ടു് വൎണ്ണിക്കപ്പെട്ടിട്ടുള്ളതു് വായിച്ചുരസിക്കാൻ സാധിക്കുന്നേതായിരുന്നുവെന്നേ എനിക്കു പശ്ചാത്താപമൊള്ളു. ലോകസമ്പ്രദായത്തിനനുസരിച്ചുള്ളതും യഥാൎത്ഥത്തിൽ സംഭവിക്കാൻ പാടുള്ളതും ആയ കാൎയ്യങ്ങളെപ്പററി മാത്രം പ്രതിവാദിക്കുന്ന ചന്തുമേനവനവൎകളുടെ കഥാപുസ്തകങ്ങളിൽ സദാചാരപാഠങ്ങൾ ധാരാളം ഉണ്ടാകുന്നതാണെങ്കിലും മററുള്ള ചില ഗ്രന്ഥകാരന്മാർ ചെയ്യുംപ്രകാരം വെറും സദാചാരപാഠത്തിന്റെ ആവശ്യത്തിനു ഒരു കഥയൊ ഒരു സംഭവമൊ അദ്ദേഹം എഴുതാറില്ല. നിൎദ്ദോഷിയായ നമ്പൂരിയെ കൊല്ലിക്കാൻ ഇതാണു് സംഗതി. തന്റെ കഥയിൽ താൻ സൽപാത്രങ്ങളായി മുൻകൂട്ടി വൎണ്ണിച്ചിരിക്കുന്നവരുടെ മാനരക്ഷയ്ക്കും ജീവരക്ഷക്കും വേണ്ടി എന്തും ചെയ്യാൻ അദ്ദേഹം ഒരുക്കമാണു്. ദുഷ്പാത്ര

ങ്ങളുടെ ദോഷങ്ങൾ കഴിയുന്നതു പ്രത്യക്ഷപ്പെടുത്തി ചിലപ്പോൾ കുറെ അതിശയോക്തിയുടെ ഛായയോടുകൂടി പ്രത്യക്ഷപ്പെടുത്തി കാണിച്ചുകളുയും. ഇതു് എഴുത്തിൽ മാത്രമല്ലാ തന്റെ ജീവദശയിൽ ലോകനടപടിയിൽ അദ്ദേഹം കാണിച്ചിട്ടുള്ള ഒരു വിശേഷഗുണമാണെന്നു തോന്നുന്നു. നോവൽ കർത്താക്കന്മാർ തങ്ങൾ എഴുതുന്ന പുസ്തകങ്ങളിൽ സ്വന്തം സ്വഭാവഗുണങ്ങളേയും പിന്നെ തങ്ങളുടെ അടുത്ത സ്നേഹജനങ്ങളുടേയും ബന്ധുക്കളുടേയും പ്രകൃതിവൈശിഷ്ട്യങ്ങളേയും വെളിപ്പെടുത്തുകയാണു് ഒന്നാമതു ചെയ്യുന്നതെന്നു് ഒരു ഇംഗ്ലീഷുലേഖകൻ പ്രസ്താപിച്ചിരുന്നതായി ഞാൻ ഓർമ്മിക്കുന്നു. മനുഷ്യരുടെ മുഖത്തിന്റെ ആകൃതിവിശേഷംകൊണ്ടു് സൂചിപ്പിക്കുന്ന പ്രകൃതിഗുണങ്ങളെ ധാരാളം മനസ്സിലാക്കുന്ന ആളായിരുന്നു ചന്തുമേനോൻ അവർകൾ. നല്ല മുഖലക്ഷണവും സൌന്ദൎയ്യവും ഉള്ളവരിൽ നല്ല ഗുണങ്ങൾ ഉണ്ടായിരിക്കുമെന്നു് അദ്ദേഹം വിശ്വസിച്ചു. തന്റെ നായകന്മാരെന്നല്ല, തന്റെ നല്ല കഥാപുരുഷന്മാരൊക്കെ ബഹുസുന്ദരന്മാരും, തങ്കവർണ്ണമുള്ളവരും, വളരെ നീണ്ടുകറുത്ത തലമുടിയുള്ളവരുമാണു്. വിരൂപന്മാരെക്കൊണ്ടു അദ്ദേഹം കഠിനക്രിയകൾ ചെയ്യിക്കാറുള്ളൂ. മനുഷ്യരെ സൂക്ഷിച്ചു് അവരുടെ സ്വഭാവവ്യത്യാസങ്ങളെ ധാരാളം മനസ്സിലാക്കി രസിച്ചിരുന്ന ആളായിരുന്നു ചന്തുമേനോനെങ്കിലും, പ്രകൃതാലോകത്തെ നോക്കി ഗ്രഹിച്ചു് ആനന്ദിക്കുന്ന സ്വഭാവം അദ്ദേഹത്തിൽ ഉണ്ടായിരുന്നുവോ എന്നു് സംശയമാണു്. ഒരു വിശേഷമായ പുഷ്പത്തിന്റെ സൌരഭ്യമെങ്കിലും, ഒരു മനോഹരമായ പക്ഷിയുടെ ഗാനമെങ്കിലും അദ്ദേഹത്തിന്റെ കഥാപുരുഷന്മാരാരും, ചിത്രമെഴുത്തിൽ അതിവാസനയുള്ള രാമൻമേനോൻപോലും, ഗ്രഹിച്ചു രസിച്ചതായി കാണുന്നില്ല. ഇന്ദുലേഖയിലെ മുല്ലപ്പൂമാലയും അതിന്റെ നടുനായകമായി കെട്ടിയ താമരപ്പൂവും ശൃംഗാരരസത്തിന്റെ പരിപൂർത്തിവരുത്താൻ ഉപയോഗിച്ച ഒരുവക രസമെന്നല്ലാതെ അധികമൊന്നും ആകുന്നില്ല. വല്ല പക്ഷിയേയൊ, മൃഗത്തേയൊ കാണണമെങ്കിൽ അവയെ പിടിച്ചു് കൂട്ടിലടച്ചിരിക്കുന്ന വല്ല ശൃംഗാരോദ്യാനത്തിലൊ മററൊ പ്രവേശിക്കണം. ദൈവത്തിന്റെ മാഹാത്മ്യമേറിയ സൃഷ്ടിയായ മനുഷ്യരുടെ കാൎയ്യത്തെപ്പററി പറയുമ്പോൾ പക്ഷിമൃഗാദികളെയും വൃക്ഷലതാദികളേയും പററി ചിന്തിക്കുന്നതു് അനാവശ്യമെന്നായിരിക്കാം ചന്തുമേനോൻ അവർകളുടെ വിചാരം. എന്നാൽ പ്രകൃതാലോകത്തിന്റെ യഥാൎത്ഥസൌന്ദൎയ്യത്തെക്കണ്ടു് രസിക്കാനുള്ള വാസന മലയാളികൾക്കു് ജനനാൽത്തന്നെ നിഷേധിക്കപ്പെട്ട ഒരു സ്വഭാവവിശേഷമാണെന്നു് എനിക്കു് തോന്നുന്നു. ഒരു ഇംഗ്ലീഷ് നാവലിലെ നായകനൊ വേറെ വല്ല കഥാപുരുഷന്മാരൊ വല്ല ദിക്കിലേക്കും പോകുമ്പൊഴൊ വെറുതേ വല്ല സ്ഥലത്തും ഇരിക്കുമ്പൊഴൊ കണ്ടു രസിക്കാറു

ള്ള പുഷ്പങ്ങളുടേയും മനോഹരമായ നക്ഷത്രങ്ങളുടേയും ഭംഗിയുള്ള കാർമേഘങ്ങളുടേയും, അവർ പോററിവളർത്തി ആനന്ദിക്കുന്നതായ പൂച്ച മുതലായവയുടേയും അവർ കേട്ടു രസിക്കുന്ന പക്ഷികളുടെ ഗാനങ്ങളേയും അഭാവം ശാരദയിൽ ഒരു കുറവായി നമുക്കാക്കും തോന്നുകയില്ലെങ്കിലും ഇവയെപ്പററി ധാരാളം പരിചയിച്ചറിയുന്ന ഒരു ഇംഗ്ലീഷുകാരനൊ മററൊ അതിനെപ്പററി എന്തു പറയുമെന്നു് അറിയേണ്ടിയിരിക്കുന്നു. എന്നാൽ മനുഷ്യരുടെ സ്വഭാവങ്ങളുടേയും, മനുഷ്യരുടെ ഓരോ ഏർപ്പാടുകളേയും യഥാർത്ഥസ്വഭാവത്തെ വർണ്ണിച്ചിരിക്കുന്നതിൽ ഗ്രന്ഥകർത്താവു് ഉപയോഗിച്ചിരിക്കുന്ന സാമർത്ഥ്യം ആലോചിക്കുമ്പോൾ മറെറാക്കെ അനാവശ്യമായി അദ്ദേഹം ഒഴിച്ചിട്ടതാണെന്നേ തോന്നുകയുള്ളൂ.

ശരിയായ അറിവും സാമർത്ഥ്യവും ഉള്ളവരായി, തൻെറ ബഹുമാനത്തെ യഥാർത്ഥത്തിൽ അർഹിക്കുന്നവരായ ആളുകളെ "തന്നത്താൻ മറന്നു സ്തുതിക്കുവാനും" നേരേമറിച്ചു്, ആക്ഷേപയോഗ്യന്മാരായ ജനങ്ങളെ കഠിനമായി പരിഹസിക്കാനും ചന്തുമേനോൻ അവർകൾക്കു് ഒരു പ്രത്യേകവാസനയുണ്ടെന്നു് തോന്നുന്നു. ചന്തുമേനോൻ അവർകളുടെ പരിഹാസത്തേയും ആക്ഷേപത്തേയും സർവരും ഭയപ്പെട്ടിട്ടാണെങ്കിലും, അതുനിമിത്തം അദ്ദേഹത്തോടു് ആക്കും മുഷിച്ചിൽ തോന്നാറില്ല. തല്ക്കാലം കോപം ജനിച്ചാൽകൂടി, പിന്നെ ആലോചിച്ചു് ചിരിക്കത്തക്കരീതിയിലാണു് അദ്ദേഹത്തിൻെറ ശകാരം എന്നു പലരും ധരിച്ചുവെച്ചിട്ടുണ്ടു്. വക്കീൽമാരുടെ വായനശാലയെക്കുറിച്ചു് പരിഹസിച്ചെഴുതിയതൊട്ടം കുറെ അതിശയോക്തിയായിപ്പോയെന്നു് സംശയിക്കാൻ സംഗതിയുണ്ടെങ്കിലും, അദ്ദേഹം പറഞ്ഞതൊക്കെ തങ്ങളുടേതുകൊണ്ടോ, തങ്ങളെക്കൊണ്ടോ എന്നു അല്പനേരമെങ്കിലും പരിഭ്രമിക്കാത്ത വായനശാലക്കാർ വളരെ ചുരുക്കം. മുറിമണ്ണും അരിപ്പെട്ടിയും പക്ഷെ ഇല്ലെങ്കിലും കാലൊടിഞ്ഞ കസാലയും കാൽമുറിഞ്ഞ മേശയും അവകാശപ്പെടുന്ന സഭക്കാർ ഒട്ടും കുറവല്ല. ക്ലബുകാരിൽ ഒരാൾക്കു് ഒരു സർട്ടിഫിക്കററു എഴുതാൻ കടലാസില്ലാഞ്ഞിട്ടു് ലൊഡ്ജർനലിൻെറ ആദ്യത്തെ ഒഴിഞ്ഞ ഒരു കടലാസ് കീറി എടുത്തതും സമീപത്തുള്ള ചോററുകച്ചോടക്കാരനെ ഉപദ്രവിച്ചു് ഒരു കുററിത്തൂവലും ചിരട്ടക്കഷണത്തിൽ മഷിയും വാങ്ങിക്കൊണ്ടുവന്നതും ഒട്ടും അതിശയോക്തിയായി വിചാരിക്കാനില്ല. ചില പുതിയ നാവൽബുക്കുകാരേയോ അവരുടെ ബുക്കുകൾക്കു് സർട്ടിഫിക്കററു കൊടുക്കുന്ന "വിദ്വാന്മാരേ"യോ ആരെയാണു് ചന്തുമേനോൻ അധികം പരിഹസിച്ചതെന്നു് പറവാൻ സാധിക്കയില്ല. രണ്ടാമതു പറഞ്ഞ കൂട്ടരെപ്പററി പ്രസ്താവിച്ചതു് കുറെ പോരാതെപോയെന്നെ ആക്കും വ്യസനമുണ്ടാകയുള്ളൂ. ശാരദയിലെ പാത്രങ്ങളിൽ ഓരോരുത്തരുടേയും ആ

കൃതിയും പ്രകൃതിയും വായനക്കാരുടെ മനസ്സിൽ ശരിയായി പതിപ്പിച്ച് വായനക്കാർ സാധാരണ കാണാറുള്ളവരെപ്പോലെ പരിചിതന്മാരാക്കാൻ ഗ്രന്ഥകർത്താവിന്നു സാധിച്ചിരിക്കുന്നുവെന്നുള്ളതു് സമ്മതിക്കാത്തവർ ഉണ്ടായിരിക്കയില്ല. രാമൻമേനവനെപ്പോലെ സാധുശീലനും ശുദ്ധമനസ്കനും അന്യന്മാരെ വൃഥാ ദ്രോഹിക്കുകയെന്നല്ല അവരെ അനാവശ്യമായി സംശയിക്കുകകൂടി ചെയ്യാത്തതും ആയ ഒരാളെ എന്നുമാത്രമല്ല അദ്ദേഹത്തെപ്പോലെ കണ്ണിന്നു സുഖക്കേടായ ഒരു ചിത്രമെഴുത്തുകാരനെ തന്നെ നാം എവിടെയോ കണ്ടിട്ടുണ്ടെന്നു് നമുക്കു തോന്നുന്നു. വൈത്തിപ്പട്ടരും അയാളുടെ സൽബുദ്ധിയും നമുക്കൊക്കെ നിത്യപരിചയമുള്ള ഒരു പെരുങ്കള്ളനും അവൻെറ അനിവാര്യമായ ഒരു ആകൃതിവിശേഷവും ആകുന്നു. കല്യാണിഅമ്മ ഒളിച്ചു പോകുമ്പോൾ അയാൾ ഒന്നിച്ചുപോയതു ദ്രവ്യാഗ്രഹം നിമിത്തം ആ സ്ത്രീയെ വിട്ടുപോന്നതു വിചാരിച്ചപോലെ ഒന്നും കിട്ടാതിരുന്നതിനാൽ. രാമൻമേനവനെ രണ്ടാംപ്രാവശ്യം കണ്ടപ്പോൾ ഒന്നിച്ചു കൂടിയതുദ്രവ്യമോഹംകൊണ്ടു അദ്ദേഹത്തെ സ്വന്തം മഠത്തിൽ താമസിപ്പിച്ചതു്. പണി പററിക്കാൻ ശങ്കരനെ കൊല്ലാൻ ശ്രമിച്ചതു വിചാരിച്ചതുപോലെ പണം കിട്ടാഞ്ഞതിനാൽ രണ്ടാമതു പൂഞ്ചോലക്കര അച്ഛൻെറ ഭാഗം ചേർന്നതും പണത്തിനു മോഹിച്ചിട്ടു ഇങ്ങനെ ദ്രവ്യത്തിനു അത്യാഗ്രഹിയായ ഈ പെരുങ്കള്ളൻ പട്ടർ ഇനിയും പണത്തിനുവേണ്ടി എന്തൊക്കെ ചെയ്യുമായിരുന്നെന്നു് അറിവാൻ സാധിക്കാഞ്ഞതു കഷ്ടമെങ്കിലും ഊഹിക്കാൻ പ്രയാസമില്ല. ഇദ്ദേഹത്തിനു എത്ര അനുരൂപയായ ഒരു പത്നിയെയാണു് സാധിച്ചതു്. ശാരദയോടു മോതിരം പററിച്ച വിദ്യ കണ്ടില്ലെ? ആ ഒരു ദിക്കിൽ മാത്രം ആ അമ്മ്യാരെ ഗ്രന്ഥകർത്താവു കാണിച്ചുതരുന്നുള്ളൂ. എങ്കിലും അവിടെ അവരുടെ സ്വന്തവർണ്ണത്തിൽ തന്നെ കാണിച്ചുതന്നിരിക്കുന്നു. ഇനി വളരുന്ന കുഞ്ഞുങ്ങളും വൈത്തിപ്പട്ടരുടെ പേരിന്നും യോഗ്യതയ്ക്കും ഒരുവിധത്തിലും ഹാനിവരുത്തുകയില്ലെന്നാണു തോന്നുന്നതു്. നമ്മുടെ നാട്ടുപുറത്തുള്ള ചില എജമാനന്മാരെ എത്ര ഭംഗിയിലാണു് പൂഞ്ചോലക്കര എടത്തിൽ അച്ഛനിൽ പ്രതിഫലിപ്പിച്ചു കാണിച്ചുതന്നിട്ടുള്ളതു് അനുഭവസ്ഥന്മാർക്കൊക്കെ അറിയാം. ഇംഗ്ലീഷു വിദ്യാഭ്യാസത്തിൻെറ പ്രചാരത്തിനും പാശ്ചാത്യപരിഷ്കാരത്തിൻെറ വ്യാപ്തിക്കും അനുസരിച്ചു ഇത്തരക്കാർ നമ്മുടെ രാജ്യത്തുനിന്നു ക്രമേണ ചത്തൊടുങ്ങുന്നുണ്ടെങ്കിലും അവരുടെ മാതൃകകൾ അവിടവിടെ ധാരാളം ബാക്കിയുണ്ടു്. ശങ്കരനെപ്പോലെ വിശ്വസ്തനും സമർത്ഥനുമായ ശിഷ്യന്മാരെ സാധിക്കാൻ ഒരുവൻ വളരെ പുണ്യംചെയ്യണം. വക്കീൽമാരുമായി നിത്യം എടവിട്ടു പരിചയിച്ചു അവരുടെ അററകുററങ്ങളും സ്വഭാവവിശേഷങ്ങളും കണ്ടറിഞ്ഞിരിക്കുന്ന ഗ്രന്ഥകർത്താവു അവരിൽ പല

തരക്കാരെയും ഈ പുസ്തകമാൎഗ്ഗേണ നിരന്തരജീവികളാക്കി ചെയ്തിട്ടുണ്ട്. കുഞ്ഞൻമേനവനെപ്പോലുള്ള നാട്ടുകാൎയ്യസ്ഥന്മാർ ഒന്നുരണ്ടുപേരെയെങ്കിലും സദാ കാണാത്ത കോടതിവളപ്പുകൾ മലയാളരാജ്യത്തില്ലെന്നു സത്യം ചെയ്തു പറവാൻ ആരും മടിക്കേണ്ടതില്ല. അദ്ദേഹത്തിൻെറ 'രസച്ചുടികെട്ട്' മുതലായ സരസഫലിതങ്ങൾ വളരെ നേരമ്പോക്കുള്ളതാണെങ്കിലും നിയമസംബന്ധമായ ഈവക വാക്കുകൾ കേട്ടു പരിചയം കുറഞ്ഞവൎക്ക് കുഞ്ഞമ്മാമൻെറ ഈ പ്രയോഗങ്ങൾ കുറെ അതിശയോക്തിയായി തോന്നാം. എന്നാൽ ചാത്തുപ്പണിക്കരുടെ കാൎയ്യത്തിൽ ഇതൊന്നും ആലോചിക്കാനില്ല. കണിയാൻ ജാത്യാ കള്ളനാണെങ്കിലും ചന്തുമേനവൻെറ കയ്യിൽ കിട്ടിയപ്പോൾ പഠിച്ചകള്ളനായി എന്നാണ് വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു പറയുന്നത്. പ്രശ്നകാലത്ത് ഭേരീനാദവും ശംഖധ്വനിയും ഒരു അത്യന്തലക്ഷണമാണെന്നതിനു.

ഭേരീമൃദംഗമദ്ദളശംഖവീണാ

വേദധ്വനിർമധുരമംഗലഗീതഘോഷാ.

എന്ന പ്രമാണംചൊല്ലി തൃപ്തിപ്പെടുത്തിയ കണിയാൻ പഠിച്ച കള്ളനാണെന്നതിനു സംശയമേതുമില്ലാ. ചാത്തുപ്പണിക്കരും വൈത്തിപ്പട്ടരും കുഞ്ഞമ്മാവനും കറുപ്പൻചെട്ടിയും അവരവരുടെ തരത്തിനനുസരിച്ച് കവികളാലും നോവൽകൎത്താക്കന്മാരാലും നിരന്തരജീവികളാക്കി ചെയ്യപ്പെടുവാൻ തക്ക യോഗ്യന്മാർതന്നെയാണ്.

ഇനി ഈനോവലിൽ എടുത്തു പറയത്തക്ക ഒരു പാത്രം രാഘവനുണ്ണിയുടെ മകൻ കൃഷ്ണമേനോനാണ്. ഇദ്ദേഹത്തെപ്പററി ഒടുവിൽ പറയാമെന്നുവച്ചതു് അദ്ദേഹം അത്രമുഖ്യനായതുകൊണ്ടുതന്നെയാണ്. ശാരദയിൽ നായകൻ ആരാണെന്ന് ഇനിയും തീൎച്ചയായിക്കഴിഞ്ഞിട്ടില്ല. കൃഷ്ണമേനോനെ നായകനാക്കികല്പിക്കാൻ ഗ്രന്ഥകൎത്താവ് വിചാരിച്ചിട്ടുണ്ടെന്ന് സംശയിക്കുവാൻ ധാരാളം സംഗതിയുണ്ട്. കൃഷ്ണമേനോൻ ബഹുസമൎത്ഥനായ ഒരു വക്കീലായിതീരുമെന്നതിനു സൎവ്വലക്ഷണങ്ങളും ഉണ്ടെങ്കിലും യോഗ്യന്മാരായ വക്കീൽ മാരെ വേറേയും ഈ കഥയിൽപ്രവേശിപ്പിച്ചിട്ടുണ്ട്. എന്നാൽ അതിൽ ആരുടേയും "അംഗപ്രത്യംഗവൎണ്ണന" ചെയ്യാൻ കവി ഒരുങ്ങിക്കാണാതെ കൃഷ്ണമേനവനെപ്പററിമാത്രം അങ്ങിനെ ചെയ്യാൻ ഒരുങ്ങിയതിലാണ് സംശയം വൎദ്ധിക്കുന്നത്. കൂടാതെ ശാരദയുടെ ഒരു മച്ചുനനും വയസ്സുകൊണ്ടും മറെറല്ലാസംഗതികൊണ്ടും ശാരദെയ്ക്ക് അനുരൂപനായ ഒരു ഭൎത്താവായി തീരത്തക്ക യോഗ്യതയുള്ള ആളും ആകുന്നു. ശാരദ പൂഞ്ചോലക്കര എടത്തിലെ സന്തതിയായി സ്വീകരിക്കപ്പെട്ടുമെങ്കിൽ അവളെ കൃഷ്ണമേനോൻ സംബന്ധം കഴിക്കുന്ന

തിൽ അല്പമെങ്കിലും അസംഭാവ്യം ഇല്ല. അല്ലാതിരുന്നാൽ ശാരദയ്ക്ക് എന്തുഗതി? ഈ പുസ്തകമെങ്ങാൻ പൂൎത്തിയാക്കാൻ വല്ലവൎക്കും വിചാരമുണ്ടെങ്കിൽ അവൎക്ക് ഈവക ചോദ്യങ്ങളുടെ ഉത്തരങ്ങൾ വളരെ മുഖ്യമായവയായി തീരാവുന്നതാണല്ലൊ. ഈ ചോദ്യത്തിനുത്തരം പറവാൻ ഭാവിക്കുമ്പോൾ ശങ്കരനെ ഓൎമ്മവരുന്നു. ശങ്കരനെപ്പററി ശാരദയോടു അവളുടെ അച്ഛൻ പറഞ്ഞവാക്കുകളും ഓൎമ്മവരുന്നു. "നമ്മൾക്കു ശങ്കരൻ വലിയൊരു സ്നേഹിതനും കൂറുള്ളവനുമാണ്" മകളെ. അവനിത്രബുദ്ധിമാനാകയാൽ അവൻെറ സ്നേഹത്തിനു നമ്മൾവലിയ വിലവെക്കേണ്ടതാണ്. എന്നാണ് രാമമേനോൻ മകളോടുപറഞ്ഞത്. ശങ്കരൻവെറും ദാസനല്ല. നല്ല ഒരു തറവാട്ടിലുള്ള കുട്ടിയാണ്. ബഹു ബുദ്ധിമാനാണ്. വീട്ടിൽ നല്ല കോപ്പുണ്ട്. ചിത്രമെഴുത്തിൽ ഭ്രമിച്ചിട്ടുമാത്രം രാമൻ മേനോൻെറ കൂടെ ഓടിപ്പോയതാണ്. ഇംഗ്ലീഷ് അവൻ താനേ പഠിച്ചു. കുറെ വ്യുല്പത്തിയുണ്ട്. ചിത്രം സാമാന്യം നല്ലവണ്ണം എഴുതാൻ അറിയാം. വടക്കൻഭാഷ പലതും നല്ലവണ്ണം സംസാരിക്കാം എന്നുമാത്രമല്ല അവനെ രാമൻമേനോനും കല്യാണിഅമ്മയ്ക്കുംതങ്ങളുടെകുട്ടിയെപ്പോലെ താല്പൎയ്യമാണ്. ശാരദയോട്ട് ശങ്കരനും ധാരാളം വാത്സല്യമുണ്ട്. അവനോട്ട് അങ്ങോട്ടും ശാരദ അതുപോലെ സ്നേഹമുള്ളവളായിരിക്കാൻ അച്ഛൻ അവളെ ഉപദേശിക്കുന്നു. കാഴ്ചയിൽ ശങ്കരൻ 'മന്മഥോപമനായ സുന്ദരനും' ആയിരുന്നു. ശാരദയ്ക്കു പതിനൊന്നു വയസ്സായകാലത്തു ശങ്കരന് ഇരുപത്തൊന്നു വയസ്സാണ്. ഈ എല്ലാകാൎയ്യങ്ങളും ആലോചിക്കുമ്പോൾ കേസ്സ് തോററാലും ശാരദ, അനുരൂപനായ ഒരു ഭൎത്താവ് സ്വജാതിയിൽത്തന്നെ കിട്ടാതെ ബുദ്ധിമുട്ടുകയില്ല എന്ന് സമാധാനിക്കാം. കേസ്സുജയിച്ചിട്ടോ വേറെ വല്ലവിധത്തിലൊ ശാരദസ്വന്തം തറവാട്ടിൽ സ്വീകരിക്കപ്പെട്ടെങ്കിൽ തന്നെ ശങ്കരൻ ബി. ഏ. ബി. എൽ. ജയിച്ചിട്ടില്ലെങ്കിലും ശാരദയ്ക്കുവേണ്ടി കൃഷ്ണമേനവനും ശങ്കരനും ഒരു സൌന്ദൎയ്യത്തിരക്കില്ലാതെ ഗ്രന്ഥകൎത്താവു വിടുമോ എന്നുകൂടി സംശയമുണ്ട്. കേസ്സു കോടതിയിൽ എത്തുമോ? ന്യായാധിപതിയായിരുന്നഗ്രന്ഥകൎത്താവു കേസ്സു ഫയലിൽ പിടിച്ചു വിചാരണ ചെയ്തു ന്യായമായ ഒരു വിധികല്പിക്കാൻ സംഗതിയുണ്ടായിരിക്കാം. എന്നാൽ കേസ്സു നടത്തുമ്പോഴുള്ള സാക്ഷിവിസ്താരവും മററും വായനക്കാർ സഹിക്കയില്ല. അതുകൊണ്ട് അവക ബുദ്ധിമുട്ടെങ്കിലും കൂടാതെ കഴിക്കാനും സംഗതിയുണ്ട്. കേസ്സുതന്നെ ഒത്തുതീരാനും വഴിയുണ്ട്. കൃഷ്ണമേനോൻസ്ത്രീകളെ കാണുന്നതിൽ ഇഷ്ടമില്ലാത്ത ആളും മററും ആണെങ്കിലും യഥാൎത്ഥസൌന്ദൎയ്യത്തെ ബഹുമാനിക്കാത്ത ആളായിരിക്കയില്ല. അദ്ദേഹം കേസ്സുതുടങ്ങുന്നതിനു മുമ്പായി ശാരദയെ കണ്ടുമുട്ടാനും സംഗതി ഉണ്ടാകാം. കല്യാണി അമ്മയെ ചെറുപ്പത്തിൽ കണ്ടവൎക്ക് ശാരദയെ കാണുമ്പോൾ

ആകൃതി സാമീപ്യം തോന്നിയെന്നും അവരതു പ്രസ്താവിച്ചെന്നും ഒക്കെ കൂടി സംശയം ജനിച്ചു കൃഷ്ണമേനോൻ ശങ്കവാൎയ്യരോടു വിവരം ചോദിച്ചറിഞ്ഞു കാൎയ്യത്തിന്റെ യഥാൎത്ഥം മുഴുവൻ മനസ്സിലാക്കിയെന്നും വന്നുകൂടാത്തതല്ല. പരമസാധുവും ദൈവഭക്തനുമായ ശങ്കവാൎയ്യരുടെ വാക്കു കൃഷ്ണമേനോൻ നിശ്ചയമായും വിശ്വസിക്കും. കൃഷ്ണമേനോൻ വിശ്വസിച്ചാൽ രാഘവനുണ്ണി വിശ്വസിച്ചു എന്നു പറയാം. കൃഷ്ണനുണ്ണിയുടെ കാൎയ്യം ഒട്ടും സംശയിക്കാനില്ല. കല്യാണി അമ്മയോടു അത്രമേൽ പ്രണയമുള്ള അദ്ദേഹം ഈ കാൎയ്യം എളുപ്പത്തിൽ വിശ്വസിപ്പാൻ എപ്പോഴും തെയ്യാറാണെന്നു ഗ്രന്ഥകൎത്താവു തന്നെ വരുത്തി കൂട്ടീട്ടുണ്ടു്. പിന്നെ അച്ഛന്റെ കാൎയ്യമാണ്. ആ വിടുവായൻ ഇനിയും തൎക്കം പറയുമെന്നു കണ്ടാൽ അയാളെ കൊല്ലുകയെ നിവൎത്തിയൊള്ളു. വല്ല യുവാവിന്റെ സുഖക്കേടോ മറെറാ മതിയല്ലോ. കാൎയ്യത്തിന്റെ യാഥാൎത്ഥമെല്ലാം അറിഞ്ഞു് കഴിഞ്ഞാലെങ്കിലും പരമാൎത്ഥം അങ്ങിനെ തന്നെയാണെന്നു് വൈത്തിപ്പട്ടരും സമ്മതിക്കും. അദ്ദേഹം സമ്മതിച്ചാലും അല്ലെങ്കിലും ആ കള്ളനെക്കൊണ്ടു് ആത്മഹത്യ ചെയ്യിക്കാതെ വിടരുതു്. അതിന്നു കൃഷ്ണനോ, കറുപ്പൻചെട്ടിയോ സംഗതിയായി വരണം, ശങ്കരനു വിഷം കൊടുക്കാൻ ശ്രമിച്ചതും വിഷം നമ്പൂരി കുടിച്ചു മരിച്ചതും പുറത്താക്കുമെന്നു് കൃഷ്ണനോ കറുപ്പനോ പട്ടരെ ഭയപ്പെടുത്തിയാൽ മതി. പട്ടർതന്നെ ചത്തോളും. ഈ കഥ ഇപ്രകാരം ഒരുവിധം പൂരിപ്പിക്കാമെന്നാണു് എനിക്കു തോന്നുന്നതു്. യോഗ്യന്മാർ ആലോചിച്ചാൽ ഇനിയും പല വഴി കാണുമായിരിക്കാം അവയെ പ്പററിയൊക്കെ പരസ്യമായി പ്രസ്താവിച്ചു് മൂന്നോ നാലോ ആളുകൾ ഒന്നിച്ചുകൂടിയാൽ വല്ലവിധത്തിലും ശാരദയെ ഈ കഷ്ടസ്ഥിതിയിൽനിന്നു് രക്ഷിക്കാമെന്നു് തോന്നുന്നു. ഇംഗ്ലീഷു നാവലുകൾ ധാരാളം വായിക്കുകയും മലയാളത്തിൽ നാവലുകൾ എഴുതി പരിചയവും നിയമപരിജ്ഞാനവും ധാരാളം ഉണ്ടായിരിക്കുകയും ചെയ്യുന്ന ഒരു ബ്രിട്ടീഷു മലയാളിയാണു് ഈ നോവൽ പൂൎത്തിയാക്കാൻതക്ക ആളെന്നുള്ള കാൎയ്യം ആലോചിച്ചിട്ടു്—കുന്ദലതാ, കൎത്താവായ ഹൈക്കോർട്ടു വക്കീൽ അപ്പുനേടുങ്ങാടി അവർകളാണു് ഇതിനു സൎവ്വഥായോഗ്യൻ—എന്നുള്ള എന്റെ താഴ്മയായ അഭിപ്രായം വായനക്കാരുടെ മുമ്പാകെ വെച്ചുകൊണ്ടു വിരമിക്കുന്നു.

ശുഭം.

"വിദ്യാഭിവൎദ്ധിനി" അച്ചുക്കൂടം കൊല്ലം.

Indic Digital Archive Foundation
gpura.org